

ബൈബിൾ തീർത്ഥാടനം 5

# പുറപ്പാട്

ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS



ഡോ. മൈക്കിൾ
കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ബൈബിൾ തീർത്ഥാടനം 5

# പുറപ്പാട്

ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ് പുറപ്പാട്. കഠിനമായ മർദ്ദനത്തിനിരയായി കഴിഞ്ഞ ഒരുപറ്റം അടിമകൾ ഒരു സ്വതന്ത്ര ജനതയായിത്തീർന്ന വിമോചനത്തിന്റെ ഇതിഹാസമാണത്. ദൈവത്തെക്കുറിച്ചും തങ്ങളെക്കുറിച്ചുമുള്ള ഇസ്രായേൽ ജനതയുടെ അവബോധം രൂപം പ്രാപിച്ചത് ഈ സംഭവത്തിലൂടെയായിരുന്നു. മർദ്ദിതരുടെ നിലവിളി കേൾക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്യുന്ന യാഹ്‌വേയാണ് ദൈവം എന്ന് അവർ ഗ്രഹിച്ചതും ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണ് തങ്ങൾ എന്ന ആത്മാവബോധം അവരിൽ അങ്കുരിച്ചതും ഈ സംഭവത്തിനുള്ള ഒരുക്കമായിരുന്നു. വാഗ്ദത്തഭൂമി കൈയ്യടക്കുന്നതു മുതലുള്ള സംഭവപരമ്പരകൾ ഇതിന്റെ തുടർച്ചയും പൂർത്തീകരണവുമത്രേ.

ISBN 978-81-939543-5-5

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം 5-6

# പുറപ്പാട്

മൈക്കിൾ കാരിമറ്റം

BIBLE PILGRIMAGE 5-6

EXODUS (Malayalam)

Michael Karimattam

Published by

Divine Retreat Centre

Muringoor, Chalakudy

Printed at :

Divine Printers & Publishers

Muringoor, Chalakudy

First Published : June, 1993

Second Edition : September 1995

All Rights Reserved with the Author

No part of this book may be reproduced in any manner without the written permission of the Author.

Price Rs. 25.00

# ഉള്ളടക്കം


## ആമുഖം

പുസ്തകത്തിന്റെ പേര് - ഗ്രന്ഥകർത്താവ് - ചരിത്രസംഭവം - സാഹിത്യരൂപം - പ്രാധാന്യം - പ്രസക്തി

## I വിമോചനം 1, 1–15, 21

**1. അടിമത്തം 1, 1–2, 25**

1. ഇസ്രായേൽ ഈജിപ്തിൽ 2. മർദ്ദനം 3. മോചകന്റെ ജനനം 4. നേതാവിന്റെ പലായനം 5. മർദ്ദിതരുടെ രോദനം

**2. നേതാവിന്റെ ദൗത്യം 3, 1–7, 7**

1. ദൈവവിളി 2. തടസ്സങ്ങളും മറുപടിയും 3. ഈജിപ്തിലേക്ക് 4. ഫറവോയുടെ മുമ്പിൽ 5. ദൗത്യം വീണ്ടും

**3. അടയാളങ്ങളും അദ്ഭുതങ്ങളും 7, 8–11, 10**

1. ആമുഖം 2. ജലം രക്തമായി മാറുന്നു 3. തവളകൾ 4. പേൻ 5. ഈച്ചകൾ 6. മൃഗങ്ങൾ ചത്തൊടുങ്ങുന്നു 7. വ്രണങ്ങൾ 8. കൻമഴ 9. വെട്ടുക്കിളി 10. അന്ധകാരം 11. ആദ്യജാതവധം

**4. പെസഹായും പുറപ്പാടും 12, 1–13, 16**

1. പെസഹാ ആചരണം 2. പുളിപ്പില്ലാത്ത അപ്പം 3. ആദിജാതന്മാരുടെ വധവും പുറപ്പാടും 4. ആദ്യജാതന്മാരുടെ വീണ്ടെടുപ്പ്

**5. അടിമത്തത്തോടു വിട 13, 17–15, 21**

1. യാത്ര 2. കടൽ കടക്കൽ 3. സ്തോത്രഗീതം

## II ദൈവജനം 15, 22–40, 38

**1. കർത്താവിന്റെ മലയിലേക്കു യാത്ര 15, 22–18, 27 73**

1. സൗഖ്യദായകനായ ദൈവം 2. ആഹാരം നല്കുന്ന ദൈവം 3. പാറയിൽ നിന്നു ജലം 4. ശത്രുക്കളിൽ നിന്നു സംരക്ഷണം 5. മോശയും ജെത്രോയും

**2. ഉടമ്പടിയും നിയമങ്ങളും 19, 1-24, 18**

1. ഉടമ്പടിക്ക് ഒരുക്കം 2. പത്തുപ്രമാണങ്ങൾ

3. ഉടമ്പടിയുടെ പുസ്തകം 4. ഉടമ്പടി ഉറപ്പിക്കൽ

5. ഉടമ്പടിയുടെ ഘടന

**3. വിശ്വാസ ത്യാഗവും ഉടമ്പടി നവീകരണവും 32, 1-34, 35**

1. വിശ്വാസത്യാഗം 2. ജനമധ്യേ കർത്താവിന്റെ സാന്നിദ്ധ്യം

3. ഉടമ്പടി നവീകരണം

**4. സാക്ഷ്യകൂടാരവും സാമഗ്രികളും – നിർദ്ദേശവും നിർവ്വഹണവും 25-31; 35-40**

1. കൂടാര നിർമ്മാണത്തിനു കാണിക്ക 2. സാക്ഷ്യപേടകം

3. മേശയും പാത്രങ്ങളും 4. വിളക്കുകാൽ

5. കൂടാരവും അങ്കണവും 6. ബലി പീഠം

7. പുരോഹിത വസ്ത്രങ്ങൾ 8. പുരോഹിതാഭിഷേകം

9. ധൂപപീഠം 10. ജനസംഖ്യയും നികുതിയും

11. ക്ഷാളനപാത്രം 12. അഭിഷേകതൈലവും സുഗന്ധദ്രവ്യങ്ങളും 13. ശില്പികൾ 14. സാബത്താചരണം

15. കൂടാരപ്രതിഷ്ഠ 16. കർത്താവിന്റെ സാന്നിധ്യം

# ആമുഖം

## പുസ്തകത്തിന്റെ പേര്

ബൈബിളിലെ രണ്ടാമത്തെ പുസ്തകം 'പുറപ്പാട്' എന്ന പേരിൽ അറിയപ്പെടുന്നു. ഹീബ്രു ബൈബിളിൽ പുസ്തകത്തിന്റെ ആദ്യത്തെ രണ്ടു വാക്കുകളായ "എല്ലേ ഷ്മോത്ത്" (ഇതാണ് പേരുകൾ) ആണ് പുസ്തകത്തിന്റെ പേരായി ഉപയോഗിക്കുന്നത്. ബൈബിൾ ഗ്രീക്കിലേക്കു വിവർത്തനം ചെയ്തവർ പുസ്തകത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കാനായി എക്സോദോസ് (Exodos) എന്ന പേരുപയോഗിച്ചു. പുറത്തേക്കു പോകൽ എന്നാണ് ഈ പേരിന്റെ അർത്ഥം. ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിതരായതിന്റെ ചരിത്രം വിവരിക്കുന്നതിനാൽ പുസ്തകത്തിന് ഈ പേര് കൂടുതൽ അനുയോജ്യമാണ്.

മോചിതരായവർ മരുഭൂമിയിലൂടെ യാത്ര ചെയ്ത് സീനായ്മലയുടെ അടിവാരത്തിൽ എത്തുകയും അവിടെവച്ച് ഒരു ഉടമ്പടിയിലൂടെ ദൈവജനമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത സംഭവമാണ് പുറപ്പാടു പുസ്തകത്തിന്റെ കേന്ദ്രം. തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും ദൈവവുമായുള്ള ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചു ജീവിക്കാൻ കടപ്പെട്ടിരിക്കുന്നുവെന്നും അവരെ നിരന്തരം അനുസരിപ്പിക്കുന്ന ഉടമ്പടിയുടെ പേടകത്തിന്റെയും സാക്ഷ്യകൂടാരത്തിന്റെയും വിവരങ്ങളാണ് പുസ്തകത്തിന്റെ അവസാന ഭാഗത്തുള്ളത്.

## ഗ്രന്ഥകർത്താവ്

പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്ന സംഭവങ്ങളിലെ മുഖ്യ കഥാപാത്രം മോശ ആയതിനാലും കർത്താവു തന്നെ മോശയോട് ഇവ ഒരു പുസ്തകത്തിൽ എഴുതാൻ കൽപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിനാലും (പുറ 17, 14) മോശതന്നെയാണ് ഈ പുസ്തകം മുഴുവൻ എഴുതിയതെന്ന് പൊതുവേ കരുതപ്പെട്ടിരുന്നു. എന്നാൽ പതിനേഴാം നൂറ്റാണ്ട് മുതൽ നടന്ന ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായി ഈ പുസ്തകം ഒരാളുടെ രചനയല്ല, അനേകം ഗ്രന്ഥകർത്താക്കൾ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നു തെളിഞ്ഞിട്ടുണ്ട്. വാചികവും ലിഖിതവുമായി നൂറ്റാണ്ടുകളിലൂടെ കാത്തു സൂക്ഷിക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ വിശ്വാസ പൈതൃകമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഇതിന്റെ തുടക്കം മോശയിൽ നിന്നാണ് എന്നതിൽ സംശയമില്ല. ചില വിവരങ്ങളുംനിയമങ്ങളും മോശതന്നെ രേഖപ്പെടുത്തിയതായി ന്യായമായും അനുമാനിക്കാം. എന്നാൽ ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽ പുസ്തകം അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത് ബാബിലോൺ പ്രവാസത്തിനുശേഷം,

ബി. സി. അഞ്ചാം നൂറ്റാണ്ടിലാണ് എന്നു പൊതുവെ കരുതപ്പെടുന്നു. ഉൽപത്തി പുസ്തകത്തിൽ കണ്ട JEP എന്ന മൂന്നു പാരമ്പര്യങ്ങളും പുറപ്പാടു പുസ്തകത്തിലും ഉണ്ട്. അതിനു പുറമേ നിയമാവർത്തന (D) പാരമ്പര്യത്തിന്റെ സ്വാധീനവും ചില ഭാഗങ്ങളിൽ ദൃശ്യമാണ്.

## ചരിത്രസംഭവം

ഇസ്രായേലിനെ ഒരു ജനതയാക്കി മാറ്റിയ പുറപ്പാടു സംഭവത്തെയോ അതുമായി ബന്ധപ്പെട്ട മഹാമാരികളെയോ കുറിച്ച് ഈജിപ്തിലെ ചരിത്രരേഖകളിൽ യാതൊരു പരാമർശവും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതുകൊണ്ടുമാത്രം ഈ വിവരണങ്ങൾ വെറും കെട്ടുകഥകളാണെന്നു കരുതാനാവില്ല. രാജ്യത്തിന്റെ മഹത്വവും രാജാക്കന്മാരുടെ വിജയങ്ങളും പ്രഘോഷിക്കാനായി എഴുതപ്പെടുന്ന ചരിത്രരേഖകളിൽ രാജാവിനും രാജ്യത്തിനും അപമാനകരമായ സംഭവങ്ങൾ കാണാതിരിക്കുക തികച്ചും സ്വാഭാവികമാണല്ലോ.

ഈജിപ്തിലെ ചരിത്രരേഖകൾ ഇസ്രായേൽ ജനത്തെക്കുറിച്ചു പരാമർശിക്കുന്നില്ലെങ്കിലും പുറപ്പാടു പുസ്തകത്തിൽ വിവരിക്കുന്നതിനു സമാനമായ നഗരനിർമ്മാണത്തിനു വേണ്ടി നടന്ന അടമവേയെക്കുറിച്ച് ആ രേഖകളിൽ വ്യക്തമായ തെളിവുകളുണ്ട്. ഹബീറു എന്നറിയപ്പെട്ടിരുന്ന ഒരു ജനവിഭാഗം ഇപ്രകാരം അടിമവേല ചെയ്തിരുന്നു. ഇസ്രായേൽക്കാർ ഹബീറുക്കളുടെ ഗണത്തിൽപ്പെടും എന്നു നാം കണ്ടുകഴിഞ്ഞു (തീർത്ഥാടനം 3, പേജ് 7). അടിമകൾ ഒറ്റയ്ക്കും കൂട്ടമായും ഒളിച്ചോടുകയും പട്ടാളം അവരെ തേടിപ്പിടിച്ചു തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തിരുന്നതായും രേഖകളുണ്ട്. ഈജിപ്തിൽ നിന്ന് ഒളിച്ചോടുന്നവർ നേരേ സീനായ്മരുഭൂമിയിലേക്കാണ് പോവുക. ഇപ്രകാരം പലായനം ചെയ്ത ഒരുകൂട്ടം അടിമകളായിരിക്കണം പുറപ്പാടു പുസ്തകത്തിലെ ഇസ്രായേൽജനം.

പുറപ്പാടുമായി ബന്ധപ്പെട്ട മഹാമാരികളിൽ പലതും ഈജിപ്തിൽ നൈൽ നദിയിലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട സാധാരണ സംഭവങ്ങളാണ്. അവയുടെ അസാധാരണമായ കാഠിന്യവും സമയവും ഇസ്രായേലിന്റെ മോചനത്തിനു കാരണമായതിനാൽ അവ ദൈവത്തിന്റെ പ്രത്യേക പരിപാലനയുടെ അടയാളമായി ഇസ്രായേൽക്കാർക്ക് അനുഭവപ്പെട്ടു.

ബി.സി. 1700–1550 ഈജിപ്തു ഭരിച്ച ഹിക്സോസ് രാജവംശത്തിന്റെ തലസ്ഥാനം അവാരിസ് നഗരമായിരുന്നു. വിദേശികളായ ഹിക്സോസിനെ

തുർത്തിയതിനുശേഷം തുടങ്ങിയ 18-ാം രാജവംശം (1570-1310) അവാരിസിൽ നിന്ന് ഏകദേശം 800 കിലോമീറ്റർ തെക്കുള്ള തെബെസാണ് തലസ്ഥാനമായി സ്വീകരിച്ചത്. 19-ാം രാജവംശം (1310-1200) തലസ്ഥാനം വീണ്ടും നൈൽനദീതടത്തിലേക്കു മാറ്റി. ഈ രാജവംശത്തിന്റെ സ്ഥാപകനായ സേത്തോസ് ഒന്നാമൻ (1309-1290) ഈ നഗരത്തിന്റെ പണി ആരംഭിച്ചു. മകൻ റാമ്സേസ് രണ്ടാമൻ (1290-1224) നഗരനിർമ്മാണം പൂർത്തിയാക്കി, റാമ്സേസ് എന്ന പേരു നൽകി. പിത്തോം, റാമ്സേസ് എന്ന നഗരങ്ങൾക്കു വേണ്ടി കഠിനമായ അടിമവേല ചെയ്യാൻ ഇസ്രായേൽ നിർബന്ധിതരായി എന്ന പരാമർശം (പുറ 1, 11) ഈ രാജാക്കന്മാരുടെ കാലത്തെയാണ് സൂചിപ്പിക്കുക. റാമ്സേസ് രണ്ടാമന്റെ മരണത്തിനു ശേഷം രാജാവായ മെർണെഫാത്ത് (1224-1214) തന്റെ വിജയങ്ങളുടെ പട്ടിക രേഖപ്പെടുത്തിയ ഒരു ശിലാഫലകത്തിൽ ഇസ്രായേലിനെ തോർപ്പിച്ചതായി അവകാശപ്പെടുന്നു. ബി.സി. 1220ൽ പലസ്തീനായിൽ വച്ച് ഫറവോ ഇസ്രായേലിനെ തേൽപ്പിച്ചെങ്കിൽ അതിനു മുമ്പേ അവർ ഈജിപ്തിൽ നിന്ന് രക്ഷപ്പെട്ട് പലസ്തീനായിൽ കുടിയേറിപ്പാർത്തു എന്ന് അനുമാനിക്കാം. അതിനാൽ റാമ്സേസ് രണ്ടാമന്റെ ഭരണകാലത്ത്, 1270-1250 കാലഘട്ടത്തിലായിരിക്കണം പുറപ്പാടു സംഭവം നടന്നത്. പുറ 12, 40-41ൽ നല്കിയിര്കകുന്ന കാലസൂചനയും ഈ നിഗമനത്തിലേക്കു നയിക്കുന്നു. ഈജിപ്തിൽ വാസമുറപ്പിച്ചതിന്റെ 430-ാം വർഷമാണ് ഇസ്രായേൽക്കാർ പുറപ്പെട്ടത്. ബി.സി. 1700ൽ ഭരണമാരംഭിച്ച ഹിക്സോസ് രാജവംശത്തിന്റെ തുടക്കത്തിലായിരിക്കണം യാക്കോബും കുടുംബവും ഈജിപ്തിലേക്കു കുടിയേറിയത്.

പുറപ്പാട് ഒരു ചരിത്രസംഭവമാണെങ്കിലും അതുമായി ബന്ധപ്പെടുത്തി ബൈബിളിൽ വിവരിക്കുന്ന കാര്യങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ അതേപടി സംഭവിച്ചതാകണം എന്നില്ല. നൂറ്റാണ്ടുകളിലൂടെ വാമൊഴിയായി കൈമാറിവന്ന വിവരണങ്ങളിൽ പല വിശദീകരണങ്ങളും അതിശയോക്തികളും കലർന്നിട്ടുണ്ടാവാം. വിവരണങ്ങളിലെ വിശദാംശങ്ങളേക്കാൾ അവയിലൂടെ വെളിപ്പെടുന്ന ജനതയുടെ വിശ്വാസമാണ് പ്രാധാന്യമർഹിക്കുന്നത്. ദൈവം തങ്ങളെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് ഉടമ്പടിയിലൂടെ തന്റെ സ്വന്തം ജനതയാക്കി മാറ്റി എന്ന അടിസ്ഥാന വിശ്വാസമാണ് ഈ വിവരണങ്ങളിൽ ഉടനീളം തുടിച്ചു നിൽക്കുന്നത്. ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചുകൊണ്ട് ദൈവത്തോടു വിശ്വസ്തത പാലിക്കാൻ ഈ വിശ്വാസം അവരെ പ്രേരിപ്പിച്ചു. മറ്റ് ഏത് ബൈബിൾ ഗ്രന്ഥങ്ങളിലും എന്നതുപോലെ പുറപ്പാട് പുസ്തകത്തിലും ഉപയോഗിക്കുന്ന സാഹിത്യരൂപങ്ങളും രചനാശൈലികളും കണക്കിലെടുത്താലേ ഈ ഗ്രന്ഥത്തിലൂടെ

ലഭിക്കുന്ന രക്ഷാസന്ദേശം ഗ്രഹിക്കാനാവൂ.

## സാഹിത്യരൂപം

സംഭവങ്ങൾ യഥാതഥം അവതരിപ്പിക്കുന്ന ഒരു ദൃക്സാക്ഷി വിവരണമോ, ആധുനിക ചരിത്രകാരന്റെ നിഷ്കർഷതയോടെ രചിക്കപ്പെട്ട ചരിത്രമോ അല്ല, വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കപ്പെട്ട ചരിത്രമാണ് പുറപ്പാടു പുസ്തകത്തിലുള്ളത്. തങ്ങളെ സ്നേഹിക്കുകയും സ്വന്തമായി തിരഞ്ഞെടുക്കുകയും അത്ഭുതകരമായി പരിപാലിക്കുകയും ചെയ്ത ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുകയും ആ വിശ്വാസം പിൻതലമുറകൾക്കു കൈമാറുകയുമാണ് ഗ്രന്ഥരചനയുടെ ലക്ഷ്യം. അതിനാൽ യഥാർത്ഥത്തിൽ സംഭവിച്ചതെന്ത്, പില്ക്കാലത്ത് വിശദീകരണങ്ങളിലൂടെ കൂട്ടിച്ചേർക്കപ്പെട്ടത് എന്ത് എന്നു കൃത്യമായി വേർ തിരിച്ചു കാണുക എളുപ്പമല്ല, വിശ്വാസിയെ സംബന്ധിച്ചിടത്തോളം അത് അവശ്യവും അല്ല. പുറപ്പാടു പുസ്തകത്തിൽ വിവിധങ്ങളായ സാഹിത്യരൂപങ്ങൾ ദൃശ്യമാണ്. ധീരനായ നേതാവിന്റെ കീഴിൽ ഒരു ജനം അനേകം അദ്ഭുതങ്ങളുടെ അകമ്പടിയോടെ, അടിമത്തത്തിൽ നിന്ന് വിടുതൽ നേടി, കടൽ കടന്ന് സ്വതന്ത്രരാകുന്നതിന്റെ വിവരണത്തിന് ഇതിഹാസത്തിന്റെ (EPIC) സ്വഭാവമുണ്ട്. ശിശുവധം, മോശയുടെ രക്ഷപ്പെടൽ, ഈജിപ്തിനെ ബാധിച്ച മഹാമാരികൾ മുതലായവയുടെ വിവരണങ്ങളിൽ ഐതിഹ്യത്തിന്റെ (Legend) ലാഞ്ഛന കാണാം. പെസഹായുടെ വിവരണത്തിന് ആരാധനാക്രമത്തിന്റെയും (Liturgy) ഉടമ്പടിയുടെ വിവിരണങ്ങൾക്ക് നിയമസംഹിതയുടേയും (Legal Code) സാഹിത്യരൂപമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനു പുറമേ നാടകത്തിന്റെയും (Drama) കീർത്തനങ്ങളുടെയും (hymn) ശൈലിയിൽ രചിക്കപ്പെട്ട ഭാഗങ്ങളും പുറപ്പാടു പുസ്തകത്തിലുണ്ട്. വൈവിധ്യമാർന്ന ഈ സാഹിത്യരൂപങ്ങൾ എല്ലാം പുറപ്പാടു സംഭവത്തിലൂടെ ലഭിച്ച അടിസ്ഥാനപരമായ ദൈവാനുഭവം അനുവാചകർക്ക് അനുഭവവേദ്യമാക്കാൻ സഹായിക്കുന്നു. അതിനാൽ വിവരണങ്ങളുടെ അക്ഷരാർത്ഥത്തിൽ ഒതുങ്ങി നില്ക്കാതെ അവയിലൂടെ ലഭ്യമാകുന്ന സന്ദേശം ഗ്രഹിക്കാനും അനുഭവം സ്വന്തമാക്കാനും ശ്രമിക്കണം.

## പുറപ്പാടു സംഭവത്തിന്റെ പ്രാധാന്യം

ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ സംഭവമാണ് പുറപ്പാട്. കഠിനമായ മർദ്ദനത്തിനിരയായി കഴിഞ്ഞ ഒരുപറ്റം അടിമകൾ ഒരു സ്വതന്ത്രജനതയായിത്തീർന്ന വിമോചനത്തിന്റെ ഇതിഹാസമാണത്. ദൈവത്തെക്കുറിച്ചും തങ്ങളെക്കുറിച്ചുമുള്ള ഇസ്രായേൽ ജനതയുടെ അവബോധം രൂപം പ്രാപിച്ചത് ഈ സംഭവിത്തിലൂടെയായിരു

ന്നു. മർദ്ദിതരുടെ നിലവിളി കേൾക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്യുന്ന യാഹ്‌വേയാണ് ദൈവം എന്ന് അവർ ഗ്രഹിച്ചതും ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമാണ് തങ്ങൾ എന്ന ആത്മാവബോധം അവരിൽ അങ്കുരിച്ചതും ഈ സംഭവത്തിനുള്ള ഒരുക്കമായിരുന്നു. വാഗ്ദത്തഭൂമി കൈയ്യടക്കുന്നതു മുതലുള്ള സംഭവപരമ്പരകൾ ഇതിന്റെ തുടർച്ചയും പൂർത്തീകരണവുമത്രേ. ഈജിപ്തിൽ നിന്നുള്ള മോചനവും സീനായ് ഉടമ്പടിയുമാണ് ഈ സംഭവത്തിലെ ഏറ്റവും പ്രധാനപ്പെട്ട മുഹൂർത്തങ്ങൾ.

ഈജിപ്തിൽ നിന്നുള്ള മോചനത്തിലൂടെ പ്രകടമായ വിമോചകനായ ദൈവത്തിന്റെ കരുണാർദ്രവും പാവങ്ങളോടുള്ള പക്ഷപാതപരവുമായ സ്നേഹവും സീനായ് ഉടമ്പടിയിലൂടെ നല്കപ്പെട്ട നിയമങ്ങളും ഇസ്രായേൽ ജനത്തിന്റെ ആധ്യാത്മികതയുടെ അടിത്തറയായിരുന്നു. ഒരു ജനതയെന്നനിലയിലുള്ള അവരുടെ അസ്തിത്വം കെട്ടിപ്പെടുത്തത് ഈ അടിത്തറയിന്മേലാണ്. പഴയ നിയമത്തിലുടനീളം പുറപ്പാടു സംഭവത്തിന്റെ സ്വാധീനം ദൃശ്യമാണ്. ഉടമ്പടിയുടെ പ്രമാണങ്ങൾ എഴുതിയ ക്ലപലകകൾ ഉള്ളടക്കം ചെയ്തിരുന്ന സാക്ഷ്യപേടകം തങ്ങളുടെ മദ്ധ്യേയുള്ള ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ച് അവരെ നിരന്തരം അനുസ്മരിപ്പിച്ചു; ദൈവിക പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള തങ്ങളുടെ ബാദ്ധ്യതയെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തി. "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്" (പുറ 20, 2) എന്ന ഒന്നാം പ്രമാണം ഇസ്രായേലിന്റെ വ്യക്തിത്വവും വ്യതിരക്തതയും എന്തിലടങ്ങിയിരിക്കുന്നു എന്നു വെളിപ്പെടുത്തുന്നു. പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുന്നാൾ, എന്നീ മഹോത്സവങ്ങൾ പുറപ്പാടു സംഭവത്തിന്റെ സജീവസ്മരണ തലമുറകളിലൂടെ അവരിൽ നില നിർത്തി. പണ്ടെങ്ങോ നടന്ന ഒരു സംഭവമായിട്ടല്ല ഇന്നും എന്നും നിറവേറുന്ന ഒരു സജീവയാഥാർത്ഥ്യമായിട്ടാണ് പുറപ്പാടു സംഭവത്തെ ഈ തിരുന്നാളുകളിലൂടെ അവർ ആഘോഷിച്ചത്.

ഉത്സവാഘോഷങ്ങളിൽ മാത്രമല്ല അനുദിനജീവിതത്തിലും പുറപ്പാടു സംഭവത്തിന്റെ ഓർമ്മ നിറഞ്ഞു നിന്നു. പ്രാർത്ഥനകളിലൂടെയും കീർത്തനങ്ങളിലൂടെയും പുറപ്പാടു നയിച്ച വിമോചകനായ ദൈവത്തെ അവർ നിരന്തരം പാടിപ്പുകഴ്ത്തി. 78, 81, 105, 114, 135, 136 മുതലായ സങ്കീർത്തനങ്ങൾ പുറപ്പാടു സംഭവത്തിന്റെ പ്രകീർത്തനങ്ങളാണ്. വ്യക്തിയോ, സമൂഹമോ, ജനം മുഴുവനുമോ പീഡനങ്ങളും പ്രതിസന്ധികളും

നേരിടുമ്പോൾ പുറപ്പാടു സംഭവത്തിലേക്കാണ് തിരിഞ്ഞു നോക്കുക. ''അവർ പഴയ കാര്യങ്ങളെ, കർത്താവിന്റെ ദാസനായ മോശയുടെ നാളുകളെ അനുസ്മരിച്ചു....'' (ഏശ 63, 11-13). അപകടത്തിൽ നിന്നു രക്ഷയും ശത്രുക്കളിൽ നി്നു മോചനവും ലഭിക്കുമ്പോൾ പുറപ്പാടിനെ അനുസ്മരിച്ചുകൊണ്ട് അവർ കർത്താവിനെ സ്തുതിക്കും (യൂദി 16, 2-3).

നേതാക്കന്മാരും ജനവും അധർമ്മത്തിനൽ ചരിക്കുമ്പോൾ പ്രവാചകന്മാരിലൂടെ പുറപ്പാടു സംഭവത്തെയും ുടമ്പടിയുടെ പ്രമാണങ്ങളെയും കുറിച്ച് ദൈവം അവരെ അനുസ്മരിപ്പിക്കും. ശക്തമായ ശകാരവും തീക്ഷ്ണമായ ഉപദേശവും അനുതാപത്തിനായുള്ള നിരന്തരമായ ആഹ്വാനങ്ങളും പുറപ്പാടു സംഭവത്തിന്റെ വെളിച്ചത്തിലാണ് നല്കുക (ആമോ 2, 10; ഹോസി 2, 14-15; 11, 1; ജറെ 2, 1-13; എസെ 16). ദൈവം തങ്ങൾക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള ഓർമ്മ അവിടുത്തോടു വിശ്വസ്തത പുലർത്താൻ അവരെ പ്രേരിപ്പിക്കും. അടിമകൾക്കു വിടുതൽ നല്കിയവനെ ആരാധിക്കുന്നവർ അടിമകളെ മോചിപ്പിക്കാനും ഭൂമിയിൽ നീതിയും സാഹോദര്യവും പുലർത്താനും വേണ്ടി നിലകൊള്ളണം.

തങ്ങളുടെ അവിശ്വസ്തത നിമിത്തം സ്വാതന്ത്ര്യം നഷ്ടപ്പെട്ട് വാഗ്ദത്തഭൂമിയിൽ നിന്നകലെ പ്രവാസികളായി കഴിയേണ്ടി വന്ന ഇസ്രായേൽ ജനത്തിന് ഭാസുരമായ ഭാവിയെക്കുറിച്ച് പ്രതീക്ഷകൾ നല്കിയ പ്രവാചകന്മാരും പുറപ്പാടു സംഭവത്തിലേക്കാണ് ശ്രദ്ധ തിരിച്ചത്. ബാബിലോണിൽ നിന്നുള്ള മോചനത്തെ ഒരു രണ്ടാം പുറപ്പാടായി അവർ കണ്ടു. ''മരുഭൂമിയിൽ കർത്താവിനു വഴിയൊരുക്കുവിൻ.... ഇതാ ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു.... ഇടയനെപ്പോലെ അവിടുന്ന് ആട്ടിൻകൂട്ടത്തെ.... നയിക്കുന്നു'' (ഏശ 40, 3-11). ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് പിതാക്കന്മാരെ മോചിപ്പിച്ച ദേവം ബാലിലോണിലെ അടിമത്തത്തിൽ നിന്നു തന്റെ ജനത്തെ വീണ്ടും മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്കു നയിക്കും (ഏശ 43, 1-7; 48, 20-21; 49, 9-13; 52, 2-6).

പുതിയ നിയമത്തിലും പുറപ്പാടു സംഭവത്തിന്റെ സ്വാധീനം നിർണ്ണായകമാണ്. പെസഹായും പുതിയ ഉടമ്പടിയും പുറപ്പാടിന്റെ പശ്ചാത്തലത്തിലല്ലാതെ മനസ്സിലാക്കാൻ കഴിയില്ല. യേശുവിന്റെ മരണത്തെയും ഉത്ഥാനത്തേയും ഒരു പുറപ്പാടായിട്ടാണ് സുവിശേഷകന്മാർ ചിത്രീകരിച്ചിരിക്കുന്നത് (ലൂക്കാ 9, 31 യോഹ 13, 1). മാമ്മോദീസയെയും ക്രിസ്തീയ ജീവിതത്തിൽ നേരിടുന്ന പ്രലോഭനങ്ങളെയും (1 കൊറി 10, 1-13) വ്യക്തികളുടെ മരണത്തേയും (2 പത്രോ 1, 14-15) പുറപ്പാടിന്റെ വെളിച്ചത്തിലാണ് വിശദീകരിക്കുക.

## പുറപ്പാടു പുസ്തകത്തിന്റെ പ്രസക്തി

വിമോചകനായ ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ ധീരനും നിസ്വാർത്ഥനുമായ മോശയുടെ നേതൃത്വത്തിൽ, ഒരു പറ്റം അടിമകൾ സ്വാതന്ത്ര്യം നേടി ഒരു ജനതയായിത്തീർന്ന സംഭവം വിവരിക്കുന്ന പുറപ്പാടു പുസ്തകം എന്നത്തേക്കാളേറെ ഇരുപതാം നൂറ്റാണ്ടിന്റെ ഈ അന്തിമഘട്ടത്തിൽ ശ്രദ്ധിക്കപ്പെടുന്നുണ്ട്. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ അടിമത്തം അനുഭവിക്കുന്ന ജനപദങ്ങൾക്ക് മോശ നയിച്ച പുറപ്പാട് വലിയ പ്രത്യാശയും പ്രചോദനവും നല്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം ലത്തീൻ അമേരിക്കയിൽ പ്രചാരത്തിൽ വന്ന "വിമോചനദൈവശാസ്ത്രം" (liberation theology), അമേരിക്കൻ ഐക്യനാടുകളിലും ആഫ്രിക്കയിലും ശക്തിയാർജ്ജിച്ച "കറുത്തവരുടെ ദൈവശാസ്ത്രം" (Black theology), ഭാരതത്തിൽ മുള പൊട്ടുന്ന "ദലിതരുടെ ദൈവശാസ്ത്രം" എന്നിങ്ങനെയുള്ള വിവിധങ്ങളായ ദൈവശാസ്ത്രചിന്താധാരകളും അവയുടെ ഉറവിടങ്ങളും വിളനിലങ്ങളുമായ വിമോചനപ്രസ്ഥാനങ്ങളും മുഖ്യമായും പുറപ്പാടു പുസ്തകത്തിൽ നിന്നാണ് പ്രചോദനം ഉൾക്കൊള്ളുന്നത്.

ഈ ചിന്താധാരകളും വിമോചനപ്രസ്ഥാനങ്ങളും ചിലപ്പോഴൊക്കെ പുറപ്പാടു പുസ്തകത്തെ ഭൗതികമാത്രവും അക്രമാസക്തവുമായ വിമോചനസമരങ്ങളുടെ മാതൃകയും മാർഗ്ഗരേഖയുമായി തെറ്റിദ്ധരിക്കാറുണ്ട് എന്നതും ശ്രദ്ധേയമത്രെ. ദീർഘമായ ഒരു യാത്രയുടെ തുടക്കം മാത്രമാണ് പുറപ്പാട് എന്ന കാര്യം വിസ്മരിക്കാനാവില്ല. ദൈവത്തെ ആരാധിക്കുന്ന ഒരു സമൂഹമായി വളരാൻ വേണ്ടിയാണ് ഇസ്രായേൽ ജനം അടിമത്തത്തിൽ നിന്നു വിമോചിതരായത്. യേശുവിന്റെ പെസഹാരഹസ്യത്തിലൂടെ സംലഭ്യമായ സമഗ്രവിമോചനത്തിന്റെ തുടക്കവും മുന്നോടിയുമാണ് ഈജിപ്തിൽ നിന്നുള്ള മോചനം. മനുഷ്യനെ അടിമയാക്കുന്ന സകലവിധ തിന്മകളിലും നിന്നുള്ള സമ്പൂർണ്ണ മോചനത്തിലൂടെ മാത്രമേ പുറപ്പാടു പൂർത്തിയാകൂ.

## വിഭജനം

പുറപ്പാടു പുസ്തകത്തെ രണ്ടു ഭാഗമായി തിരിക്കാം. 1-15 അധ്യായങ്ങൾ ഈജിപ്തിൽ നിന്നുള്ള മോചനത്തേയും 15-40 അദ്ധ്യായങ്ങൾ സീനായ് ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ഇസ്രായേൽ സമൂഹം ദൈവജനമായി രൂപം പ്രാപിക്കുന്നതിനേയും വിവരിക്കുന്നു.

# I വിമോചനം
## പുറപ്പാട് 1, 1–15, 21

ഈജിപ്തിൽ അടിമകളായിക്കഴിഞ്ഞിരുന്ന ഇസ്രായേൽക്കാരെ ദൈവം മോശയുടെ നേതൃത്വത്തിൽ അനേകം അദ്ഭുതപ്രവർത്തനങ്ങളിലൂടെ മോചിപ്പിച്ച്, തന്റെ മലയിലേക്കു നയിച്ചതിന്റെ ചരിത്രമാണ് പുറപ്പാടു പുസ്തകത്തിന്റെ ആദ്യഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഭാഗം പഠനവിഷയമാക്കുമ്പോൾ അടിമകളായ ജനം, അവരെ അടമകളാക്കി വച്ചുകൊണ്ടിരിക്കാൻ ശ്രമിക്കുന്ന ഫറവോ, അടിമകളുടെ നേതാവും മോചകനുമായ മോശ എന്നിവരുടേയും, ഇവരെയെല്ലാം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെയും സ്വഭാവസവിശേഷതകളും പ്രവർത്തനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. വിവിധങ്ങളായ അടിമത്തം അനുഭവിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും പുറപ്പാടു സംഭവത്തിലൂടെ ദൈവം നല്കുന്ന വിമോകവും രക്ഷാകരവുമായ സന്ദേശമെന്തെന്ന് ഗ്രഹിക്കാൻ ഇതു സഹായിക്കും. ഈ ഭാഗത്തെ അഞ്ചായി തിരിക്കാം.

1. അടിമത്തം - 1, 1–2, 25
2. നേതാവ് - 3, 1–7, 7
3. അടയാളങ്ങളും അത്ഭുതങ്ങളും - 7, 8–11, 10
4. പെസഹായും പുറപ്പാടും - 12, 1–13, 16
5. അടിമത്തത്തോടു വിട - 13, 17–15, 21

## 1. അടിമത്തം 1, 1–2, 25

പുറപ്പാടു സംഭവത്തിനു തൊട്ടു മുമ്പുള്ള ഈജിപ്തിലെ ഇസ്രായേൽ ജനത്തിന്റെ അവസ്ഥയാണ് ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്.

### 1. ഇസ്രായേൽ ഈജിപ്തിൽ 1, 1–7 (1–5. 7 P; 65)

യാക്കോബിന്റെ മക്കളുടെ പട്ടികയും അവരുടെ സംഖ്യയും ഉൽപ 46, 8–27ൽ കൊടുത്തിരിക്കുന്ന വംശാവലിയോട് ഈ വിവരണത്തെ ബന്ധിപ്പിക്കുന്നു. ജോസഫിന്റെയും സഹോദരങ്ങളുടെയും മരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന യാഹ്വിസ്റ്റ് രചനയുടെ ഭാഗമായ ആറാം വാക്യം ഒഴികെ ബാക്കി മുഴുവൻ പുരോഹിത (P) രചനയുടെ ഭാഗമായി കരുതപ്പെടുന്നു.

വംശാവലികൾക്കു പുരോഹിതരചനയിലുള്ള പ്രാധാന്യം നാം കണ്ടുകഴിഞ്ഞതാണ്.

ജോസഫിന്റെ മരണത്തിനു ശേഷം എത്ര കാലം കഴിഞ്ഞാണ് ഈവിടെ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ നടന്നത് എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. എണ്ണത്തിലും ശക്തിയിലും ഇസ്രായേൽക്കാർക്കുണ്ടായ വളർച്ചയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. "ഇസ്രായേലിന്റെ സന്തതിപരമ്പര" എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുവാക്കിന് ഇസ്രായേൽജനം എന്നാണ് അർത്ഥം. തുടർന്നു വിവരിക്കാൻ പോകുന്ന സംഭവങ്ങൾ ഒരു കുടുംബത്തിന്റെ കഥയല്ല, ഒരു ജനതയുടെയും രാഷ്ട്രത്തിന്റെയും ചരിത്രമാണ് എന്ന് ഈ പദപ്രയോഗം സൂചിപ്പിക്കുന്നു. "രാജ്യം മുഴുവൻ വ്യാപിച്ചു" എന്ന പ്രസ്താവന ഗോഷേൻ പ്രദേശത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളു (ഏകദേശം കണ്ണൂർ ജില്ലയുടെ അത്ര വിസ്തൃതമായ ഒരു പ്രദേശമായിരുന്നു ഗോഷേൻ). ഇസ്രായേൽ ജനത്തിന്റെ വളർച്ചയെക്കുറിച്ചുള്ള പരാമർശം ആദ്യമനുഷ്യനു ദൈവം നല്കിയ അനുഗ്രഹവും (ഉൽപ 1, 28) പൂർവ്വ പിതാക്കന്മാർക്കു നല്കിയ വാഗ്ദാനവും (ഉൽപ 13, 16; 26, 4; 28, 14) നിറവേറി എന്നു സീചിപ്പിക്കുന്നതോടൊപ്പം ഈജിപ്തുകാർ അവരെ വെറുക്കാനുണ്ടായ കാരണങ്ങളിലേക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു.

താത്ക്കാലികമായ ക്ഷാമത്തിൽ നിന്നു രക്ഷനേടാൻ വേണ്ടി ഈജിപ്തിലേക്കു വന്ന യാക്കോബിന്റെ മക്കൾ അവിടെ സ്ഥിര വാസമാക്കി. വിദേശികളായിരുന്ന അവർക്ക് അനുകൂലമായ രാഷ്ട്രീയ സാഹചര്യത്തിൽ പ്രത്യേകമായ അവകാശങ്ങളും സംരക്ഷണവും ലഭിച്ചു. ഈജിപ്തിലെ ശാദ്വലഭൂമിയിൽ വാസമുറപ്പിച്ചവർക്ക് സാവധാനം തങ്ങളുടെ തീർത്ഥാടകസ്വഭാവം നഷ്ടപ്പെട്ടു. ദൈവത്തിന്റെ വാഗ്ദാനങ്ങളും ആഹ്വാനങ്ങളും വിസ്മൃതിയിലാണ്ടു. സാമ്പത്തികഭദ്രതയും മറ്റു സുഖസൗകര്യങ്ങളും വർദ്ധിക്കുമ്പോൾ ദൈവത്തെ മറക്കുക സാധാരണമാണല്ലോ.

## 2. മർദ്ദനം 1, 8-22 (8-11ഷ, 13-14 P 15-22 E)

രാഷ്ട്രീയതലത്തിൽ ഉണ്ടായ മാറ്റത്തിന്റെ ഫലമായി ജനം കഠിനമായ മർദ്ദനത്തിനിരയാവുന്നതിന്റെ ചിത്രമാണ് വി. ഗ്രന്ഥകാരൻ അടുത്തതായി അവതരിപ്പിക്കുന്നത്. പുതുതായി ഭരണമേറ്റ രാജാവ് ആരെന്നോ ഏതു കാലത്താണ് അയാൾ ഭരണമേറ്റതെന്നോ പറയുന്നില്ല. അയാൾക്ക് ജോസഫിനെപ്പറ്റി അറിവില്ലായിരുന്നു എന്ന കാര്യം മാത്രമേ എടുത്തുകാട്ടുന്നുള്ളൂ. ഈജിപ്തിലെ 19-ാം രാജവംശത്തിന്റെ ആദ്യത്തെ രാജാവായ സേത്തോസ് ഒന്നാമൻ (1309-1290) ആണ് ഈ പുതിയ രാജാവ് എന്നു

കരുതപ്പെടുന്നു. ഇസ്രായേൽക്കാർ എണ്ണത്തിലും ശക്തിയിലും ഈജിപ്തുകാരെ പിന്നിലാക്കിയിരിക്കുന്നു എന്ന രാജാവിന്റെ പ്രസ്താവന അതിശയോക്തിയാണ്. വളരെ ചെറിയ ഒരു പ്രദേശമായ ഗോഷേനിൽ മാത്രമാണ് ഇസ്രായേൽക്കാർ വസിച്ചിരുന്നത്. ആ പ്രദേശം തലസ്ഥാനനഗരിക്ക് സമീപത്തായിരുന്നു. വിദേശികളായ ഒരുപറ്റം ജനങ്ങൾ ചെറിയൊരു പ്രദേശത്ത് കൂട്ടമായി വസിക്കുമ്പോൾ അവരുടെ സംഖ്യ ഉള്ളതിലും വളരെ കൂടുതലായി തോന്നുക സ്വാഭാവികമാണല്ലോ.

യുദ്ധമുണ്ടായാൽ സംഭവിക്കാവുന്ന വിപത്തിനെക്കുറിച്ചുള്ള വിചിന്തനം തികച്ചും അർത്ഥവത്താണ്. ഇരുന്നൂറു വർഷക്കാലം വിദേശാധിപത്യത്തിൻ കീഴിൽ കഴിഞ്ഞതിന്റെ തിക്തസ്മരണകൾ ഈജിപ്തുകാരിൽ സജീവമായി നില നില്ക്കുന്നുണ്ടായിരുന്നു. ബി. സി. പതിനാലാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും പതിനെട്ടാം രാജവംശം അഭ്യന്തര കലാപത്തിൽ മുഴുകി. അതിർത്തികളിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. കിഴക്ക് കാനാനിൽ അഭ്യന്തരകലഹങ്ങൾ പലതുമുണ്ടായി. ഈജിപ്തിന്റെ ആധിപത്യത്തിലായിരുന്ന പല രാജാക്കന്മാരും സ്വതന്ത്രരാകാൻ ശ്രമിച്ചു. മധ്യധരണ്യാഴിയിലൂടെ വന്ന ഫിലിസ്ത്യർ ഈജിപ്തിന്റെ വടക്കൻപ്രദേശങ്ങൾ കൈയ്യടക്കാൻ തുടങ്ങി. പടിഞ്ഞാറ് ലിബിയായും തെക്ക് നൂബിയായും ആക്രമണത്തിനൊരുങ്ങി. ഈ ചരിത്രപശ്ചാത്തലത്തിൽ ഭരണമേറ്റ രാജാവ് സ്വന്തം നാട്ടിൽ, അതും അതിർത്തി പ്രദേശത്ത്, പ്രത്യേകാനുകൂല്യങ്ങളുമായി കഴിഞ്ഞ ഒരു വിദേശിയ സമൂഹത്തെ സംശയത്തോടെ വീക്ഷിക്കുക സ്വാഭാവികമാണ്.

ഇസ്രായേൽക്കാർ കൂടുതൽ ശക്തിയാർജ്ജിക്കാതിരിക്കാനും ഇപ്പോഴുള്ളവരുടെ കഴിവുകൾ നാടിനു വേണ്ടി ഉപയോഗപ്പെടുത്താനും ആയി രാജാവ് തന്ത്രപൂർവ്വം ആസൂത്രണം ചെയ്ത പദ്ധതിയാണ് നിർബ്ബന്ധിതമായ കഠിനാദ്ധ്വാനം. കെട്ടിടങ്ങൾ പണിയാനായി ഈജിപ്തിൽ അനേകായിരം അടിമകളെ ഉപയോഗിച്ചിരുന്നു. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവർ, നാട്ടിൽ പാർക്കുന്ന പരദേശികൾ എന്നിങ്ങനെ പലതരം അടിമകളുമുണ്ടായിരുന്നു. അധികം പങ്കും കൃഷികൊണ്ട് ഉപജീവനം കഴിച്ചിരുന്ന ഈജിപ്തുകാർക്ക് ഏപ്രിൽ മുതൽ നവംബർ വരെ പണിയില്ലാത്ത കാലമായിരുന്നു. ഇക്കാലത്ത് നിർമ്മാണപ്രവർത്തനങ്ങൾക്കായി അവർ സ്വയം വിട്ടുകൊടുക്കുക സാധാരണമായിരുന്നു. ഇസ്രായേൽക്കാർക്ക് രാജാവിന്റെ ഈ തീരുമാനം കടുത്ത പ്രഹരമായി അനുഭവപ്പെട്ടു. ആടുമേയ്ക്കൽ മുഖ്യതൊഴിലായിരുന്ന അവർ കുറെയൊക്കെ കൃഷിയിലും ഏർപ്പെട്ടിരുന്നെങ്കിലും തികഞ്ഞ സ്വതന്ത്രപ്രേമികളായിരുന്നു. ആദ്യമാ

യാണ് അവർ അടിമവേലയ്ക്ക് നിർബന്ധിതരാകുന്നത്.

അടിമവേല ഇസ്രായേൽക്കാരുടെ ജീവിതത്തെ ക്ലേശപൂർണ്ണമാക്കിയെങ്കിലും രാജാവിന്റെ തന്ത്രം ഫലിച്ചില്ല. പീഡിപ്പിക്കുമ്പോഴും അവർ വർദ്ധിക്കുകയും വ്യാപിക്കുകയും ചെയ്തു എന്ന പ്രസ്താവന ഫറവോയുടെ ഭോഷത്തം വെളിപ്പെടുത്തുന്നു. ശാരീരികമായ അദ്ധ്വാനം ജനത്തിന്റെ ശക്തി വർദ്ധിപ്പിച്ചതേയുള്ളൂ. ദൈവത്തെ കുറിച്ച് ഇവിടെ ഒരു വാക്കുപോലും പറയുന്നില്ല എന്നതു ശ്രദ്ധേയമത്രേ. ഇസ്രായേൽ ജനത്തിന്മേൽ അടിച്ചേൽപ്പിച്ച അടിമത്തവും അതിന്റെ ഫലവും തീർത്തും രാഷ്ട്രീയവും സ്വഭാവികവുമായ വിധത്തിലാണ് വിവരിക്കുന്നത്. ഈജിപ്തുകാർ ഇസ്രായേൽക്കാരെ "ഭയപ്പെട്ടു" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന് "വെറുത്തു" എന്ന അർത്ഥവുമുണ്ട്. ഒരു പ്രവിശ്യയിൽ ഒതുങ്ങി നിന്ന ഒരുപറ്റം അടിമകളെ ഈജിപ്തുകാർ ഭയപ്പെട്ടു എന്നതിനേക്കാൾ അറപ്പോടും വെറുപ്പോടും കൂടെ വീക്ഷിച്ചു എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളത് എന്നു കരുതപ്പെടുന്നു. ഇന്നും പല സമ്പന്ന രാജ്യങ്ങളിലും വിദേശികളായ വേലക്കാരെ തദ്ദേശവാസികൾ അറപ്പോടും അൽപം ഭയത്തോടും കൂടെ വീക്ഷിക്കുക സാധാരണമാണല്ലോ. ഇത്ര സംസ്ഥാനങ്ങളിൽ നിന്നു കേരളത്തിൽ വന്നു ജോലി ചെയ്തും ഭിക്ഷ യാചിച്ചും ഉപജീവനം കഴിക്കുന്നവരോടുള്ള മനോഭാവത്തിലും ഇതു പ്രകടമാണ്.

അടിമവേല കൊണ്ട് ഇസ്രായേൽജനത്തെ അടിച്ചമർത്താൻ കഴിയാതെ വന്നതിനാൽ ഈജിപ്തുരാജാവ് അടുത്ത തന്ത്രം പ്രയോഗിക്കുകയായി. ജീവന്റെ കാവൽക്കാരും സംരക്ഷകരുമാകേണ്ട സൂതി കർമ്മിണികളെ മരണത്തിന്റെ ദൂതരാക്കാൻ രാജാവു ശ്രമിച്ചു. ആൺകുട്ടികളെ കൊല്ലുകയും പെൺകുട്ടികളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നത് ജനസംഖ്യ നിയന്ത്രിക്കുന്നതിനേക്കാൾ പ്രതിഷേധവും എതിർപ്പും യുദ്ധവും ഒഴിവാക്കാനുള്ള തന്ത്രമായിരിക്കാം. പുരുഷന്മാരാണല്ലോ ഈ രംഗത്തെല്ലാം പ്രവർത്തിക്കുന്നത്. സൂതികർമ്മിണികളുടെ ദൈവഭയത്തെക്കുറിച്ചുള്ള പരാമർശം രാജാവു കണക്കിലെടുക്കാത്ത മറ്റൊരു ശക്തിയെ രംഗത്തു കൊണ്ടുവരുന്നു. സ്വന്തം ജീവൻ തന്നെ അപകടത്തിലാക്കിക്കൊണ്ടു രാജകൽപന ലംഘിച്ച് ആൺകുട്ടികളെ ജീവിക്കാൻ അനുവദിച്ച സൂതികർമ്മിണികൾക്ക് ദൈവം പ്രത്യേകം സംരക്ഷണവും അനുഗ്രഹവും പ്രദാനം ചെയ്തു. ബുദ്ധിശാലിയും തന്ത്രജ്ഞനും എന്നു സ്വയം കരുതിയ ഫറവോ രണ്ടാംവട്ടവും പരാജിതനായി.

ഇതുവരെ രഹസ്യമായി ജനത്തെ അടിച്ചമർത്താൻ ശ്രമിച്ച ഫറവോ

അവസാനകൈ എന്ന പോലെ പുറപ്പെടുവിച്ച കൽപന ഇസ്രായേൽ ജനത്തിന്മേൽ വംശനാശത്തിന്റെ നിഴൽ വിരിച്ചു. നൈൽനദിയും അതിന്റെ കൈവഴികളുമാണ് ഇവിടെ "നദി" എന്ന പദം സൂചിപ്പിക്കുന്നത്. രണ്ടു സൂതികർമ്മിണികളെ മാത്രമല്ല ഈജിപ്തുകാരെ മുഴുവൻ ഇപ്പോൾ ആരച്ചാരന്മാരുടെ ദൗത്യം ഏൽപിക്കുകയായി. സ്വദേശികളായ ഈജിപ്തുകാരെ മുഴുവൻ വിദേശികളായ ഇസ്രായേൽക്കാർക്കെതിരെ ഇളക്കി വിട്ട പ്രതീതിയാണ് ഈ കൽപനയിൽ നിന്നും ലഭിക്കുക. എന്നാൽ ഇതും വിജയിച്ചില്ല എന്ന് അടുത്ത അധ്യായത്തിൽ നിന്നും വ്യക്തമാകും.

വിചിന്തനം - ഫറവോ നടപ്പിലാക്കാൻ ശ്രമിച്ച ജനസംഖ്യാനിയന്ത്രണം ഇന്നു വളരെയേറെ വ്യാപകവും സംഘടിതവുമായ വിധത്തിൽ നടപ്പിലായിക്കൊണ്ടിരിക്കുന്നു. ലോകം നേരിടുന്ന ഏറ്റവും വലിയ വിപത്ത് ജനപ്പെരുപ്പമാണ് എന്ന നുണ ആഗോളതലത്തിൽ സകലമാധ്യമങ്ങളും ഉപയോഗിച്ച് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിന് സകലവിധ സുഖസൗകര്യങ്ങളും ഉറപ്പുവരുത്താൻ വേണ്ടി പുതിയ മനുഷ്യജീവൻ നാമ്പെടുക്കാതിരിക്കാനുള്ള ശ്രമം ഭയാനകമാംവിധം വികസിച്ചുകഴിഞ്ഞിരിക്കുന്നു. കൃത്രിമമാർഗ്ഗങ്ങളിലൂടെയുള്ള ഗർഭനിരോധനം മുതൽ ഭ്രൂണഹത്യയും ശിശുഹത്യയും "കാരുണ്യവധ"വും വരെ എത്തിനിൽക്കുന്നു ആധുനിക ഫറവോമാരുടെ ജനസംഖ്യാനിയന്ത്രണപ്രവർത്തനങ്ങൾ ഈ സാഹചര്യത്തിൽ ഹെബ്രായ സൂതികർമ്മിണികളുടെ പ്രസക്തി വർദ്ധിക്കുന്നു. ദൈവഭയം ഉണ്ടായതിനാലാണ് അവർ രാജകൽപനയെ ലംഘിക്കാൻ തയ്യാറായത്. രാജ്യത്തിന്റെ നിയമങ്ങൾ അധാർമ്മികവും പ്രകൃതി വിരുദ്ധവും ആകുമ്പോൾ അവയെ ലംഘിക്കാൻ ദൈവവിശ്വാസികൾക്കുള്ള ബാധ്യതയെ ഇവരുടെ മാതൃക എടുത്തു കാട്ടുന്നു.

## 3. മോചകന്റെ ജനനം 2, 1-10 (JE)

അടുത്തതായി വിശുദ്ധ ഗ്രന്ഥകാരൻ ഒരു വ്യക്തിയിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അടിമകൾക്കു മോചനം നൽകാൻ വേണ്ടി ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് ഒരുക്കിയ നേതാവായ മോശയുടെ ജനനവും ബാല്യവുമാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. ശിശുവിന്റെ മാതാപിതാക്കന്മാർ ലേവീ ഗോത്രത്തിൽപ്പെട്ടവലരായിരുന്നു എന്നു മാത്രമേ ഇവിടെ പറയുന്നുള്ളൂ. അവർ അമ്രാമും (Amram) യോക്കെബെദും (Jochebed) ആയിരുന്നുവെന്ന് വംശാവലിയിൽ (6, 20) രേഖപ്പെടുത്തിയിട്ടുണ്ട്. ഫറവോയുടെ കൽപന നടപ്പിലാക്കപ്പെട്ടോ, മറ്റു ഹെബ്രായ ശിശുക്കൾക്കെല്ലാം എന്തു സംഭവിച്ചു എന്നിങ്ങനെയുള്ള കാര്യങ്ങളൊന്നും പരാ

മർശവിഷയമാകുന്നില്ല.

മോശയുടെ ശൈശവത്തെ സംബന്ധിച്ചു രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളിലെല്ലാം ദൈവത്തിന്റെ പ്രത്യേക പദ്ധതിയും പരിപാലനയും ദൃശ്യമാണ്. ഉൽപത്തി പുസ്തകത്തിൽ ജോസഫിന്റെ കഥയിൽ കണ്ടതു പോലുള്ള ഒരു വിവരണശൈലിയാണ് ദൈവത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ വി. ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്. ഇസ്രായേൽജനം ശക്തിപ്പെടുകയും നാടുവിട്ടു പോവുകയും ചെയ്യാതിരിക്കാൻ വേണ്ടി ഫറവോ ആസൂത്രണം ചെയ്ത പദ്ധതി പറ്റേ പരാജയപ്പെട്ടു. ജനത്തെ മോചിപ്പിക്കാൻ പോകുന്ന നേതാവ് ഫറവോയുടെ അരമനയിൽ, രാജപുത്രിയുടെ സംരക്ഷണയിൽ വളരാൻ ദൈവം ഇടയാക്കി. രാജകൽപനയെ ധിക്കരിച്ച് സ്വന്തം മകനെ വളരാൻ അനുവദിച്ച മാതാവിന് മകനെ തിരിച്ചു കിട്ടിയെന്നു മാത്രമല്ല, അവനെ പോറ്റുന്നതിന് ശമ്പളവും ലഭിച്ചു.

മുലകുടി മാറുന്ന പ്രായം മൂന്നു വയസ്സായി കരുതപ്പെട്ടിരുന്നു. ആ പ്രായമായപ്പോഴാണ് അമ്മ തന്റെ മകനെ ഫറവോയുടെ മകൾക്ക് ഏൽപ്പിച്ചു കൊടുത്തത്. തന്റെ ഉറവിടങ്ങളെക്കുറിച്ചും സ്വന്തം ജനം അനുഭവിക്കുന്ന ക്ലേശങ്ങളെക്കുറിച്ചും അവ്യക്തമായ ചില ഓർമ്മകളെങ്കിലും ബാലന്റെ മനസ്സിൽ തങ്ങി നില്ക്കാൻ ഈ കാലഘട്ടം സഹായിച്ചിട്ടുണ്ടാവണം. ഫറവോയുടെ പുത്രി കുഞ്ഞിനു നല്കുന്ന മോശ എന്ന പേര് ഈജിപ്തിൽ പ്രചാരത്തിൽ ഇരുന്ന ഒന്നാണ്. ഏതെങ്കിലും ഒരു ദേവന്റെ പേരിനോടു ചേർത്താണ് "മോശ" എന്ന പേരുപയോഗിക്കുക. "-ന്റെ മകൻ" എന്നാണ് ഈജിപ്തുഭാഷയിൽ മോശ എന്ന പേരിന്റെ അർത്ഥം. ഉദാ: തൂത്ത് മോശെ (Thut Mose) തോത്തിന്റെ മകൻ; അഹ് മോശെ (Ahmose) ഓയുടെ മകൻ ഏകദൈവവിശ്വാസികളായ ഇസ്രായേൽക്കാർക്ക് ഇപ്രകാരം ഒരു പേരു സ്വീകാര്യമായിരുന്നില്ല. അതിനാൽ ദേവന്മാരുമായുള്ള ബന്ധം സൂചിപ്പിക്കുന്ന ആദ്യഭാഗം ഉപേക്ഷിക്കുകയും കുഞ്ഞിന്റെ ശൈശവത്തെ സൂചിപ്പിക്കുന്ന പുതിയ വ്യാഖ്യാനം നല്കുകയും ചെയ്തിരിക്കുന്നു. വലിച്ചെടുക്കുക എന്നർത്ഥമുള്ള (Masha) എന്ന ഹീബ്രുവാക്കിൽ നിന്നാണ് മോശ എന്ന പേരുണ്ടായത് എന്ന് ഇവിടെ പേരിനെ വ്യാഖ്യാനിച്ചിരിക്കുന്നു.

പ്രസിദ്ധരായ വീരപുരുഷന്മാരുടെ ജനനവും ശൈശവവുമായി ബന്ധപ്പെടുത്തി അത്ഭുതകരമായ കാര്യങ്ങൾ വർണ്ണിക്കുക പുരാതന കാലത്തു സാധാരണമായിരുന്നു. പിള്ളത്തൊട്ടിലിൽ കിടന്ന് സർപ്പത്തെ ഞെരിഞ്ഞുകൊന്ന ഹെർക്കുലീസിന്റെയും പൂതനയെ കൊന്ന ശ്രീകൃഷ്ണന്റെയും ഒക്കെ കഥകളിൽ ഈ വിവരണശൈലി കാണാം. മോശയുടെ

ബാല്യകാലത്തെക്കുറിച്ചുള്ള വിവരണം ഇപ്രകാരം ഒരു പുരാണകഥയാണെന്ന് ചിലർ കരുതുന്നു. എന്നാൽ സ്വാഭാവികമായി സംഭവിക്കാൻ പാടില്ലാത്ത ഒന്നും ഇവിടെ അവതരിപ്പിക്കുന്നില്ല എന്നു മാത്രമല്ല, മോശ നദീതീരത്ത് ഉപേക്ഷിക്കപ്പെടുകയും പലതവണ കൈ മാറ്റപ്പെടുകയും ചെയ്യുന്ന നിസ്സഹായനായ ഒരു ശിശുവാണ്, ഒരു ദൈവമല്ല; ദൈവത്തിന്റെ അവതാരവുമല്ല. പ്രത്യേകമായൊരു ലക്ഷ്യത്തിനു വേണ്ടി കാത്തു പാലിക്കപ്പെട്ട ഒരു മനുഷ്യൻ മാത്രമാണ് മോശ.

ശിശുവധവും മോശയുടെ അത്ഭുതകരമായ രക്ഷപ്പെടലും വരാനിരുന്നവയുടെ പ്രതീകങ്ങളായി പുതിയ നിയമത്തിൽ, പ്രത്യേകിച്ചും മത്തായി എഴുതിയ സുവിശേഷത്തിൽ (മത്താ 3 2, 1-18) വ്യാഖ്യാനിക്കുന്നുണ്ട്. യേശുവിനെ പുതിയ മോശയായി ചിത്രീകരിക്കാൻ മത്തായി സുവിശേഷകൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ശിശുവധം, ശിശുവിന്റെ രക്ഷപ്പെടൽ, ഈജിപ്തിലേക്കു പലായനം, ഈജിപ്തിൽ നിന്നുള്ള മടങ്ങിവരവ്, മരുഭൂമിയിലെ പ്രലോഭനങ്ങൾ മലയിലെ പ്രസംഗം, പുതിയ ഉടമ്പടിയുടെ നിബന്ധനകൾ പത്ത് അതുഭുതങ്ങൾ (മത്താ 8-9), മുതലായ അനേകം ഉദാഹരണങ്ങൾ ഒന്നാം സുവിശേഷത്തിൽ കാണാം. വ്യത്യാസങ്ങളും ശ്രദ്ധേയമത്രേ. ഹെബ്രായരെ ഒന്നടങ്കം അടിച്ചമർത്താൻ വേണ്ടി വിജാതീയനായ ഈജിപ്തു രാജാവു നടത്തിയ വധശ്രമത്തിൽ നിന്നാണ് മോശ രക്ഷപ്പെടുന്നത്. യേശുവാകട്ടെ തന്നെ കൊല്ലാൻ ശ്രമിച്ച സ്വജാതീയനായ ഹേറോദേ സിൽ നിന്നു രക്ഷപ്പെട്ടു. മോശ രാജകൊട്ടാരത്തിൽ വസിച്ചപ്പോൾ യേശുവിന് നാടു വിട്ട് ഓടേണ്ടിവന്നു.

**വിചിന്തനം** : തിന്മയുടെ ശക്തി അജയ്യവും സർവ്വശക്തവുമായി പ്രത്യക്ഷപ്പെട്ടേക്കാം. നശീകരണപദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യാനും കണിശമായി നടപ്പാക്കാനും വേണ്ട കഴിവും സംവിധാനങ്ങളും ആ ശക്തിക്കുണ്ടായിരിക്കും. നന്മയുടെ ശക്തിയാവട്ടെ, ദുർബ്ബലവും അസംഘടിതവുമായിട്ടാവും പ്രത്യക്ഷപ്പെടുക. സൂതികർമ്മിണികളും യോക്കെബെദും ഫറവോയുടെ മകളും ഞാങ്ങണപ്പെട്ടിയിൽ ഒഴുകുന്ന ശിശുവും ബലഹീനരാണ്. എന്നാൽ ബലവാന്മാരുടെ ദുരാലോചനകളെ തോല്പ്പിക്കാൻ ദുർബ്ബലരായ കൊച്ചു മനുഷ്യരെ ദൈവം ഉപയോഗിക്കുന്നു. അതിന്റെ ചരിത്രമാണ് രക്ഷാചരിത്രം. മാനുഷികമായി പ്രതീക്ഷയറ്റു എന്നു തോന്നുന്നിടത്തു ദൈവം പുതിയ പ്രതീക്ഷയുടെ ചക്രവാളങ്ങൾ വിരിയിക്കുന്നു. നിസ്സഹായനായി പുഴയിൽ ഒഴുകിയ ശിശുവിനെ തന്റെ ജനത്തിന്റെ മോചകനാക്കാൻ വേണ്ടി ദൈവമാണ് രക്ഷപ്പെടുത്തിയത്.

## 4. നേതാവിന്റെ പലായനം 2, 11-22 (J)

മോശയുടെ ബാല്യകാലത്തെയോ യൗവനത്തേയോ കുറിച്ച് വി. ഗ്രന്ഥകാരൻ ഒന്നുംതന്നെ പറയുന്നില്ല. ഫറവോയുടെ അരമനയിൽ വച്ച് മോശ നേടിയ വിജ്ഞാനത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങളിലെ പരാമർശം (അപ്പ 7, 22) പുതിയ നിയമകാലത്തു പ്രചാരത്തിലിരുന്ന യഹൂദപാരമ്പര്യത്തിൽ നിന്നു ലഭിച്ചതാവണം. മോശ ഈജിപ്തുകാരുടെ സകല അറിവുകളിലും പ്രാവീണ്യം നേടി. ഫറവോയുടെ സർവ്വസൈന്യാധിപനാവുകയും നൂബിയായെ യുദ്ധത്തിൽ തോൽപ്പിച്ച് അവിടുത്തെ രാജകുമാരിയെ തടവുകാരിയാക്കി ഈജിപ്തിലേക്കു കൊണ്ടുവരുകയും ചെയ്തുവെന്ന് യഹൂദചരിത്രകാരനായ ഫ്ളാവീയുസ് ജോസേഫൂസ് രേഖപ്പെടുത്തിയിരിക്കുന്നത് ചരിത്ര വസ്തുതയേക്കാൾ ഭക്തി സംവർദ്ധകമായ ഐതീഹ്യമാണ്.

11-15 വാക്യങ്ങൾ മോശയുടെ ആദ്യത്തെ വിമോചനപ്രവർത്തനവും അതിന്റെ ഫലവും വിവരിക്കുന്നു. "പ്രായപൂർത്തിയായതിനു ശേഷം" എന്ന കാലസൂചന 40 വയസ്സായപ്പോൾ എന്ന് അപ്പസ്തോല പ്രവർത്തനങ്ങൾ (അപ്പ 7, 23) വ്യാഖ്യാനിച്ചിട്ടുണ്ട്. 40 കൃത്യമായ ഒരു സംഖ്യയെക്കാൾ പ്രായപൂർത്തിയെ സൂചിപ്പിക്കുന്ന പ്രതീകമായിട്ടാണ് ബൈബിൾ ഉപയോഗിക്കുന്നത്. അത് 20-25 വയസ്സ് ആകാം.

മർദ്ദിതരോടുപക്ഷം ചേരുന്ന നേതാവായി മോശ ആരംഭം മുതലേ പ്രത്യക്ഷപ്പെടുന്നു. അടിമകളായി പീഡിപ്പിക്കപ്പെടുന്ന ഹെബ്രായർ തന്റെ സഹോദരങ്ങളാണെന്ന് അംഗീകരിക്കാനും രാജകൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ ത്യജിച്ച് സഹോദരങ്ങളുടെ സഹനത്തിൽ പങ്കുചേരാനും അയാൾ തയ്യാറായി (ഹെബ്രാ 11, 26). എന്നാൽ സഹോദരങ്ങൾക്കു നീതി നടത്തിക്കൊടുക്കാനും മോചനം നൽകാനും വേണ്ടി മോശ നടത്തിയ ശ്രമം പരാജയത്തിൽ കലാശിച്ചു. സ്വന്തം ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ അയാൾ മരുഭൂമിയിലേക്കു പലായനം ചെയ്തു.

യഥാർത്ഥമായ മോചനം സാധ്യമാകണമെങ്കിൽ മോശയ്ക്കും ജനത്തിനും തക്കതായ പരിശീലനവും ഒരുക്കവും ആവശ്യമാണ് എന്ന ഈ സംഭവം പഠിപ്പിക്കുന്നു. ഒറ്റപ്പെട്ട വ്യക്തികളുടെ സാഹസികപ്രവർത്തനങ്ങളും മർദ്ദകസംവിധാനത്തിൽ പെട്ട ആരുടെയെങ്കിലും കൊലപാതകവും കൊണ്ട് ജനത്തിന് സമഗ്രമായ മോചനം ലഭിക്കുകയില്ല. സംവിധാനങ്ങളിൽ മാറ്റമുണ്ടാകണം. അതിനുമുമ്പ് മനുഷ്യമനസ്സുകളിലും മാറ്റമുണ്ടാകണം. ഇത് സുദീർഘവും ശ്രമകരവുമായ ഒരു പ്രക്രിയ ആയിരിക്കും.

സീനായ് മരുഭൂമിയ്ക്കും അറേബ്യൻ മരുഭൂമിയ്ക്കും മധ്യേ അക്കബ ഉൾക്കടലിനു കിഴക്കുള്ള പ്രദേശമാണ് മിദിയാൻകാരുടെ വാസസ്ഥലം. ഇത് ഈജിപ്തിന്റെ ആധിപത്യത്തിനു പുറത്തായതിനാലാണ് ഫറവോയിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി മോശ അങ്ങോട്ട് ഒളിച്ചോടിയത്. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ ഈ ഒളിച്ചോട്ടത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. മരുഭൂമിയിലൂടെ ഇസ്രായേൽജനത്തെ നയിക്കാൻ വിളിക്കപ്പെട്ടവൻ ആദ്യമേ മരുഭൂമിയുമായി പരിചയപ്പെടുക ആവശ്യമായിരുന്നു. മദിയാനിലെ കിണറ്റിൻകരയിൽ നടക്കുന്ന സംഭവങ്ങൾക്ക് എലയാസറിന്റെയും (ഉൽപ 24, 11–61) യാക്കോബിന്റെയും (ഉൽപ 29, 1–14) ജീവിതവുമായ ബന്ധപ്പെട്ട സംഭവങ്ങളോടു സാമ്യമുണ്ട്. എനനാൽ ഇവിടുത്തെ വിവരണം മോശയുടെ സ്വഭാവം എടുത്തു കാട്ടുന്നു. നിസ്സഹായരായ ഹെബ്രായ സഹോദരരെ സഹായിക്കാൻ ശ്രമിച്ചതിന്റെ പേരിൽ നാടുവിട്ട് ഒളിച്ചോടി വന്നവനാണെങ്കിലും പാവപ്പെട്ട പെൺകുട്ടികളെ വിരട്ടിയോടിക്കുന്ന ഇടയന്മാരെ നേരിടാൻ അയാൾ മടിക്കുന്നില്ല.

മിദിയാനിലെ പുരോഹിതന്റെ ആതിഥ്യം സ്വീകരിക്കുകയും പിന്നീട് അയാളുടെ മകളെ വിവാഹം കഴിച്ച് അവരുടെ കൂടെ താമസിക്കുകയും ചെയ്തെങ്കിലും ആ ജീവിതത്തിൽ മോശ സംതൃപ്തനായിരുന്നില്ല. താൻ പരദേശിയായി തല്ക്കാലത്തേക്കുമാത്രം മിദിയാനിൽ വസക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് തന്റെ മകനു നല്കിയ ഗെർഷോം എന്ന പേര്. പരദേശ എന്നാണ് ഇതിന്റെ അർത്ഥം. മോശയുടെ അമ്മായിയപ്പൻ മൂന്നു പേരുകളിൽ അറിയപ്പെടുന്നുണ്ട്. റെവുവേല് (പുറ 2, 18); ജെത്രോ (പുറ 3, 1; 18, 1); ഹോബാബ് (ന്യായാ 4, 11). ഇതിൽ ആദ്യത്തേത് ഒരു വ്യക്തിയുടെ പേര് എന്നതിനേക്കാൾ ഒരു ഗോത്രത്തിന്റെ പേരോ സ്ഥാനപ്പേരോ ആയി കരുതപ്പെടുന്നു. ഹോബാബ് മോശയുടെ ഭാര്യസഹോദരനായിരുന്നുവെന്ന് സംഖ്യ 10, 29ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ 3, 1ൽ കാണുന്ന "ജെത്രോ" എന്നതാണ് യഥാർത്ഥ പേര് എന്ന് അനുമാനിക്കാം.

അബ്രാഹത്തിനു കെത്തൂറായിൽ ജനിച്ച മിദിയാന്റെ സന്തതികളാണ് മിദിയാൻകാർ (ഉൽപ 25, 2). വിജാതീയനായ ഫറവോയുടെ അരമനയിൽ വളർന്ന മോശ ദൈവത്തിന്റെ വാഗ്ദാനങ്ങളേയും മറ്റും കുറിച്ച് അറിഞ്ഞത് ജെത്രോയിൽ നിന്നായിരിക്കണം. മിദിയാൻകാരുടെ കൂടെയുള്ള വാസം മോശയ്ക്ക് വിശ്വാസത്തിൽ അറിവും പരിശീലനവും നേടാനുള്ള അവസരമായിരുന്നു.

**വിചിന്തനം** : പീഡിപ്പിക്കപ്പെടുന്ന സഹോദരങ്ങളുടെ വേദനകളിൽ പങ്കുചേർന്ന് അവർക്ക് നീതി നടത്തിക്കൊടുക്കാനും അവരെ തമ്മിൽ രമ്യത

പ്പെടുത്താനും ശ്രമിക്കുന്ന മോശ മനുഷ്യവർഗ്ഗത്തിനു മുഴുവൻ യഥാർത്ഥ നീതിയും രമ്യതയും ലഭ്യമാക്കിയ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്. സഹോദരങ്ങളാൽ തിരസ്ക്കരിക്കപ്പെടുന്നതിലും ഈ പ്രതീകാത്മകത കാണാം (അപ്പ 7, 27-28.52). സഹോദരങ്ങളുടെ മോചന ത്തിനായി യത്നിക്കുന്നവർ അവരുടെ ക്ലേശങ്ങളിൽ പങ്കു ചേരാൻ തയ്യാ റാകണം.

അനീതിക്കും അക്രമത്തിനും എതിരേയുള്ള ബലപ്രയോഗത്തെക്കു റിച്ച് മോശയുടെ അനുഭവത്തിൽ നിന്ന് സുപ്രധാനമായ ചില ഉൾക്കാഴ്ച കൾ ലഭിക്കുന്നുണ്ട്. മോശയുടെ പ്രവർത്തനത്തെ വി. ഗ്രന്ഥകാരൻ ധാർമ്മികമായി വിലയിരുത്തുന്നില്ലെങ്കിലും സാഹചര്യങ്ങളും അനന്തരഫ ലങ്ങളും വിവരിക്കുന്നതിൽ നിന്ന് ചില നിഗമനങ്ങളിൽ എത്താൻ കഴി യും. തികച്ചും നിസ്വാർത്ഥവും സഹോദരസ്നേഹത്താൽ പ്രേരിതവുമാ യിരുന്നു മോശയുടെ പ്രവൃത്തി. പക്ഷേ, അത് അയാൾ ഉദ്ദേശിച്ച ഫല മല്ല പുറപ്പെടുവിച്ചത്. സ്വന്തം സഹോദരങ്ങൾ അയാളുടെ പ്രവൃത്തിയെ ആധിപത്യം അടിച്ചേല്പിക്കാനുള്ള ശ്രമമായി ദുർവ്യാഖ്യാനം ചെയ്തു. മോശയ്ക്ക് വിമോചനപ്രവർത്തനം തുടക്കത്തിലേ ഇട്ടെറിഞ്ഞ് ഓടിയൊ ളിക്കേണ്ടി വന്നു. ഈജിപ്തുകാരനെ രഹസ്യത്തിൽ കൊല്ലുകലുയം തെളിവു നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ നിന്ന് അരുതാത്ത തെന്തോ ആണ് താൻ ചെയ്യുന്നത് എന്ന വിചാരം മോശയ്ക്കുണ്ടായിരുന്നു എന്നു തോന്നും. രഹസ്യത്തിൽ കൊലപാതകം നടത്തിയവന് രമ്യത യുടെ സന്ദേശം പ്രഘോഷിക്കാൻ അർഹത നഷ്ടപ്പെട്ടു. ദൈവം കാണിച്ചു തരുന്ന മോചനത്തിന്റെ മാർഗ്ഗം വ്യത്യസ്തമാണെന്ന് മോശയുടെ പിന്നീ ടുള്ള അനുഭവത്തിൽ നിന്നും വ്യക്തമാകും. അക്രമം അക്രമത്തിന് അറുതി വരുത്തില്ല, വർദ്ധിപ്പിക്കുകയേയുള്ളൂ.

## 5. മർദ്ദിതരുടെ രോദനം 2, 23-25 (P)

ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ഇസ്രായേൽക്കാരെ മുന്നിൽ കണ്ടുകൊണ്ട് ഗ്രന്ഥരചന നടത്തിയ പുരോഹിത ഗ്രന്ഥകാരൻ ഈ വാക്യങ്ങളിലൂടെ അജപാലനപരമായ ഒരു ധർമ്മം നിർവഹിക്കുന്നു ണ്ട്. ഈജിപ്തിൽ അടമകളായി കഴിഞ്ഞിരുന്നവരുടെ നിലവിളി കേട്ട ദൈവം പ്രവാസികളുടെ നിലവിളിയും കേൾക്കും. എല്ലാ മർദ്ദിതർക്കും എക്കാലവും പ്രസക്തമായ സന്ദേശമാണിത്.

ഈജിപ്തിലെ രാജാവു മരിച്ചു എന്ന പ്രസ്താവന, എത്ര ശക്തനും അക്രമിയും ആണെങ്കിലും അയാളും ഒരു മനുഷ്യൻ മാത്രമാണെന്നും എല്ലാ മനുഷ്യരുടെയും അന്ത്യം ഒന്നു തന്നെയാണെന്നും അനുസ്മരിപ്പി

ക്കുന്നു. പക്ഷേ, മർദ്ദകനായ ഒരു ഭരണാധിപന്റെ മരണം കൊണ്ടു മാത്രം മർദ്ദനത്തിന് അറുതി വരുന്നില്ല. സേത്തോസ് ഒന്നാമൻ മരിച്ചപ്പോൾ രാജാവായ മകൻ റാമ്സേസ് രണ്ടാമൻ പിതാവിനേക്കാൾ ശക്തനും ക്രൂരനും ആയിരുന്നു. അടിമകളെ ഉപയോഗിച്ചുകൊണ്ട് അയാൾ കൂടുതൽ വിപുലമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

അടിമകളുടെ നിലവിളി നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളിയാണ് (ഉൽപ 4, 10; 18, 20). പ്രതിഷേധപ്രകടനങ്ങളായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. അടിമകൾ കലാപത്തിന് മുതിർന്നില്ലെങ്കിലും തങ്ങളുടെ ദയനീയാവസ്ഥ ദൈവഹിതമായി കണ്ട് നിശ്ശബ്ദരായി അതു സ്വീകരിക്കാൻ അവർ തയ്യാറായില്ല എന്നതു ശ്രദ്ധേയമത്രേ. പൂർവ്വപിതാക്കന്മാരോടു ദൈവം ചെയ്ത ഉടമ്പടിയെക്കുറിച്ചുള്ള പരാമർശത്തിലൂടെ പുറപ്പാടു സംഭവത്തെ പിതാക്കന്മാർക്കു നല്കിയ വാഗ്ദാനവുമായി ബന്ധിപ്പിക്കുന്നു. ഒരേ രക്ഷാചരിത്രത്തിന്റെ കണ്ണികളാണ് ഇവ രണ്ടും.

വിചിന്തനം : ദൈവം കേട്ടു, ഓർമ്മിച്ചു, കടാക്ഷിച്ചു, ഗ്രഹിച്ചു എന്നീ പ്രസ്താവനകൾ വിമോചനം ആസന്നമായിരിക്കുന്നു എന്ന സൂചനയാണു നല്കുക. നിലവിളി കേൾക്കുന്ന ദൈവം അടങ്ങിയിരിക്കുകയില്ല. രാപകൽ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് ദൈവം നീതി നടത്തിക്കൊടുക്കുക തന്നെ ചെയ്യും (ലൂക്കാ 18, 7) എന്ന വിശ്വാസമാണ് കഠിനമായ യാതനകൾക്കു നടുവിലും, പ്രത്യാശയോടെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നത്.

## ചോദ്യങ്ങൾ

### A. ആമുഖത്തിൽ നിന്ന്

1. പുറപ്പാടു സംഭവം ഒരു ചരിത്രസംഭവമായിരുന്നോ? വിശദീകരിക്കുക.

2. പുറപ്പാടു പുസ്തകത്തിൽ വ്യത്യസ്ത സാഹിത്യരൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. വ്യക്തമാക്കുക.

3. പുറപ്പാടു സംഭവത്തിന് പഴയ നിയമത്തിലും പുതിയ നിയമത്തിലും നിങ്ങളുടെ ജീവിതത്തിലും ഉള്ള പ്രാധാന്യം എന്ത്?

### B. ഈ പാഠത്തിൽ നിന്ന്

1. പുറപ്പാടു പുസ്തകത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന വംശാവലിയുടെ പ്രസക്തിയെന്ത്?

2. ഈജിപ്തിൽ ഭരണാധികാരിയായ പുതിയ രാജാവിനെക്കുറിച്ച് ചരിത്രപരമായി എന്തു പറയാനാവും?

3. ഹെബ്രായരെ പീഡിപ്പിക്കാൻ രാജാവു തീരുമാനിച്ചതെന്തുകൊണ്ട്?

4. മൂന്നു പടിയായിട്ടാണ് ഹെബ്രായരെ അടിച്ചമർത്താൻ ഫറവോ ശ്രമിച്ചത്. ഏവ? എന്തുകൊണ്ട്?

5. രാജാവിന്റെ ശ്രമം പരാജയപ്പെടാൻ കാരണമെന്ത്?

6. ഈ അധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീകളുടെ പ്രവർത്തനങ്ങളിൽ നിന്ന് എന്തു പാഠമാണ് നിങ്ങളുടെ ലഭിക്കുന്നത്?

7. രണ്ടാം അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്ന മോശയുടെ ജീവിതത്തെ യേശുവിന്റേതുമായി താരതമ്യം ചെയ്യുക.

8. മോശയുടെ പരാജയത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

**ചർച്ചയ്ക്ക്** : നിങ്ങൾ വ്യക്തിയെന്ന നിലയിലും സമൂഹത്തിലെ അംഗമെന്ന നിലയിലും ഏതെങ്കിലും അടിമത്തം അനുഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്ത്? അതിൽ നിന്നു മോചനം നേടാൻ വേണ്ടി നിങ്ങൾ എന്തു ചെയ്യുന്നു? ഇനിയും എന്തു ചെയ്യാനാവും?

പ്രാർത്ഥന : നിങ്ങൾ അനുഭവിക്കുന്ന അടിമത്തത്തെ വിവരിച്ചും അതിൽ നിന്നു മോചനം യാചിച്ചും കൊണ്ട് സ്വന്തമായി ഒരു പ്രാർത്ഥന എഴുതി അതുപയോഗിച്ചു പ്രാർത്ഥിക്കുക.

## 2. നേതാവിന്റെ ദൗത്യം 3, 1–7, 7

അടിമകളുടെ നിലവിളി കേട്ട ദൈവം അവർക്കു മോചനം നൽകാൻ വേണ്ടി ഒരു നേതാവിനെ തിരഞ്ഞെടുത്ത് ഒരുക്കുന്നതിന്റെ വിവരണമാണ് വി. ഗ്രന്ഥകാരൻ അടുത്തതായി നൽകുന്നത്. മരുഭൂമിയിൽവച്ച് മോശയ്ക്കു ലഭിച്ച ദൈവവിളിയും അതു മോശ നല്കിയ മറുപടിയും 3–4 അധ്യായങ്ങളിൽ വിവരിക്കുന്നു. അഹറോനോടു കൂടി ഈജിപ്തിൽ മടങ്ങിയെത്തിയ മോശ ഇസ്രായേൽ ജനത്തിന്റെ മോചനത്തിനു വേണ്ടി ഫറവോയുമായി നടത്തിയ ആദ്യത്തെ കൂടിക്കാഴ്ചയും അതിന്റെ തിക്തഫലങ്ങളും 5–ാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. ഈ മൂന്നധ്യായങ്ങളും മുഖ്യമായും യാഹ്വിസ്റ്റ് രചനയാണ്. അങ്ങിങ്ങായി ഏലോഹിസ്റ്റ് രചനയുടെ ഭാഗങ്ങളും കാണാം. ഈ മൂന്നധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ തന്നെ മറ്റു വാക്കുകളിൽ വീണ്ടും ആവർത്തിക്കുന്ന ഒരു വിവരണമാണ് 6, 1–7, 7ൽ കാണുന്നത്. മോശുയെടുയം അഹറോന്റെയും വംശാവലി മാത്രമേ ഇവിടെ കൂടുതലായുള്ളൂ. ഈ ഭാഗം മുഴുവനായും പുരോഹിതരചനയാണ്.

## 1. ദൈവവിളി 3, 1–10 (JE)

ഈജിപ്തിലെ അരമനയിൽ രാജകുമാരനെപ്പോലെ കഴിഞ്ഞിരുന്ന മോശ മരുഭൂമിയിൽ മിദിയാൻകാരൻ പുരോഹിതന്റെ ആടുനോട്ടക്കാരനായി ജീവിക്കുന്നതിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് ദൈവവിളിയുടെ വിവരണം ആരംഭിക്കുന്നത്. എത്രകാലം മോശ ഇങ്ങനെ ജീവിച്ചു എന്നതിനെക്കുറിച്ചു യാതൊരു സൂചനയും നല്കുന്നില്ല. ഒളിച്ചോടുന്ന അടിമകളുടെയും നാടും വീടുമില്ലാത്ത പരദേശികളുടെയും ക്ലേശങ്ങൾ അനുഭവിച്ചറിയാൻ ഈ കാലഘട്ടം മോശയ്ക്കു സഹായകമായി.

മിദിയാനിൽ കഴിഞ്ഞ കാലമത്രയും തന്റെ ജനത്തിന്റെ അടിമത്തത്തെ കുറിച്ചുള്ള ആകുലത വിട്ടു പിരിഞ്ഞില്ല എന്ന് തന്റെ മകനു നല്കിയ പേരിൽ നിന്നു വ്യക്തമാക്കുന്നു (പുറ 2, 22). പാഴായിപ്പോകുന്ന ഒരു ജീവിതമായി പുറമേ നിന്നു നോക്കുമ്പോൾ ഇത് അനുഭവപ്പെട്ടേക്കാം. എന്നാൽ മരുഭൂമിയിലെ ഈ ഏകാന്തതയിലൂടെ വലിയൊരു ദൗത്യത്തിനായി ദൈവം മോശയെ ഒരുക്കുകയായിരുന്നു. ദൈവത്തിന്റെ സാന്നിധ്യം പ്രത്യേകമാംവിധം അനുഭവപ്പെട്ട സ്ഥലമായതിനാലാണ് "ദൈവത്തിന്റെ മല" എന്ന വിശേഷണം നല്കിയിരിക്കുന്നത്. ഏലോഹിസ്റ്റു ഗ്രന്ഥകാരൻ "ഹോറെബ്" എന്നും യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ "സീനായ്" എന്നും ഈ മലയെ വിളിക്കുന്നു. "മരുഭൂമിയുടെ മറുഭാഗത്തേക്ക്" എന്ന ദിക്സൂചന സീനായ് "മരുഭൂമിയുടെ കിഴക്ക് മിദിയാനിൽ നിന്നു നോക്കുമ്പോഴത്തെ കാഴ്ചപ്പാടാണ്. മോശയ്ക്കു ദൈവാനുഭവമുണ്ടായ ഈ മലയുടെ അടിവാരത്തു വച്ചാണ് ഇസ്രായേൽ ജനവുമായി ദൈവം ഉടമ്പടി ചെയ്തത്. ഇസ്രായേൽ ചരിത്രത്തിൽ ഈ മലയ്ക്ക് നിർണ്ണായകമായ പ്രാധാന്യമുണ്ട്.

വേനൽക്കാലത്ത് മരുഭൂമിയിൽ ഉണങ്ങിക്കിടക്കുന്ന മുൾപ്പടർപ്പുകളിൽ തീ പിടിക്കുക അസാധാരണമല്ല. എന്നാൽ തീ ആളിക്കത്തിയിട്ടും മുൾപ്പടർപ്പ് എരിഞ്ഞു ചാമ്പലാകാതിരിക്കുന്നത് മോശയിൽ ജിജ്ഞാസ ഉണർത്തി. "കർത്താവിന്റെ ദൂതൻ" മനുഷ്യനു പ്രത്യക്ഷപ്പെടുന്ന കർത്താവു തന്നെയാണെന്ന് നാം കണ്ടു കഴിഞ്ഞു (തീ 3, P. 33). പഴയ നിയമത്തിൽ ദൈവസാന്നിധ്യത്തിന്റെ അടയാളമാണ് അഗ്നി. സീനായ്മലയിൽ വച്ച് അഗ്നിയുടെ മധ്യത്തിൽ കർത്താവു ജനത്തിനു പ്രത്യക്ഷപ്പെടുന്നതായി വീണ്ടും രേഖപ്പെടുത്തിയിട്ടുണ്ട് (പുറ 19, 16–18; നിയ 4, 15). കത്തി ജ്വലിച്ചിട്ടും എറിഞ്ഞു ചാമ്പലാകാത്ത മുൾപ്പടർപ്പ് തന്റെ ജനത്തിന്റെ മോചനത്തിനു വേണ്ടിയുള്ള തീവ്രമായ ആഗ്രഹത്താൽ ജ്വലിച്ചു കൊണ്ടിരുന്ന മോശയുടെ തന്നെ പ്രതീകമായി കരുതുന്നവരുണ്ട്. പരിശുദ്ധാ

ത്മാവ് ആവസിച്ച കന്യകാമറിയത്തിന്റെ പ്രതീകമായി ഇതിനെ ചില സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചു. ഇതെല്ലാം ബൈബിളിന്റെ വ്യാഖ്യാനം എന്നതിലുപരി സ്വന്തം ആശയങ്ങൾ ബൈബിളിൽ ആരോപിക്കുന്നതിന്റെ ഉദാഹരണങ്ങളാണ്. അതിശക്തമാം വിധം ദൈവികസാന്നിധ്യം അനുഭവവേദ്യമാകാൻ സഹായിച്ച ഒരു പ്രതീകമായിട്ടാണ് ജ്വലിക്കുന്ന മുൾപ്പടർപ്പിനെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

പേരു ചൊല്ലി വിളിച്ചുകൊണ്ട് ദൈവം മോശയുടെ ജീവിതത്തിലേക്കു കടന്നു വന്നു. പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലാണ് താൻ നില്ക്കുന്നത് എന്ന ബോധ്യമാണ് മോശയ്ക്ക് ആദ്യമേ ലഭിക്കുന്നത്. ചെരിപ്പുകൾ അഴിച്ചു മാറ്റുന്നത് ആദരവിന്റെയും പരിശുദ്ധിയുടെയും പ്രതീകമാണ്. അശുദ്ധനും ദൈവസന്നിധിയിൽ നില്ക്കാൻ അയോഗ്യനും ആക്കുന്നതെല്ലാം അഴിച്ചു മാറ്റാനുള്ള ആഹ്വാനം ഈ കല്പനയിൽ മുഴങ്ങുന്നുണ്ട്. സമൂലമായ ജീവിതപരിവർത്തനത്തിനുള്ള ക്ഷണമാണിത്.

''പിതാക്കന്മാരുടെ ദൈവം'' എന്ന വിശേഷണം അബ്രാഹത്തിന്റെ വിളിയിൽ തുടങ്ങിയ രക്ഷാചരിത്രത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. 2, 24ൽ ഉടമ്പടിയെക്കുറിച്ചു നല്കിയ സൂചനയ്ക്കും ഇതേ ലക്ഷ്യമാണുള്ളത്. അന്യനോ അപരിചിതനോ ആയ ഒരാളല്ല മോശയ്ക്കു പ്രത്യക്ഷപ്പെടുന്ന ദൈവം. പിതാക്കന്മാരിലൂടെ തുടങ്ങിയ രക്ഷാകരപ്രവർത്തനം തുടരാൻ വേണ്ടിയാണ് അവിടുന്ന് പ്രത്യക്ഷപ്പെട്ട് മോശയെ വിളിച്ചത്. മുഖം മറയ്ക്കുന്ന മോശ ദൈവത്തിന്റെ വിശുദ്ധിയും തിരുസാന്നിധ്യത്തിൽ നില്ക്കാനുള്ള തന്റെ അയോഗ്യതയും ഏറ്റു പറയുന്നു.

ദൈവം മോശയ്ക്കു പ്രത്യക്ഷപ്പെട്ടതിന്റെ ഉദ്ദേശ്യമാണ് 7-10 വാക്യങ്ങളിൽ വിവരിക്കുന്നത്. യാഹ്വിസ്റ്റ് രചനയായ 7, 8 വാക്യങ്ങളും ഏലോഹിസ്റ്റ് രചനയായ 9-10 വാക്യങ്ങളും ഏതാണ്ട് ഒരേ കാര്യങ്ങൾ തന്നെ അവതരിപ്പിക്കുന്നു. ഒരു പറ്റം അടിമകളെ സ്വന്തം ജനം എന്നു വിളിക്കാൻ മടിക്കാത്തവനാണ് ദൈവം. ദൈവം നേരിട്ട് മോചിപ്പിക്കും എന്ന് 8-ാം വാക്യത്തിലും മോശ വഴി മോചനം നല്കും എന്ന് 10-ാം വാക്യത്തിലും പറയുന്നത് രണ്ട് പാരമ്പര്യങ്ങളുടെ വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ്. രണ്ടും പരസ്പരപൂരകങ്ങളത്രേ. തന്റെ ജനത്തെ മോചിപ്പിക്കുക എന്ന വലിയ ദൗത്യം ഈ ദർശനത്തിലൂടെ ദൈവം മോശയെ ഏല്പ്പിക്കുന്നു. ഫലസമൃദ്ധമായ കാനാൻ ദേശത്തു വാസമുറപ്പിക്കുമ്പോൾ മാത്രമേ ജനത്തിന്റെ മോചനം പൂർണ്ണമാവുകയുള്ളൂ. അടമച്ചങ്ങല പൊട്ടിച്ചാൽ മാത്രം പോരാ, സ്വതന്ത്രായി ജീവിക്കാനുള്ള സാധ്യതകളും ഉണ്ടാകണം. ഈ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് വാഗ്ദത്തഭൂമി.

വിചിന്തനം : തികച്ചും അർത്ഥശൂന്യവും നഷ്ടവും എന്നു തോന്നാവുന്ന ദിവസങ്ങളും മാസങ്ങളുമല്ല, കാലഘട്ടങ്ങൾ തന്നെ ജീവിതത്തിൽ ഉണ്ടായെന്നു വരാം. അവ ജീവിതാനുഭവങ്ങളെ വിലയിരുത്താനും വീക്ഷണങ്ങൾ അപഗ്രഥിക്കാനും സർവ്വോപരി പുതിയ ദൈവാനുഭവങ്ങൾക്കു ഹൃദയകവാടം തുറന്നുകൊടുക്കാനും വേണ്ടി ദൈവം മനുഷ്യാത്മാവിനെ ഒരുക്കുന്ന അവസരങ്ങളായിരിക്കാം. നാല്പതു രാപ്പകൽ മരുഭൂമിയിൽ ചിലവഴിച്ച യേശുവും അറേബ്യൻ മരുഭൂമിയിൽ വർഷങ്ങൾ ചിലവഴിച്ച പൗലോസും (ഗലാ 1, 17) ആത്മാവിന്റെ ഇരുണ്ട രാത്രിയെക്കുറിച്ചു പ്രതിപാദിക്കുന്ന മിസ്റ്റിക്കുകളായ വിശുദ്ധരും ഇപ്രകാരമുള്ള അനുഭവങ്ങളിലൂടെ കടന്നുപോയവരാണ്.

## 2. തടസ്സങ്ങളും മറുപടിയും 3, 11-4, 17 (JE)

വിളിക്കുന്ന ദൈവം പരിപാലിക്കും, ദൗത്യം ഏല്പിക്കുന്നവൻ അതു പൂർത്തിയാക്കാൻ ആവശ്യമായ ശക്തി പ്രദാനം ചെയ്യും. ഇസ്രായേൽ ജനത്തെ അടിമതത്തത്തിൽ നിന്നു മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്കു നയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം പൂർത്തിയാക്കാൻ തികച്ചും അപര്യാപ്തനാണെന്നു മനസ്സിലാക്കി വിവിധങ്ങളായ ഒഴുവുകഴിവുകൾ പറയുന്ന മോശയെ ദൈവം ക്ഷമാപൂർവ്വം ശക്തിപ്പെടുത്തുന്നതിന്റെ വിവരണമാണ് ഈ ഭാഗത്തുള്ളത്. ദൗത്യം ഏറ്റെടുക്കുന്നതിനു മോശ അഞ്ചു തടസങ്ങൾ ഉന്നയിക്കുന്നു; അഞ്ചിനും തക്കതായ മറുപടി നല്കിക്കൊണ്ട് ദൈവം മോശയെ ദൗത്യം ഏല്പ്പിക്കുന്നു.

### a) സ്വന്തം അപര്യാപ്തത 3, 11-12

ദൈവം ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാന് താൻ തീർത്തും അശക്തനാണ് എന്നു മോശ ആദ്യമേ ഏറ്റു പറയുന്നു. "ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും" എന്ന ദൈവത്തിന്റെ വാഗ്ദാനം സ്വന്തം കഴിവുകേടുകളിൽ നിന്നും ദൈവത്തിന്റെ ശക്തിയിലേക്കു ശ്രദ്ധ തിരിക്കാൻ മോശയെ പ്രേരിപ്പിക്കുന്നു. ബൈബിളിൽ അനേകം തവണ ആവർത്തിക്കപ്പെടുന്ന ഈ വാഗ്ദാനം (ജോഷ്വാ 1, 5; ന്യായ 6, 16; ഏശ 43, 2) ഇവിടെയാണ് ആദ്യമായി നല്കപ്പെടുന്നത്. ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ മോശയോടു കൂടെ ഉണ്ടായിരിക്കും എന്നു വാഗ്ദാനം ചെയ്ത ദൈവം യേശുവിലൂടെ ഈ വ്ഗാദാനം സ്ഥലകാലങ്ങൾക്കതീതമായി പൂർത്തിയാക്കി : "യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്തായി 28, 20).

മോശയ്ക്കു ദൈവം പ്രത്യക്ഷപ്പെട്ട മലയിൽ മോചിതരായ ഇസ്രാ

യേൽ ജനം ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കാൻ ഇടയാക്കും എന്ന വാഗ്ദാനം ഉടനെ ദൃശ്യമായൊരു അടയാളമല്ല. ഇതു പൂർത്തിയായി കഴിയുമ്പോൾ ദൈവമാണ് വിമോചനദൗത്യം നിറവേറ്റാൻ തന്നെ പ്രാപ്തനാക്കിയതെന്ന് മോശ മനസ്സിലാക്കും. ഇതിന് വിശ്വാസത്തോടെയുള്ള കാത്തിരിപ്പ് ആവശ്യമാണ്. എന്നാൽ അപകടം നിറഞ്ഞ പാതയിൽ പ്രവേശിക്കുന്നതിന് മോശയ്ക്കു ഈ ഉറപ്പു പോരാ. അതിനാൽ അടുത്ത തടസ്സം ഉന്നയിക്കുകയായി.

### b) ദൈവത്തിന്റെ പേര് 3, 13–22 (13–15 E; 16–22 J)

മോശയുടെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരമായി ദൈവം തന്റെ പേരു വെളിപ്പെടുത്തുകയും ഇസ്രായേൽ ജനത്തെ മോചിപ്പിക്കാനുള്ള ദൗത്യം ഒരിക്കൽ കൂടി ആവർത്തിക്കുകയും ചെയ്യുന്നതാണ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ആദ്യം മുതലേ യാഹ്വേ എന്ന പേരുപയോഗിക്കുന്നുണ്ടെങ്കിലും ഏലോഹിസ്റ്റ് - പുരോഹിതഗ്രന്ഥകാരന്മാരുടെ കാഴ്ചപ്പാടിൽ പുറപ്പാടു സംഭവത്തിന്റെ തുടക്കത്തിലാണ് ദൈവം തന്റെ പേര് ആദ്യമായി വെളിപ്പെടുത്തിയത് (പുറ. 6, 1–8).

മോശയുടെ ചോദ്യത്തിന് ദൈവം നല്കുന്ന ''ഞാൻ ഞാൻ തന്നെ'' എന്ന ഉത്തരം യാഹ്വേ എന്ന പേരിന്റെ ഒരു വിശദീകരണമാണ്. ''ഞാനാകുന്നവൻ'' എന്ന് ഈ പേരിനെ വീണ്ടും വിശദീകരിക്കുന്നു. ഈ നാമത്തിൽ കാലാകാലത്തോളം താൻ അനുസ്മരിക്കപ്പെടാൻ ആഗ്രഹിക്കുന്നു എന്ന ദൈവത്തിന്റെ പ്രസ്താവന ഈ പേരിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ''ആയിരിക്കുക'' എന്നർത്ഥമുള്ള ''ഹയാ'' എന്ന ഹീബ്രുദാതുവിൽ നിന്നാണ് ''യാഹ്വേ'' എന്ന പേരുണ്ടായത്. എന്നാൽ പേരിന്റെ കൃത്യമായ അർത്ഥം എന്ത് എന്ന കാര്യത്തിൽ ഇന്നും തർക്കമുണ്ട്. തന്നിൽത്തന്നെ അസ്തിത്വം ഉണ്ടായിരിക്കുകയും മറ്റെല്ലാറ്റിനും അസ്തിത്വം നല്കുകയും ചെയ്യുന്നവൻ എന്ന് ഈ പേരിനെ വ്യാഖ്യാനിക്കാറുണ്ട്. സ്രഷ്ടാവ് എന്ന ആശയമാണ് ഈ വ്യാഖ്യാനത്തിലുള്ളത്. ഈ കാഴ്ചപ്പാട് ബൈബിളിൽ ഉടനീളം പ്രതിഫലിക്കുന്നുണ്ട്. എന്നാൽ പേരു വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ നിന്നു മറ്റൊരു വ്യാഖ്യാനസാധ്യത കൂടുതൽ സ്വീകാര്യമായി പ്രത്യക്ഷപ്പെടുന്നു.

അടിമകളെ മോചിപ്പിച്ച് ഒരു ജനതയാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ തുടക്കത്തിലാണ് ഈ വെളിപാടു നല്കുന്നത്. ഞാൻ യാഹ്വേയാണ്, നിങ്ങളെ ഞാൻ മോചിപ്പിക്കും; ഞാൻ നിങ്ങളെ മോചിപ്പിച്ചു കഴിയുമ്പോൾ ഞാൻ യാഹ്വേയാണെന്ന് നിങ്ങളറിയും (പുറ 6,

6-7) എന്നിങ്ങനെയുള്ള വിശദീകരണങ്ങളിൽ നിന്ന് വിമോചകനായ ദൈവ മാണ് യാഹ്‌വേ എന്ന പേരിൽ അറിയപ്പെടുന്നത് എന്നു കാണാം. ഇതു മാത്രമല്ല, ഇസ്രായേൽ ജനത്തിനു ലഭിച്ച ദൈവാനുഭവത്തിന്റെ മുഴുവൻ രത്നച്ചുരുക്കം ഈ പേരിലുണ്ട്. ഒരു നിർവ്വചനം എന്നതിനേക്കാൾ അനു ഭവത്തിലൂടെ ലഭിച്ച അറിവിന്റെ സംഗ്രഹമായി ഈ പേരിനെ കാണണം. പ്രവൃത്തികളിലൂടെ സ്വയം വെളിപ്പെടുത്തുന്നവനാണ് യാഹ്‌വേ. അവനെ അറിയണമെങ്കിൽ അവന്റെ വാക്കു കേൾക്കാനും അവനിൽ വിശ്വാസ മർപ്പിച്ച് അവൻ നയിക്കുന്ന വഴിയേ നടക്കാനും തയ്യാറാകണം.

യാഹ്‌വേ എന്ന പേരിലാണ് ദൈവം എന്നേക്കും അറിയപ്പെടാൻ ആഗ്രഹിക്കുന്നത് എങ്കിൽ എന്തുകൊണ്ട് ബൈബിളിന്റെ പല ആധുനിക വിവർത്തനങ്ങളിലും ഈ പേരു കാണുന്നില്ല എന്ന ചോദ്യം ന്യായമായും ഉന്നയിക്കാം. ദൈവത്തോടുള്ള ഭക്ത്യാദരങ്ങൾ നിമിത്തം പുതിയ നിയമ കാലമായപ്പോഴേയ്ക്കും യഹൂദർ ദൈവനാമം ഉച്ചരിക്കാതായി. യാഹ്‌വേ എന്ന പേരു കാണുമ്പോൾ ആദോനായ് എന്നാണ് അവർ വായിക്കുക. കർത്താവ് എന്നാണ് ഇതിന് അർത്ഥം. ദൈവനാമത്തിന്റെ വിവർത്തന മായി ഇതു കരുതപ്പെട്ടു. അതിനാൽ യാഹ്‌വേ എന്ന പേര് പല ആധു നിക ഭാഷയിലും കർത്താവ് (Lord) എന്നു വിവർത്തനം ചെയ്തിരിക്കു ന്നു. ദൈവികവെളിപാടിന്റെ അവസാനത്തെ പടിയിലല്ല യാഹ്‌വേ എന്ന പേരു പ്രത്യക്ഷപ്പെടുന്നത്. പുതിയ നിയമത്തിൽ നല്കപ്പെട്ട ദൈവിക വെളിപാടിന്റെ പൂർണ്ണതയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ദൈവം സ്വയം വെളിപ്പെടുത്തിയതിനാൽ ഇന്ന് യാഹ്‌വേ എന്ന പേര് ഉപ യോഗിക്കാറില്ല.

16-22 വാക്യങ്ങൾ മോശയ്ക്കു ലഭിച്ച ദൗത്യങ്ങൾ കൂടുതൽ വിശ ദീകരിക്കുന്നു. ഇസ്രായേൽ ശ്രേഷ്ഠന്മാരോടു പറയേണ്ട കാര്യങ്ങളാണ് 16-17ൽ ഉള്ളത്. ഇസ്രായേൽ ശ്രേഷ്ഠന്മാരെയും കൂട്ടി ഫറവോയുടെ അടു ക്കൽ ചെന്ന് ജനത്തെ വിട്ടയയ്ക്കാൻ ആവശ്യപ്പെടാൻ കല്പ്പിക്കുന്നതോ ടൊപ്പം ഫറവോയുടെ പ്രതികരണവും 18-20ൽ മുൻകൂട്ടി അറിയിക്കുന്നു. ഇസ്രായേൽ നാടു വിട്ടു പോകാതിരിക്കാൻ വേണ്ടിയാണ് 1-ാം അദ്ധ്യായ ത്തിൽ വിവരിച്ച പദ്ധതികളെല്ലാം ഫറവോ ആസൂത്രണം ചെയ്തത്. അതി നാൽ നിർബന്ധത്തിനു വഴങ്ങിയല്ലാതെ ഫറവോ ജനത്തെ വിട്ടയക്കുക യില്ല എന്നു പറയുമ്പോൾ ഈജിപ്തിൽ നിന്നുള്ള മോചനം ക്ലേശകരമാ യിരിക്കുമെന്ന മുന്നറിയിപ്പും തീർച്ചയായും മോചനം ലഭിക്കുമെന്ന് ഉറപ്പും നല്കുന്നു.

മരുഭൂമിയിലേക്കു നടത്തുന്ന മൂന്നു ദിവസത്തെ യാത്ര ജനത്തെ

ഫറവോയുടെ അധികാരപരിധിയിൽ നിന്നു പുറത്തു കടത്തും. മടക്കമി ല്ലാത്ത ഒരു യാത്രയായിരിക്കും അത്. അടിമത്തത്തിൽ നിന്നു മോചനം നേടി യാലേ യഥാർത്ഥമായ ആരാധനയർപ്പിക്കാൻ മനുഷ്യൻ പ്രാപ്തനാവുക യുള്ളൂ. അതേസമയം സത്യദൈവത്തിനർപ്പിക്കുന്ന ആരാധന മനുഷ്യനെ സ്വതന്ത്രനാക്കുന്നു എന്നും ദൈവാരാധനയും പുറപ്പാടും തമ്മിലുള്ള ബന്ധത്തിൽ നിന്നു കാണാൻ കഴിയും.

ഈജിപ്തുകാരെ കൊള്ളടയിക്കാനുള്ള ആഹ്വാനം യുദ്ധത്തിൽ നേടിയ വിജയത്തിന്റെ പ്രതീതി ഉളവാക്കുന്നു. ദൈവം നല്കുന്നതാണ് ഈ വിജയം. നൂറ്റാണ്ടുകളായി പ്രതിഫലം കൂടാതെ അടിമവേല ചെയ്ത വർ തങ്ങൾക്ക് അവകാശപ്പെട്ടതാണ് ഇപ്പോൾ കൊള്ള മുതൽ എന്നതു പോലെ എടുക്കുന്നത്. ഇസ്രായേൽ ജനത്തെ അവജ്ഞയോടെ വീക്ഷി ച്ചിരുന്ന ഈജിപ്തുകാർ അവരെ ആദരവോടെ വീക്ഷിക്കാൻ ഇടയാക്കു ന്നത് ദൈവം അവർക്കു വേണ്ടി ചെയ്യുന്ന ശക്തമായ പ്രവർത്തനങ്ങളാ ണ്.

### c) ജനത്തിന്റെ അവിശ്വാസം 4, 1-9 (J)

മുന്നനുഭവം അനുസ്മരിച്ചു കൊണ്ടാവാം മോശ അടുത്ത തടസ്സം ഉന്നയിക്കുന്നത്. "ആരാണ് നിന്നെ ഞങ്ങളുടെ മേലധികാരികായി നിയമി ച്ചത്" (പുറ 2, 14) എന്ന അവരുടെ ചോദ്യത്തിന് വിശ്വസനീയമായ ഉത്തരം നല്കാൻ ഇനിയും തനിക്കു സാധിക്കുന്നില്ല എന്നതാണ് മോശ അവതരി പ്പിക്കുന്ന ന്യായം. ഇതു ജനത്തിന്റെ അവിശ്വാസത്തേക്കാൾ മോശയുടെ തന്നെ അവിശ്വാസവും ദൗത്യം ഏറ്റെടുക്കാനുള്ള വിമുഖതയുമാണ് പ്രക ടമാക്കുന്നത്. ദൈവമാണ് തന്നെ അയച്ചത് എന്നതിനു തെളിവായി മൂന്ന് അടയാളങ്ങൾ മോശയ്ക്കു നല്കുന്നു.

### d) നാവിനു തടസ്സം 4, 10-12 (J)

ജനത്തെ മോചിപ്പിക്കു തന്റെ ഉത്തരവാദിത്വമാണെന്നും അതിനു തന്റെ കഴിവുകൾ അപര്യാപ്തമാണെന്നും ഉള്ള ബോധ്യമാണ് മോശയിൽ നിറഞ്ഞു നില്ക്കുന്നത്. ഫറവോയെ ബോധ്യപ്പെടുത്തക്കവിധം സംസാ രിക്കാൻ തനിക്കു കഴിവില്ല എന്ന മോശയുടെ വാദം വിശ്വാസമില്ലായ്മയു ടെയും ദൈവത്തിൽ ആശ്രയിക്കാത്തതിന്റെയും അടയാളമാണ്. ക്ഷമാ ശീലനായ ഗുരുനാഥനെപ്പോലെ ദൈവം ഇതിനും മറുപടി നല്കുന്നു. മോശയല്ല, ദൈവമായിരിക്കും അയാളിലൂടെ സംസാരിക്കുന്നത്.

### e) വിസമ്മതം 4, 13-17 (J)

ന്യായമായ തടസ്സങ്ങൾ ഒന്നും അവശേഷിക്കുന്നില്ല എന്നു മനസ്സി

ലാക്കിയ മോശ കാര്യം തുറന്നു പറഞ്ഞു : “ദയവായി മറ്റാരെയെങ്കിലും അയയ്ക്കണമേ”. പെട്ടെന്നുണ്ടായ വികാരാവേശത്താൽ ഈജിപ്തുകാരനെ കൊല്ലുകയും ഇസ്രായേൽക്കാരെ ഉപദേശിച്ചു രമ്യതപ്പെടുത്താമെന്നു കരുതുകയും ചെയ്ത യുവാവ് പക്വതയുടെ പാതയിൽ ബഹുദൂരം യാത്ര ചെയ്തു കഴിഞ്ഞു. മരുഭൂമിയിലെ വാസവും ദൈവാനുഭവവും തന്റെ തന്നെ ബലഹീനതയെയും ദൗത്യനിർവ്വഹണത്തിനുള്ള അപര്യാപ്തതയെയും കുറിച്ച് അയാൾക്കു വ്യക്തമായ ബോധ്യം നല്കി. നേതൃത്വം പിടിച്ചു പറ്റാനല്ല, നേതൃസ്ഥാനത്തു നിന്ന് ഒഴിഞ്ഞു മാറാനാണ് പക്വമതിയായ മോശ ശ്രമിക്കുന്നത്.

ഇവിടെയും ദൈവം മോശയ്ക്കു നല്കുന്ന പരിശീലനം തുടരുകയാണ്. കോപിച്ചെങ്കിലും ശിക്ഷിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുന്നില്ല. ഭയന്നു നില്ക്കുന്ന മോശയ്ക്ക് അഹറോനെ തുണയായി നല്കിക്കൊണ്ട് ദൈവം ധൈര്യം പകരുന്നു. അഹറോനെക്കുറിച്ചുള്ള പരാമർശത്തിൽ ഒരു പ്രവാചകന്റെ ചിത്രം തെളിഞ്ഞു വരുന്നു. പകരം പറയുന്നവനാണ് പ്രവാചകൻ. ദൈവത്തിൽ നിന്നു വചനം സ്വീകരിക്കുന്ന മോശ ദൈവത്തിന്റെ സ്ഥാനത്തു നിന്നു കൊണ്ടു വചനം അഹറോനു കൈമാറുന്നു. അഹറോൻ മോശയ്ക്കു പകരം ജനത്തോടു സംസാരിക്കുന്നു.

വിചിന്തനം : കുതറി മാറാൻ പറ്റാത്ത വിധം ദൈവം തന്റെ മേൽപിടി മുറുക്കിയിരിക്കുന്നു എന്നു മനസ്സിലാക്കിയ മോശ മുഴുവനായും സ്വയം വിട്ടുകൊടുക്കാൻ തയ്യാറായി. ദൈവസാന്നിധ്യത്തിൽ നിന്ന് ഇറങ്ങി വരുന്നത് പൂർണ്ണമായും രൂപാന്തരപ്പെട്ട ഒരു മനുഷ്യനാണ് ഇനി സംശയങ്ങളില്ല; ജനത്തെ അഭിമുഖീകരിക്കാൻ മടിയില്ല; ഫറവോയെ നേരിടാൻ പേടിയുമില്ല. ആഴമേറിയ പ്രാർത്ഥനാനുഭവത്തിന്റെ ഉദാഹരണമാണ് മോശയുടെ വിളിയിലും പരിശീലനത്തിലും നാം കാണുന്നത്. ദൈവസന്നിധിയിൽ തന്റെ ഭയങ്ങളും സംശയങ്ങളും ആശങ്കകളുമെല്ലാം ഏറ്റു പറയുന്നത് യഥാർത്ഥ പ്രാർത്ഥനയാണ് ദൈവതിരുമുമ്പിൽ ഹൃദയം തുറന്നുവയ്ക്കുന്ന വ്യക്തികളെ ദൈവവിശുദ്ധീകരിച്ച് ശക്തിപ്പെടുത്തുന്നു. അതാമാർത്ഥവും സത്യസന്ധവുമായ പ്രാർത്ഥന മനുഷ്യനെ പൂർണ്ണമായും രൂപാന്തരപ്പെടുത്തും.

## 3. ഈജിപ്തിലേക്ക് 4, 18-31 (J)

ഈജിപ്തിലേക്കു യാത്ര തിരിക്കാൻ മോശ അമ്മായിയപ്പനോട് അനുവാദം ചോദിക്കുന്നത് തന്റെയും കുടുംബത്തിന്റെയും മേൽ ജെത്രോയ്ക്കുള്ള അവകാശാധികാരങ്ങളെ സൂചിപ്പിക്കുന്നു. യാത്രയുടെ യഥാർത്ഥ ലക്ഷ്യം വെളിപ്പെടുത്താതെയാണ് മോശ യാത്ര പറയുന്നത്.

എങ്കിലും അത് തെറ്റായി വി. ഗ്രന്ഥകാരനോ ജെത്രോയോ പരിഗണിക്കുന്നില്ല. അനിശ്ചിതമായ ഭാവിയിലേക്ക് ഇറങ്ങിത്തിരിക്കുന്നവന്റെ വിവേകമാണ് ഈ യാത്രാവന്ദനത്തിൽ പ്രകടമാകുന്നത്. അമ്മായിയപ്പന്റെ അനുഗ്രഹാശിസ്സുകളോടെ പുറപ്പെടുന്ന മോയ്ക്കു കർത്താവു ശുഭസന്ദേശം നല്കുന്നു. തന്നെ കൊല്ലാൻ ആഗ്രഹിച്ചിരുന്നവരെല്ലാം മരിച്ചു കഴിഞ്ഞു എന്ന വാർത്ത നിർഭയനനായി ഈജിപ്തിലേക്കു യാത്ര ചെയ്യാൻ മോശയെ സഹായിക്കുന്നു. അതേ സമയം ജനത്തിന്റെ മോചനം എന്ന ദൗത്യം നിറവേറ്റുക എളുപ്പമായിരിക്കുകയില്ല എന്ന സൂചനയും ദൈവം നല്കുന്നുണ്ട്.

കർത്താവ് ഫറവോയുടെ ഹൃദയം കഠിനമാക്കും എന്ന പ്രസ്താവന മനസ്സിലാക്കാൻ പ്രയാസമുണ്ട്. ഇസ്രായേൽജനത്തെ വിട്ടയയ്ക്കാൻ വിസമ്മതിക്കുന്ന ഫറവോയുടെ മനോഭാവത്തെ മൂന്നുതരത്തിൽ വിശുദ്ധ ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നുണ്ട്. 1. ഫറവോയുടെ ഹൃദയം കഠിനമായി; 7, 13. 14.22; 8, 19; 9, 7.35. വസ്തുനിഷ്ഠമായ പ്രസ്താവനയാണിത്. തന്റെ ജോലിക്കു തടസ്സം വന്നേക്കും എന്ന ഭയത്താൽ അടിമകളെ വിട്ടയക്കാൻ ഫറവോ തയ്യാറായില്ല എന്നേ ഈ പ്രസ്താവന അർത്ഥമാക്കുന്നുള്ളൂ. 2. ഫറവോ ഹൃദയം കഠിനമാക്കി 8, 15. 32.9, 34. മോശയിലൂടെ അറിയിച്ചതും അടയാളങ്ങൾ വഴി തെളിയിക്കപ്പെട്ടതുമായ ദൈവഹിതത്തെ മനഃപൂർവ്വം എതിർക്കുന്നതിന്റെ ചിത്രമാണ് ഈ പ്രസ്താവനയിൽ നിന്നു ലഭിക്കുന്നത്. 3. ദൈവം ഫറവോയുടെ ഹൃദയം കഠിനമാക്കി : 4, 21; 7, 3; 9, 12; 10, 1.20. 27; 11, 10; 14, 48. ഒമ്പതു തവണ ആവർത്തിക്കുന്ന ഈ പ്രസ്താവന ബൈബിളിലെ അടിസ്ഥാനപരമായ ഒരു കാഴ്ചപ്പാട് വ്യക്തമാക്കുന്നു. എല്ലാറ്റിന്റെയും പരമവും അടിസ്ഥാനപരവുമായ കാരണം ദൈവം തന്നെയാണ്. അവിടുന്ന് ആഗ്രഹിക്കുകയും അനുവദിക്കുകയും ചെയ്യാത്തതായി ഒന്നുമില്ല. ഫറവോ കഠിനചിത്തനായെങ്കിൽ അതു ദൈവം നിശ്ചയിച്ചതുകൊണ്ടാണ്. അടിമകളെ വിട്ടയയ്ക്കാൻ സമ്മതിക്കാത്ത ഫറവോയുടെ ഹൃദയകാഠിന്യം ദൈവത്തിന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്താനുള്ള അവസരമായി തീരുന്നു.

ഫറവോയുടെ ഹൃദയകാഠിന്യത്തെക്കുറിച്ച് മേൽ പ്രസ്താവിച്ച മൂന്നു വിശദീകരണങ്ങളും ഒരുമിച്ചു കണക്കിലെടുക്കുമ്പോൾ മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവത്തിന്റെ മുൻനിശ്ചയവും ഒരുപോലെ പ്രസക്തവും പ്രധാനവുമാണെന്നു കാണാം. മാനസാന്തരപ്പെടുവാൻ വിസമ്മതിക്കുന്ന മനുഷ്യന്റെ മനോഭാവത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് ബൈബിളിൽ പല തവണ ആവർത്തിക്കുന്നുണ്ട് (ഏശ 6, 10; മർക്കോ 4, 12). മനുഷ്യബു

ദ്ധിക്ക് അഗ്രാഹ്യമായ ഒരു രഹസ്യമായി ദൈവത്തിന്റെ ഈ പ്രവര്‍ത്തന ത്തെ വി. പൗലോസ് അവതരിപ്പിക്കുന്നു (റോമാ 9, 19-23). നിഗൂഢമായ ഈ രഹസ്യത്തിനു മുമ്പില്‍ കുമ്പിടുമ്പോഴും മനുഷ്യന്റെ സ്വാതന്ത്ര്യമോ താന്‍ ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചുള്ള ഉത്തരവാദിത്വമോ നിഷേധി ക്കാനാവില്ല.

ഫറവോയുടെ മുമ്പില്‍ ദൈവത്തിന്റെ പ്രവാചകനായി പ്രത്യക്ഷ പ്പെടാനാണ് കര്‍ത്താവ് മോശയോട് ആവശ്യപ്പെടുന്നത്. ‘‘കര്‍ത്താവു പറയുന്നു’’ എന്ന മുഖവുര പ്രവാചകന്മാരുടെ ശൈലിയാണ്. രാജാവിന്റെ കരുണയ്ക്കായി യാജിക്കാനല്ല, ദൈവനാമത്തില്‍ ആജ്ഞാപിക്കാനാണ് മോശയെ ദൈവം അയയ്ക്കുന്നത്. ഇസ്രായേലിനെ ദൈവത്തിന്റെ ആദ്യ ജാതനായി അവതരിപ്പിക്കുന്നത് ഉടമ്പടിയിലൂടെ സംജാതമാകാന്‍ പോകുന്ന ബന്ധത്തെ മുന്‍കൂട്ടി സൂചിപ്പിക്കുന്നു. ഫറവോയുടെ ആദ്യ ജാതനെ വധിക്കുമെന്ന താക്കീത് കര്‍ത്താവിന്റെ കല്പന ലംഘിച്ചാല്‍ സംഭവിക്കാന്‍ പോകുന്ന വിപത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നു.

24-26 വാക്യങ്ങളില്‍ വിവരിക്കുന്ന സംഭവം എന്തെന്നോ, എന്താ ണതിന്റെ അര്‍ത്ഥവും പ്രസക്തിയും എന്നോ ഇന്നും വ്യക്തമല്ല. ജന ത്തിന്റെ വിമോചകനായി താന്‍ തിരഞ്ഞെടുത്തത് അയച്ച മോശയെ കര്‍ത്താവു തന്നെ വധിക്കാന്‍ ശ്രമിച്ചതിന്റെ കാരണമെന്ത്? ഫറവോയുടെ ഹൃദയത്തെ കഠിനമാക്കി എന്നു പറഞ്ഞതുപോലുള്ള ഒരു നിഗൂഢത ഇവി ടെയും നിറഞ്ഞു നില്ക്കുന്നു. മനുഷ്യനെ നശിപ്പിക്കാന്‍ പോകുന്ന അന്ധ കാരശക്തിയായിട്ടാണ് ദൈവം അവിടെ പ്രത്യക്ഷപ്പെടുന്നത്. യാബോക്ക് നദീതീരത്തു വെച്ച് യാക്കോബിനോട് മല്‍പിടുത്തം നടത്തിയപ്പോഴും (ഉല്‍പ 32, 34) ദൈവത്തിന്റെ നിഗൂഢതയാണ് പ്രകടമായത്. താന്‍ ഭയ പ്പെട്ടിരുന്ന ഏസാവുമായുള്ള കണ്ടുമുട്ടലിന് യാക്കോബിനെ ഒരുക്കുന്ന തായിരുന്നു രാത്രിയിലെ മല്‍പിടുത്തം. മോശയെ രാത്രിയില്‍ വധിക്കാ നൊരുങ്ങുന്ന കര്‍ത്താവ് ഈജിപ്തില്‍വെച്ച് മോശ നേരിടാന്‍ പോകുന്ന കഠിനമായ പരീക്ഷണങ്ങളെ കുറിച്ചു മുന്നറിയിപ്പു നല്കുകയാവാം.

ഛേദനാചാരത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നതാണ് സിപ്പോറാ യുടെ പ്രവൃത്തിയും വാക്കും. മകനെ ഛേദനാചാരം ചെയ്യാതിരുന്നതി നാലാണ് മോശയെ വധിക്കാനൊരുങ്ങിയതെന്നും സിപ്പോറാ ആ കര്‍മ്മം നിര്‍വ്വഹിച്ചതിനാല്‍ കര്‍ത്താവ് മോശയെ ശിക്ഷിച്ചില്ല എന്നും 25-26 വാക്യ ങ്ങളില്‍ നിന്ന് അനുമാനിക്കാം. ‘‘ഛേദനാചാരം വഴി രക്തഭര്‍ത്താവാ കുന്നു’’ എന്ന വിശദീകരണം ഈ കര്‍മ്മം നിര്‍വ്വഹിച്ചതുകൊണ്ടാണ് മോശയെ തന്റെ ഭര്‍ത്താവായി തുടര്‍ന്നും ലഭിച്ചതെന്നും ഏറ്റു പറയുന്നു.

ജനത്തെ നയിക്കാനായി വിളിക്കപ്പെട്ടവൻ എല്ലാ വിധത്തിലും ജനത്തിന് മാതൃകയായിരിക്കണമെന്ന് ഈ സംഭവം അനുസ്മരിപ്പിക്കുന്നു.

27-31 വാക്യങ്ങൾ ദൈവം മോശയ്ക്കു ചില വാഗ്ദാനങ്ങളുടെ പൂർത്തീകരണം വിവരിക്കുന്നു. അഹറോൻ അനുജനായ മോശയെ അംഗീകരിക്കാനും അനുഗമിക്കാനും തയ്യാറായി. മോശ ഭയപ്പെട്ടിരുന്നതിനു വിപരീതമായി ഇസ്രായേൽ ജനം അവരെ വിശ്വസിച്ചു. തങ്ങളുടെ ക്ലേശങ്ങൾക്ക് അറുതി വരാൻ പോകുന്നു എന്നു കേട്ടപ്പോൾ അവർ നന്ദിയോടെ കർത്താവിനെ സ്തുതിച്ചു.

വിചിന്തനം : മറ്റുള്ളവരെ നയിക്കാൻ ഒരുങ്ങുന്നവർ സ്വയം കുറ്റമറ്റവരായിരിക്കുവാൻ ശ്രദ്ധിക്കണം. ദൈവഹിതത്തിനു പൂർണ്ണമായി സ്വയം വിട്ടുകൊടുക്കാൻ തയ്യാറാകുമ്പോൾ പല പ്രതിബന്ധങ്ങളും അപ്രത്യക്ഷമാകും.

## 4. ഫറവോയുടെ മുമ്പിൽ 5, 1-6, 1 (J)

മോശയും അഹറോനും ഫറവോയുമായി നടത്തിയ ആദ്യത്തെ കൂടിക്കാഴ്ചയും അതിന്റെ പ്രത്യാഘാതങ്ങളുമാണ് അടുത്തതായി വിവരിക്കുന്നത്. തികച്ചും നാടകീയമായ ഈ വിവരണം ആറു രംഗങ്ങളായി തിരിച്ചിരിക്കുന്നു.

**a.** 5, 1-5 മോശയും അഹറോനും ഫറവോയുടെ മുമ്പിൽ കടന്നുവന്ന് പ്രവാചക ശൈലിയിൽ കർത്താവിന്റെ കല്പന അറിയിക്കുന്നു. "ആരാണ് ഈ കർത്താവ്?" എന്ന ഫറവോയുടെ ചോദ്യത്തിനുള്ള ഉത്തരം തുടർന്നുള്ള സംഭവങ്ങളിലൂടെ പടിപടയായിട്ടാണ് നല്കപ്പെടുക. ഹെബ്രായരുടെ ദൈവം എന്ന് കർത്താവിനു നല്കുന്ന വിശേഷണം ഫറവോയെ ഒട്ടുംതന്നെ സ്വാധീനിക്കുന്നില്ല. തന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാൻ ശ്രമിക്കുന്ന ഫറവോ കർത്താവിന്റെ വക്താക്കളെ പരുഷമായി പറഞ്ഞയക്കുന്നു.

**b.** 5, 6-9 ഫറവോ അടിമകളുടെ മേൽനോട്ടക്കാർക്ക് നല്കുന്ന കല്പന ചിത്രീകരിക്കുന്നു. ഹെബ്രായരായ മേൽനോട്ടക്കാരും അവരുടെ മേൽ അധികാരമുള്ള ഈജിപ്തുകാരായ മേൽനോട്ടക്കാരും ഉൾപ്പെടുന്നതാണ് ഈ സംഘം. ക്ഷേത്രങ്ങളും ശവകുടീരങ്ങളും നിർമ്മിക്കാൻ മാത്രമേ ഈജിപ്തുകാർ കല്ല് ഉപയോഗിച്ചിരുന്നുള്ളൂ. ബാക്കി കെട്ടിടങ്ങളെല്ലാം വെയിലത്തുണക്കിയ കളിമൺ കട്ടകളുപയോഗിച്ചാണ് പണിതിരുന്നത്. ഇഷ്ടികയ്ക്ക് ബലം കിട്ടാൻവേണ്ടി ചെറുതായി അരിഞ്ഞ വൈക്കോൽ കളിമണ്ണിൽ ചേർത്തു കുഴക്കും. ഇഷ്ടികക്കളത്തിൽ വൈക്കോൽ നല്കാതെ ഓരോരുത്തരും പാടത്തു പോയി ശേഖരിക്കട്ടെ എന്ന പുതിയ

കല്പന കഠിനാദ്ധ്വാനത്താൽ അടിമകളുടെ നട്ടെല്ലൊടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അടിമകളുടെ ഏറ്റം നിസ്സാരമായ നീക്കം പോലും കനത്ത കരത്താൽ അടിച്ചമർത്തുന്ന മർദ്ദകസംവിധാനം ഇവിടെ പ്രത്യക്ഷമാകുന്നു.

**c.** **5, 10-14** രാജകല്പന അധികാരശ്രേണിയിലൂടെ താഴേക്ക് സകല ക്രൂരതയോടും കൂടെ നടപ്പാക്കുന്നതിന്റെ ചിത്രം അവതരിപ്പിക്കുന്നു. അടിമകളിൽ ചിലരെ കങ്കാണിമാരാക്കി ഉയർത്തിയത് കൂടുതൽ കാര്യക്ഷമതയോടെ ജോലികൾ നിർവ്വഹിക്കുന്നതിനും ആധിപത്യം ഉറപ്പു വരുത്തുന്നതിനും വേണ്ടിയായിരുന്നു. ആ കങ്കാണിമാരാണ് ഇവിടെ പ്രഹരമേല്ക്കുന്നത്. അടിമത്തവ്യവസ്ഥിതിയുടെ കാഠിന്യം എല്ലാ വിഭാഗത്തിലും പെട്ടവർ ശരിക്കും അനുഭവിച്ചറിയാൻ ഇതവസരമൊരുക്കി.

**d.** **5, 15-19** വീണ്ടും ഫറവോയുടെ അരമനയാണ് രംഗം. പരാതിയുമായി വന്ന ഇസ്രായേൽക്കാരായ മേൽനോട്ടക്കാരെ കർശനമായി താക്കീതു ചെയ്ത് ഫറവോ വിട്ടയക്കുന്നു. ഫറവോയുടെ ഹൃദയകാഠിന്യവും ജനത്തിന്റെ ക്ലേശങ്ങളും ഒന്നിനൊന്നു വർദ്ധിക്കുകയാണ്.

**e.** **5, 20-21** മോശയ്ക്കും അഹറോനും എതിരേ ഇസ്രായേൽ ഇസ്രായേൽ കങ്കാണിമാർ ശാപവർഷം ചൊരിയുന്നു. ജനത്തിനു കൂടുതൽ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു എന്നതിനേക്കാൾ തങ്ങൾക്കുണ്ടായിരുന്ന പ്രത്യേകസ്ഥാനം നഷ്ടപ്പെട്ടു എന്നതാണ് അവരുടെ പരാതി.

**f.** **5, 22-6, 1** എല്ലായിടത്തും നിന്നു പ്രതിബന്ധങ്ങൾ ഉയർന്നപ്പോൾ മോശയും അഹറോനും ദൈവതിരുമുമ്പിൽ തങ്ങളുടെ പരാതികൾ സമർപ്പിക്കുന്നു. മരുഭൂമിയിൽ വച്ചു ദൈവവിളി സ്വീകരിക്കാൻ മോശ മടിച്ചതിന്റെ കാരണം ഇവിടെ വ്യക്തമാകുന്നു. ഇനി അങ്ങോട്ടുള്ള മോശയുടെ ജീവിതത്തിൽ ഇതുപോലുള്ള അനേകം അവസരങ്ങളും പരാതികളും ഉണ്ടാകും. എല്ലാം നഷ്ടപ്പെട്ടു എന്നു കരുതുന്ന മോശയ്ക്ക് ദൈവം നല്കുന്ന മറുപടി പ്രതീക്ഷയുടെ പുതിയ കവാടങ്ങൾ തുറക്കുന്നു.

**വിചിന്തനം** : യഥാർത്ഥമായ മോചനം എപ്പോഴും ക്ലേശകരമായിരിക്കും. അടിമത്തത്തിൽ കഴിയു്നവർ സ്വതന്ത്രരാകാൻ ശ്രമിക്കുമ്പോൾ അവരെ അടിമകളാക്കിവച്ചുകൊണ്ടിരിക്കുന്ന ശക്തികൾ പിടി മുറുക്കും. നിരാശരായി അടിമത്തത്തിന്റെ നുകത്തിനു കഴുത്തു കുനിച്ചു കൊടുക്കാനുള്ള പ്രലോഭനം എപ്പോഴുമുണ്ടാകും. വിമോചകനായ ദൈവത്തിൽ അടിയുറച്ച വിശ്വാസവും വ്യക്തമായ ലക്ഷ്യബോധവും ഉണ്ടെങ്കിലേ ഈ പ്രലോഭനങ്ങളെ വിജയകരമായി നേരിടാൻ കഴിയൂ.

## 5. ദൗത്യം വീണ്ടും 6, 2-7, 7 (P)

കർത്താവ് വാഗ്ദാനങ്ങൾ പാലിച്ചില്ല എന്ന് മോശ അവതരിപ്പിച്ച പരാതിക്കു മറുപടിയായി ശക്തമായ പ്രവർത്തനങ്ങൾ ഉടനെ കാണും എന്നു ദൈവം ഉറപ്പു നല്കി. ആ പ്രവർത്തനങ്ങൾ വിവരിക്കുന്നതിനു മുമ്പേ ഒരിക്കൽ കൂടി മോശയുടെ വിളിയും ദൗത്യവും വിവരിക്കുന്നു. 3-4 അധ്യായങ്ങളിൽ അവതരിപ്പിച്ച കാര്യങ്ങൾ തന്നെയാണ് മറ്റു വാക്കുകളിൽ ഇവിടെ വിവരിക്കുന്നത്. ഇസ്രായേൽ ജനത്തിന്റെയും ഫറവോയുടെയും അടുക്കൽ മോശയും അഹറോനും നിർവഹിക്കാനുള്ള ദൗത്യം വിവരിക്കുന്നതിനു മധ്യേ അവരുടെ വംശാവലി അവതരിപ്പിച്ചിരിക്കുന്നു.

**a. വിളിയും വാഗ്ദാനവും 6, 2-13** "അവിടുന്ന് തുടർന്നു" എന്ന മലയാളം വിവർത്തനം രണ്ടാം വാക്യത്തെ ഒന്നാം വാക്യവുമായി അടുത്തു ബന്ധിപ്പിക്കുന്നു. എന്നാൽ ഹീബ്രുമൂലത്തിൽ ഒരു പുതിയ തുടക്കമായിട്ടാണ് രണ്ടാം വാക്യം അവതരിപ്പിച്ചിരിക്കുന്നത്. "ദൈവം മോശയോടു പറഞ്ഞു : അവിടുന്ന് അരുൾ ചെയ്തു" എന്നാണ് തുടക്കം. "ഞാൻ കർത്താവാണ്" എനന പ്രസ്താവന ഈ ഭാഗത്തു നാലു തവണ ആവർത്തിക്കുന്നുണ്ട് (6, 2.6.7.8). ഈ പ്രസ്താവന കൊണ്ടാണ് മോശയോടുള്ള ദൈവത്തിന്റെ വാക്കുകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും. "യാഹ്വേ" എന്ന പേരാണ് കർത്താവ് എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. സർവ്വശക്തൻ (ഏൽഷദ്ദായ്) എന്ന പേരിനു പകരം യാഹ്വേ എന്ന പേരു വെളിപ്പെടുത്തിക്കൊണ്ട് ദൈവം ചരിത്രത്തിൽ വീണ്ടും പുതുതായി ഇടപെടാൻ പോകുന്നു എന്ന സദ്വാർത്ത ജനത്തെ അറിയിക്കാൻ മോശയെ ചുമതലപ്പെടുത്തുന്നു.

മൂന്നു കാര്യങ്ങളാണ് കർത്താവായ ദൈവം ഇസ്രായേലിനു വേണ്ടി ചെയ്യാൻ പോകുന്നത്. 1. അടിമത്തത്തിൽ നിന്നു മോചിപ്പിക്കും. 2. തന്റെ സ്വന്തം ജനമായി സ്വീകരിക്കും. 3. വാഗ്ദത്തഭൂമി അവകാശമായി നല്കും. "ഞാൻ കർത്താവാകുന്നു ആകയാൽ ഞാൻ നിങ്ങളെ മോചിപ്പിക്കും" എന്ന പ്രഖ്യാപനം "ഞാൻ കർത്താവാണേ നിങ്ങളെ മോചിപ്പിക്കും" എന്ന ശപഥം പോലെയാണ്. ദൈവം നിലവിളി കേൾക്കുന്നതും ഉടമ്പടി അനുസ്മരിക്കുന്നതും 2, 23-25ൽ പരാമർശിച്ചിരുന്നു. എന്നാൽ വിമോചനപ്രവർത്തനം ഉടനേ ആരംഭിക്കാൻ പോകുന്നു എന്ന സൂചനയാണ് ഇവിടെ നല്കുന്നത്. "ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും" എന്ന പ്രസ്താവന സീനായ് ഉടമ്പടിയിലേക്ക് വിരൽ ചൂണ്ടുന്നു. ഇസ്രായേൽജനം ദൈവത്തെ അറിയുന്നത് അവർക്കു ലഭിക്കുന്ന വിമോചനത്തിന്റെ അനുഭവത്തിലൂടെ ആയിരിക്കും. ഈ അനുഭവം ഉടമ്പടിയുടെ

പ്രമാണമായി അവർ അനുസ്മരിക്കും (പുറ. 20, 2).

ഇസ്രായേൽക്കാരെ മോശ ദൈവവചനം അറിയിച്ചെങ്കിലും അവർ വിശ്വസിക്കാൻ തയ്യാറായില്ല. 4, 31ൽ കാണുന്നതിൽ നിന്നും വ്യത്യസ്തമാണ് ഈ പ്രതിരണം. ദീർഘകാലം നീണ്ടു നിന്ന അടിമത്തത്തിന്റെയും കഠിനമായ മർദ്ദനത്തിന്റെയും ഫലമായി ആത്മാഭിമാനവും ആത്മവിശ്വാസവും നഷ്ടപ്പെട്ട അവർക്ക് സ്വാതന്ത്ര്യം സാധ്യമാണെന്നുപോലും വിശ്വസിക്കാൻ കഴിഞ്ഞില്ല.

**b. വംശാവലി 6, 14-27** മോശയും അഹറോനും ഫറവോയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതോടെ ആരംഭിക്കുന്ന വിമോചനപ്രക്രിയ രേഖപ്പെടുത്തുന്നതിനു മുമ്പേ പുരോഹിതഗ്രന്ഥകാരൻ ഒരു വംശാവലി അവതരിപ്പിക്കുന്നു. ലെയായുടെ മക്കളായ റൂബെനെയും ശിമയോനെയും കുറിച്ചു ചുരുക്കമായി പ്രതിപാദിച്ചതിനുശേഷം മൂന്നാമത്തെ മകനായ ലേവിയിൽ ശര്ദ്ധ കേന്ദ്രീകരിക്കുന്നു. അഹറോനും മോശയും ലലേവിയിൽ നിന്ന് നാലാം തലമുറയായിട്ടാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നതെങ്കിലും ഇത് അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. പുറപ്പാടിന്റെ നായകന്മാരായ മോശയും അഹറോനും ലേവിയുടെ മക്കളും പുരോഹിതഗോത്രത്തിൽ പെട്ടവരും ആയിരുന്നു എന്ന് എടുത്തു കാണിക്കുകയാണ് ഈ പട്ടികയും ഉദ്ദേശ്യം. യാഹ്‌വിസ്റ്റ് രചയിതാവ് നല്കിയതിനേക്കാൾ വളരെ കൂടുതൽ പ്രാധാനംയ ഇവിടെ അഹറോനും സന്തതികൾക്കും നല്കുന്നു എന്നതും ശ്രദ്ധേയമത്രേ.

**c. ഫറവോയുടെ മുമ്പിലേക്ക് 6, 28-7, 7** മോശയേയും അഹറോനേയും ഫറവോയുടെ മുന്ിപലേക്ക് അയക്കുന്നതിനെക്കുറിച്ചുള്ള വിവരണം വംശാവലി കൊണ്ടു മുറിഞ്ഞു പോയതിനാൽ പറഞ്ഞുവെച്ചത് ഒരിക്കൽകൂടി ആവർത്തിച്ചുകൊണ്ടാണ് (6, 10-13 = 6, 28-30) വിവരണം തുടരുന്നത്. ഫറവോയ്ക്ക് മോശയെ ദൈവത്തെപ്പോലെ ആക്കിയിരിക്കുന്നു എന്ന പ്രസ്താവനയിൽ വിരോധാഭാസമുണ്ട്; വ്യംഗമായ പരിഹാസവും. കാരണം ഫറവോ സ്വയം ദൈവമായി കരുതിയിരുന്നു. ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ മോശയ്ക്കു നല്കിയിരിക്കുന്ന അധികാരത്തെയും ഈ പ്രസ്താവന സൂചിപ്പിക്കുന്നു. അടിമകളായി കഴിയുന്ന ഇസ്രായേൽക്കാരുടെ മോചനം അവർക്കു മാത്രമല്ല, ഈജിപ്തുകാർക്കും കർത്താവിനെ അറിയാനുള്ള അവസരമായിരിക്കും. എന്നാൽ ഇരുകൂട്ടരുടെയും അറിവിന്റെ സാരചര്യങ്ങളും ഫലങ്ഹളും വ്യത്യസ്തമായിരിക്കും. മോശയും അഹറോനും കർത്താവിന്റെ കല്പന അനുസരിച്ചു എന്ന പ്രസ്താവന തുടർന്നുള്ള വിവരണങ്ങൾക്ക് ഒരാമുഖമായി നില്ക്കു

ന്നു. അവരുടെ പ്രായത്തെക്കുറിച്ചുള്ള പരാമർശം പുരോഹിതരചനയുടെ സവിശേഷതയാണ്. 80 വയസ്സ് അക്ഷരാർത്ഥത്തിലെന്നതിനേക്കാൾ പക്വ തയുടെ പ്രതീകമായി പൊതുവേ കരുതപ്പെടുന്നു. രണ്ടു തലമുറകളുടെ പ്രായമാണ് 80 വയസ്. അത് 40-45 ആകാം. ഈജിപ്തുകാരനെ കൊന്നിട്ട് ഒളിച്ചോടിയത് യുവാവായ മോശയായിരുന്നു. പക്വത വന്ന മധ്യവയ സ്കനായ മോശയാണ് ദൈവത്തിൽ നിന്നു സ്വീകരിച്ച ദൗത്യവുമായി ഫറവോയെ നേരിടുന്നത്.

## ചോദ്യങ്ങൾ

1. 3-4 അധ്യായങ്ങളിലും 6-7 അധ്യായങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന ദൈവവിളിയും ദൗത്യവും തമ്മിൽ താരതമ്യം ചെയ്യുക.

2. ഹോറെബിലെ ദർശനത്തിൽ നിന്ന് ദൈവത്തെക്കുറിച്ച് എന്ത് അറിവാണ് മോശയ്ക്ക് ലഭിച്ചത്?

3. എന്തു ദൗത്യമാണ് ദൈവം മോശയെ ഏല്പ്പിച്ചത്?

4. മോശ ഉന്നയിച്ച തടസ്സങ്ങൾ ഏവ? എന്തുത്തരമാണ് ദൈവം നല്കിയത്?

5. ഫറവോയുടെ ഹ-ദയകാഠിന്യത്തെക്കുറിച്ച് ഈ അധ്യായങ്ങളിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

6. മോശ അറിയിച്ച വിമോചനസന്ദേശത്തോട് ജനം എപ്രകാരമാണ് പ്രതികരിച്ചത്? J.P. വിവരണങ്ങൾ തമ്മിൽ ഈ പ്രതികരണത്തിനു വ്യത്യാസമുണ്ടോ?

7. "യാഹ്‌വേ" എന്ന പേരിന് എന്ത് അർത്ഥമാണ് വിവരണങ്ങൾ നല്കുന്നത്? എന്തുകൊണ്ടാ പല ആധുനിക വിവർത്തനങ്ങളിലും ഈ പേരു കാണാത്തത്?

**ചർച്ചയ്ക്ക്** : മോശയെ വിളിച്ച ദൈവം നിങ്ങളെയും വിളിക്കുന്നു. എന്തു ദൗത്യമാണ് ദൈവം ഏല്പിക്കുന്നത്? എപ്രകാരമാണ് നിങ്ങൾ ദൈവവിളിയോടു പ്രതികരിക്കുന്നത്?

പ്രാർത്ഥന : ദൈവം ഏല്പ്പിക്കുന്ന ദൗത്യത്തെ മുന്നിൽ കണ്ടുകൊണ്ട് നിങ്ങളുടെ ആശകളും പ്രതീക്ഷകളും സംശയങ്ങളും ആഗ്രഹങ്ങളും എല്ലാം പ്രകടിപ്പിക്കുന്ന ഒരു പ്രാർത്ഥന രചിക്കുക.

## 3. അടയാളങ്ങളും അത്ഭുതങ്ങളും 7, 8–11, 10

ജനത്തിനു മോചനം നല്കാൻ വേണ്ടി മോശയിലൂടെ ദൈവം പ്രവർത്തിച്ച പത്ത് അത്ഭുതങ്ങളാണ് അടുത്തതായി വിവരിക്കുന്നത്. ഇവയെ ബാധകൾ എന്നും മഹാമാരികൾ എന്നും വിളിക്കാറുണ്ട്. എന്നാൽ വിമോചകനായ ദൈവത്തെ അടുത്തറിയാൻ സഹായിച്ച സംഭവങ്ങൾ എന്ന നിലയിൽ ഇവയുടെ സ്വഭാവവും ലക്ഷ്യവും വിശദമാക്കാൻ "അടയാളങ്ങളും അത്ഭുതങ്ങളും" എന്ന പേരാണ് കൂടുതൽ പര്യാപ്തമായത്. ഈജിപ്തിൽ നിന്നുള്ള മോചനവുമായി ബന്ധപ്പെട്ട ഈ അത്ഭുതങ്ങൾ ഇസ്രായേൽ ജനത്തിന്റെ സമൂഹസ്മരണയിൽ ദൃഢമൂലമായിരുന്നു. അവയെക്കുറിച്ചുള്ള വിവരണങ്ങളും സൂചനകളും ബൈബിളിലെ മറ്റു പല പുസ്തകങ്ങളിലും കാണാം. (സങ്കീ. 78; 105; ജ്ഞാനം 16–19; വെളിപാട് 16).

(JEP എന്ന മൂന്നു പാരമ്പര്യങ്ങളിലും പെട്ട വിവരണങ്ങൾ ഇവിടെ ഒരുമിച്ച് അവതരിപ്പിച്ചിരിക്കുന്നു. ചില സംഭവങ്ങൾ ഒരു പാരമ്പര്യത്തിൽ മാത്രമുള്ളതായിരിക്കും. മറ്റു ചിലത് പല പാരമ്പര്യങ്ങളിലും പെട്ടതാവാം. യാഹ്വിസ്റ്റ്, എലോഹിസ്റ്റ് പാരമ്പര്യങ്ങളെ വേർതിരിക്കുന്ന കാര്യത്തിൽ ബൈബിൾ പഠിതാക്കളുടെ ഇടയിൽ അഭിപ്രായഭിന്നതയുണ്ട്. അതിനാൽ അവയെ ഒരുമിച്ച് JE രചനയെന്നു വിളിക്കാനാണ് അധികം പേരും താൽപര്യപ്പെടുന്നത്. ഇവയ്ക്കു പുരോഹിത രചനയുമായി ചില വ്യത്യാസങ്ങൾ കാണാം. JE രചനയിൽ മോശ തനിച്ച് ദൈവത്തിന്റെ പ്രവാചകനായി പ്രത്യക്ഷപ്പെടുമ്പോൾ Pയിൽ അഹറോനു കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു).

"ആരാണീ കർത്താവ്? അവന്റെ വാക്കു കേട്ടിട്ട് ഞാനെന്തിന് ഇസ്രായേൽക്കാരെ വിട്ടയക്കണം?" (5, 2) എന്ന ഫറവോയുടെ ധിക്കാരപൂർണ്ണമായ ചോദ്യത്തിനുള്ള മറുപടി ഈ സംഭവങ്ങളിൽ കാണാം. "കരുത്തുറ്റ കരം കൊണ്ടു നിർബന്ധിച്ചാലല്ലാതെ ഈജിപ്തിലെ രാജാവ് നിങ്ങളെ വിട്ടയക്കുകയില്ല എന്ന് എനിക്കറിയാം, (3, 19) എന്ന് ദൈവം മോശയ്ക്കു മുന്നറിയിപ്പു നൽകിയിരുന്നു. ദൈവം തന്റെ ആദ്യജാതനായി സ്വീകരിച്ച ഇസ്രായേലിനെ ഫറവോ വിട്ടയക്കുന്നില്ലെങ്കിൽ ഫറവോയുടെ ആദ്യജാതനെ ദൈവം വധിക്കും എന്ന താക്കീത് (4, 23) ഈ സംഭവങ്ങളുടെ പരിസമാപ്തിയിലേക്ക് വിരൽ ചൂണ്ടിയിരുന്നു. ഈ മുന്നറിയിപ്പുകളുടെയെല്ലാം പൂർത്തീകരണമായിട്ടാണ് പത്തു സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ കരുത്തും അടിമകൾക്കു വിടുതൽ നല്കാനുള്ള തീരുമാനവും വെളിപ്പെടുത്തുന്ന അടയാളങ്ങളാണ് ഈ

സംഭവങ്ങൾ. പീഡിതർക്കു മോചനവും അനുസരിക്കാൻ തയ്യാറാകാത്ത വർക്കു ശിക്ഷയും പ്രദാനം ചെയ്യുന്ന ഈ അടയാളങ്ങൾ അത്ഭുതങ്ങളാണ്.

പ്രകൃതി നിയമങ്ങളെ ഉല്ലംഘിക്കുന്ന അസാധാരണ പ്രതിഭാസങ്ങൾ എന്ന അർത്ഥത്തിലല്ല, ദൈവത്തിന്റെ ശക്തിയും സാന്നിധ്യവും വിളിച്ചറിയ്ക്കുന്ന അടയാളങ്ങൾ എന്ന അർത്ഥത്തിലാണ് ബൈബിൾ അത്ഭുതങ്ങളെ കാണുന്നത്. ആധുനിക മനുഷ്യന്റെ ശാസ്ത്രീയ കാഴ്ചപ്പാടിൽ ഇവയെ എല്ലാം സ്വാഭാവിക സംഭവങ്ങളായി വിശദീകരിക്കാൻ കഴിഞ്ഞേക്കും. എന്നാൽ ഇവ രേഖപ്പെടുത്തിയ വി. ഗ്രന്ഥകാരനും ഇതു ദൈവവചനമായി സ്വീകരിക്കുന്ന വിശ്വാസികൾക്കും ഇവ യഥാർത്ഥ അത്ഭുതങ്ങൾ തന്നെയാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ അത്ഭുതങ്ങളെ അടയാളങ്ങളായി മനസ്സിലാക്കാൻ കഴിയൂ.

7, 8-13ൽ വിവരിക്കുന്ന സംഭവം ഒരു ആമുഖമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. 11, 1-10ൽ അവസാനത്തെ അടയാളത്തെ കുറിച്ചുള്ള മുന്നറിയിപ്പു മാത്രമേ നല്കുന്നുള്ളു. സംഭവത്തിന്റെ വിവരണം 12, 29-36ലാണ് നല്കുന്നത്. അവയ്ക്കു മധ്യേ പെസഹാ ആഘോഷത്തെക്കുറിച്ചുള്ള ദീർഘമായ ഒരു വിവരണം ചേർത്തിരിക്കുന്നു.

## ആമുഖം: 7, 8-13 വടി സർപ്പമായി മാറുന്നു (P)

മോശയും അഹറോനും ഫറവോയുടെ മുമ്പിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്ന പ്രതീതയാണ് ഇവിടെ ലഭിക്കുക. 5-ാം അധ്യായത്തിൽ അവർ തമ്മിൽ നടന്ന സംഭാഷണം ഇവിടെ വിസ്മരിക്കുന്നതുപോലെ തോന്നും. 5-ാം അധ്യായം Jയുടെയും ഇവിടെ പ്രതിപാദിക്കുന്ന കണ്ടു മുട്ടൽ Pയുയെടും ഭാഗങ്ങളായതിനാലാണ് ഈ പൊരുത്തക്കേട്. ഇവിടെ അഹറോന് കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു.

വടി സർപ്പമായി മാറുന്ന അടയാളം ഇസ്രായേൽക്കാരുടെ മുമ്പിൽ തന്റെ ആധികാരികത തെളിയിതതക്കാനായി മോശയ്ക്കു ദൈവം നല്കിയതായിരുന്നു. (4, 1-5). ഈജിപ്തിലെ മാന്ത്രികരും അതേ അടയാളം പ്രവർത്തിച്ചത് ഫറവോയുടെ വിശ്വാസരാഹിത്യത്തിനു കാരണമായി തോന്നാം. മോശയും മാന്ത്രികരും എപ്രകാരമാണ് തങ്ങളുടെ വടികളെ പാമ്പുകളാക്കി മാറ്റിയത് എന്നു വി. ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. ചില പ്രത്യേക വാക്കുകൾ ഉച്ചരിക്കുകയും കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതുവഴി ദൈവികശക്തികളെ സ്വാധീനിച്ച് ഇഷ്ടാനുസരണം പ്രവർത്തിപ്പിക്കാം എന്ന വിശ്വാസമാണ് മാന്ത്രികവിദ്യയ്ക്കു പിന്നിലുള്ള

ത്. ബഹുദൈവവിശ്വാസം നിലനില്ക്കുന്നിടത്താണ് മന്ത്രവാദം തഴച്ചു വളരുന്നത്. ഈജിപ്തിൽ ഇതു സർവ്വസാധാരണമായിരുന്നു. പുരോഹിതന്മാരാണ് മുഖ്യമായും മന്ത്രവാദികളായി പ്രവർത്തിച്ചിരുന്നത്. അസാധാരണമായ കൈവഴക്കവും മാനസിക ശക്തിയും മന്ത്രവാദികൾക്കു വശമായിരുന്നു. മന്ത്രവാദികളുടെ വടികളെ മോശയുടെ വടി വിഴുങ്ങിയെങ്കിലും അതിൽ കാര്യമായൊരു അസാധാരണത്വം ഫറവോ കണ്ടില്ല. "ഫറവോയുടെ ഹൃദയം കഠിനമായി"എന്ന പ്രസ്താവന തുടർന്നുള്ള അടയാളങ്ങൾക്കു വഴിയൊരുക്കുന്നു.

## അടയാളം 1. ജലം രക്തമായി മാറുന്നു 7, 14-25 (J E P)

പത്ത് അടയാളങ്ങളിൽ ആദ്യത്തേതാണിത്. J E P എന്ന മൂന്നു രചനകളും ഇവിടെ സംയോജിപ്പിച്ചിരിക്കുന്നു. 14-18 വാക്യങ്ങളിൽ മോശ മാത്രമേ രംഗത്തുള്ളൂ. നൈൽ നദിയിലെ ജലം രക്തമായി മാറും എന്ന് ദൈവം മോശയോടു പറയുന്നു. 19-21 വാക്യങ്ങളിൽ അഹറോനും രംഗത്തു വരുന്നു. നദിയിലെ ജലം മാത്രമല്ല സകല ജലാശയങ്ങളിലെയും പാത്രങ്ങളിലെയും പോലും ജലം രക്തമായി മാറുന്നു. ആദ്യഭാഗം JE രചനയും രണ്ടാം ഭാഗം P രചനയും ആണെന്ന് കരുതപ്പെടുന്നു. ഈജിപ്തിലെ ജലം മുഴുവൻ രക്തമായി തീർന്നെങ്കിൽ പിന്നെ എങ്ങിനെയാണ് മന്ത്രവാദികൾ ജലം രക്തമാക്കി മാറ്റിയത് എന്ന് വി. ഗ്രന്ഥകാരൻ ചോദിക്കുന്നില്ല. കർത്താവിന്റെ ദാസൻമാരും ഈജിപ്തിലെ മന്ത്രവാദികളും തമ്മിലുള്ള ഒരു മത്സരം പോലെയാണ് ഈ വിവരണം.

നാടിനു ഫലപുഷ്ടി നൽകുന്ന ദേവനായി ഈജിപ്തുകാർ വിശ്വസിച്ചിരുന്ന നൈൽ നദി മഴക്കാലത്തിന്റെ ആരംഭത്തിൽ ഇരുകര മുറ്റിയൊഴുകുമ്പോൾ നദിയ്ക്കു ബലിയർപ്പിക്കുക സാധാരണമായിരുന്നു. അതിനായി ഇറങ്ങി വരുന്ന ഫറവോയെ കാത്തു നിൽക്കാനാണ് ദൈവം മോശയോട് ആവശ്യപ്പെടുന്നത്. "എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക" എന്നത് ഒരു പല്ലവി പോലെ വീണ്ടും വീണ്ടും ആവർത്തിക്കുന്നു. സംഭവിക്കാൻ പോകുന്ന അത്ഭുതത്തിന്റെ ഉദ്ദേശ്യവും ദൈവം തന്നെ വ്യക്തമാക്കുന്നു: "ഞാനാണ് കർത്താവെന്ന് ഇതിനാൽ നീ അറിയും". ചെങ്കല്ലു നിറഞ്ഞ തെക്കൻ മലകളിലൂടെ ഒഴുകിവരുന്ന നൈൽ നദി മഴക്കാലത്തിന്റെ ആരംഭത്തിൽ രക്തവർണ്ണമായിത്തീരുന്നത് ഒരു സാധാരണ സംഭവമായിരുന്നു. എന്നാൽ മോശ തന്റെ വടികൊണ്ട് ജലത്തിൽ അടിച്ച നിമിഷം അതു രകത്മായി മാറുന്നത് അത്ഭുതകരമായ അടയാളമായിത്തീരുന്നു.

ജീവദായകനെന്നു കരുതപ്പെട്ടിരുന്ന നദി മരണകാരണമായിത്തീ

രുന്നു. ജലജീവികൾ ചത്തൊടുങ്ങി. നൈൽ നദി ദൈവമല്ലെന്നും ദൈവത്തിന്റെ ആജ്ഞാനുവർത്തിയായ സൃഷ്ടി മാത്രമാണെന്നും ഈ സംഭവം തെളിയിക്കുന്നു. ഇസ്രായേൽക്കാരുടെ ആൺകുഞ്ഞുങ്ങളെയെല്ലാം നദിയിലെറിയാൻ ഫറവോ നൽകിയ കൽപനയെ അനുസ്മരിപ്പിക്കുന്നതാണ് നദീജലം രക്തമായി മാറുന്നത് എന്നു കരുതുന്നവരുണ്ട്.

നദീജലം കുടിക്കാൻ കൊള്ളാത്തവിധം അശുദ്ധമായ്ത ജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കിയതൊഴികെ വലിയ വിപത്തൊന്നും വരുത്തിവച്ചില്ല. നദീതീരത്ത് കുഴികളുണ്ടാക്കി അവർക്ക് ശുദ്ധജലം കുടിക്കാൻ സാധിച്ചു. പ്രായേണ നിരുപദ്രവകരമായ ഒരു അടയാളമായിരുന്നു ഇത്. ഫറവോയുടെയോ സേവകരുടെയോ മനോഭാവത്തിൽ യാതൊരു മാറ്റവും വരുത്താൻ ഇതിനു കഴിഞ്ഞില്ല.

## അടയാളം 2. തവളകൾ 8, 1–5 (JP)

മഴയും വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ അടയാളവും. തവളകളുടെ പെരുപ്പവും അവ മൂലം ജനങ്ങൾക്കുണ്ടായ ശല്യവും അസാധാരണമത്രേ. മോശയുടെ വാക്കനുസരിച്ച് അവ വരുകയും പോവുകയും ചെയ്യുന്നതിൽ ദൈവിക പ്രവർത്തിനത്തിന്റെ അടയാളം കാണാം. കഴിഞ്ഞ സംഭവത്തിലെന്നപോലെ ഇവിടെയും അഹറോന്റെ ഇടപെടലിനെയും തവളകൾ സർവ്വത്ര വ്യാപിച്ചതിനെയും കുറിച്ചുള്ള പരാമർശം പുരോഹിത രചയിതാവിന്റേതാണ്. അസഹ്യമായ ശല്യം ഒഴിവാക്കാൻ വേണ്ടി ഫറവോ വിട്ടു വീഴ്ചയ്ക്കു തയ്യാറായി. എന്നാൽ തന്റെ ആവശ്യം സാധിച്ചു കഴിഞ്ഞപ്പോൾ വാക്കു മാറ്റി. അടിമകളുടെ മേൽ ഭരണം നടത്തുന്ന അധികാരികളുടെ പൊതുവായ മനോഭാവവും പ്രവർത്തന ശൈലിയും ഇവിടെ കാണാം. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനായി എന്തു നുണയും പറയാനും വാക്കു മാറ്റാനും അവർ മടിക്കുകയില്ല. എപ്പോഴാണ് ഞാൻ പ്രാർത്ഥിക്കേണ്ടത് എന്ന മോശയുടെ ചോദ്യത്തിന് നാടെങ്ങും നിറഞ്ഞ നിൽക്കുന്ന തവളകളെ എത്ര സമയത്തിനുള്ളിൽ തുടച്ചുമാറ്റണം എന്ന അർത്ഥമാണുള്ളത്. ഒറ്റ ദിവസം കൊണ്ട് അതു സാധിക്കണം എന്ന് ഫറവോ ആവശ്യപ്പെടുന്നു. മനുഷ്യന് അസാധ്യമായ ഈ കാര്യം നിറവേറ്റുന്ന കർത്താവ് അതുല്യനാണെന്ന് ഫറവോ മനസ്സിലാക്കണം. പക്ഷേ, ആ നിഗമനത്തിലെത്താൻ അയാൾ വിസമ്മതിച്ചു.

## അടയാളം 3. പേൻ പെരുകുന്നു. 8, 6–19 (p)

പുരോഹിത രചനയിൽ മാത്രം കാണുന്ന ഈ അടയാളത്തിനു

മുമ്പിൽ ഈജിപ്തിലെ മന്ത്രവാദികൽ പരാജയപ്പെടുക മാത്രമല്ല, ദൈവ കരമാണ് ഇവിടെ പ്രവർത്തിക്കുന്നത് എന്ന് അംഗീകരിക്കാൻ നിർബന്ധി തരാവുകയും ചെയ്യുന്നു. "പേൻ" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കിന് "ചെള്ള്", "കൊതുക്" എന്നൊക്കെ അർത്ഥമുണ്ട്. പൊതുവേ ശല്യമുണ്ടാക്കുക മാത്രമേ ഇവയും ചെയ്യുന്നുള്ളൂ.

## അടയാളം 4. ഈച്ചകൾ 8, 20-32 (J)

ആദ്യത്തെ അടയാളംപോലെ ഇതും നൈൽ നദീതീരത്തുവച്ച് ഫറവോയേ കണ്ടു മുട്ടാനുള്ള കൽപനയോടെയാണ് ആരംഭിക്കുന്നത്. ഇതുവരെ കണ്ടവയിൽനിന്ന് പലവിധത്തിലും ഈ അടയാളം വ്യത്യസ്തമായിരിക്കുന്നു. ഈജിപ്തുകാരും ഇസ്രായേൽക്കാരും തമ്മിൽ വ്യക്തമായി വേർതിരിക്കപ്പെടുന്നു. നാടുനശിക്കാൻ തുടങ്ങി എന്ന പ്രസ്താവന സംഭവം കൂടുതൽ രൂക്ഷമാണെന്നു സൂചിപ്പിക്കുന്നു. കടിക്കുന്ന ഈച്ചകളാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഈജിപ്തിന്റെ അധിപനും ദൈവവും ഫറവോയല്ല കർത്താവാണ്. ജനത്തെ വിട്ടയയ്ക്കാൻ ഫറവോ സമ്മതിക്കുന്നതാണ് മറ്റൊരു ഘടകം.

ഇസ്രായേൽക്കാരുടെ ബലിയർപ്പണം എന്തുകൊണ്ട് ഈജിപ്തുകാർക്ക് അരോചകമാണെന്ന് വിശുദ്ധ ഗ്രന്ഥകാരൻ പറയുന്നില്ല. ഒരു പക്ഷേ ഈജിപ്തുകാർ ദൈവമായി ആരാധിച്ചിരുന്നു കാളക്കുട്ടിയെയോ മുട്ടാടിനെയോ ബലിയർപ്പിക്കുന്നതു കൊണ്ടായിരിക്കാം. അല്ലെങ്കിൽ മൃഗങ്ങളെ ദഹനബലിയായി അർപ്പിക്കുന്നതിനാലാവാം. മൂന്നു ദിവസത്തെ മരുഭൂമിയിലേക്കുള്ള യാത്ര ഈജിപ്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമാണെന്നു മനസ്സിലാക്കിയെങ്കിലും തൽക്കാലം നിസ്സഹായനായ ഫറവോ ദുർബ്ബലമായൊരു ഉപദേശം നൽകി അവരെ പറഞ്ഞയക്കുന്നു.

## അടയാളം 5. മൃഗങ്ങൾ ചത്തൊടുങ്ങുന്നു. 9, 8-7 (J)

ഈജിപ്തുകാരും ഇസ്രായേൽക്കാരും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നുവെന്ന് ഫറവോ നേരിട്ടു മനസ്സിലാക്കിയതായി ഇവിടെ ചിത്രീകരിക്കുന്നു. വയലിലുള്ള മൃഗങ്ങളെയാണ് വസന്ത ബാധിച്ചത് എന്ന് പ്രത്യേകം എടുത്തു പറയുന്നുണ്ട്. സാധാരണക്കാരായ കൃഷിക്കാരെ മാത്രമേ ഈ മഹാമാരി ബാധിച്ചുള്ളൂ. ഫറവോ അതു കാര്യമാക്കിയില്ല. അതിനാൽ മോശയുമായി സംഭാഷണത്തിനു ശ്രമിച്ചതുമില്ല.

## അടയാളം 6. വ്രണങ്ങൾ 9, 1-12 (P)

J വിവരിച്ച വസന്തയെക്കുറിച്ച് P നൽകുന്ന വിവരണമാണിതെന്ന് കരുതുന്നുവരുണ്ട്. മനുഷ്യരെയും മൃഗങ്ങളെയും ഒരുപോലെ ബാധിച്ച

വ്രണങ്ങൾ ഈജിപ്തിൽ സാധാരണ ഉണ്ടാകാറുള്ള ത്വക്‌രോഗമാണെന്നു കരുതപ്പെടുന്നു. അവയുടെ ഉത്ഭവകാരണവും സ്വഭാവവും അടയാളമായിത്തീരുന്നു. വടി ഉപയോഗിക്കുന്നതിനു പകരം ചാരം വാരി വിതറുന്നത് ഈ അടയാളത്തിന്റെ ഒരു പ്രത്യേകതയാണ്. പണ്ടേ പരാജയം സമ്മതിച്ച മാന്ത്രികർ ഇപ്പോൾ ലജ്ജാഭരിതരാകുന്നു. വ്രണം ബാധിച്ച അവരും മറ്റ് ഈജിപ്തുകാരെപ്പോലെ സാധാരണ മനുഷ്യർ മാത്രമാണെന്ന് തെളിയുന്നു.

## അടയാളം 7. കന്മഴ 9, 13-35 (JE)

അടയാളങ്ങളിൽ പത്താമത്തേതൊഴികെ ഏറ്റം ദീർഘമായ വിവരണമാണ് ഇതിനു നല്കിയിരിക്കുന്നത്. ഈജിപ്തിന്റെമേൽ മഹാമാരികൾ അയച്ചതിന്റെ കാരണം ദൈവത്തിന്റെ തന്നെ വാക്കുകളിൽ 14-16 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. മോശ പൂർണ്ണമായ അർത്ഥത്തിൽ ഒരു പ്രവാചകനായി ഇവിടെ പ്രത്യക്ഷപ്പെടുന്നു.

കന്മഴ എന്നത് ആലിപ്പഴത്തെയാണ് സൂചിപ്പിക്കുന്നത്. ഈജിപ്തിൽ ആലിപ്പഴം പെയ്യുക സാധാരണമല്ലെങ്കിലും, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ആധുനിക കാലത്തും ചിലപ്പോഴൊക്കെ അതിശക്തമായി ആലിപ്പഴം വർഷിക്കാറുണ്ട്. ഒരു കിലോഗ്രാം വരെ തൂക്കമുള്ള മഞ്ഞുകട്ടകൾ പെയ്യുകയും മനുഷ്യർക്കും മൃഗങ്ങൾക്കും മാരകമായ പരിക്കേല്ക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഭീകരമായ ശിക്ഷയുടെ മുന്നറിയിപ്പു നല്കുമ്പോൾ തന്നെ അതിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗവും ദൈവം ഉപദേശിക്കുന്നു. ഇത് ഫറവോയുടെ സേവകരിൽത്തന്നെ ഭിന്നിപ്പുണ്ടാക്കുന്നു. ദൈവത്തെ ഭയപ്പെടുന്ന ഒരു വിഭാഗം ഇവിടെ പ്രത്യക്ഷപ്പെടുന്നു. അവരാണ് അടുത്ത മഹാമാരിയുടെ അവസരത്തിൽ (10, 7) ഇസ്രായേൽക്കാർക്കു വേണ്ടി ഫറവോയുടെ മുമ്പിൽ വാദിക്കുന്നത്. ദൈവത്തിന്റെ നിരന്തരമായ പ്രവർത്തനം ഫറവോയുടെ അണികളെ ചിതറിക്കുന്നു. സ്വേച്ഛാധിപതിയുടെ പതനത്തിൽ ഒരു പ്രധാന ഘട്ടമാണിത്.

ഫറവോയുടെ തന്നെ സമീപനത്തിൽ ഗണ്യമായ മാറ്റം വരുന്നതായി 27-28 വാക്യങ്ങൾ രേഖപ്പെടുത്തുന്നു. കർത്താവിന്റെ നീതിയും സ്വന്തം പാപവും ഏറ്റുപറഞ്ഞുകൊണ്ട് ജനത്തെ ഉടൻ വിട്ടയക്കുവാൻ അയാൾ സന്നദ്ധനാകുന്നു. കന്മഴ അയച്ചതു പോലെ തന്നെ അതു നിലയ്ക്കാൻ ഇട വരുത്തുന്നതും ദൈവത്തിന്റെ ശക്തിയുടെയും ആധിപത്യത്തിന്റെയും അടയാളമാണ്. "ഭൂമി മുഴുവൻ കർത്താവിന്റേതാണെന്ന് നീ ഗ്രഹിക്കും"(9,

29) എന്ന പ്രസ്താവന ആരാണ് പ്രവഞ്ചത്തിന്റെ നാഥൻ എന്നു വ്യക്ത മാക്കുന്നു.

31-32 വാക്യങ്ങൾ ഈ സംഭവത്തിന്റെ സമയത്തെക്കുറിച്ചു സൂചന നല്കുന്നു. ജനുവരി - ഫെബ്രുവരി മാസങ്ങളിലാണ് ചണം പൂക്കുകയും ബാർലി കതിരിടുകയും ചെയ്യുന്നത്. ഗോതമ്പു വിള ഏപ്രിൽ മാസത്തിലേ പാകമാകൂ. ഈ കാലസൂചനയ്ക്കു പുറമേ, അടുത്ത അടയാളമായ വെട്ടു ക്കിളി ബാധയ്ക്കുള്ള ഒരുക്കവും ഈ വിവരണത്തിലുണ്ട്. മോശ ആകാ ശത്തിലേക്കു വടി നീട്ടിയപ്പോൾ ഇടിത്തീ വീഴുകയും കന്മഴ പെയ്യുകയും ചെയ്തതുപോലെ തന്നെ കർത്താവിന്റെ നേർക്കു കൈകൾ വിരിച്ചു പ്രാർത്ഥിച്ചപ്പോൾ അവ നിലച്ചതും അത്ഭുതകരമായ അടയാളമാണ്. എന്നാൽ മുമ്പത്തേതു പോലെ ഫറവോ വീണ്ടും കഠിനഹൃദയനായി. ദൈവത്തിന്റെ ശക്തി ഇനിയും പൂർണ്ണമായും പ്രകടമായിട്ടില്ല.

## അടയാളം 8. വെട്ടുക്കിളി 10, 1-20 (JE)

ഫറവോയുടെ ഹൃദയം കഠിനമാക്കിയതിന്റെ വിശദീകരണം നല്കി ക്കൊണ്ടാണ് എട്ടാമത്തെ അടയാളത്തിന്റെ വിവരണം ആരംഭിക്കുന്നത്. ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾ തലമുറകളിലൂടെ അനുസ്മ രിക്കപ്പെടണം. മർദ്ദകനായ സ്വേഛാധിപതിയുടെ മൗഢ്യവും പതനവും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ ഭാഗമാണ്.

ഭീകരമായ നാശം വിതയ്ക്കുന്ന വെട്ടുക്കിളിപ്പറ്റങ്ങൾ മധ്യപൗരസ്ത്യ ദേശത്ത് എന്നും ഒരു പേടിസ്വപ്നമായിരുന്നു (ജോയേൽ 2). സാധാരണ യായി മരുഭൂമിയിലാണ് അവ മുട്ടയിട്ടു പെരുകുക. വളർച്ച പ്രാപിച്ചു കഴിയുമ്പോൾ മരുഭൂമിയിൽ നിന്നടിക്കുന്ന കാറ്റ് അവയെ വിദൂരത്തേക്കു കൊണ്ടുപോകുന്നു. പച്ചയായതു മുഴുവൻ തിന്നു തീർക്കുന്ന വെട്ടിക്കി ളിപ്പറ്റങ്ങൾ ആധുനിക കാലത്തും പസ്ചിമേഷ്യയിലും ആഫ്രിക്കയിലും പ്രത്യക്ഷപ്പെടാറുണ്ട്.

ഭീകരമായ വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പു കേട്ടപ്പോൾ ഫറ വോയുടെ സേവകരുടെ ഇടയിലെ പിളർപ്പു കൂടുതൽ വ്യക്തമായി. അവർ തന്നെ ഇസ്രായേൽക്കാർക്കു വേണ്ടി ഫറവോയോടു വാദിക്കുന്നതും ഫറവോ മോശയേയും അഹറോനേയും വിളിച്ച് സംസാരിക്കാൻ തയ്യാറാ കുന്നതും മർദ്ദകന്റെ ശക്തിയും പിന്തുണയും ക്ഷയിക്കുന്നതിന്റെ തെളി വാണ്.

പുരുഷന്മാരെ മാത്രം പോകാൻ അനുവദിക്കുന്നത് ബലിയർപ്പണ ത്തെക്കുറിച്ചു നിലവിലിരുന്ന ചിന്താഗതി അനുസരിച്ചാണ്. സ്ത്രീകൾക്കും

കുട്ടികൾക്കും വ്യക്തിത്വം ഉണ്ടെന്ന് അംഗീകരിക്കുകയോ, അവരെ ബലി യർപ്പണത്തിൽ പങ്കു ചേരാൻ അനുവദിക്കുകയോ ചെയ്യാതിരുന്ന ഒരു സംസ്കാരത്തിന്റെ ഉടമകൾക്ക് മോശയുടെ നിർബന്ധം മനസ്സിലാക്കാൻ പ്രയാസമായിരുന്നു. ദുരുദ്ദേശ്യത്തെക്കുറിച്ചുള്ള പരാമർശം ബലിയർപ്പ ണമല്ല യഥാർത്ഥ ലക്ഷ്യം എന്നു ഫറവോയും മനസ്സിലാക്കിയതായി സൂചി പ്പിക്കുന്നു. മോശ അടിയ്ക്കടി ശക്തിപ്പെടുകയും ഫറവോ ദുർബ്ബലനാവു കയും ചെയ്യുന്നു. വെട്ടുക്കിളികൾ നാശം വിതയ്ക്കുന്നതു കണ്ടു ഫറവോ വീണ്ടും തന്റെ തെറ്റ് ഏറ്റു പറഞ്ഞ് ക്ഷമായാചന നടത്തിയെങ്കിലും വാക്കു പാലിച്ചില്ല.

കിഴക്കൻ കാറ്റ് വെട്ടുക്കിളികളെ കൊണ്ടുവന്നു എന്ന വിശദീക രണം അവ അറേബ്യൻ മരുഭൂമിയിൽ നിന്നു വന്നതായി സൂചിപ്പിക്കുന്നു. പടിഞ്ഞാറു നിന്നു വീശിയ കാറ്റ് അവയെ ചെങ്കടലിൽ ആഴ്ത്തി. ഇവ രണ്ടും തികച്ചും സ്വഭാവിക സംഭവങ്ങളാണ്. അവയുടെ വരവും പോക്കും മോശയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് അത്ഭു തകരമായ അടയാളം.

### അടയാളം 9. അന്ധകാരം 10, 21-29 (J)

നിർണ്ണായകമായ ശിക്ഷാവിധി നടപ്പാക്കുന്നതിനു മുമ്പേ, അവസാ നമായി നല്കുന്ന അടയാളമാണ് ഇവിടെ വിവരിക്കുന്നത്. അന്ധകാരം ദൈവക്രോധത്തിന്റെയും ശിക്ഷാവിധിയുടെയും അടയാളമായി കരുതപ്പെ ടുന്നു. സൃഷ്ടികർമ്മത്തിനു മുമ്പുള്ള അവസ്ഥയിലേക്കു പ്രപഞ്ചം പിന്തി രിയുന്ന പ്രതീതിയാണ് അന്ധകാരത്തെക്കുറിച്ചുള്ള വിവരണം ജനിപ്പിക്കു ന്നത്. യേശുവിന്റെ മരണത്തിനു തൊട്ടു മുമ്പ് മൂന്നു മണിക്കൂർ നേര ത്തേക്കു ഭൂമി മുഴുവൻ വ്യാപിച്ച അന്ധകാരത്തിന്റെ വിവരണത്തിൽ (മർക്കോ 15, 33) ആദ്യ ജാതന്മാരുടെ വധത്തിനു മുമ്പ് ഈജിപ്തിൽ മൂന്നു ദിവസത്തേക്കു വ്യാപിച്ച അന്ധകാരത്തെക്കുറിച്ചുള്ള സൂചന കാണാം.

യാതൊരു മുന്നറിയിപ്പും കൂടാതെ അന്ധകാരം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ മരു ഭൂമിയിൽ നിന്നടിക്കുന്ന മണൽക്കാറ്റായിരിക്കും അന്ധകാരത്തിനു കാര ണം. ഇന്നും ഇപ്രകാരമുള്ള മണൽകാറ്റ് സൂര്യപ്രകാശത്തെ മറയ്ക്കാറു ണ്ട്. സാധാരണ ഗതിയിൽ ഇത് മൂന്നു ദിവസത്തേക്കു നീണ്ടു നില്ക്കാറു ണ്ടത്രേ. വെട്ടുക്കിളികളെ തൂത്തു വാരിയ കാറ്റു തന്നെ ആയിരിക്കും ധൂളി കൊണ്ട് അന്തരീക്ഷം നിറച്ച് ഇരുട്ടു പരത്തിയത്.

അന്ധകാരത്തിന്റെ കാരണം എന്തു തന്നെയായാലും ഫറവോയെ

അതു പരിഭ്രാന്തനാക്കി. ചർച്ചയ്ക്കും വിട്ടുവീഴ്ചക്കും അയാൾ തയ്യാറായി. വിട്ടുവീഴ്ചയും ഒത്തുതീർപ്പുമല്ല, പൂർണ്ണമായ അടിയറ പറയലാണ് മോശ വഴി ദൈവം ആവശ്യപ്പെടുന്നത്. ഇതുവരെ നടന്ന ചർച്ചകളും അത്ഭുതങ്ങളും എല്ലാം പരാജയത്തിൽ കലാശിച്ചു. ഇനിയും തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടാൽ കൊന്നുകളയും എന്ന താക്കീതുമായി ഫറവോ മോശയെ പുറത്താക്കി. താൻ ഇനിയും ഫറവോയെ കാണുകയില്ല എന്നു മോശയും തറപ്പിച്ചു പറഞ്ഞു. മാനുഷികമായ കാഴ്ചപ്പാടിൽ വഴിമുട്ടിയ ഈ അവസരത്തിലാണ് ദൈവം നിർണ്ണായകമായ അത്ഭുതം പ്രവർത്തിച്ചത്.

## അടയാളം 10 : ആദ്യജാതവധം - മുന്നറിയിപ്പ് 11, 1-10 (JEP)

ഫറവോയുടെ അഹങ്കാരത്തെ തകർക്കുകയും ദൈവഹിതത്തോടുള്ള എതിർപ്പ് അറുതി വരുത്തുകയും ചെയ്ത അവസാനത്തെ മഹാമാരിയാണിത്. ഇതേക്കുറിച്ചുള്ള മുന്നറിയിപ്പ് മാത്രമേ ഇവിടെ നല്കിയിട്ടുള്ളൂ. പെസഹാ ആചരണത്തെക്കുറിച്ചുള്ള ദീർഘമായ ഒരു വിവരണത്തിനു (12, 1-28) ശേഷമാണ് ഈ സംഭവം (12, 29-36) രേഖപ്പെടുത്തിയിരിക്കുന്നത്. ആദ്യജാതവധം മഹാമാരികളുടെ ഉപസംഹാരവും പെസഹാ ആഘോഷത്തിന്റെ തുടക്കവുമായി അവതരിപ്പിച്ചിരിക്കുന്നു. അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യം നല്കിയ നിർണ്ണായകസംഭവമാണിത്.

അർദ്ധരാത്രിയിൽ സൂര്യപുത്രനടക്കം ഈജിപ്തിലെ സകല ആദ്യജാതന്മാരും വധിക്കപ്പെട്ടത് ഈജിപ്തുകാർ ആരാധിച്ചിരുന്ന ദേവന്മാരുടെ പരാജയത്തെ സൂചിപ്പിക്കുന്നു. പ്രകൃതിശക്തികളൊന്നും ദൈവങ്ങളല്ല എന്നും ഇതു വ്യക്തമാക്കുന്നു. സൂര്യനല്ല, കർത്താവാണ് ജീവന്റെയും മരണത്തിന്റെയും നാഥൻ. ആദ്യജാതന്മാരുടെ വധത്തെക്കുറിച്ച് 4, 23ൽ ഫറവോയ്ക്കു മുന്നറിയിപ്പു നല്കിയിരുന്നു. അടിമകളെ സ്വന്തം ജനമായി സ്വീകരിച്ച ദൈവം അവരുടെ മോചനത്തിനു വിഘാതമായി നില്ക്കുന്നവരെ കഠിനമായി ശിക്ഷിക്കുന്നു.

**വിചിന്തനം** : മനുഷ്യരെ അടിമയാക്കുന്ന സകലശക്തികളെയും സമൂഹഘടനകളെയും സംവിധാനങ്ങളെയും ദൈവം പടിപടിയായി തകർത്തെറിയുന്നതിന്റെ ചിത്രം ഈ മഹാമാരികളിൽ ദൃശ്യമാണ്. അടിമത്തം അടിച്ചേല്പിക്കുന്ന യാതൊരു സംവിധാനത്തിനും വിമോചകനായ ദൈവത്തിന്റെ മുമ്പിൽ ദീർഘകാലം നിലനില്ക്കാനാവില്ല.

ഈ അത്ഭുതങ്ങളെല്ലാം തന്നെ സ്വാഭാവികമായ കാരണങ്ങളാൽ വിശദീകരിക്കാൻ കഴിഞ്ഞെന്നു വരാം. എന്നാൽ അവയിലൂടെ ലഭിക്കുന്ന സന്ദേശം ഇന്നും പ്രസക്തമാണ്. മനുഷ്യൻ മനുഷ്യനെതിരെ ചെയ്യുന്ന

അതിക്രമങ്ങൾ ദൈവത്തെ പ്രകോപിപ്പിക്കുന്നു; പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥ തകർക്കുന്നു. ഇന്നു വ്യാപകമായിക്കൊണ്ടിരിക്കുന്ന വരൾച്ചയും പ്രകൃതിക്ഷോഭങ്ങളും ജല-വായു മലിനീകരണവും അന്തരീക്ഷത്തിൽ വന്നുകൊണ്ടിരിക്കുന്ന ഭയാനകമായ മാറ്റങ്ങളും അടയാളങ്ങളായി സ്വീകരിച്ച് അനുതാപത്തോടെ കർത്താവിലേക്കു തിരിയാനും മർദ്ദനവും ചൂഷണവും വിവേചനങ്ങളും അവസാനിപ്പിച്ച് സഹോദരങ്ങളോടും പ്രപഞ്ചത്തോടും രമ്യതയിൽ എത്താനും മനുഷ്യർ തയ്യാറാകണം.

വ്യവസായവൽകൃതരാഷ്ട്രങ്ങൾ സംഘം ചേർന്ന് മൂന്നാം ലോകത്തെ നിർബാധം ചൂഷണം ചെയ്യുകയും കടക്കെണിയിൽ കുടുക്കി ദരിദ്രരുടെ ജീവരക്തം തന്നെ ഊറ്റിക്കുടിക്കുകയും ചെയ്യുമ്പോൾ, ദിരദ്ര രാഷ്ട്രങ്ങളിലെ ധനികർ സ്വന്തം സമ്പത്തും അധികാരവും വർദ്ധിപ്പിക്കാനായി സഹോദരങ്ങളെ വീണ്ടും ദാരിദ്ര്യത്തിലും പട്ടിണിയിലും ആഴ്ത്തുമ്പോൾ, മതത്തിന്റെയും ജാതിയുടെയും വർണ്ണത്തിന്റെയും പേരിൽ മനുഷ്യർ രക്തപ്പുഴകൾ ഒഴുക്കുമ്പോൾ എന്തേ വിമോചകനായ ദൈവം നിശബ്ദനായിരിക്കുന്നു എന്നു ചോദിക്കുന്നവർക്ക് ഫറവോയോട് ദൈവം സ്വീകരിച്ച നിലപാട് ഉത്തരം നല്കും : അർദ്ധരാത്രിയിൽ കൂട്ടനിലവിളി ഉയരുന്നതിനു മുമ്പേ മനസു തിരിയുക.

എല്ലാവിധ അടിമത്തങ്ങളിൽ നിന്നും മനുഷ്യൻ മോചിതനാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. വിമോചനത്തിനു വേണ്ടിയുള്ള ആത്മാർത്ഥമായ യത്നങ്ങളിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാകും. യഥാർത്ഥ മോചനം മനുഷ്യനെ ദൈവാരാധനയിലേക്കു നയിക്കുന്നു, യഥാർത്ഥമായ ആരാധന മോചനത്തിലേക്കും. "എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയക്കുക" എന്ന കല്പന എന്നത്തേക്കാളേറെ ഇന്നു പ്രസക്തമല്ലേ?

## ചോദ്യങ്ങൾ

1. ഈ ഭാഗത്തു വിവരിച്ച സംഭവങ്ങൾ ഏതെല്ലാം പേരുകളിൽ അറിയപ്പെടുന്നു?

2. ബൈബിളിലെ മറ്റേതെല്ലാം ഭാഗങ്ങളിൽ ഇതുപോലെ ഒരു പട്ടിക നല്കിയിട്ടുണ്ട്?

3. വെളിപാടു പുസ്തകത്തിൽ മഹാമാരികളെക്കുറിച്ചുള്ള പരാമർശങ്ങൾ കണ്ടുപിടിക്കുക.

4. ഈ സംഭവങ്ങളിലൂടെ ദൈവത്തെക്കുറിച്ച് എന്തറിവാണ് ഈജിപ്തു

കാർക്ക് ലഭിച്ചത്? എന്തറിവാണ് നിങ്ങൾക്കു ലഭിക്കുന്നത്?

5. ഈ സംഭവങ്ങൾ ഫറവോയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയോ? വരുത്തിയെങ്കിൽ എന്ത്? വിശദമാക്കുക.

6. ബൈബിൾ അവതരിപ്പിക്കുന്ന കാഴ്ചപ്പാടനുസരിച്ച് അത്ഭുതങ്ങളുടെ അർത്ഥം എന്ത്?

7. സ്വാഭാവികമായ എന്തു വ്യാഖ്യാനമാണ് ഈ സംഭവങ്ങൾക്കു സാധാരണമായി നല്കപ്പെടുന്നത്?

8. ഈ അടയാളങ്ങൾക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്?

**ചർച്ചയ്ക്ക്** : പ്രകൃതിയിലൂടെ ഇന്ന് ദൈവം നമുക്കു നല്കുന്ന അടയാളങ്ങൾ ഏവ? എന്തു വ്യാഖ്യാനമാണ് നിങ്ങൾ അവയ്ക്കു നല്കുന്നത്?

**പ്രാർത്ഥന** : ദൈവത്തിന്റെ ശക്തിയും കാരുണ്യവും നിങ്ങൾക്ക് അനുഭവവേദ്യമായ ഒരു സംഭവത്തെ അനുസ്മരിച്ചുകൊണ്ട് സ്വന്തമായൊരു പ്രാർത്ഥന രചിക്കുക.

## 4. പെസഹായും പുറപ്പാടും 12, 1-13, 16

കരുത്തുറ്റ കരം നീട്ടി കർത്താവ് ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ചതിന്റെ വിവരണമാണ് ഈ ഭാഗത്തു നല്കിയിരിക്കുന്നത്. 11-ാം അധ്യായത്തിൽ മുൻകൂട്ടി അറിയിച്ച മഹാമാരിയും ഇസ്രായേൽ ജനത്തിന്റെ മോചനവും വിവരിക്കുന്നതിന് മുമ്പും പിമ്പും ആ സംഭവത്തിന്റെ അർത്ഥം വിശദമാക്കുന്ന പ്രസംഗങ്ങളും അതിന്റെ ഓർമ്മ തലമുറതോറും നിലനിർത്തുന്ന അനുഷ്ഠാനങ്ങളെ സംബന്ധിച്ച നിയമങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

ഘടന : യാതൊരു അടുക്കും ചിട്ടയുമില്ലാത്ത ചിതറിയ കുറെ വിവരണങ്ങളാണ് ഇവയെന്ന് ഒറ്റ നോട്ടത്തിൽ തോന്നാം. വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നുള്ള വിവരണങ്ങൾ പ്രത്യേക ക്രമമൊന്നും കൂടാതെ ഇവിടെ നിരത്തി വെച്ചിരിക്കുകയാണെന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ശ്രദ്ധിച്ചു വായിച്ചാൽ വ്യക്തമായൊരു ഘടന ഈ ഭാഗത്തു ദൃശ്യമാണ്.

a. കർത്താവിന്റെ കല്പന 12, 1-20

   1. പെസഹാ 12, 1-14
   2. പുളിപ്പില്ലാത്ത അപ്പം 12, 15-20

b. മോശയുടെ നിർദ്ദേശങ്ങൾ

പെസഹാ കുഞ്ഞാട് 12, 21–28

c. വിവരണം

ആദ്യജാതന്മാരുടെ വധം 12, 29–36

ഇസ്രായേൽക്കാരുടെ പുറപ്പാട് 12, 30–42

a1. കർത്താവിന്റെ കല്പന

1. പെസഹാ 12, 43–51
2. ആദ്യജാതന്മാരുടെ സമർപ്പണം 13, 1–2

b1. മോശയുടെ നിർദ്ദേശങ്ങൾ

1. പുളിപ്പില്ലാത്ത അപ്പം 13, 3–10
2. ആദ്യജാതന്മാരുടെ സമർപ്പണം 13, 11–16

പെസഹാ, പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, ആദ്യജാതസമർപ്പണം എന്നിവ മൂന്നും ഇസ്രായേൽക്കാർ പരമ്പരാഗതമായി അനുഷ്ഠിച്ചു പോന്നു. ഈ ആചാരങ്ങളെ പുറപ്പാടു സംഭവവുമായി ബന്ധിപ്പിക്കുന്നതിലൂടെ പിതാക്കന്മാർക്കു ലഭിച്ച വിമോചനത്തിന്റെ ഓർമ്മ സജീവമായി നിലനിർത്തുക മാത്രമല്ല, ആ വിമോചനത്തിൽ അവർ ക്രിയാത്മകമായി പങ്കു ചേരുകയും ചെയ്തിരുന്നു.

ഒരേ വിഷയത്തെ സംബന്ധിച്ച വിവരണങ്ങളും നിർദ്ദേശങ്ങളും പഠനസൗകര്യത്തിനു വേണ്ടി ഒരുമിച്ചു ചർച്ച ചെയ്യുന്നു.

## 1. പെസഹാ ആചരണം 12, 1–14. 21–28. 43–51

ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം ഏറ്റം പ്രധാനപ്പെട്ട തിരുനാളാണ് പെസഹാ. പുതിയ നിയമകാലമായപ്പോഴേയ്ക്കും ജറുസലെം ദൈവാലയത്തെ കേന്ദ്രമാക്കിയാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. പെസഹാ ആഘോഷിക്കാനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും യഹൂദർ ജറുസലേമിലേക്കു തീർത്ഥാടകരായി വരുമായിരുന്നു. ദൈവം നല്കിയ മോചനം അനുസ്മരിക്കുകയും മോചനത്തിന്റെ പ്രതീക്ഷകൾ സജീവമായി നിലനിർത്തുകയും ചെയ്യുന്ന തിരുനാളായിരുന്നു പെസഹാ. യേശുവും പെസഹാ ആഘോഷങ്ങളിൽ പങ്കെടുത്തിരുന്നു. തന്റെ ഐഹികജീവിത്തതിലെ അവസാനത്തെ പെസഹാ ആഘോഷത്തിൽ പെസഹാതിരുനാളിനു തന്നെ അവിടുന്ന് പുതിയ അർത്ഥവും

മാനവും നല്കി.

ജറുസലെം ദേവാലയത്തിൽ വച്ച് ആഘോഷിക്കുന്ന ഒരു ദേശീയോത്സവമായി മാറുന്നതിനു മുമ്പ് പെസഹാ ആഘോഷത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. പെസഹാ ആചരണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും ആരംഭത്തിൽ ഇത് ആട്ടിടയന്മാർ ആഘോഷിച്ചിരുന്ന ഒരു വസന്തോത്സവമായിരുന്നു എന്ന് എല്ലാവരും അംഗീകരിക്കും. ശീതകാലത്ത് അധികപങ്കും മരുഭൂമിയുടെ അതിർത്തികളിൽ ആടുമേയ്ക്കുന്ന ഇടയന്മാർ വസന്തകാലം (മാർച്ച്-ഏപ്രിൽ) ആകുമ്പോൾ കൊയ്ത്തു കഴിഞ്ഞ പാടങ്ങളും പച്ചപ്പുൽമേടുകളും തേടി നാട്ടിൻപുറങ്ങളിലേക്കു യാത്ര തിരിക്കും. ഇപ്രകാരം പുതിയ മേച്ചിൽപ്പുറങ്ങൾ തേടി പുറപ്പെടുന്നതിനു മുമ്പേ അവർ നടത്തിയിരുന്ന ആഘോഷമാണത്രേ പെസഹാ.

മഹാവിഷും (ദക്ഷിണായനം കഴിഞ്ഞ് സൂര്യൻ മധ്യരേഖയിൽ എത്തുന്ന, രാവും പകലും തുല്യമായ ദിവസം - മാർച്ച് 21) കഴിഞ്ഞു വരുന്ന പൗർണ്ണമി രാത്രിയിലാണ് ഈ ആഘോഷം നടക്കുക. കുടുംബാംഗങ്ങൾ ഒരുമിച്ചു കൂടി, ആ വർഷം ജനിച്ച ഒരു മുട്ടാടിനെ കൊന്ന് രക്തം കൂടാരത്തിന്റെ തൂണുകളിൽ പുരട്ടും. മാംസം തീടിൽ ചുട്ടു തിന്നും. മരുഭൂമിയിൽ വളരുന്ന കാട്ടുചെടികളുടെ ഇലകൾ ഇറച്ചിയുടെ കൂടെ രുചിക്കു വേണ്ടി ഭക്ഷിക്കും. പൈശാചിക ശക്തികലിൽനിന്നും ശത്രുക്കളിൽ നിന്നും മറ്റും രക്ഷ നേടാൻ വേണ്ടിയാണ് രക്തം കൂടാരവാതില്ക്കൽ തളിക്കുകയും തൂണുകളിൽ പുരട്ടുകയും ചെയ്യുക. ആടുമാടുകൾ പ്രസവിക്കുന്ന കാലമായതിനാൽ അവയ്ക്ക് അപകടമൊന്നും സംഭവിക്കാതിരിക്കാനും മൃഗസമ്പത്ത് വർദ്ധിക്കാനും വേണ്ടി നടത്തിയിരുന്ന ബലിയർപ്പണമായും ഇതിനെ വ്യാഖ്യാനിക്കാറുണ്ട്. ക്ലേശകരമായ ശീതകാലത്തിൽ നിന്ന് സന്തോഷപ്രദമായ വസന്തത്തിലേക്കും, മരുഭൂമിയിൽ നിന്ന് ശാദ്വലപ്രദേശങ്ങളിലേക്കും കടന്നുപോകുന്നതിന്റെ ആഘോഷമായിതനാലാവണം ഇതിനെ പെസഹാ (കടന്നുപോകൽ) എന്നു വിളിക്കുന്നത്. മൃഗത്തെ കഷ്ണങ്ങളാക്കി വേവിച്ചു തിന്നാൻ തുടങ്ങുന്നതിനുമുമ്പേ മുഴുവനോടെ ചുട്ടു തിന്നുകയായിരുന്നു പതിവ്.

അതിപുരാതനമായ ഈ ആഘോഷം ഈജിപ്തിൽ നിന്നുള്ള പുറപ്പാടുമായി ബന്ധിപ്പിച്ചപ്പോൾ അതിനു പുതിയ അർത്ഥം കൈവന്നു. പുതിയ മേച്ചിൽ പുറങ്ങൾ തേടിയുള്ള യാത്രയ്ക്കല്ല, അടിമത്തത്തിൽ നിന്ന് വാഗ്ദത്തഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള തീർത്ഥാടനത്തിനാണ് ഇതു തുടക്കം കുറിക്കുന്നത്. ഈജിപ്തിലെ ആദ്യജാതന്മാരെ വധിച്ച ദൈവം

ഇസ്രായേൽക്കാരുടെ വീടുകളെ ഉപദ്രവിക്കാതെ കടന്നുപോയതിന്റെ ഓർമ്മയായി മാറി പെസഹാ ആചരണം. കൂടാരക്കാലുകൾക്കു പകരം കട്ടിളപ്പടികളിലാണ് രക്തം പുരട്ടുക. ഇതു പൈശിചശക്തിയെ അകറ്റി നിർത്താനല്ല, കർത്താവിന്റെ ശിക്ഷാദിനത്തിൽ രക്ഷ നേടാനാണ്. കയ്പുള്ള ഇലകൾ ആട്ടിറച്ചിക്കു രുചി പകരുന്ന കറിയായിട്ടല്ല, ഈജിപ്തിലെ ക്ലേശങ്ങളെ അനുസ്മരിപ്പിക്കുന്ന അരുചികരമായ ഭക്ഷണമായിട്ടാണ് ഉപയോഗിക്കുക.

നാടോടികളായ ഇടന്മാരുടെ ഇടയിൽ നൂറ്റാണ്ടുകളായി നിലവിലിരുന്ന ആചാരം ഇസ്രായേൽക്കാർ തങ്ങളുടെ ദൈവാനുഭവത്തിന്റെ വെളിച്ചത്തിൽ പുതിയതായി വ്യാഖ്യാനിച്ച് സ്വന്തമായി സ്വീകരിച്ചതിന്റെ ഒരു ഉദാഹരണമാണ് പെസഹാ ആചരണം. പുറപ്പാടു സംഭവവുമായി ബന്ധപ്പെടുത്തിയതിനു ശേഷവും ദീർഘകാലത്തേക്കു കുടുംബപശ്ചാത്തലത്തിൽ ആഘോഷിക്കുന്ന ഒരു തിരുനാളായി പെസഹാ തുടർന്നു (സംഖ്യ 9, 1-14; ജോഷ്വാ 5, 10-11). ബി.സി. ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, ജോസിയാ രാജാവിന്റെ മതനവീകരണത്തിന്റെ ഭാഗമായി, പെസഹാ ആചരണത്തിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചു. (2 രാജാ 23, 21-23; 21-23; 2 ദിന 35, 1). പെസഹാ കുഞ്ഞാടിനെ കൊല്ലുന്നത് നിഷ്കൃഷ്ടമായ അർത്ഥത്തിൽ ഒരു ബലിയർപ്പണമായി പരിഗണിക്കപ്പെട്ടു. വീടുതോറും ആചരിക്കുന്നതിനു പകരം ജറുസലേം ദേവാലയത്തിൽ മാത്രമേ പെസഹാ ബലിയർപ്പണം പാടുള്ളൂ എന്നു വന്നു. കുടുംബത്തലവന്മാരല്ല ലേവീപുരോഹിതന്മാരാണ് ബലിയർപ്പിക്കേണ്ടത്. രക്തം കട്ടിളക്കാലുകളിൽ പുരട്ടുകയല്ലാ, ബലിപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കുകയാണു വേണ്ടത്. മൃഗത്തെ ചുട്ടു തിന്നണം എന്നില്ല, ചട്ടിയിലോ കുട്ടകത്തിലോ വേവിച്ചു ഭക്ഷിക്കുകയും ആവാം. (നിയ 16, 1-9)

ലിറ്റർജിക്കൽ ആഘോഷങ്ങളെല്ലാം ജറുസലെമിൽ കേന്ദ്രീകരിക്കുക എന്നത് ജോസിയായുടെ മതനവീകരണത്തിന്റെ ഒരു മുഖ്യഘടകമായിരുന്നു. തദ്ഫലമായി സാധാരണ ജനം തങ്ങളുടെ വീടുകളിൽ ആഘോഷിച്ചിരുന്ന പെസഹാത്തിരുനാൾ തലസ്ഥാനനഗരിയിൽ മാത്രം ആഘോഷിക്കാവുന്ന ദേശീയോത്സവമായിത്തീർന്നു. അതിന്റെ കാർമ്മികത്വം അത്മായരായ കുടുംബത്തലന്മാരിൽ നിന്ന് അഭിഷിക്തരായ പുരോഹിതന്മാരിലേക്കു കൈമാറ്റപ്പെട്ടു. അങ്ങനെ പെസഹാ ഒരു തീർത്ഥാടനത്തിരുനാളായി മാറി.

12, 1-14 (P) മോശയോടൊപ്പം അഹറോനും തുല്യപ്രാധാന്യം നല്കുന്നത് പുരോഹിതരചനയുടെ ഒരു പ്രത്യേകതയാണെന്ന് നാം കണ്ടു കഴി

ഞ്ഞു. കർത്താവ് ഈജിപ്തിൽ വച്ചു കല്പിച്ചു എന്ന ആമുഖം പുതുതായി എന്തോ പറയാൻ പോകുന്നു എന്നും ഇതു പില്ക്കാലത്ത് എഴുതപ്പെട്ടതാണെന്നും സൂചിപ്പിക്കുന്നു. പെസഹാ ആചരണത്തിന് ആവശ്യമായ ന്ബന്ധനകളാണ് ഇവിടെ വിവരിക്കുന്നത്. വർഷത്തിന്റെ ആദ്യ മാസം ആബീബ് എന്ന പേരിൽ അറിയപ്പെടുന്നു. (പുറ 13, 4; 23, 15; 34, 15). ''ഗോതമ്പു കതിര്'' എന്നാണ് ഈ പേരിന്റെ അർത്ഥം. ഇതു കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന പേരാണ്. പ്രവാസകാലം മുതൽ ഇസ്രായേൽക്കാർ മാസങ്ങൾക്ക് ബാബിലോണിയൻ പേരുകൾ സ്വീകരിച്ചു. അങ്ങനെ ആബീബു മാസത്തിനു ''നീസാൻ'' എന്ന പേര് ഉപയോഗത്തിൽ വന്നു. (എസ്തേർ 3, 7).

**ആട്ടിൻകുട്ടി** : ചെമ്മരിയാടോ കോലാടോ ആകാം. അംഗവൈകല്യമില്ലാത്ത മുട്ടാടായിരിക്കണം. പത്താം തിയ്യതി ആടിനെ കരുതി വയ്ക്കുന്നത് ആവശ്യനേരത്ത് അന്വേഷിച്ചു പോകാതിരിക്കാൻ വേണ്ടിയാണ്. ഒരാടിനെ ഭക്ഷിക്കാൻ പത്താളുകൾ എന്ന കണക്കാണ് പില്ക്കാലത്ത് യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്നത്. യേശുവിനെ പെസഹാക്കുഞ്ഞാടായി പുതിയ നിയമത്തിൽ ചിത്രീകരിക്കുന്നുണ്ട്. (യോഹ 1, 29. 36; 19, 36; 1 കൊറി 5, 7; 1 പത്രോ 1, 19). യഹൂദർ പെസഹാക്കുഞ്ഞാടിനെ കൊല്ലുന്ന സമയത്താണ് യേശു കുരിശിൽ മരിച്ചത് എന്ന് നാലാം സുവിശേഷത്തിലെ വിവരണത്തിൽനിന്നു കാണാം. (യോഹ 18, 28; 19, 14. 31).

**സന്ധ്യ** : ആടിനെ കൊല്ലേണ്ട സമയത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലിരുന്നു. സൂര്യാസ്തമനത്തിനു ശേഷം രാത്രിയാകുന്നതിന് മുമ്പ് എന്നാണ് സന്ധ്യയ്ക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും കരുതുന്നു. ഉച്ചകഴിഞ്ഞ്, രാത്രിയാകുന്നതിനു മുമ്പ് എപ്പോൾ വേണമെങ്കിലും ആകാം എന്നു കരുതുന്നവരുമുണ്ട്. ഈ വ്യാഖ്യാനമാണ് പുതിയനിയമകാലത്ത് പ്രചാരത്തിലിരുന്നത്.

**ആട്ടിൻകുട്ടിയെ പാകം ചെയ്യേണ്ട രീതി** : മാതളനാരകത്തിന്റെ തണ്ടിൽ ആട്ടിൻകുട്ടിയെ കോർത്ത് തീയ്ക്ക് മുകളിൽ വച്ചു ചുട്ടെടുക്കണം എന്നായിരുന്നു നിബന്ധന. അസ്ഥിയൊന്നും ഒടിക്കരുത് എന്ന നിബന്ധന 12, 46ൽ ചേർത്തിട്ടുണ്ട്. കുരിശുമരത്തിൽ തറച്ചുകൊന്ന യേശുവിൽ പെസഹാകുഞ്ഞീടിന്റെ പ്രതീകം പൂർത്തിയായതായി കാണാം. അസ്ഥിയെ സംബന്ധിച്ച കല്പന വി. യോഹന്നാൻ പ്രത്യേകം എടുത്തു പറയുന്നുണ്ട്. (യോഹ 19, 36)

**ഭക്ഷിക്കേണ്ട വിധം** : അരമുറുക്കുന്നതും ചെരുപ്പണിയുന്നതും വടി കൈയിൽ എടുക്കുന്നതും യാത്രയ്ക്കുള്ള ഒരുക്കങ്ങളാണ്. ഉടനേ പുറ

പ്പെടേണ്ടതിനാൽ തിടുക്കത്തിൽ ഭക്ഷിക്കാൻ ആവശ്യപ്പെടുന്നു. ഇതെല്ലാം ആദ്യത്തെ പെസഹായ്ക്കു മാത്രമേ ബാധകമായിരുന്നുള്ളൂ. പില്ക്കാലത്തു പെസഹാ ആചരണങ്ങൾ വളരെ സമയം നീണ്ടു നില്ക്കുന്ന ആഘോഷങ്ങളായിരുന്നു. അനേകം പ്രാർത്ഥനകളും ആശീർവാദങ്ങളും സങ്കീർത്തനങ്ങളും ആഘോഷത്തിന്റെ ബാഗമായിരുന്നു.

**കർത്താവിന്റെ പെസഹാ** : കർത്താവ് ആദ്യജാതന്മാരെ വധിച്ചുകൊണ്ട് ഈജിപ്തിലൂടെ കടന്നുപോയതിനാൽ ഇതനെ കർത്താവിന്റെ പെസഹാ എന്നു വിളിക്കുന്നു. ഇസ്രായേൽക്കാരുടെ ഭവനങ്ങളെ തൊടാതെ കടന്നുപോയതിനാലും ഇതു കർത്താവിന്റെ പെസഹായാണ്.

**ശിക്ഷാവിധി** : "ഈജിപ്തിലെ ദേവന്മാർക്കെല്ലാം എതിരായി ശിക്ഷാവിധി നടത്തും" എന്ന പ്രസ്താവന ശ്രദ്ധേയമത്രേ. ഈജിപ്തുകാരെ രക്ഷിക്കാൻ അവർ ആരാധിച്ചിരുന്ന അനേകം ദേവന്മാരിൽ ആർക്കും കഴിയാത്തതിനാൽ ഇത് ദേവന്മാർക്കെതിരായ ശിക്ഷാവിധിയായി പരിഗണിക്കുന്നു. ബഹുദൈവാരാധനയുടെയും വിഗ്രഹാരാധനയുടെയും മൗഢ്യം ഇവിടെ പ്രകടമാകുന്നു. ഒന്നാമത്തെ മഹാമാരി നൈൽ ദേവനേയും ഒമ്പതാമത്തേത് സൂര്യദേവനേയും ശിക്ഷിച്ചു. പത്താമത്തേത് സകല ദേവന്മാർക്കും എതിരേയുള്ള ശിക്ഷാവിധിയാണ്.

**സ്മരണാദിനം** : തിരുനാളാഘോഷത്തിന്റെ ലക്ഷ്യവും പ്രസക്തിയും വ്യക്തമാക്കുന്നതാണ് ഈ കല്പന. ദൈവം ചെയ്ത വലിയ രക്ഷാകരപ്രവൃത്തിയെ അനുസ്മരിക്കുന്നതിനും ആ രക്ഷയിൽ ഇന്നും പങ്കു ചേരുന്നതിനും വേണ്ടിയാണ് തിരുനാൾ ആഘോഷിക്കുന്നത്. എല്ലാ ലിറ്റർജിക്കൽ ആഘോഷങ്ങൾക്കും ഈ ലക്ഷ്യമുണ്ട്.

12, 21-28 (J) കർത്താവു കല്പിച്ച കാര്യങ്ങൾ മോശ ജനത്തെ അറിയിക്കുന്നതാണ് ഇവിടെ വിവരിക്കുന്നത്. രാത്രിയിൽ ആരും വീടിനു പുറത്തു പോകരുത് എന്ന താക്കീത് ആദ്യത്തെ പെസഹായെ സംബന്ധിച്ചു വളരെ പ്രസക്തമാണ്. അതിന്റെ കാരണവും മോശ തന്നെ വിശദീകരിക്കുന്നുണ്ട്. തലമുറ തോറും പെസഹാ ആചരിക്കുക മാത്രമല്ല, പിൻതലമുറകൾക്ക് അതിന്റെ അർത്ഥം പറഞ്ഞു കൊടുക്കുകയും വേണം എന്ന് 26-27 വാക്യങ്ങളിൽ നിർദ്ദേശിക്കുന്നു. മതപരമായ കർമ്മങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും അർത്ഥം വിശദീകരിച്ചുകൊടുത്തുകൊണ്ട് കുഞ്ഞുങ്ങളെ വിശ്വാസത്തിൽ വളർത്താനുമുള്ള മുഖ്യകടമ മാതാപിതാക്കളുടേതാണ്. അർത്ഥമറിയാതെ നടത്തുന്ന ആചാരങ്ങൾ വെറും ചടങ്ങുകൽ മാത്രമായി അധഃപതിക്കും. അപ്പോൾ അവ വിശ്വാസവളർച്ചക്കല്ല, അന്ധവിശ്വാസങ്ങൾക്കായിരിക്കും കാരണമായിത്തീരുക.

ജനത്തിന്റെ അനുസരണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന 28-ാം വാക്യം മാത്രം പുരോഹിതരചനയുടെ ഭാഗമാണ്. 12, 50ൽ ഇതേ കാര്യം ആവർത്തിച്ചിട്ടുണ്ട്. ദൈവം പറയുന്നതുപോലെ സംഭവിക്കുന്നു; സകല സൃഷ്ടികളും അവിടുത്തെ കല്പന അനുസരിക്കുന്നുവെന്ന് എടുത്തു കാട്ടുക പുരോഹിതരചനയുടെ ഒരു പ്രത്യേകതയാണെന്ന് പല ആവർത്തി കണ്ടു കഴിഞ്ഞു. (ഉൽപ. 1, 1-2, 4).

12, 43-51 (P) വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചവരെ ഉദ്ദേശിച്ചു നല്കുന്ന കല്പനകളാണിവ. പരിച്ഛേദനം സ്വീകരിച്ചവർക്കു മാത്രമേ പെസഹാ ഭക്ഷിക്കാൻ അനുവാദമുള്ളൂ. ഇസ്രായേൽ ജനത്തിന്റെ വിശ്വാസപൈതൃകത്തിൽ പങ്കുചേരുകയും ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കാൻ ബാധ്യസ്ഥരാവുകയും ചെയ്യുന്നതിന്റെ ബാഹ്യമായ അടയാളമാണ് ഛേദനാചാരം. വിശ്വാസികളുടെ ഈ കൂട്ടായ്മയിൽ തരം തിരിവുകളുണ്ടാകുവാൻ പാടില്ലെന്ന് 49-ാം വാക്യത്തിൽ പ്രത്യേകം നിർദ്ദേശിക്കുന്നു. ജനനം വഴി അബ്രാഹത്തിന്റെ സന്തതികൾ അല്ലാത്തവരെയാണ് പരദേശികൾ എന്നു വിളിക്കുന്നത്. ഛേദനാചാരം വഴി ഉടമ്പടിയിൽ പങ്കുചേരുമ്പോൾ അവരും അബ്രാഹത്തിന്റെ മക്കളാകുന്നു. വിശ്വാസികൾക്കെല്ലാം ഒരേ നിയമമേ ഉണ്ടാകാവൂ. ജാതിയുടെയും വർഗ്ഗത്തിന്റെയും മറ്റും പേരിൽ വിശ്വാസികൾക്കിടയിൽ തരം തിരിവു നിലനിർത്തുന്നവർക്ക് ഇത് വലിയൊരു പാഠമാണ്.

## 2. പുളിപ്പില്ലാത്ത അപ്പം : 12, 15-20; 13, 3-10

പെസഹാ ഭക്ഷണത്തെക്കുറിച്ചുള്ള നിർദ്ദേശത്തിന്റെ ഭാഗമായി 12, 8ൽ പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ചു പരാമർശിക്കുകയുണ്ടായി. എങ്ങും സ്ഥിരമായി വസിക്കാതെ ആടുകളേയും കൊണ്ട് നാടു ചുറ്റിയിരുന്ന ഇടയന്മാർ പുളിപ്പില്ലാത്ത അപ്പമാണ് പൊതുവേ ഭക്ഷിച്ചിരുന്നത്. അതിനാലായിരിക്കാം പെസഹാക്കുഞ്ഞാടിനോടൊപ്പം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം എന്ന നിബന്ധന നിലവിൽ വന്നത്. എന്നാൽ ഇസ്രായേൽ ജനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട മൂന്നു തിരുനാളുകളിൽ ഒന്നായിരുന്നു "പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ". ആരംഭത്തിൽ പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും പരസ്പരം ബന്ധപ്പെടാത്ത രണ്ടു തിരുനാളുകളായിരുന്നു എന്നതിന് ബൈബിളിൽ തന്നെ സൂചനകളുണ്ട്. ഇസ്രായേലിലെ പ്രധാന തിരുനാളുകളുടെ രണ്ടു പട്ടികകളിൽ (പുറ 23, 14-19 E; 34, 18-23 J) പെസഹായെക്കുറിച്ചു പരാമർശിക്കാതെ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ മറ്റു പട്ടികകളിൽ രണ്ടും ഒരുമിച്ചാണ് പ്രത്യക്ഷപ്പെടുന്നത്. (ലേവ്യ 23, 5-44

P; സംഖ്യ 28, 16-31 P നിയ 16, 1-17 D; എസെ 45, 18-25).

പെസഹായ്ക്ക് എന്നതുപോലെ ഈ തിരുനാളിനും ദീർഘമായൊരു ചരിത്രമുണ്ട്. പെസഹാ ആരംഭത്തിൽ ഇടയന്മാരുടെ വസന്തോത്സവമായിരുന്നെങ്കിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ കർഷകരുടെ പുത്തരിപ്പെരുന്നാൾ ആയിരുന്നു. കാനാനിൽ വാസമിറപ്പിച്ച ഇസ്രായേൽക്കാർ തദ്ദേശവാസികളിൽ നിന്ന് ഈ തിരുനാൾ സ്വീകരിച്ചതായി കരുതപ്പെടുന്നു. സ്ഥിരവാസക്കാരായ കാനാൻ കർഷകർ പുളിപ്പിച്ച മാവുകൊണ്ടായിരുന്നു അപ്പം ചുടുക. തലേദിവസം ഉപയോഗിച്ച പുളിച്ച മാവിൽ നിന്ന് ഒരംശം പിറ്റേ ദിവസത്തേക്കാവശ്യമായ മാവിൽ കുഴച്ചു വച്ചാണ് അവർ മാവു പുളിപ്പിച്ചിരുന്നത്. എന്നാൽ ആണ്ടുവട്ടത്തിൽ ഒരിക്കൽ ഈ പതിവിനു മാറ്റം വരുത്തും. അതാണ് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ.

കാനാൻദേശത്ത് ആദ്യം വിളഞ്ഞു പാകമാകുന്നത് ബാർലിയാണ്. അതിനാൽ ബാർലിക്കൊയ്ത്ത് ആരംഭിക്കുമ്പോഴാണ് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്. കൊയ്ത്ത് ആരംഭിക്കുന്നതിനു തലേദിവസം പുളിമാവ് വീട്ടിൽ നിന്നു നീക്കം ചെയ്യും. പിന്നെ ഒരാഴ്ചത്തേക്കു പുളിപ്പിക്കാത്തമാവു കൊണ്ടായിരിക്കും അപ്പം ഉണ്ടാക്കുക. വിളവിന്റെ നാഥനു നന്ദി പറയുന്നതോടൊപ്പം പഴയതെല്ലാം ഉപേക്ഷിച്ച് പുതുവർഷത്തിൽ പുതിയൊരു ജീവിതം തുടങ്ങുന്നതിന്റെ സൂചനയും ഈ തിരുനാളാഘോഷത്തിൽ കാണാം. കതിരുകളുടെ മാസം എന്നർത്ഥമുള്ള ആബീബു മാസത്തിലാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. അതിനാൽ ഇത് പുതുവത്സരാഘോഷവും പുത്തരിപ്പെരുന്നാളും ആയിരുന്നു.

ജോസിയാരാജാവിന്റെ നവീകരണകാലത്താണ് പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും ഒരുമിച്ച് ആഘോഷിക്കാൻ തുടങ്ങിയത് എന്നു കരുതപ്പെടുന്നു. ആബീബു മാസം 14-ാം തിയ്യതി പെസഹായും തുടർന്നുള്ള ഏഴു ദിവസത്തേക്ക് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും ആഘോഷിക്കുക എന്ന നിയമം പ്രാബല്യത്തിൽ വന്നു. ഈജിപ്തിൽ നിന്നുള്ള മോചനവുമായി ബന്ധപ്പെടുത്തിയപ്പോൾ, പെസഹായ്ക്ക് എന്നതുപോലെ ഈ തിരുനാളിനും പുതിയ അർത്ഥം കൈവന്നു. വിളവെടുപ്പുതിരുനാൾ മാത്രമല്ല ദൈവം നല്കിയ മോചനത്തിന്റെ ഓർമ്മയാചരിക്കുന്ന ദിവസങ്ങളുമായി പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ.

12, 15-20 (P) മോശയ്ക്കും അഹറോനും ഈജിപ്തിൽ വച്ച് കർത്താവു നല്കിയ കല്പനയുടെ തുടർച്ചയായിട്ടാണ് പുരോഹിതഗ്രന്ഥകാരൻ പുളിപ്പില്ലാത്ത അപ്പങ്ങളുടെ തിരുനാളിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

ഏഴു ദിവസം ഒരാഴ്ച നീണ്ടു നില്ക്കുന്ന തിരുനാളാഘോഷമാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. ആദ്യമാസത്തിലെ 14-ാം ദിവസം സന്ധ്യ മുതൽ 21-ാം ദിവസം സന്ധ്യവരെയാണ് ഈ ഏഴു ദിവസങ്ങൾ എന്ന് 18-ാം വാക്യത്തിൽ നിർദ്ദേശിക്കുന്നു.

**പുളിമാവ്** : പഴയതിന്റെ പ്രതീകമാണ് പുളമാവ്. അത് അശുദ്ധമായി പരിഗണിക്കപ്പെട്ടിരുന്നു. പുളിമാവ് ഉപയോഗിക്കുന്നത് പഴയ വഴികളിലേക്കു തിരിച്ചുപോകുന്നതിന്റെ പ്രതീകമായി പരിഗണിക്കപ്പെട്ടു. കാപട്യത്തിന്റെയും (ലൂക്കാ 12, 1) വഴിപിഴച്ച ജീവിതരീതിയുടെയും (1 കൊറി 5, 6-7) തെറ്റായ പഠനങ്ങളുടെയും പ്രതീകമായി പുതിയ നിയമത്തിൽ പുളിമാവ് പ്രത്യക്ഷപ്പെടുന്നുണ്ട്.

**വിച്ഛേദിക്കപ്പെടണം** : നിർദ്ദിഷ്ടദിവസങ്ങളിൽ പുളിപ്പിച്ച മാവു കൊണ്ടുണ്ടാക്കിയ അപ്പം ഭക്ഷിക്കുന്നത് കഠിനമായി തെറ്റായി ചിത്രീകരിച്ചിരിക്കുന്നു. ഇസ്രായേൽ സമൂഹത്തിൽ നിന്ന് ഭ്രഷ്ടനാക്കപ്പെടുന്നതാണ് ഇതിനുള്ള ശിക്ഷ. ഇതു മരണശിക്ഷയും ആകാം.

വ്യൂഹങ്ങൾ : ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്ന് പോയത് ഒളിച്ചോടുന്ന അടിമകളെപ്പോലെയല്ല, അണി നിരന്നു നീങ്ങുന്ന സൈന്യങ്ങളെപ്പോലെയാണെന്ന് ഈ പദം സൂചിപ്പിക്കുന്നു.

13, 3-10 (D) പുളിപ്പില്ലാത്ത അപ്പത്തേക്കുറിച്ച് മോശ ജനത്തിനു നല്കുന്ന ഉപദേശമായി അവതരിപ്പിച്ചിരിക്കുന്ന ഈ വാക്യങ്ങൾക്ക് ഇതുവരെ കണ്ടതിൽ നിന്ന് തികച്ചും വ്യത്യസ്തമായൊരു ശൈലിയാണുള്ളത്. പ്രസംഗരൂപത്തിലുള്ള ഈ വാക്യങ്ങൾ നിയമാവർത്തനഗ്രന്ഥകാരന്റെ (Deuteronomist) രചനയായി കരുതപ്പെടുന്നു. ഈജിപ്തിൽ നിന്ന് കർത്താവു നല്കിയ മോചനത്തെ അനുസ്മരിക്കാനാണ് ഈ തിരുനാൾ ആഘോഷിക്കുന്നത് എന്ന് ഊന്നിപ്പറയാൻ വേണ്ടി ഇതിനെ സംബന്ധിച്ച നിയമങ്ങൾക്ക് മുമ്പും പിമ്പും (13, 3.9) ഒരേ വാക്യം തന്നെ ആവർത്തിച്ചിരിക്കുന്നു.

കാനാൻദേശത്ത് ചെന്നു ചേർന്നതിനു ശേഷം ആചരിക്കേണ്ട ഒരു തിരുനാളായിട്ടാണ് നിയമാവർത്തനഗ്രന്ഥകാരൻ ഇതവതരിപ്പിക്കുന്നത്. പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതിന് 3, 8 വാക്യങ്ങളിൽ നല്കുന്ന കാരണം 12, 34ൽ വിശദീകരിച്ചതിൽ നിന്നു വ്യത്യസ്തമാണ്. പിതാക്കന്മാർ മക്കൾക്കു തലമുറ തോറും കൈമാറുന്ന ഈ വിശദീകരണം ഈജിപ്തിൽ നിന്നു കർത്താവു നല്കിയ മോചനത്തെ അനുസ്മരിപ്പിക്കുന്നു. നിയ 16, 3ൽ ഈജിപ്തിലെ ക്ലേശങ്ങളെ അനുസ്മരിപ്പിക്കുന്നത് എന്ന

അർത്ഥത്തിൽ ‘‘യാതനയുടെ അപ്പം’’ എന്ന് പുളിപ്പില്ലാത്ത അപ്പത്തെ വിശേഷിപ്പിച്ചുകൊണ്ട് വീണ്ടും വേറൊരു വ്യാഖ്യാനം നല്കുന്നു. അതേ വാക്യത്തിൽ തന്നെയുള്ള ‘‘ഈജിപ്തിൽ നിന്നു തുടക്കത്തിൽ പുറപ്പെട്ടു’’ എന്ന സൂചന പുറ 12, 34ലെ വിശദീകരണത്തോടു യോജിച്ചുപോകുന്നു.

**സ്മാരകം** : ഈ നിയമത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാൻ വേണ്ടിയാണ് ‘‘ഭുജത്തിൽ അടയാളവും നെറ്റിയിൽ സ്മാരകവും’’ എന്ന പ്രതീകങ്ങൾ ഉപയോഗിക്കുന്നത്. ഭുജത്തിലെ അടയാളം പച്ചകുത്തുന്നതിനെ സൂചിപ്പിക്കുന്നു, നെറ്റിയിലെ സ്മാരകം പൊട്ടുകുത്തുന്നതിനെയും. നിമയത്തിന്റെ പ്രാധാന്യം എടുത്തു കാട്ടാൻ ഇതേ വാക്കുകൾ നിയമാവർത്തന പുസ്തകത്തിൽ പലതവണ ഉപയോഗിച്ചിട്ടുണ്ട്. (നിയ 6, 8; 11, 18). ഈ കല്പന അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ വേണ്ടി ഭക്തരായ യഹൂദർ ഈ വാക്യങ്ങൾ (പുറ 13, 1-16; നിയ 6, 4-9; 11, 13-21) തോൽവാറുകളിൽ എഴുതി രണ്ടു തോൽച്ചിമിഴുകളിലാക്കി നെറ്റിയിലും ഇടത്തേ ഭുജത്തിലും കെട്ടിക്കൊണ്ട് പ്രാർത്ഥിക്കാറുണ്ട്. എന്നാൽ ഇതര ജനങ്ങളെപ്പോലെ ബാഹ്യമായി ശരീരത്തിൽ ധരിക്കുന്ന അടയാളങ്ങളല്ല, കർത്താവ് തങ്ങൾക്കു വേണ്ടി ചെയ്ത രക്ഷകരപദ്ധതി നിരന്തരം അനുസ്മരിക്കുകയും അവിടുത്തെ കല്പന അനുസരിച്ച് ജീവിക്കുകകുയം ചെയ്യുന്നതു വഴിയാണ് ഇസ്രായേൽ ജനം തങ്ങളുടെ വ്യതിരിക്തത നിലനിർത്തേണ്ടത്.

നിയമം അധരത്തിൽ : കർത്താവിന്റെ നിയമം ഉരുവിട്ട് ധ്യാനിക്കുകയും അതു മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുക വിമോചിത ജനത്തിന്റെ ധർമ്മമാണ്.

## 3. ആദ്യജാതന്മാരുടെ വധവും പുറപ്പാടും 12, 29-42 (29-39J 40-42P)

പലതവണ മുൻകൂട്ടി അറിയിച്ച അവസാനത്തെ മഹാമാരിയും അതേ തുടർന്നുള്ള ഇസ്രായേൽ ജനത്തിന്റെ മോചനവും ഈ വാക്യങ്ങളിൽ വിവരിക്കുന്നു. ആദ്യജാതന്മാരുടെ മരണം എപ്രകാരമാണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് ബൈബിൾ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായങ്ങ്ഹളുണ്ട്. ഊരിയ വാളുമായി കർത്താവിന്റെ ദൂതൻ ഈജിപ്തുകാരുടെ വീടു തോറും കയറി ഇറങ്ങി ആദ്യജാതന്മാരെ വധിച്ചു എന്ന് അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. മോശയുടെ അനുയായികൾ രാത്രിയിൽ ഈജിപ്തുകാരുടെ ഇടയിൽ നടത്തിയ കൂട്ടക്കൊലയാണിതെന്നു വിശദീകരിക്കുന്നവരുമുണ്ട്.

ഇസ്രായേൽക്കാർ നടത്തിയ രക്തരൂഷിതവിപ്ലവമാണിതെന്ന് വ്യാഖ്യാനിക്കാൻ ബൈബിളിൽ യാതൊരു തെളിവുമില്ല. കർത്താവിന്റെ ദൂതൻ എന്നത് കർത്താവു തന്നെയാണെന്നും നാം കണ്ടു കഴിഞ്ഞു. മറ്റു മഹാമാരികളിലെന്നതുപോലെ ഇവിടെയും പ്രകൃതി ശക്തികളിലൂടെ ദൈവം തന്റെ പദ്ധതി നടപ്പിലാക്കി എന്ന വിശദീകരണമാണ് കൂടുതൽ സ്വീകാര്യം. എന്തോ ഭീകരമായ പകർച്ചവ്യാധിയായിരിക്കാം മരണകാരണം. എന്നാൽ ആദ്യജാതന്മാർ മാത്രം മരിക്കുന്നതും അതും ഒറ്റ രാത്രിയിൽ സംഭവിക്കുന്നതുമാണ് അത്ഭുതകരമായ അടയാളം.

13, 1-2; 11-16ൽ വിവരിക്കുന്ന ആദ്യജാതന്മാരുടെ സമർപ്പണത്തിന് ഒരു ന്യായീകരണമായി പിൽകാലത്തു കൂട്ടിച്ചേർക്കപ്പെട്ടതാണ് ആദ്യജാതന്മാരുടെ വധെ എന്നു ചില വ്യാഖ്യാതാക്കൾ നല്കുന്ന വിശദീകരണം കൂടുതൽ ശ്രദ്ധയാകർഷിക്കുന്നുണ്ട്. എപ്രകാരം സംഭവിച്ചു എന്നതിനേക്കാൾ ഇസ്രായേൽ ജനത്തെ വിട്ടയയ്ക്കാൻ ഫറവോയെ നിർബന്ധിച്ച ദൈവത്തിന്റെ ശക്തമായ പ്രവർത്തനം ഇവിടെ വിവരിക്കുന്നു എന്ന അറിവാണ് പ്രധാനം. രാജ്യത്തെ ഏറ്റം ഉന്നതനാണ് ഫറവോ; കാരാഗൃഹത്തിൽ കഴിഞ്ഞ തടവുകാരൻ ഏറ്റം എളിയവനും. വലുപ്പച്ചെറുപ്പമെന്യേ ദൈവത്തിന്റെ ശിക്ഷാവിധി എല്ലാവരേയും ബാധിച്ചു. അധികാരികളുടെ അന്ധവും നിരുത്തരവാദിത്വപരവുമായ പ്രവർത്തനങ്ങളുടെ ദുരന്തഫലം അവരുടെ അധീനരും അനുഭവിക്കേണ്ടി വരുന്നു. ഒരധികാരിയുടെ അഹങ്കാരം രാജ്യത്തു മുഴുവൻ നാശം വിതക്കുന്നതിന്റെ ഉദാഹരണമാണിത്.

11, 1-3ൽ കർത്താവു മുൻകൂട്ടി അറിയിച്ചത് ഇവിടെ ഒരു യാഥാർത്ഥ്യമായി. മോശ ആവശ്യപ്പെട്ടതെല്ലാം ഫറവോ മടി കൂടാതെ അനുവദിക്കുക മാത്രമല്ല, അവരെ കഴിവതും വേഗം നാട്ടിൽനിന്ന് പുറത്താക്കുകയും ചെയ്തു. "എന്നെ അനുഗ്രഹിക്കുകയും ചെയ്യുവിൻ" എന്ന യാചനയിലൂടെ അയാൾ കർത്താവിന്റെ മുമ്പിൽ മുട്ടു മടക്കുകയാണ്. സർവ്വശക്തനെന്നു തെളിഞ്ഞ കർത്താവിന്റെ ശാപം തന്റെയും നാടിന്റെയും മേൽ പതിച്ചിരിക്കുന്നു എന്ന വിശ്വാസത്താൽ പ്രേരിതനായി ശാപമോക്ഷത്തിനു വേണ്ടി നടത്തുന്ന യാചനയായിരിക്കാം ഇത്.

പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതിനോടുള്ള വിശദീകരണമാണ് 34-ാം വാക്യത്തിൽ നല്കിയിരിക്കുന്നത്. 39-ാം വാക്യത്തിൽ ഇത് വീണ്ടും ആവർത്തിക്കുന്നുണ്ട്. ഈ വിശദീകരണം പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിനെ പുറപ്പാടു സംഭവവുമായി ബന്ധിപ്പിക്കുന്നു. ഇസ്രായേൽക്കാർ ഈജിപ്തുകാരെ "കൊള്ളയടിച്ചു" എന്ന പ്രസ്താവന ഈ സംഭവത്തിന് ഒരു യുദ്ധത്തിന്റെ പ്രതീതി നല്കുന്നു. കർത്താവ് ഇസ്രാ

യേൽക്കാക്കു വേണ്ടി യുദ്ധം ചെയ്ത് ഈജിപ്തുകാരെ പരാജയപ്പെടുത്തി. യുദ്ധത്തിൽ ജയിച്ചവർ കൊള്ളമുതൽ ശേഖരിച്ചു. യുദ്ധത്തിന്റെ ഭാഷ 14-ാം അദ്ധ്യായത്തിൽ വീണ്ടും ആവർത്തിക്കുന്നുണ്ട്. ഗോഷേൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു റാമ്സേസ്. റാമ്സേസ് രണ്ടാമൻ ഈ നഗരത്തെ ഈജിപ്തിന്റെ തലസ്ഥാനമാക്കിയതായി ആമുഖത്തിൽ നാം കണ്ടു. റാമ്സേസിൽ നിന്ന് ഏകേദേശം 80 കിലോമീറ്റർ തെക്കുകിഴക്കാണ് സുക്കോത്ത്.

ഈജിപ്തിൽ നിന്നു പുറപ്പെട്ടവരുടെ സംഖ്യയെക്കുറിച്ച് വിവാദമുണ്ട്. ആറു ലക്ഷം എന്നത് അന്നത്തെ ജീവിതസാഹചര്യങ്ങളെ പരിഗണിക്കുമ്പോൾ അസാധ്യമാംവിധം വലിയൊരു സംഖ്യയാണ്. ആറു ലക്ഷം പുരുഷന്മാരുണ്ടെങ്കിൽ മൊത്തം ജനസംഖ്യ ഏകദേശം 25 ലക്ഷമെങ്കിലും വരും എന്നാണ് പൊതുവേ കരുതപ്പെടുന്നത്. ഇതിനു പുറമേ ഇതരവിഭാഗത്തിൽപെട്ട വലിയ ഒരു സമൂഹവും കൂടെയാകുമ്പോൾ സംഖ്യ വീണ്ടും വർദ്ധിക്കുന്നു. ഇത്ര വലിയ ഒരു ജനസമൂഹത്തെ ഒറ്റ രാത്രി കൊണ്ട് ഒരുമിച്ചു കൂട്ടി യാത്ര പുറപ്പെടുക, ഇവർക്ക് ആവശ്യമായ ഭക്ഷണവും കുടിനീരും താവളങ്ങളും കണ്ടെത്തുക എല്ലാം വലിയ അത്ഭുതങ്ങളായിരിക്കും. എന്നാൽ, അക്കാലത്ത് ഈജിപ്തിലെയും കാനാനിലെയും സാധാരണ നഗരങ്ങളിൽ അയ്യായിരത്തിൽ താഴെ നിവാസികളേ ഉണ്ടായിരുന്നുള്ളൂ എന്ന് പുരാവസ്തു ഗവേഷകന്മാർ തെളിയിച്ചിട്ടുണ്ട്. അതിനാൽ ആറു ലക്ഷം എന്നത് യഥാർത്ഥ്യത്തോടു പൊരുത്തപ്പെടാത്ത സംഖ്യയാണെന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും അംഗീകരിക്കുന്നു. "ഏലെഫ്" എന്ന ഹീബ്രു വാക്കാണ് "ആയിരം" എന്നു വിവർത്തനം ചെയ്യുന്നത്. "ഒരു കൂടാരത്തിൽ വസിക്കുന്ന ആളുകൾ" എന്ന അർത്ഥമതാണ് ഈ പദത്തിന് ആരംഭത്തിൽ ഉണ്ടായിരുന്നത്, പിന്നീട് "ഒരു ഗോത്രവിഭാഗം" എന്ന അർത്ഥവും. ഇതിൽ നിന്നാണ് "ആയിരം" എന്ന സംഖ്യയായി ഇത് ഉപയോഗിക്കപ്പെട്ടത്. അതിനാൽ എത്ര പേരാണ് ഈജിപ്തിൽ നിന്നു പുറപ്പെട്ടത് എന്നു കൃത്യമായി പറയാനാവില്ല. ഏതായാലും അവർ ഒരു ചെറിയ സമൂഹമായിരുന്നു എന്നതിന് ബൈബിളിൽ തന്നെ സൂചനകളുണ്ട് (നിയ 7, 7.17).

ഇസ്രായേൽക്കാരുടെ കൂടെ ഇതര ജനതകളും പുറപ്പെട്ടു എന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. വ്യത്യസ്തങ്ങള്ായ ഉദ്ദേശ്യലക്ഷ്യങ്ങളോടു കൂടിയാവാം അവർ പുറപ്പെട്ടത്. ഒരുമിച്ചുള്ള യാത്ര ഒരു ജനത്തിന്റെ രൂപീകരണമായിരുന്നു. ദൈവജനം തീർത്ഥാടക സമൂഹമാണ്. വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ ആർക്കും പങ്കു ചേരാം. ആരും ഒഴിവാക്കപ്പെടുന്നില്ല. യാത്രാമധ്യേയാണ് തിരഞ്ഞെടുപ്പു നടക്കു

ന്നത്.

40-42 വാക്യങ്ങളിൽ കാലഗണനയെക്കുറിച്ചുള്ള പുരോഹിത ഗ്രന്ഥ കാരന്റെ താൽപര്യം പ്രകടമാകുന്നു. കൃത്യമായൊരു മുഹൂർത്തത്തിൽ നടന്ന ചരിത്രസംഭവമാണ് ഈജിപ്തിൽ നിന്നുള്ള പുറപ്പാട് എന്ന് ഈ കാലസൂചന വ്യക്തമാക്കുന്നു. എന്നാൽ ഈ പരാമർശത്തെ ചരിത്രവു മായി ബന്ധപ്പെടുത്തി പുറപ്പാടിന്റെ വർഷം കൃത്യമായി നിർണ്ണയിക്കുക എളുപ്പമല്ല.

## 4. ആദ്യജാതന്മാരുടെ വീണ്ടെടുപ്പ് 13, 1-2. 11-16

വിളവുകളുടെ ആദ്യഫലമെന്നതുപോലെ കടിഞ്ഞൂലുകളേയും ദൈവത്തിനു സമർപ്പിക്കുന്നതിലൂടെ ദൈവത്തെ ജീവന്റെ നാഥനായും സന്താനപുഷ്ടി ദൈവത്തിന്റെ ദാനമായും ഏറ്റു പറയുന്നു. കർത്താ വിനു സമർപ്പിക്കുക എന്നാൽ ബലിയർപ്പിക്കുക എന്നാണ് അർത്ഥമാക്കു ക. കഴുത അശുദ്ധമൃഗമായി പരിഗണിക്കപ്പെട്ടിരുന്നതിനാൽ അതിനെ ബലിയർപ്പിക്കുക നിഷിദ്ധമായിരുന്നു.

കാനാൻകാർ ചിലപ്പോഴൊക്കെ തങ്ങളുടെ ആദ്യജാതന്മാരെ ബാലിനു ബലിയർപ്പിക്കാറുണ്ടായിരുന്നു. ഈ ആചാരം ഇസ്രായേലിലേക്കും കുറെയക്ക്െ വ്യാപിക്കുകയും ചെയ്തു. (1 രാജാ 16, 34; 2 രാജാ 16, 3; 21, 6; മക്കാ 6, 4). എന്നാൽ ഈ ആചാരത്തിനെതിരെ ശക്തമായ വിലക്കു കൾ ബൈബിളിലുണ്ട്. (ലേവ്യ 18, 21; 20, 2; നിയ 12, 31; 18, 10; ജറെ 7, 31; 19, 5). അബ്രാഹത്തിന്റെ ബലിയുടെ വിവരണം (ഉൽപ 22) ഇതിന് ഉദാഹ രണമാണ്. ആദ്യജാതന്മാരെ കർത്താവിനു സമർപ്പിക്കണം; എന്നാൽ ബലിയർപ്പിക്കുകയല്ല, വീണ്ടെടുക്കുകയാണു വേണ്ടത്. വീണ്ടെടുപ്പു വില അഞ്ചുഷെക്കൽ എന്ന് സംഖ്യ 18, 16ൽ നിശ്ചയിച്ചിരിക്കുന്നു.

ആദ്യജാതന്മാരുടെ സമർപ്പണവും വീണ്ടെടുപ്പും പുറപ്പാടു സംഭ വവുമായി ബന്ധപ്പെട്ടപ്പോൾ തിരുനാളുകൾക്കെന്നതുപോലെ അതിനും പുതിയ അർത്ഥം കൈവന്നു. ഈജിപ്തിലെ ആദ്യജാതന്മാരെ വധിച്ചു കൊണ്ട് കർത്താവ് ഇസ്രായേൽ ജനത്തെ മോചിപ്പിച്ചതിന്റെ ഓർമ്മ ആച രിക്കാൻ വേണ്ടിയാണ് കടിഞ്ഞൂലുകളെ കർത്താവിനു സമർപ്പിക്കുന്നത്. മനുഷ്യരുടെ കടിഞ്ഞൂലുകളെ ദൈവത്തിനു സമർപ്പിക്കണം എന്ന നിയമം ദൈവത്തിന്റെ ഏകജാതനും പൂർണ്ണമനുഷ്യനുമായ യേശുക്രിസ്തുവിന്റെ ആത്മസമർപ്പണത്തിൽ പൂർണ്ണമായ അർത്ഥത്തിൽ പൂർത്തിയായി. (ലൂക്ക 2, 23-24; 23, 46).

**വിചിന്തനം** : പെസഹാക്കുഞ്ഞാടും, പുളിപ്പില്ലാത്ത അപ്പവും, ആദ്യജാത

ന്മാരുടെ സമർപ്പണവും എല്ലാം യേശുവിൽ പൂർത്തിയാകാനിരുന്നതിന്റെ പ്രതീകങ്ങളായിരുന്നു. പഴയ നിയമത്തിലെ പെസഹാ മുഖ്യമായും രാഷ്ട്രീയമായ ഒരു മോചനത്തിന്റെ അനുസ്മരണമായിരുന്നു. പുതിയ നിയമത്തിലാകട്ടെ, പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്നുള്ള മോചനമാണ് യേശുവിന്റെ പെസഹായിലൂടെ ആഘോഷിക്കുന്നത്. ഈജിപ്തിൽ ബലി കഴിക്കപ്പെട്ട പെസഹാക്കുഞ്ഞാട് മനുഷ്യന്റെ സമഗ്രമായ മോചനത്തിനു വേണ്ടി ദൈവം നല്കിയ വിലയുടെ പ്രതീകമാണ്. (1 പത്രോ 1, 18-20).

വിശുദ്ധ കുർബ്ബാനയുടെ ആഘോഷത്തിലൂടെ പുതിയ പെസഹായിൽ പങ്കുചേരുന്നവർ, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങി നില്ക്കാതെ വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പാപത്തിനും തിന്മയ്ക്കുമെതിരെ നിരന്തരം പോരാടാൻ ബാദ്ധ്യസ്ഥരാണ്. തിന്മയുടെ മൂർത്തിമദ്ഭാവങ്ങളായ ആധുനികഫറവോമാരെയും അവരുടെ സംവിധാനങ്ങളേയും തിരിച്ചറിയാനും തള്ളിപ്പറയാനും അവർക്കു കടമയുണ്ട്.

## ചോദ്യങ്ങൾ

1. പെസഹാ എന്ന പേരിന്റെ അർത്ഥമെന്ത്? പഴയ നിയമത്തിൽ ഇത് എന്തിനെ സൂചിപ്പിക്കുന്നു?

2. പെസഹാ ആഘോഷത്തിന്റെ ഉദ്ഭവം, ആഘോഷരീതി, അതിൽ വന്ന പരിണാമങ്ങൾ എന്നിവ വിശദീകരിക്കുക.

3. പുളിപ്പില്ലാത്ത അപ്പത്തിന്റെ ചരിത്രപശ്ചാത്തലം വിശദമാക്കുക.

4. പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതിന് ബൈബിളിൽ നല്കിയിരിക്കുന്ന രണ്ടു വിശദീകരണങ്ങൾ ഏവ?

5. പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും ഒരുമിച്ച് ആഘോഷിക്കാൻ കാരണമെന്ത? എന്തർത്ഥമാണ് ഈ ആഘോഷങ്ങൾക്കുള്ളത്?

6. ഈജിപ്തുകാരുടെ ആദ്യജാതന്മാരുടെ മരണത്തിന് നല്കപ്പെടുന്ന സ്വാഭാവിക വ്യാഖ്യാനങ്ങൾ ഏവ? അവയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്?

7. ആദ്യജാതന്മാരുടെ സമർപ്പണത്തിന്റെ ചരിത്രപശ്ചാത്തലവും ബൈബിൾ നല്കുന്ന അർത്ഥവും വിശദീകരിക്കുക.

8. പെസഹാ ആഘോഷത്തിന് യേശു പുതിയ അർത്ഥം നല്കി. എന്ത്? എങ്ങിനെ?

**ചർച്ചയ്ക്ക്** : ഇസ്രായേൽക്കാർക്ക് പെസഹാ വിമോചനത്തിന്റെ അനുസ്മരണവും ആഘോഷവുമായിരുന്നു. നമുക്കോ? ഇന്ന് വി. കുർബ്ബാനയും പെസഹാത്തിരുനാൾ ആഘോഷവും വിമോചനത്തിന്റെ അനുഭവമായി മാറുന്നുണ്ടോ?

**പ്രാർത്ഥന** : "കർത്താവിനു നന്ദി പറയുവിൻ അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ്". (സങ്കീർത്തനം 136, 1)

## 5. അടിമത്തത്തോടു വിട 13, 17–15, 21

യേശുവിന്റെ വരവിനു മുമ്പുള്ള രക്ഷാചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട സംഭവമാണ് ഇവിടെ വിവരിക്കുന്നത്. അടിമത്തത്തിൽ നിന്നു പൂർണ്ണമായ മോചനം ലഭിച്ചതിന്റെ ഈ വിവരണത്തെ കടൽ വരെയുള്ള യാത്ര, കടൽകടക്കൽ, സ്തോത്രഗാനം എന്നിങ്ങനെ മൂന്നായി തിരിക്കാം.

### 1. കർത്താവിന്റെ സംരക്ഷണത്തിൽ യാത്ര 13, 17–22 (17–19 E, 20–22 J)

ഈജിപ്തിൽ നിന്നു പുറപ്പെട്ട ഇസ്രായേൽക്കാർ യാത്രാമധ്യേ താവളമടിച്ച സ്ഥലങ്ങൾ ഏവയെന്നു കൃത്യമായ അറിവ് ലഭ്യമല്ല. ഏതാണ്ട് മൂന്നു സഹസ്രാബ്ദങ്ങൾ കൊണ്ട് ആ പ്രദേശത്തിന്റെ ഭൂപ്രകൃതി ആകെ മാറിയിട്ടുണ്ട്. ചതുപ്പു നിലങ്ങളും തടാകങ്ങളും നികന്ന് കരയായി മാറി. സൂയസ് കനാലിന്റെ നിർമ്മാണവും ഭൂപ്രകൃതിയുടെ ഈ മാറ്റത്തിനു കാരണമായിട്ടുണ്ട്.

**പുറപ്പാടിന്റെ വഴി** : ഈജിപ്തിനെ കാനാൻ ദേശവുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട മൂന്നു വഴികളുണ്ടായിരുന്നു. (അവസാനത്തെ പുറത്തു കൊടുത്തിരിക്കുന്ന മാപ്പ് കാണുക). ഏറ്റം ഹ്രസ്വവും കൂടുതൽ ഉപയോഗത്തിലിരുന്നതും "ഫിലിസ്ത്യരുടെ ദേശത്തു കൂടിയുള്ള" വഴിയായിരുന്നു. ഇത് മധ്യധരണ്യാഴിയുടെ തീരം ചേർന്ന് ഗാസാ കടന്നു പോകുന്നു. "ഷൂറിലേക്കുള്ള വഴി" (ഉൽപ 16, 7)യാണ് രണ്ടാമത്തേത്. ഇത് സുക്കോത്തിൽ നിന്നു പുറപ്പെട്ട്, മരുഭൂമിയുടെ വടക്കു ഭാഗത്തൂടെ കാദെഷ് ബെർണയാ കടന്ന്, ബേർഷെബായിലെത്തുന്നു. മൂന്നാമത്തേത് സൂയെസ് ഉൾക്കടലിന്റെ വടക്കെ അറ്റത്തു നിന്ന് ആരംഭിച്ച് മരുഭൂമി കുറുകെ കടന്ന് അക്കബാ ഉൾക്കടലിന്റെ വടക്കെ തലയ്ക്കലുള്ള എസിയോൺ ഗേബെറിൽ എത്തിയിട്ട് വടക്ക് ഏദോം, മോവാബു ദേശങ്ങളിലേക്കും തെക്ക് കിഴക്ക് മിദിയാൻകാരുടെ നാട്ടിലൂടെ അറേബ്യായിലേക്കും തുടരുന്നു.

ഈ രാജപാതകളിലെല്ലാം കോട്ടകളും പട്ടാളത്താവളങ്ങളും ഉണ്ടായിരുന്നതിനാൽ നാടുവിട്ടു പോകുന്ന അടിമകൾക്ക് ഇവ സുരക്ഷിതമായിരുന്നില്ല. തന്നെയുമല്ല, ജനനിബിഢമായ പ്രദേശങ്ങളിലൂടെ കടന്നുപോകുമ്പോൾ എതിർപ്പുകളും ആക്രമണങ്ങളും നേരിടേണ്ടി വരികയും ചെയ്യുമായിരുന്നു. അതിനാലാണ് ദൈവം അവരെ മറ്റൊരു വഴിക്കു നയിച്ചത് (13, 17). ഏതാണ് ആ വഴി എന്നതിനെ കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും അഭിപ്രായ ഐക്യമില്ല. (ഏറ്റം കൂടുതൽ സാധ്യതയുള്ളതായി കരുതപ്പെടുന്ന വഴിയാണ് മാപ്പിൽ അടയാളപ്പെടുത്തിയിരിക്കുന്നത്)

**വിചിന്തനം** : ദൈവം ഇസ്രായേൽക്കാരെ, വളഞ്ഞതും ദുർഘടവുമായ വഴികളിലൂടെയാണ് നയിച്ചത്. ദൈവരാജ്യത്തിലേക്കുള്ള വഴി ഇടുങ്ങിയതും ക്ലേശപൂർണ്ണവുമായിരിക്കും. അപരിചിതമായ പുതിയ വഴികളിലൂടെ യാത്ര ചെയ്യാൻ കർത്താവ് ആഹ്വാനം ചെയ്യുമ്പോൾ ഭയന്ന് പിന്മാറരുത്.

**ചെങ്കടൽ** : ചെങ്കടൽ എന്ന വിവർത്തനം ശരിയല്ല എന്നു നല്ലൊരുഭാഗം വ്യാഖ്യാതാക്കൾ കരുതുന്നു. സൗദി അറേബ്യായ്ക്കും ആഫ്രിക്കായ്ക്കും മധ്യേയുള്ള കടലിനെയാണ് ചെങ്കടൽ എന്നു വിളിക്കുന്നത്. ഈ കടലിന്റെ വടക്കേ അറ്റം രണ്ടായി പിളർന്ന് നടുവിൽ സീനായ് അർദ്ധദ്വീപിനു സ്ഥലം നല്കിയിരിക്കുന്നു. സീനായ്ക്കു കിഴക്കുള്ള ഉൾക്കടൽ സൂയെസ് എന്നും പടിഞ്ഞാറുള്ളത് അക്കബാ എന്നും അറിയപ്പെടുന്നു. ഈ ഉൾക്കടലുകളെയും ചെങ്കടൽ എന്നു വിളിക്കാറുണ്ട്. എന്നാൽ പുറപ്പാടു സംഭവം നടന്നത് ഇതിനും ഏറെ വടക്കാണ്. സൂയെസിനും മധ്യധരണ്യാഴിക്കും മധ്യേ കായലുകളും തടാകങ്ങളും ചതുപ്പു നിലങ്ങളും ഉണ്ടായിരുന്നു. ഇതിൽ ഏതെങ്കിലും ഒന്നായിരിക്കണം ഇസ്രായേൽക്കാർ കടന്ന കടൽ. ''യാംസൂഫ്'' എന്ന പേരാണ് ഹീബ്രുവിൽ ഉപയോഗിച്ചിരിക്കുന്നത്. ഇത് ഗ്രീക്കിലേയ്ക്കു വിവർത്തനം ചെയ്തപ്പോഴാണ് ചെങ്കടൽ എന്ന പേരുണ്ടായത്. യഥാർത്ഥത്തിൽ ഇതിനെ ഞാങ്ങണക്കടൽ (Sea of reeds) എന്നാണത്രേ വിളിക്കേണ്ടത്. മിക്ക ആധുനിക വിവർത്തനങ്ങളും ഈ പേരാണ് ഉപയോഗിക്കുക. ഞാങ്ങണച്ചെടികൾ സമൃദ്ധമായി വളരുന്ന ചതുപ്പുനിലം അടുത്തുണ്ടായിരുന്നതിനാലാവാം കായലിന് ഈ പേരു കിട്ടിയത്. ഞാങ്ങണക്കടലിന്റെ സ്ഥാനത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങളുണ്ട്. സൂയെസ് ഉൾക്കടലിനും തിക്ത തടാകങ്ങൾക്കും മധ്യേ ഉൾക്കടലിന്റെ വടക്കോട്ടുള്ള തുടർച്ചയായിരുന്നു ഇതെന്ന് ചിലർ കരുതുന്നു. മറ്റു ചിലരാകട്ടെ, തിക്തതടാകങ്ങൾക്കു വടക്കായിരുന്നു ഞാങ്ങണക്കടൽ എന്നു

വാദിക്കുന്നു. കൃത്യമായ സ്ഥലനിർണ്ണയം അസാധ്യമാണെന്ന് ഭൂരിഭാഗം പേരും കരുതുന്നു.

**ആയുധധാരികൾ** : യുദ്ധം ചെയ്യാൻ ഒരുങ്ങി അണിയണിയായി നീങ്ങുന്ന ഒരു സൈന്യത്തെപ്പോലെയാണ് ഇസ്രായേൽ ജനം പുറപ്പെട്ടത് എന്ന ഏലോഹിസ്റ്റ് ഗ്രന്ഥകാരന്റെ ഈ പരാമർശം പുറപ്പാടു സംഭവത്തിന്, പ്രത്യേകിച്ചും അടുത്തതായി സംഭവിക്കാൻ പോകുന്ന കടൽ കടക്കലിന്, ഒരു യുദ്ധത്തിന്റെ പ്രതീതി നൽകുന്നു. ജോസഫിന്റെ അസ്ഥികൾ കൂടെ കൊണ്ടുപോകുന്നതിനെ കുറിച്ചുള്ള പരാമർശം ഉൽപ 50, 24 - 25ൽ രേഖപ്പെടുത്തിയിരിക്കുന്ന ജോസഫിന്റെ അന്തിമാഭിലാഷം പൂർത്തിയായതായി എടുത്തു കാട്ടുന്നു.

**മേഘസ്തംഭവും അഗ്നിസ്തംഭവും** : ദൈവിക സാന്നിധ്യം വിളിച്ചറിയിക്കുന്ന പ്രതീകങ്ങളാണ് ബൈബിളിൽ മേഘവും അഗ്നിയും. പുരാതന കാലത്ത് പടനീക്കം നടത്തുന്ന സൈന്യങ്ങൾ, വഴി കാട്ടാനായി പകൽ പുകയും രാത്രി തീയും അടയാളങ്ങളായി ഉപയോഗിച്ചിരുന്നു. ഇവിടെ കർത്താവു തന്നെയാണ് തന്റെ സൈന്യത്തെ മേഘവും അഗ്നിയും വഴി നയിക്കുന്നത്. രാപകൽ നിർത്താതെ അവർ യാത്ര ചെയ്തു എന്നും ഇതു സൂചിപ്പിക്കുന്നു. മേഘസ്തംഭത്തെ മണൽ ഇളക്കി വിടുന്ന ചുഴലിക്കാറ്റായും വ്യാഖ്യാനിക്കുന്നവരുണ്ട്. എല്ലാം സ്വാഭാവികവും ശാസ്ത്രീയവുമായി വ്യാഖ്യാനിക്കാനുള്ള ശ്രമം ഇസ്രായേൽ ജനത്തിനു ലഭിച്ച ദൈവാനുഭവം സ്വന്തമാക്കാൻ സഹായിച്ചെന്നു വരില്ല. ദൈവമാണ് അത്ഭുതകരമായി തങ്ങളെ നയിച്ചത് എന്ന അവരുടെ ബോധ്യമാണ് ഇവിടെ പ്രധാനം.

## 2. കടൽ കടക്കൽ 14, 1–31

ജലപ്രളയത്തിന്റെ വിവരണത്തിൽ കണ്ടതുപോലെ ഇവിടെയും രണ്ടു വ്യത്യസ്ത വിവരണങ്ങൾ കൂട്ടിയോജിപ്പിച്ചിട്ടുണ്ടെന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

5-7. 10-14. 19-20. 21 b 24-25. 27 b. 30-31 വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയായി കരുതപ്പെടുന്നു. ഈ വിവരണം അനുസരിച്ച് ഇസ്രായേൽക്കാർ ഒളിച്ചോടുന്ന പ്രതീതിയാണ് ലഭിക്കുക. നാടുവിട്ടുപോയ ഇസ്രായേൽക്കാരെ അനുധാവനം ചെയ്ത ഈജിപ്തു സൈന്യം കടൽത്തീരത്തേക്കു യാത്ര ചെയ്തു കൊണ്ടിരുന്ന ഇസ്രായേൽക്കാരുടെ അടുത്തെത്തി. ഭയവിഹ്വലരായ ഇസ്രായേൽക്കാർ കർത്താവിനെ വിളിച്ചപേക്ഷിക്കുകയും മോശയ്ക്കെതിരേ കുറ്റാരോപണങ്ങൾ ചൊരിയുകയും ചെയ്ത

പ്പോൾ മോശ വിശ്വാസത്തിൽ ഉറച്ചു നിന്നു കൊണ്ട് അവർക്കു ധൈര്യം പകർന്നു. കർത്താവിന്റെ ദുതനും മേഘവും ഇസ്രായേൽക്കാരുടെ മുമ്പിൽ നിന്നു പിമ്പിലേക്കു മാറിയപ്പോൾ ഈജിപ്തുകാർ ഇരുട്ടിലായി. രാത്രി മുഴുവൻ വീശിയ കിഴക്കൻ കാറ്റ് കടലിനെ പിറകോട്ടു മാറ്റി. കർത്താവ് ഈജിപ്തുകാരെ പരിഭ്രാന്തരാക്കി. അവരുടെ രഥചക്രങ്ങൾ ചളിയിൽ താണു. കർത്താവു തങ്ങൾക്കെതിരേ യുദ്ധം ചെയ്യുനനു എന്നു മനസ്സിലാക്കിയ ഈജിപ്തുകാർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷേ പ്രഭാതമായപ്പോഴെക്കും കടൽ പൂർവ്വസ്ഥിതിയിലായി. അതിനു മധ്യത്തിലേക്കു പാഞ്ഞ ഈജിപ്തുകാർ കടൽതീരത്തു മരിച്ചു കിടക്കുന്നതാണ് ഇസ്രായേൽക്കാർ കണ്ടത്. കർത്താവിന്റെ പ്രവത്തിയാണിതെന്നു മനസ്സിലാക്കിയ ജനം കർത്താവിൽ വിശ്വസിച്ചു.

ഇതിൽനിന്നു, പലതുകൊണ്ടും വ്യത്യസ്തമാണ് പുരോഹിതരചനയായ 1-4.8-9. 15-18. 21 a 22-23. 26-27 a 28-29 വാക്യങ്ങളിലെ വിവരണം. ഈജിപ്തിൽ നിന്നു ബഹിഷ്കൃതരായ ഇസ്രായേൽക്കാർ വഴിമാറിയതും കടലിനടുത്തു പാളയമടിച്ചതും ഫറവോയെ കബളിപ്പിക്കാൻ വേണ്ടി കർത്താവ് മനഃപൂർവ്വം ആജ്ഞാപിച്ചതനുസരിച്ചാണ്. ഈജിപ്തുകാർ അടുത്തെത്തിയപ്പോൾ കടലിനുമീതെ കൈനീട്ടി അതിനെ വിഭജിച്ച് വഴിയൊരുക്കാൻ കർത്താവ് മോശയോട് ആജ്ഞാപിച്ചു. ഈജിപ്തുകാർ പിന്തുടരുന്നതും കടലിൻ നടുവിൽ വച്ചു നശിപ്പിക്കപ്പെടുന്നതും അങ്ങനെ കർത്താവ് ആരാണെന്ന് അവർ മനസ്സിലാക്കുന്നതും ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ്.

രണ്ടു വിവരണങ്ങളും വ്യത്യസ്തമായ രീതിയിലാണെങ്കിലും ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്താൽ ഇസ്രായേൽക്കാർ തങ്ങളെ അനുധാവനം ചെയ്ത ഈജിപ്തുകാരിൽ നിന്ന് എന്നേക്കുമായി രക്ഷപ്പെടുന്നതാണ് ചിത്രീകരിക്കുന്നത്. രണ്ടുംകൂടി കൂട്ടി യോജിപ്പിച്ചപ്പോൾ വളെ നാടകീയവും ദൈവശാസ്ത്രപരവുമായ ആഴമേറിയ ഉൾക്കാഴ്ചകൾ നല്കുന്നതുമായ ഒരു വിവരണം ലഭിച്ചിരിക്കുന്നു. പിന്നിലുള്ള പാരമ്പര്യങ്ങളെക്കാൾ ഇന്നു ലഭിച്ചിരിക്കുന്ന വിവരണമാണ് പ്രധാനം.

വ്യക്തമായ ലക്ഷ്യത്തോടെ ദൈവം ആസൂത്രണം ചെയ്ത പദ്ധതിയാണ് ഇവിടെ നടപ്പിലാക്കുന്നത്. അടിമകളെ മോചിപ്പിക്കുകയും അവരെ അടിമകളാക്കി വച്ചുകൊണ്ടിരുന്നവരെ തകർക്കുകയും ചെയ്യുന്നതിലൂടെ തന്റെ ശക്തിയും മഹത്വും വിമോചകൻ എന്ന സ്വഭാവവും വെളിപ്പെടുത്തുക എന്നതാണ് ആ പദ്ധതി. എന്നാൽ ഒളിച്ചോടുന്ന അടിമകൾക്കോ, അനുധാവനം ചെയ്യുന്ന ഉടമകൾക്കോ അതിനെക്കുറിച്ച് അറിവില്ല. അടി

മകളുടെ നേതാവായ മോശയ്ക്ക് ദൈവംതന്നെ അതു വെളിപ്പെടുത്തുകയും മോശ ജനത്തിനു വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്യുമ്പോഴാണ് അവർ കർത്താവിനെയും അവിടുത്തെ പദ്ധതിയെയും മനസ്സിലാക്കുകയും കർത്താവിൽ വിശ്വസിക്കുകയും ചെയ്യുന്നത്.

1-4 വാക്യങ്ങൾ കർത്താവ് മോശയ്ക്ക് തന്റെ പദ്ധതി വെളിപ്പെടുത്തുന്നതായി വിവരിക്കുന്നു. ഇസ്രായേൽക്കാർ വഴിതെറ്റി മരുഭൂമിയിൽ അലയുകയാണെന്ന് ഫറവോയെ ധരിപ്പിക്കുകയാണ് വഴിമാറാൻ കല്പിക്കുന്നതിനു കാരണം. കഠിനചിത്തനാക്കും, കഠിനചിത്തനാക്കി എന്ന പ്രസ്താവന 4, 8, 17 വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട്. ഇതിന്റെ അർത്ഥം നാം കണ്ടു കഴിഞ്ഞതാണ് (P 31) ആരാണ് കർത്താവ് എന്നു വെളിപ്പെടുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം എന്ന് 4-18 വാക്യങ്ങളിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു.

5-9 വാക്യങ്ങൾ ഫറവോയുടെയും സേവകരുടെയും മേൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കർത്താവിന്റെ പദ്ധതിയാണെന്ന് അറിഞ്ഞുകൊണ്ടല്ല അവർ ഇസ്രായേൽക്കാരെ അനുധാവനം ചെയ്യാൻ തീരുമാനിക്കുന്നത്. കൂലിയില്ലാതെ വേല ചെയ്യുന്ന അടിമകൾ നഷ്ടപ്പെട്ടതിലുള്ള മനസ്താപവും അവരെ തിരിച്ചു പിടിക്കാനുള്ള ആഗ്രഹവുമാണ് സൈന്യസമേതം പിന്തുടരാൻ അവരെ പ്രേരിപ്പിച്ചത്. ദൈവത്തിന്റെ പദ്ധതിയും മുന്നറിവും മനുഷ്യന്റെ സ്വാതന്ത്ര്യം നശിപ്പിക്കുകയോ ഉത്തരവാദിത്വം ഇല്ലാതാക്കുകയോ ചെയ്യുന്നില്ല എന്ന് ഇതിൽ നിന്നു കാണാം.

10-14 വാക്യങ്ങൾ ജനത്തിന്റെ പദ്ധതിയും മോശയുടെ മറുപടിയും രേഖപ്പെടുത്തുന്നു. ഈജിപ്തുസൈന്യത്തെ കണ്ട ഇസ്രായേൽക്കാർ ഭയന്നു വിറച്ചു. അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചെങ്കിലും രക്ഷ കിട്ടും എന്ന വിശ്വാസം അവർക്കുണ്ടായിരുന്നില്ല. വിശ്വാസത്തിന്റെ പാതയിൽ ഇനിയും ബഹുദൂരം അവർ യാത്ര ചെയ്യേണ്ടതുണ്ട്. മോശയ്ക്കെതിരെയുള്ള ആരോപണങ്ങളിൽ അടിമത്തത്തിൽ ആണ്ടുപോയ മനസ്സിന്റെ ബലഹീനതയും സ്വാർത്ഥതയും മുഴുവൻ പ്രകടമാകുന്നു. സ്വാതന്ത്ര്യത്തിന്റെ വില കൊടുക്കാൻ അവർ ഇനിയും പ്രാപ്തരല്ല. മരണത്തേക്കാൾ അടിമത്തമാണ് അവർക്കിഷ്ടം. ഇപ്രകാരമുള്ള വിലാപങ്ങളും പരാതികളും വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രാമധ്യേ അനേകം തവണ ആവർത്തിക്കപ്പെടും. സാമ്പത്തികവും രാഷ്ട്രീയവുമായ വിമോചനത്തേക്കാൾ ക്ലേശകരമാണ് മാനസീകമായി വിമോചനം.

വിമോചനത്തിന്റെ പാതയിൽ സമർത്ഥമായ നേതൃത്വം ആവശ്യമാണ്. വിമോചകനായ ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസമാണ് നേതാ

വിന് ഏറ്റം ആവശ്യമായ ഗുണം. കർത്താവ് എന്താണ് ചെയ്യാൻ പോകുന്നത് എന്നു മോശയ്ക്കും നിശ്ചയമില്ല. പക്ഷേ ഇതുവരെ നയിച്ചവൻ ഇനിയും നയിക്കും എന്നും വഴി മുട്ടുന്നിടത്ത് പുതിയ വഴി തുറക്കും എന്നും അദ്ദേഹം വിശ്വസിച്ചു. "കർത്താവു യുദ്ധം ചെയ്തുകൊള്ളും" എന്ന പ്രസ്താവന ഇവിടെ വിവരിക്കുന്ന സംഭവത്തെ ഒരു യുദ്ധമായി ചിത്രീകരിക്കുന്നു. 25-ാം വാക്യത്തിൽ ഈ ആശയം വീണ്ടും ആവർത്തിക്കുന്നുണ്ട്. അടിമകൾക്കു വിടുതൽ നല്കാൻ വേണ്ടി ഉടമകൾക്കെതിരേ ദൈവം ചെയ്യുന്ന യുദ്ധമാണിത്.

15-18 വാക്യങ്ങൾ വീണ്ടും കർത്താവിന്റെ വാക്കുകളിലേക്കു ശ്രദ്ധ തിരിക്കുന്നു. നേതാവ് കർത്താവിന്റെ മുമ്പിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നാൽ മാത്രം പോരാ, അനുയായികളെ മുന്നോട്ടു നയിക്കുകയും ചെയ്യണം. വിഭാവനം ചെയ്യാൻ പോലും സാധ്യമല്ലാത്തൊരു കാര്യമാണ് കർത്താവ് മോശയോട് ആവശ്യപ്പെടുന്നത്. കടലിനു മീതെ വടി നീട്ടി അതിനെ വിഭജിക്കുക. 4-ാം വാക്യത്തിൽ പറഞ്ഞ കാരംയ തന്നെ വീണ്ടും 17-18 വാക്യങ്ങളിൽ ആവർത്തിച്ചു കൊണ്ട് ഈ സംഭവത്തിന്റെ മുഴുവൻ അർത്ഥം വ്യക്തമാക്കുന്നു.

19-21 വാക്യങ്ങൾ കർത്താവു നല്കിയ താൽക്കാലിക സംരക്ഷണം വിവരിക്കുന്നു. കർത്താവു തന്നെയാണ് ബലഹീനരായ അടിമകളെ ശക്തരായ ഉടമകളിൽ നിന്നു സംരക്ഷിക്കുന്നത്. കടലിൽ വഴി തെളിഞ്ഞതിനു രണ്ടു വിശദീകരണങ്ങൾ നല്കിയിരിക്കുന്നു. ശക്തമായ വേലിയിറക്കത്തിൽ വെള്ളം പിൻവലിയുന്നതിന്റെ ചിത്രമാണ് ഒന്ന്. കടലിലുണ്ടായ ഭൂമി കുലുക്കത്തിന്റെ ഫലമായി വെളംളം ഇരുവശത്തേക്കും മാറി കര പ്രത്യക്ഷപ്പെടുന്നതിന്റെ ചിത്രമാണ് മറ്റേത്. സ്വാഭാവിക കാരണങ്ങളാൽ സംഭവിച്ചതായിരിക്കാമെങ്കിലും മറ്റു മഹാമാരികളിൽ എന്നതുപോലെ ഇവിടെയും ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനം ദൃശ്യമാണ്.

22-25 വാക്യങ്ങൾ ഇസ്രായേൽക്കാർക്കു രക്ഷാകരവും ഈജിപ്തുകാർക്കു ശിക്ഷാകരവുമായ പ്രവൃത്തിയെ വിവരിക്കുന്നു. അടിമകൾ നിർബാധം കടന്നുപോയപ്പോൾ പിന്തുടർന്ന ഉടമകളെ ദൈവം പരിഭ്രാന്തരാക്കി. 10-ാം വാക്യത്തിൽ ഈജിപ്തുകാരെ കണ്ട ഇസ്രായേൽക്കാർ ഭയവിഹ്വലരായി. ഇവിടെ ഈജിപ്തുകാരെ ദൈവം തന്നെയാണ് ഭയക്രാന്തരാക്കുന്നത്. രഥചക്രങ്ങ്ഹൾ ചളിയിൽ താഴ്ത്തിയതും ദൈവം തന്നെയാണ്. തങ്ങളിൽ നിന്നു രക്ഷപ്പെട്ടോടിയ ഇസ്രായേൽക്കാരെ പിന്തുടർന്നു പിടിക്കാൻ ശ്രമിച്ച ഈജിപ്തുകാർ ഇപ്പോൾ അവരിൽ നിന്നു ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു. കാരണം ദൈവം തങ്ങൾക്കെതിരേ അവരുടെ പക്ഷം

ചേർന്നിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കി.

26-31 വാക്യങ്ങൾ ഈജിപ്തുകാരുടെ നാശവും രക്ഷപ്പെട്ട ഇസ്രാ യേൽക്കാരുടെ വിശ്വാസവും രേഖപ്പെടുത്തുന്നു. ''ജനം കർത്താവിനെ ഭയപ്പെട്ടു. കർത്താവിനേയും അവിടുത്തെ ദാസനായ മോശയേയും വിശ്വ സിക്കുകയും ചെയ്തു'' എന്ന പ്രസ്താവന ഈ സംഭവത്തിന്റെ ഉപസം ഹാരമാണ്. ദൈവഭയവും ദൈവവിശ്വാസവും ജനിപ്പിക്കുക എന്നതാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ലക്ഷ്യം.,

പുറപ്പാടും സൃഷ്ടിയും : കടലിനെ വിഭജിക്കുന്നതും ജനം കടൽ കടക്കു ന്നതും പുരോഹിത രചനയിൽ മാത്രമേ വിവരിക്കുന്നുള്ളൂ എന്നതു ശ്രദ്ധേ യമത്രേ. ഉൽപത്തി ഒന്നാം അധ്യായത്തിലെ സൃഷ്ടിയുടെ വിവരണവും പുരോഹിത ഗ്രന്ഥകാരന്റേതാണ്. കടലാകുന്ന ഭീകരജന്തുവിനെതിരേ യുള്ള യുദ്ധമായി സൃഷ്ടകർമ്മത്തെ വിവരിക്കുന്ന പല പുരാണകഥക ളുമായി ആ വിവരണത്തിനുള്ള സാമ്യവും നാം കണ്ടു കഴിഞ്ഞു. അതേ ശൈലിയിലാണ് പുരോഹിതഗ്രന്ഥകാരൻ ഇവിടെ കടൽവിഭജനം വിവരി ക്കുന്നത്. സൃഷ്ടിയും വിമോചനവും പരസ്പരം അഭേദ്യം ബന്ധപ്പെട്ടിരി ക്കുന്നു. എങ്ങും മുറ്റി നിന്ന ജലം വിഭജിച്ച വരണ്ട കര പ്രത്യക്ഷപ്പെടു ത്തിയവൻ തന്നെയാണ് കടലിനു നടുവേ കടന്നുപോകാൻ വഴി തെളിച്ച ത്.

**വിചിന്തനം** : ഫറവോയുടെ സൈന്യത്തിനും കടലിനും മധ്യേ നിന്നു നില വിളിച്ച ഇസ്രായേൽ ജനത്തിനു മുമ്പിൽ ദൈവം കടലിൽ വഴി തുറന്നു, അവരോടുകൂടെ കടലിൻ നടുവേ നടന്നു. ആധുനീക ഫറവോമാരേയും അവരുടെ രഥങ്ങളേയും നിരായുധരായി നേരിടുന്ന പാവങ്ങൾക്കു വേണ്ടി ഇന്നും കടലിൽ ദൈവം വഴി തുറക്കുന്നു. ലോകത്തെമ്പാടും നടക്കുന്ന പാവങ്ങളുടെ വിമോചന സമരങ്ങളിൽ കർത്താവ് അവരോടു കൂടെയു ണ്ട്. ഓരോ സ്വേഛാധിപതിയുടെയും മർദ്ദകസംവിധാനത്തിന്റെയും തകർച്ചയിൽ വിമോചകനായ ദൈവത്തിന്റെ കാലൊച്ച കേൾക്കാം.

പുറപ്പാടു സംഭവത്തിലെ കടൽകടക്കൽ യേശുവിന്റെ മരണത്തി ന്റെയും ുത്ഥാനത്തിന്റെയും, അതിൽ വിശ്വാസികൾ പങ്കുചേരുന്ന വിമോ ചനത്തിന്റെ കൂദാശയായ മാമ്മോദീസായുടെയും പ്രതീകമായിരുന്നു (ലൂക്കാ 12, 50, കൊറി 10 1-5; റോമാ 6, 3-11). അടിമത്തത്തോടു വിട പറ ഞ്ഞവർ പുതിയ ജീവിതം നയിക്കാൻ കടപ്പെട്ടിരിക്കുന്നു.

### 3. സ്തോത്ര ഗാനം 15, 1-21

''മോശയുടെ കീർത്തനം'' (വെളി 15, 3) എന്നറിയപ്പെടുന്ന ഇത്

ബൈബിളിലെ ഏറ്റം പുരാതനമായൊരു ഗാനമായി കരുതപ്പെടുന്നു. ദെബോറായുടെ കീർത്തനവുമായി ഇതിന് അടുത്ത സാമ്യമുണ്ട്. ദെബോറായിലൂടെ ഇസ്രായേൽ ജനത്തിന് ദൈവം യുദ്ധത്തിൽ നേടക്കൊടുത്ത വിജയമാണ് ന്യായാ 5ൽ പ്രകീർത്തിക്കുന്നത്. അതുപോലെ മോശുയുടെ കീർത്തനവും ഒരു വിജയകീർത്തനമായി കരുതുന്നവരുണ്ട്. എന്നാൽ ഈ കീർത്തനത്തിൽ മോശയുടെ യാതൊരു പങ്കും പരാമർശവിഷയമാകുന്നില്ല. ഈജിപ്തുകാരെ കർത്താവ് യുദ്ധത്തിൽ തോല്പ്പിച്ചതിന്റെ സൂചനകൾ ഇതിലുണ്ടെങ്കിലും ഒരു വിജയഗാനം എന്നതിനേക്കാൾ മഹത്തായ രക്ഷാകര പ്രവൃത്തിയെക്കുറിച്ച് ദൈവത്തെ സ്തുതിക്കുന്ന ഒരു സ്തോത്ര ഗാനമാണിത്.

14, 31ൽ "ജനം കർത്താവിനെ ഭയപ്പെട്ടു. കർത്താവനെയും അവിടുത്തെ ദാസനായ മോശയേയും വിശ്വസിക്കുകയും ചെയ്തു" എന്ന പ്രസ്താവനയോടെയാണ് കടലിലെ അത്ഭുതത്തിന്റെ വിവരണം ഉപസംഹരിക്കുന്നത്. ആ വിശ്വാസം വിശദമായി ഏറ്റു പറഞ്ഞ് കർത്താവിനെ സ്തുതിക്കുകയാണ് ഈ കീർത്തനത്തിൽ ചെയ്യുന്നത്. കടലിൽ വച്ചു നടന്ന അത്ഭുതത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചു കൊണ്ട് ജനം നല്കുന്ന മറുപടിയാണിത്. ഇതുവരെ നാം കണ്ടത് ഗദ്യരൂപത്തിലുള്ള വിവരണമായിരുന്നു. എന്നാൽ ഇവിടെ പദ്യരൂപത്തിലുള്ള പ്രകീർത്തനമാണുള്ളത്. പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള നാലു പാരമ്പര്യങ്ങളെയുംകാൾ പുരാതനമാണ് ഈ കീർത്തനം എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പെസഹാ ആഘോഷത്തിന്റെ ഭാഗമായി ആണ്ടുതോറും ആലപിച്ചിരുന്ന ഒരു കീർത്തനമായി ഇതു കരുതപ്പെടുന്നു. ബി.സി. 13-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണ് ഈ ഗാനം എന്ന് ഭാഷാവിദഗ്ദ്ധന്മാർ കരുതുന്നു. മോശതന്നെയാണ് ഇതിന്റെ കർത്താവ് എന്നു കരുതുന്നവരുണ്ട്. എന്നാൽ 13-18 വാക്യങ്ങളിൽ കാനാൻ കീഴടക്കുന്നതിനെക്കുറിച്ചു പരാമർശിക്കുന്നതിനാൽ ജോഷ്വായുടെ കാലത്തായിരിക്കും ഈ ഗാനം ഇന്നത്തെ രൂപത്തിൽ പൂർണ്ണമായത്. 21-ാം വാക്യം ഇതിനെ മിരിയാമിന്റെ കീർത്തനമായി അവതരിപ്പിക്കുന്നു എന്നതും ശ്രദ്ധേയമത്രേ. മോശ തുടങ്ങി വച്ചതും പില്ക്കാലത്തു പൂർത്തിയാക്കപ്പെട്ടതും ആണ് ഈ ഗാനം എന്ന് ന്യായമായും അനുമാനിക്കാം.

കാനാൻകാരുടെ നവവത്സരാഘോഷവുമായി ബന്ധപ്പെട്ട ഒരു കീർത്തനത്തിന്റെ മാതൃകയിലാണ് ഈ ഗാനം രചിച്ചിരിക്കുന്നത് എന്നു കരുതുന്നവരുണ്ട്. ഫലപുഷ്ടിയുടെ ദേവനായ ബാൽ കടൽ ദേവതയായ

യാമിനെ (Yam) യുദ്ധത്തിൽ തോല്പിച്ച് രാജാവായി സിംഹാസനാരോഹണം ചെയ്യുന്നതാണ് കാനാൻകീർത്തനത്തിന്റെ ഇതിവൃത്തം. യാഹ്വേ ഈജിപ്തുകാരെ കടലിൽവച്ച് യുദ്ധത്തിൽ തോല്പിച്ച് രാജാവായി വാഴുന്നതാണല്ലോ മോശയുടെ കീർത്തനത്തിൽ പ്രതിപാദിക്കുന്നക്. പൊതുവായ ഘടനയിൽ സാമ്യമുണ്ടെങ്കിലും ഇസ്രായേൽ ജനത്തിന്റെ വിശ്വാസത്തനിമ പ്രകടിപ്പിക്കുന്നതാണ് മോശയുടെ കീർത്തനം. തിരുനാളുകളുടെ കാര്യത്തിലെന്നപോലെ ഇവിടെയും സാംസ്കാരികാനുരൂപണത്തിന്റെ മാതൃക കാണാം.

**ഘടന** : കീർത്തനത്തിന്റെ ഉത്ഭവവും സ്വഭാവവും വിവരിക്കുന്ന ശീർഷകത്തിനു ശേഷം (15, ia) കർത്താവിനെ സ്തുതിക്കാനുള്ള ഗായകന്റെ തീരുമാനവും ഇതിന്റെ കാരണവും ആമുഖമായി (15, lb) അവതരിപ്പിച്ചിരിക്കുന്നു. ഇതേ വാക്കുകൾ തന്നെ ഉപസംഹാരം എന്ന പോലെ 15, 21ൽ മിരിയാമിന്റെ വാക്കുകളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ചട്ടക്കൂടുപോലെ വർത്തിക്കുന്ന ഈ രണ്ടു വാക്യങ്ങൾക്കു മധ്യേയുള്ള കീർത്തനം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. 2-12 വാക്യങ്ങൾ കടലിൽ വച്ചു കർത്താവു നേടിയ വിജയത്തെ പ്രകീർത്തിക്കുന്നു. 13-18 വാക്യങ്ങൾ ഇസ്രായേൽ ജനത്തെ വാഗ്ദത്തഭൂമിയിലേക്കു നയിച്ച് അവിടെ കുടിയിരുത്തിയതിന്റെ വർണ്ണനയാണ്. "കർത്താവ് എന്നേക്കും രാജാവായി വാഴും" എന്ന പ്രസ്താവനയോടെയാണ് ഇതവസാനിക്കുന്നത്. 19-20 വാക്യങ്ങൾ ഗദ്യരൂപത്തിൽ പുറപ്പാടു സംഭവത്തെ ചുരുക്കമായി വിവരിച്ചുകൊണ്ട് കീർത്തനത്തിന്റെ സാഹചര്യം വിശദമാക്കുന്നു. "ഞാൻ കർത്താവിനെ സ്തുതിക്കും" എന്ന വാക്കുകൾ കൊണ്ട് ആരംഭിച്ച കീർത്തനം "കർത്താവിനെ സ്തുതിക്കുവിൻ" എന്ന ആഹ്വാനവുമായാണ് അവസാനിക്കുന്നത്.

**കർത്താവിനു സ്തുതി** : മോചനം ലഭിച്ച ഇസ്രായേൽ ജനത്തിന്റെ കാഴ്ചപ്പാടിൽ നിന്നാണ് ഈ കീർത്തനം രചിച്ചിരിക്കുന്നത്. എന്നാൽ കടലിൽ മുങ്ങിമരിച്ച ഈജിപ്തുകാരും ദൈവമക്കളല്ലേ? ഒരു കൂട്ടം ആളുകളുടെ നാശത്തിൽ വേറൊരു കൂട്ടം ആളുകൾ കർത്താവിനെ സ്തുതിക്കുന്നത് എങ്ങനെ ന്യായീകരിക്കാനാവും? ചിന്തിക്കുന്ന സകലരേയും അലട്ടുന്ന ഈ പ്രശ്നം ഇസ്രായേലിലെ ആചാര്യന്മാരേയും ചിന്താക്കുഴപ്പത്തിലാക്കിയിരുന്നു.

വിമോചകനായ ദൈവത്തിന്റെ ശക്തിയാണ് ചെങ്കടലിൽ പ്രത്യക്ഷമായത്. പക്ഷേ, ആ ശക്തിപ്രകടനത്തിൽ ഒരുപറ്റം മനുഷ്യർ കൊല്ലപ്പെട്ടു. മർദ്ദിതരെ മോചിപ്പിക്കുകയും മർദ്ദകരെ ശിക്ഷിക്കുകയും ചെയ്യുക

ദൈവികനീതിയാണ്. പക്ഷേ, ദൈവം കരുണയുള്ളവനല്ലേ? നീതിയും കരുണയും എപ്രകാരം ദൈവത്തിൽ ഒന്നിച്ചിരിക്കുന്നുവെന്നത് മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യമായ രഹസ്യമാണ്. യേശുവിന്റെ കുരിശിൽ നിന്നു മാത്രമേ ഈ രഹസ്യത്തിലേക്ക് അല്പമെങ്കിലും പ്രകാശം ലഭിക്കുകയു ള്ളു. അനുതപിക്കാതെ അവസാനംവരെ തിന്മയിൽ തുടരുന്നവർ നിത്യ നാശത്തിന് ഇരയായിത്തീരും എന്നു സംശയലേശമെന്യേ പുതിയ നിയ മവും പഠിപ്പിക്കുന്നുണ്ട് (മത്തായി 25, 41; ലൂക്കാ 13, 27-28; വെളി 20, 15) അനുതപിക്കാത്തവർക്കു ലഭിക്കുന്ന ശിക്ഷയുടെ ഒരു മുന്നോടിയും പ്രതീ കവുമാണ് കടലിൽ വച്ച് ഈജിപ്തുകാർക്കു ലഭിച്ച ശിക്ഷ. ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുന്നതിന്റെ പേരിൽ കർത്താവിനെ സ്തുതിക്കുന്നത് പ്രതി കാരബുദ്ധിയുടെ പ്രകടനമല്ല; ദൈവനീതിയുടെ പ്രകീർത്തനമാണ്. തിന്മ യിൽ നിന്നു വിട്ടു നടക്കാനുള്ള ആഹ്വാനവും ഈ സ്തുതിപ്പിൽ ഉൾ ചേർന്നിരിക്കുന്നു.

ശക്തിയും സംരക്ഷകനും 2-ാം വാക്യത്തിൽ "കർത്താവ് എന്റെ ശക്തിയും ഗാനവും" എന്നാണ് ഹീബ്രുമൂലപദം. എന്റെ സ്തോത്രഗാന ത്തിന്റെ വിഷയം കർത്താവാണ്. അവിടുന്നാണ് ഗാനമാലപിക്കാൻ എന്നെ ശക്തനാക്കുന്നത് എന്നതാണ് ഇതിന്റെ അർത്ഥം. (സങ്കീ. 118, 14; ഏശ 12, 2). "സംരക്ഷകൻ" എന്നത് ഗ്രീക്കു വിവർത്തനമാണ്. കർത്താവു ചെയ്ത കാര്യങ്ങൾ മാത്രമേ ഇവിടെ പ്രകീർത്തിക്കുന്നുള്ളൂ. മോശയും ജനവും ദൈവം നല്കുന്ന മോചനത്തിന്റെ ഗുണഭോക്താക്കൾ മാത്രമായിട്ടാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ലഭിച്ച മോചനത്തിൽ കർത്താവിനെ സ്തുതി ക്കുക മാത്രമാണ് അവർ ചെയ്യുന്നത്. ദെബോറയുടെ വിജയഗാനത്തിൽ നിന്നും വ്യത്യസ്തമായൊരു കാഴ്ചപ്പാടാണിത്.

**പിതാവിന്റെ ദൈവം** : "എന്റെ ദൈവം" എന്നതിന്റെ വിശദീകരണ മാണിത്. ഇസ്രായേൽ ജനം തലമുറയായി അറിയുകയും ആരാധിക്കു കയും ചെയ്യുന്ന ദൈവമാണ് കടലിൽ പാതയൊരുക്കിയ യാഹ്‌വേ.

യോദ്ധാവ് : ഈജിപ്തിൽ നിന്നുള്ള മോചനത്തെ ഒരു യുദ്ധത്തിന്റെ ശൈലി യിൽ ഇവിടെ അവതരിപ്പിക്കുന്നു. ഇസ്രായേൽക്കാരും ഈജിപ്തുകാരും തമ്മിലല്ല, അടിമകളുടെ ദൈവമായി സ്വയം വെളിപ്പെടുത്തിയ യാഹ്‌വേയും ഈജിപ്തിലെ ദേവന്മാരും തമ്മിലാണ് ഈ യുദ്ധം നടന്നത്. പുറപ്പാട് 12; 14, 25 വാക്യങ്ങളിൽ ഇതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അധർമ്മികളെ ശിക്ഷിച്ച് മർദ്ദിതർക്കു മോചനം നല്കാൻ യോദ്ധാവായി പ്രത്യക്ഷപ്പെടുന്ന ദൈവത്തെക്കുറിച്ച് ഏശ 42, 13; 63, 1-6; വെളി 19, 11-16 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ പരാമർശമുണ്ട്. ധർമ്മ സംസ്ഥാപനത്തിനു വേണ്ടി യുദ്ധ

ത്തിനിറങ്ങുന്ന ദൈവത്തെക്കുറിച്ചുള്ള ഭാരതീയവിശ്വാസം ഇവിടെ ശ്രദ്ധേയമത്രേ. വലത്തുകൈ ശക്തിയുടെ പ്രതീകമാണ്. കോപാഗ്നി, നിശ്വാസം മുതലായവ ആലങ്കാരിക ഭാഷയാണെന്നതു വ്യക്തം.

9-ാം വാക്യത്തിലെ ശത്രുവിന്റെ സ്വാഗതം പാവങ്ങളെ അടമയാക്കുന്ന ശക്തന്മാരുടെ അഹങ്കാരം പ്രകടമാക്കുന്നു. എന്നാൽ ദൈവതിരുമുമ്പിൽ മനുഷ്യന്റെ ശക്തിയും അഹങ്കാരവും എത്ര ബാലിശവും അർത്ഥശൂന്യവുമെന്ന് അടുത്ത വാക്യം വർണ്ണിക്കുന്നു.

ദൈവം ഏകനും അതുല്യനുമാണെന്നത് ഇസ്രായേലിന്റെ അടിസ്ഥാനവിശ്വാസപ്രമാണമാണ്. അവിടുന്നു മാത്രമാണഅ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ എന്ന വിശ്വാസപ്രഖ്യാപനത്തിന് ഇന്നും ഏറെ പ്രസക്തിയുണ്ട്.,

13.17 വാക്യങ്ങളിലെ വിശുദ്ധവസതി, വിശുദ്ധമല, സ്ഥലം, മന്ദിരം എന്നിവ ജറുസലേം ദേവാലയത്തെ അല്ല, വാഗ്ദത്തഭൂമിയെ ആണ് സൂചിപ്പിക്കുന്നത്. ദൈവം തന്റെ ജനത്തോടൊത്ത് വസിക്കാനായി തിരഞ്ഞെടുത്ത കാനാൻദേശമാണത്. ദൈവം ഇസ്രായേൽ ജനത്തെ മോചിപ്പിച്ചത് അവരെ സ്വന്തം ജനമായി സ്വീകരിക്കാനും അവരിലൂടെ ലോകജനതയ്ക്ക് മുഴുവൻ സ്വയം വെളിപ്പെടുത്തുവാനും വേണ്ടിയായിരുന്നു. 14-16 വാക്യങ്ങളിൽ പുറപ്പാടു മുതൽ കാനാൻദേശം കൈയ്യടക്കുന്നതുവരെയുള്ള ചരിത്രം ചുരുക്കമായി വർണ്ണിച്ചിരിക്കുന്നു.

"കർത്താവ് രാജാവായി വാഴുന്നു" എന്നത് പീഡിതർക്കെല്ലാം ആശ്വാസവും പ്രത്യാശയും നല്കുന്ന പ്രഖ്യാപനമാണ്. ഫറവോമാരും അവരുടെ മർദ്ദകസംവിധാനങ്ങളുമല്ല കർത്താവായ ദൈവമാണ് ഭൂമിയുടെ മേൽ ഭരണം നടത്തുന്നത്. അനുഭവത്തിന്റെ അടിത്തറയിൽ ഉറച്ച ഈ വിശ്വാസം വിമോചിതജനത്തെ ഒരു ആരാധനാസമൂഹമാക്കി മാറ്റുന്നു. "എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയക്കുക" എന്നു പലതവണ ആവർത്തിച്ച കല്പന യാഥാർത്ഥ്യമായപ്പോൾ വിമോചിതരായ ജനം ദൈവത്തിന് അർപ്പിച്ച ആരാധനയുടെ ഒരു ഉദാഹരണമാണ് ഈ സ്തോത്രഗാനം. കർത്താവിന്റെ രക്ഷാകരപ്രവൃത്തികൾ അനുഭവിച്ചറിഞ്ഞവരെല്ലാം അവിടുത്തെ സ്തുതിക്കണം എന്ന ആഹ്വാനത്തോടെ കീർത്തനം അവസാനിക്കുന്നു.

**വിചിന്തനം** : ഈജിപ്തിൽ നിന്നുള്ള മോചനം ഇസ്രായേൽക്കാരുടെ വിശ്വാസത്തിന്റെ ഫലമല്ല ദൈവം നല്കിയ സൗജന്യമായ ദാനമാണ്. അത്ഭുതകരമായ ഈ ദാനത്തിന് അവർ നല്കിയ നറുപടിയാണ് വിശ്വാസവും

സ്തോത്രഗാനവും. സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഉച്ചസ്വരത്തിൽ പാട്ടുപാടി കർത്താവിനെ സ്തുതിക്കുന്നത് ഹൃദയത്തിൽ നിറഞ്ഞു തുളുമ്പുന്ന നന്ദിയുടെയും സന്തോഷത്തിന്റെയും കവിഞ്ഞൊഴുകലാണ്. ഇതു തന്നെയാണല്ലോ സഭയുടെ പൊതുവായ ആരാധനയിലെല്ലാം സംഭവിക്കുന്നത്.

## ചോദ്യങ്ങൾ

1. ഈജിപ്തിൽ നിന്നു പുറപ്പെട്ട ഇസ്രായേൽക്കാരെ കർത്താവ് രാജപാതയിലൂടെ നയിക്കാതിരുന്നത് എന്തുകൊണ്ട്?

2. ''ചെങ്കടൽ'' എന്ന വിവർത്തനം ശരിയല്ല. എങ്ങിനെയാണ് ആ പേര് വിവർത്തനം ചെയ്യേണ്ടത്? എന്തിനെയാണ് അതു സൂചിപ്പിക്കുന്നത്?

3. ഇസ്രായേൽക്കാർ കടൽ കടന്നത് എന്തിന്റെ പ്രതീകമാണ്? എപ്രകാരമാണ് അത് ഇന്നു യാഥാർത്ഥ്യമാകുന്നത്?

4. കടൽ കടക്കലിന്റെയും സൃഷ്ടിയുടെയും വിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് പുറപ്പാട് ഒരു പുതിയ സൃഷ്ടിയാണെന്നു സമർത്ഥിക്കുക.

5. മോശയുടെ സ്തോത്രഗാനത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

**ചർച്ചയ്ക്ക്** : സ്വാതന്ത്ര്യത്തിനു വേണ്ട വില കൊടുക്കുന്നതിനേക്കാൾ അടിമത്തത്തിൽ തുടരാൻ താല്പര്യം കാണിക്കുന്ന സാഹചര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ടോ? ഈ സാഹചര്യത്തിൽ പുറപ്പാടു സംഭവത്തിൽ നിന്ന് എന്തു പ്രചോദനമാണ് ലഭിക്കുന്നത്?

**പ്രാർത്ഥന** : നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രത്യേക സംരക്ഷണം അനുഭവവേദ്യമായ ഏതെങ്കിലും ഒരു സംഭവത്തെ അനുസ്മരിച്ച് കർത്താവിനെ സ്തുതിക്കുക.

# II ദൈവജനം

## പുറപ്പാട് 15, 22–40, 38

"എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക" എന്ന കർത്താവിന്റെ കല്പനയിൽ പുറപ്പാടു പുസ്തകത്തിന്റെ രത്നചുരുക്കം കാണാം. "വിട്ടയയ്ക്കുക" എന്ന കൽപന യാഥാർത്ഥ്യമായിത്തീർന്നതിന്റെ ചിത്രമാണ് ആദ്യഭാഗത്ത് വരച്ചുകാട്ടിയത്. വിമോചിതരായ അടിമകളെ ദൈവജനമാക്കി മാറ്റിയതിന്റെ ചരിത്രം അടുത്തു ഭാഗത്തു വിവരിക്കുന്നു. അടിമത്തത്തിൽ നിന്നുള്ള മോചനം തുടക്കം മാത്രമായിരുന്നു. സുദീർഘമായ ഒരു പരിശീലനപ്രക്രിയയിലൂടെയാണ് അവർ ദൈവത്തിന്റെ സ്വന്തം ജനമായി മാറിയത്. ഈ പ്രക്രിയയിലെ നിർണ്ണായകസംഭവമാണ് സീനായ് മലയിൽ വച്ചു നടന്ന ഉടമ്പടി. കർത്താവിന്റെ മലയെ ലക്ഷ്യംവച്ച് മരുഭൂമിയിലൂടെ നടത്തിയ യാത്ര ഉടമ്പടിയ്ക്കുള്ള ഒരുക്കമായിരുന്നു.

ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി തുടരാൻ ആവശ്യമായ നിബന്ധനകൾ ഉടമ്പടിയുടെ പ്രമാണങ്ങളായി അവതരിപ്പിക്കുന്നു. സത്യദൈവമായ യാഹ്വേയെ ആരാധിക്കുന്ന ജനം എന്നതാണ് ഇസ്രായേലിനെ ഇതര ജനതകളിൽ നിന്നു വ്യത്യസ്തമാക്കുന്നത്. ആരാധന സ്വീകരിക്കുന്ന ദൈവം അകലെയല്ല, ജനത്തിന്റെ മദ്ധ്യത്തിലാണ് വസിക്കുന്നത്. തന്റെ വാസസ്ഥലമായി ദൈവം തിരഞ്ഞെടുത്ത കൂടാരത്തിനും അതിൽ അർപ്പിക്കപ്പെടുന്ന ആരാധനയ്ക്കും ഈ ഭാഗത്തു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. പുറപ്പാടു പുസ്തകത്തിന്റെ ഏതാണ്ട് മൂന്നിൽ ഒരു ഭാഗം ആരാധനയെ സംബന്ധിച്ച കാര്യങ്ങളുടെ വിവരണത്തിനായി മാറ്റിവെച്ചിരിക്കുന്നതിൽ നിന്ന് ഈ പ്രാധാന്യം ഗ്രഹിക്കാനാവും. ആരാധനാസമൂഹമായ ദൈവജനത്തിന്റെ രൂപീകരണത്തെ സംബന്ധിച്ച ഈ ഭാഗത്തെ അഞ്ചായി തിരിക്കാം.

1. കർത്താവിന്റെ മലയിലേക്കു യാത്ര 15, 22–18, 27
2. ഉടമ്പടിയും നിയമങ്ങളും 19, 1–24, 18
3. കൂടാരവും സാമഗ്രികളും സംബന്ധിച്ച നിയമങ്ങൾ 25, 1–31, 18
4. വിശ്വാസത്യാഗവും ഉടമ്പടി നവീകരണവും 32, 1–34, 35
5. കൂടാരനിർമ്മാണവും പ്രതിഷ്ഠയും 35, 1–40, 38

## 1. കർത്താവിന്റെ മലയിലേക്കു യാത്ര 15, 22-18, 27

ഈജിപ്തിൽ നിന്ന് കാനാൻ ദേശത്തേക്ക് ഇസ്രായേൽ ജനം നടത്തിയ യാത്രയെ രണ്ടു ഘട്ടമായി തിരിച്ചാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ആദ്യഘട്ടം പുറപ്പാടു പുസ്തകത്തിലും രണ്ടാം ഘട്ടം സംഖ്യാപുസ്തകത്തിലും വിവരിക്കുന്നു. ഒന്നാം ഘട്ടത്തിൽ വിവരിക്കുന്ന സംഭവങ്ങൾ മിക്കതും രണ്ടാം ഘട്ടത്തിലും വിവരിക്കുന്നതിനാൽ ഒരേ സംഭവങ്ങളുടെ രണ്ടു വിവരണങ്ങളാണ് ഇവ എന്നു കരുതുന്നുവരുണ്ട്.

അടിമകളായി കഴിഞ്ഞിരുന്നവർക്ക് അന്തസ്സും ആത്മാഭിമാനവുമുള്ള ഒരു സ്വതന്ത്രജനമായി വളരാൻ ആവശ്യമായ പരിശീലനമാണ് ഈ യാത്രാമധ്യേ ലഭിക്കുന്നത്. ഒരു ജനതയ്ക്ക നില നില്ക്കാനും വളരാനും അവശ്യം ആവശ്യമായ ആഹാരം, ശത്രുക്കളിൽ നിന്നു സംരക്ഷണം, ഭരണസംവിധാനം എന്നിവ യാത്രയുടെ രണ്ടു ഘട്ടങ്ങളിലും പരാമർശവിഷയമാകുന്നു. രണ്ടു ഘട്ടങ്ങളിലും ജനത്തിന്റെ പരാതികൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പരാതിയുടെ കാരണവും അതിനു ദൈവം നല്കുന്ന മറുപടിയും വ്യത്യസ്തമത്രേ. ആദ്യഭാഗത്തെ പരാതികൾ എല്ലാം തികച്ചും ന്യായമായ കാരണങ്ങളാൽ പ്രേരിതമാണ്. ആവശ്യങ്ങൾ പരിഹരിച്ചുകൊണ്ട് ദൈവം മറുപടി നല്കുന്നു. എന്നാൽ രണ്ടാം ഘട്ടത്തിലെ പരാതികൾക്ക് ന്യായീകരണമോ വിശദീകരണമോ നല്കുന്നില്ല. പലതും സ്വാർത്ഥമോഹങ്ങളും ദുരാഗ്രഹങ്ങളും വെളിപ്പെടുത്തുകയും ചെയ്യുന്നു. കഠിനമായി ശിക്ഷിച്ചുകൊണ്ടാണ് ദൈവം അവയ്ക്കു പ്രത്യുത്തരം നല്കുന്നത്.

മരുഭൂമിയിലൂടെയുള്ള യാത്രയെ കുറിച്ച് രണ്ടു കാഴ്ചപ്പാടുകൾ ബൈബിളിലുണ്ട്. ദൈവത്തിന്റെ അചഞ്ചലമായ സ്നേഹവും നിരന്തരമായ സംരക്ഷണവും ജനം അനുഭവിച്ചറിയുകയും നിരുപാധികവും സമ്പൂർണ്ണവുമായ അനുസരണത്തിലൂടെ മറുപടി നല്കുകയും ചെയ്ത മാതൃകാപരമായ കാലഘട്ടമായിരുന്നു ഈ യാത്രയുടെ കാലം എന്നത് ഒരു കാഴ്ചപ്പാട് (ഹോസി 2, 15; ഡറെ 2, 2). നേരെ മറിച്ച്, ദൈവം ജനത്തെ പരീക്ഷിക്കുകയും ജനം കർത്താവിനെ ധിക്കരിക്കുകയും ചെയ്ത അവിശ്വസ്തതയുടെ കാലഘട്ടമായി ഇതിനെ ചിത്രീകരിക്കുന്ന ബൈബിൾ ഭാഗങ്ങളും ഏറെയുണ്ട് (എസെ. 20, 13; സങ്കീ. 78, 17-37). ആദ്യത്തെ കാഴ്ചപ്പാടിന് യാത്രയുടെ ഒന്നാം ഘട്ടത്തിലും രണ്ടാമത്തേതിന് രണ്ടാം ഘട്ടത്തിലും കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു.

ദൈവജനം മുഴുവന്റെയും, ഓരോ മനുഷ്യവ്യക്തിയുടെയും ജീവതത്തിന്റെ പ്രതീകമായി മരുഭൂമിയിലൂടെയുള്ള യാത്രയെ കാണാം. ദൈവ

ത്തിന്റെ സംരക്ഷണത്തിൻ കീഴിൽ ദൈവരാജ്യം ലക്ഷ്യം വച്ചു നടത്തുന്ന യാത്രമാണ് മനുഷ്യജീവിതം. ആ യാത്രാമധ്യേ പ്രലോഭനങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. സ്വാർത്ഥ മോഹങ്ങൾ ലക്ഷ്യത്തിൽനിന്നു വ്യതിചലിപ്പിക്കാൻ പ്രേരിപ്പിക്കും. സ്വാതന്ത്ര്യത്തിലേക്കുള്ള ക്ലേശപൂർണ്ണമായ പ്രയാണത്തേക്കാൾ അടിമത്തത്തിന്റെ സുരക്ഷിതത്വം കൂടുതൽ അഭികാമ്യമായി പ്രത്യക്ഷപ്പെടും. ഇസ്രായേൽ ജനത്തിനു മരുഭൂമിയിൽ വച്ചു ലഭിച്ച പലിശീലനം ഈ സാഹചര്യങ്ങളിലെല്ലാം മാർഗ്ഗദർശകമായി നിലകൊള്ളുന്നു.

കർത്താവിന്റെ മലയിലേക്കുള്ള യാത്രയുടെ വിവരണം അഞ്ചായി തിരിച്ചിരിക്കുന്നു. 1. സൗഖ്യദായകനായ ദൈവം. 2. ആഹാരം നല്കുന്ന ദൈവം. 3. പാറയിൽ നിന്നു ജലം. 4. ശത്രുക്കളിൽ നിന്നു സംരക്ഷണം. 5. മോശയും ജെത്രോയും.

## 1. സൗഖ്യദായകനായ ദൈവം 15, 22-27 (J)

കടൽ കടന്ന് മരുഭൂമിയിലേക്കു പ്രവേശിച്ച ജനം നേരിട്ട ആദ്യത്തെ പ്രതിസന്ധിയാണ് ഇവിടെ വിവരിക്കുന്നത്. ജലം എവ്ടെ കണ്ടെത്താൻ കഴിയും എന്ന് അറിയുന്നവർക്കേ മരുഭൂമിയിലൂടെ വഴികാട്ടിയാകാൻ അവകാശമുള്ളൂ. മൂന്നു ദിവസം നടന്നിട്ടും ജലം കണ്ടെത്താതിരുന്നതും അവസാനം കണ്ടെത്തിയത് കുടിക്കാൻ കൊള്ളാത്തവിധം അരുചികരമായും ജനം മോശയ്ക്കെതിരെ ശബ്ദമുയർത്താൻ തക്കതായ കാരണമാണ്. കയ്പുള്ളത് എന്നാണ് "മാറാ" എന്ന പദത്തിന്റെ അർത്ഥം. കുടിവെള്ളം കിട്ടാത്തതിന്റെ പേരിൽ ജനം പരാതിപ്പെടുന്നതിന്റെ രണ്ടു വിവരണങ്ങൾ കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. (പുറ. 17, 1-7; സംഖ്യ 20, 1-13).

ജനത്തിന്റെ ന്യായമായ പരാതിയും മോശയുടെ മധ്യസ്ഥപ്രാർത്ഥനയും ശ്രവിച്ച ദൈവം ജലത്തിന്റെ കയ്പു മാറ്റാൻ മാർഗ്ഗം നിർദ്ദേശിച്ചു. ജലത്തിന്റെ അരുചി മാറ്റാൻ മാർഗ്ഗം നിർദ്ദേശിച്ചു. ജലത്തിന്റെ അരുചി മാറ്റാൻ കഴിവുള്ള ചില ചെടികളെക്കുറിച്ച് മരുഭൂമിയിൽ വസിക്കുന്ന ബെദുവിൻ വംശജരുടെ ഇടയിൽ വിശ്വാസമുണ്ട്. എന്തു തടിക്കഷ്ണമാണ് കർത്താവു മോശയ്ക്കു കാണിച്ചു കൊടുത്തത് എന്നു വി. ഗ്രന്ഥകാരൻ പറയുന്നില്ല.

ജലത്തിന്റെ കയ്പുമാറ്റാൻ ഉപയോഗിച്ച തടിക്കഷ്ണം അവിടെത്തന്നെ ഉണ്ടായിരുന്നു. ദൈവം കാണിച്ചു കൊടുത്തപ്പോൾ മാത്രമാണ് മോശയ്ക്കു അതു കാണാൻ കഴിഞ്ഞത് (ഉൽപ. 21, 19). ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളുടെ മധ്യേ പ്രാർത്ഥനാപൂർവ്വം കർത്താ

വിലേക്കു തിരിയുമ്പോൾ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കർത്താവ് നമ്മുടെ കണ്ണുകൾ തുറന്നുതരുന്നു. അതുവരെ കാണാൻ കഴിയാതിരുന്നതും ശ്രദ്ധിക്കപ്പെടാതെ പോയതുമായിരിക്കും ഈ പരിഹാരമാർഗ്ഗങ്ങൾ.

ഈ സംഭവത്തിന് 26-ാം വാക്യത്തിൽ നല്കുന്ന വിശദീകരണം നിയമാവർത്തന ഗ്രന്ഥകാരന്റെ രചനയായി കരുതപ്പെടുന്നു. കർത്താവിൽ ആശ്രയിക്കുകയും അവിടുത്തെ കൽപന അനുസരിച്ചു ജീവിക്കുകയും ചെയ്യുമോ എന്നറിയാൻ വേണ്ടി ദൈവം ജനത്തിനു നൽകിയ പരീക്ഷയാണത്രേ മാറായിലെ ജലവം. നിയമാവർത്തനം 28-ാം അധ്യായത്തിലെ അനുഗ്രഹങ്ങളും ശാപങ്ങളും ഈ ആശയം കൂടുതൽ വിശദമാക്കുന്നു. കയ്പ്പുള്ള ജലത്തിനും രോഗിയായ മനുഷ്യനും സൗഖ്യം നൽകുന്നവനാണ് കർത്താവ് എന്ന പ്രഖ്യാപനം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. തന്റെ സൃഷ്ടികളുടെയെല്ലാം സുസ്ഥിതിയാണ് ദൈവം ആഗ്രഹിക്കുന്നത്.

ജലത്തിന്റെ കയ്പു മാറ്റാൻ ുപയോഗിച്ച തടിക്കഷ്ണം മനുഷ്യവർഗ്ഗത്തിന്റെ പാപം പരിഹരിച്ച് ദൈവിക ജീവൻ ലഭ്യമാക്കിയ കുരിശിന്റെ പ്രതീകമായി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചു. അരുചികരമായ ജലം മധുരിച്ചതും മാറായ്ക്കുശേഷം ശുദ്ധജലം സമൃദ്ധമായ ഏലിമിൽ പാളയമടിച്ചതും ജീവിത്തിലുണ്ടാകുന്ന വറുതിയും ക്ലേശങ്ങളും സന്തോഷത്തിനും സമൃദ്ധിക്കും ഒരുക്കുന്നതാണെന്നു പഠിപ്പിക്കുന്നു.

## 2. ആഹാരം നല്കുന്ന ദൈവം 16, 1-3 (P)

വിശന്നു വലഞ്ഞ ജനത്തിന് ദൈവം അത്ഭുതകരമായി ആഹാരം നല്കിയതിന്റെ വിവരണമാണ് മുഖ്യമായും പുരോഹിതരചനയായ ഈ അദ്ധ്യായത്തിലുള്ളത്. ഇതിലെ ചുരുക്കം വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയായി കരുതുന്നവരുണ്ട്. ജനത്തിന്റെ ആവലാതികൾ കഴിഞ്ഞ സംഭവത്തിൽ കണ്ടതിനേക്കാൾ രൂക്ഷമാണ്. ഈജിപ്തിലെ രുചികരമായ ഭക്ഷണത്തെക്കുറിച്ചുള്ള മധുരസ്മരണകളും അവിടെ വച്ചു മരിച്ചായിരുന്നെങ്കിൽ എന്ന ആഗ്രഹവും ദൈവം ചെയ്ത വലിയ കാര്യങ്ങളെ വിസ്മരിക്കലാണ്. ഇതുവഴി കർത്താവിനെതിരെയാണ് ജനം പ്രതിഷേധിക്കുന്നതെന്ന് 7-ാം വാക്യത്തിൽ മോശവ്യക്തമാക്കുന്നു. എന്നാൽ ജനത്തിന്റെ ആവലാതിയും പ്രതിഷേധവും വിശപ്പിന്റെ ഫലമാണെന്നറിയാവുന്ന കർത്താവ് അവരെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാതെ, അവർക്കാവശ്യമായ ആഹാരം നല്കുന്നു. (സംഖ്യ 11-ാം അധ്യായത്തിൽ ഇതേ സംഭവം വ്യത്യസ്തമായ വിധത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നതു ശ്രദ്ധിക്കുക).

സീനായ്മരുഭൂമിയിൽ സ്വാഭാവികമായിത്തന്നെ ലഭ്യമായതാണ് ഇവിടെ പരാമർശിക്കുന്ന മന്നായും കാടപ്പക്ഷിയും. ടമറിസ്ക് എന്നറിയപ്പെടുന്ന കുറ്റിച്ചെടിയുടെ ഇലയിൽ രാത്രികാലത്ത് ഊറിവന്നുറയുന്ന ദ്രാവകം വെളുപ്പാൻ കാലത്ത് ഇലയിൽ വീഴുന്ന മഞ്ഞുതുള്ളികളോടൊപ്പം നിലം പതിക്കും. ഇലയിൽ നിന്നു പാൽ കുടിക്കുന്ന പ്രാണികളുടെ വിസർജ്ജിതവസ്തുവാണിതെന്ന് ചിലർ കരുതുന്നു. അല്ല ഇലിയിലെ പാൽ തന്നെ കട്ടയാവുന്നതാണിതെന്ന് മറ്റു ചുരലും. ഇന്നും സാനായ്മരുഭൂമിയിൽ ഇതു ലഭ്യമാണ്. വളരെ രുചികരമായ ഒരു ആഹാരമായി മരുഭൂമിയിലെ ബെദുവിൻ വംശജർ ഇതു ഭക്ഷിക്കാറുണ്ട്. മരുഭൂമിയിലെ ചില സ്ഥലങ്ങളിലേ ഇതു കാണാറുള്ളൂ. അതും വളരെ കുറച്ചു മാത്രം. ഇസ്രായേൽ ജനം മരുഭൂമിയിൽ യാത്ര ചെയ്തിരുന്നിടത്തോളം കാലം അവർക്ക് ഭക്ഷിക്കാൻ മന്ന ലഭിച്ചത് ദൈവപരിപാലനയുടെ അത്ഭുതകരമായ അടയാളമാണ്. മരുഭൂമിയിൽ മാത്രം ലഭ്യമായതിനാൽ ഈചിപ്തിൽ നിന്നു വന്ന ഇസ്രായേൽക്കാർക്ക് അത് അപരിചിതവസ്തുവായിരുന്നു. “ഇതെന്ത്?”(ഹീബ്രുവിൽ “മൻഹു“) എന്ന അവരുടെ ചോദ്യത്തിൽ നിന്നാണത്രെ “മന്ന” എന്ന പേരുണ്ടായത്.

യൂറോപ്പിന്റെ വടക്കുഭാഗത്തു വസിക്കുന്ന കാടപ്പക്ഷികൾ അവിടെ ശീതകാലമാകുമ്പോൾ (സെപ്തംബർ - ഒക്ടോബർ) ആഫ്രിക്കയിലേക്കും തണുപ്പു മാറുമ്പോൾ (മെയ്-ജൂൺ) തിരിച്ചു യൂറോപ്പിലേക്കും പറക്കുക സാധാരണമാണ്. ആഫ്രിക്കയിൽ നിന്നു ചെങ്കടൽ കടന്നു വരുന്ന പക്ഷികളുടെ ഒരു ഇടത്താവളമാണ് സീനായ്മരുഭൂമി. ഇപ്രകാരം പറന്നു തളർന്ന പക്ഷികളാണ് ഇസ്രായേൽക്കാരുടെ കൂടാരങ്ങൾക്കു ചുറ്റും വന്നു വീണത്. മന്നാ എപ്പോഴും ലഭിച്ചിരുന്നെങ്കിലും കാടപ്പക്ഷികളെക്കുറിച്ച് അങ്ങിനെയൊരു പരാമർശമില്ല എന്നതും ശ്രദ്ധേയമത്രേ. പ്രകൃതിവിഭവങ്ങളെ അത്ഭുതകരമാം വിധം വർദ്ധിപ്പിച്ച് ജനത്തെ തീറ്റിപ്പോറ്റുന്ന ഈ പരിപാലനയിൽ ദൈവത്തിന്റെ മാതൃസഹജമായ സ്നേഹം കാണാം. ഈജിപ്തിലെ വിനാശകരമായ അടയാളങ്ങൾ വഴി എന്നതുപോലെ മരുഭൂമിയിലെ രക്ഷാകരമായ അടയാളങ്ങളിലൂടെയും കർത്താവ് സ്വയം വെളിപ്പെടുത്തുന്നു.

സമൃദ്ധമായി ആഹാരം നല്കിക്കൊണ്ട് തന്റെ ശക്തിയും അചഞ്ചലസ്നേഹവും വെളിപ്പെടുത്തിയ ദൈവം ജനത്തിന്റ് വിശ്വസ്തതയും അനുസരണയും പരീക്ഷണവിധേയമാക്കുന്നതിനുവേണ്ടി രണ്ടു നിയമങ്ങൾ നല്കിയതായി 16-30 വാക്യങ്ങളിൽ വിവരിക്കുന്നു. ഓരോരുത്തരും താന്താങ്ങൾക്ക് അന്നന്നത്തേക്ക് ആവശ്യമായതേ ശേഖരിക്കാവൂ എന്നതാണ്

ആദ്യത്തെ നിയമം. അത് ഒരു ഓമർ (ഏകദേശം 4 ലിറ്റർ) ആണെന്ന് 16:22.36 വാക്യങ്ങളിൽ കാണാം. സ്വരുക്കൂട്ടി വച്ച് സമ്പന്നരാകാനോ അന്യർക്ക് അർഹമായത് സ്വന്തമാക്കാനോ ദൈവം ആരെയും അനുവദി ക്കുന്നില്ല. ചിലർ ആവശ്യത്തിലേറെ ശേഖരിച്ചതിനാൽ ആവശ്യത്തിനു മാത്രം ശേഖരിക്കാൻ കഴിയാതെ പോയവർക്കും യാതൊരു കുറവും വരാൻ ദൈവം സമ്മതിച്ചില്ല എന്നും ഇവിടെ പ്രത്യേകം എടുത്തു പറയു ന്നു. സമൂഹത്തിൽ സമത്വം നിലനിൽക്കണം എന്നത് ദൈവികപദ്ധതിയാ ണെന്ന് ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് വി. പൗലോസ് കോറിന്തോസിലെ സഭയെ ഉദ്ബോധിപ്പിച്ചത് (2 കോറി 8, 14-15) ഇന്നും വളരെ പ്രസക്തമ ത്രേ.

സാബത്തു വിശ്രമത്തെ സംബന്ധിച്ചതാണ് രണ്ടാമത്തെ നിയമം. മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽ ജനത്തെ എന്നതിനേക്കാൾ പ്രവാസത്തിൽ നിന്നു മടങ്ങിവന്നിട്ടും ധനികരും ദരിദ്രരും തമ്മിലുള്ള വലിയ വിടവു നിലനിന്ന യൂഹദ സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടാണ് പുരോഹിത ഗ്രന്ഥകാരൻ ഈ സംഭവങ്ങൾ വിവരിക്കുന്നത്. കർത്താവി നെയും സഹോദരങ്ങളെയും സ്വന്തം ആവശ്യങ്ങളെയും പോലും മറന്ന് സ്വത്തു സമ്പാദിക്കാൻ തത്രപ്പെടുന്നവർക്കുള്ള ശക്തമായ താക്കീതാണ് ഈ രണ്ടു നിയമങ്ങളിലുമുള്ളത്. അന്നന്നത്തെ ആഹാരത്തിനുവേണ്ടി പ്രാർത്ഥിക്കാനും നാളയെക്കുറിച്ച് ആകുലപ്പെടാതിരിക്കാനും (മത്താ 6, 34) പഠിപ്പിച്ച യേശു ഈ നിയമങ്ങളുടെ പ്രസക്തിയും പ്രധാന്യവും ഊന്നി പ്പറയുന്നു.

പിൻതലമുറികൾക്കു സാ്യത്തിനായി മന്നാ സൂക്ഷിച്ചുവയ്ക്കാൻ 32-34 വാക്യങ്ങളിൽ നൽകുന്ന കൽപന കാലത്തിനു ചേരുന്നതല്ല. സീനായ് ഉടമ്പടിക്കു ശേഷമാണല്ലോ ഉടമ്പിടുയെട പ്രമാണങ്ങൾ എഴു തിയ കൽപലകകൾ സൂക്ഷിക്കുന്ന സാക്ഷ്യപേടകം ഉണ്ടായത്. മരുഭൂമി യിൽ വച്ചു കർത്താവു നൽകിയ സംരക്ഷണവും അതുമായി ബന്ധപ്പെട്ട നിയമങ്ങളും എക്കാലവും സ്മരിക്കപ്പെടണം എന്നതാണ് ഈ കൽപന യുടെ ഉദ്ദേശ്യം.

മരുഭൂമിയിലെ മന്ന ദൈവം സ്വർഗ്ഗത്തിൽ നിന്നു വർഷിച്ച അപ്പ മെന്നും മാലാഖമാരുടെ ഭക്ഷണമെന്നും (സങ്കീ. 78, 23-25) പിൽക്കാലത്തു വിശേഷിക്കപ്പെട്ടു. എന്നാൽ ഇത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് മനു ഷ്യനു നിത്യജീവൻ നൽകുന്ന യഥാർത്ഥ അപ്പമായ യേശുക്രിസ്തുവിന്റെ പ്രതീകം മാത്രമായിരുന്നു (യോഹ 6, 31-36) വി. കുർബ്ബാനയിലൂടെ ഇന്ന് സ്വർഗ്ഗീയ മന്ന അനുദിനം ലഭ്യമാകുന്നു.

## 3. പാറയിൽ നിന്നു ജലം 17, 1-7 (J)

മരുഭൂമിയിലൂടെ ഇസ്രായേൽ ജനം യാത്ര ചെയ്ത വഴിയെയും അവർ കൂടാരമടിച്ച സ്ഥലങ്ങളെയും കുറിച്ച് വ്യക്തമായ അറിവ് ലഭ്യമല്ല. കൃത്യമായി ഏതു സ്ഥലത്തുവച്ചു സംഭവിച്ചു എന്നതിനേക്കാൾ എന്തു സംഭവിച്ചു, എന്തു സന്ദേശമാണ് ഈ സംഭവത്തിന്റെ വിവരണത്തിലൂടെ വിശുദ്ധ ഗ്രന്ഥകാരൻ കൈ മാറുന്നത് എന്നതായണു പ്രധാനം.

മാറായിലെന്നതുപോലെ (പുറ 15, 22-27) ഇവിടെയും കുടിനീരാണ് പ്രശ്നം. ദാഹിച്ചു വലഞ്ഞ ജനം നേതാവായ മോശയോട് ആവലാതിപ്പെടുകയും മോശ കർത്താവിനോട് നിലവിളിച്ചപേക്ഷിക്കുകയും ചെയ്തപ്പോൾ അത്ഭുതകരമായി ജലം നല്കിക്കൊണ്ട് കർത്താവ് അവരുടെ പ്രശ്നം പരിഹരിച്ചു. ലളിതമായ ഈ പ്രമേയത്തിനു പുറമെ, ആഴമേറിയ മറ്റൊരു പ്രമേയവും ഈ സംഭവത്തിന്റെ വിവരണത്തിലൂടെ വി. ഗ്രന്ഥക ാരൻ അവതരിപ്പിക്കുന്നുണ്ട്.

അനേതം അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും തങ്ങളുടെ എല്ലാ പ്രതിസന്ധികളിലും കർത്താവു തങ്ങളെ പരിപാലിക്കും എന്ന് ജനം ഇനിയും ഉറച്ചു വിശ്വസിക്കുന്നില്ല. ജലത്തിനു വേണ്ടിയുള്ള മുറവിളി കർത്താവിനെ പരീക്ഷിക്കലായി മോശ വ്യാഖ്യാനിക്കുന്നത്ലനിന്ന് ഇത് വ്യക്തമാകുന്നു. 3-ാം വാക്യത്തിലെ ജനത്തിന്റെ ചോദ്യങ്ങൾ ജലത്തിനു വേണ്ടിയുള്ള യാചനയുടെ പരിധിവിട്ട് ഒരു പ്രതിഷേധത്തിന്റെ രൂപം കൈക്കൊള്ളുന്നു. പുറപ്പാടിന്റെ ലക്ഷ്യവും മോശയുടെയും കർത്താവിന്റെ തന്നെയും ഉദ്ദേശ്യശുദ്ധിയുമാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. എന്നാൽ ജനത്തിന്റെ വിശ്വാസരാഹിത്യത്തിന് അവരെ ശിക്ഷിക്കാതെ കർത്താവ് കരുണാപൂർവ്വം അവർക്കു ദാഹജലം നല്കാൻ മോശയെ ശക്തിപ്പെടുത്തുന്നു.

ജനത്തിനു മുമ്പേ പോകാൻ കർത്താവു മോശയ്ക്കു നല്കുന്ന കല്പന രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. മോശ ജനത്തിന്റെ പ്രതിഷേധവും എതിർപ്പും പരിഗണിക്കാതെ അവരെ നയിക്കണം. 2. ഇതുവരെ വന്ന വഴി ശരിയായതാണ്. ആ വഴിക്കു തന്നെ യാത്ര തുടരണം. ശ്രേഷ്ഠന്മാരെ കൂടെ കൊണ്ടുപോകുന്നത് സംഭവിക്കാൻ പോകുന്ന കാര്യത്തിന് അവരെ സാക്ഷികളാക്കാൻ വേണ്ടിയാണ്. കർത്താവ് ഹോറെബിലെ പാറമേൽ നില്ക്കും എന്ന പ്രസ്താവന പാറയല്ല, കർത്താവാണ് ജലം നല്കുന്നത് എന്നു സൂചിപ്പിക്കുന്നു. ഹോറെബ് എന്നത് ഒരു പ്രദേശത്തിന്റെ പേരാണെന്നും ആ പ്രദേശത്തെ ഒരു പ്രത്യേക കൊടുമുടിയാണ് സീനായ് മലയെന്നും കരുതപ്പെടുന്നു.

ഈ സംഭവം നടന്ന സ്ഥലത്തിന് മാസാ, മെരീബാ, എന്ന രണ്ടു പേരുകൾ നല്കിയിരിക്കുന്നു. പരീക്ഷിക്കുക എന്നർത്ഥമുള്ള "നാസാ" എന്ന ഹീബ്രു വാക്കിൽ നിന്നാണ് "മാസാ" എന്ന പേരിന്റെ ഉദ്ഭവം. ജനം പരീക്ഷിച്ചതിനാലാണ് ഈ പേരുണ്ടായത് എന്ന് ഇവിടെ വ്യാഖ്യാനിക്കുന്നു. എന്നാൽ നിയ. 33, 8ൽ കർത്താവു ലേവിയെ പരീക്ഷിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലേവീഗോത്രജരായ മോശയും അഹറോനും പരീക്ഷണവിധേയരായി എന്ന് ഇത് അർത്ഥമാക്കുന്നു. കുറ്റം ആരോപിക്കുക, മത്സരിക്കുക എന്നൊക്കെ അർത്ഥമുള്ള "റീബ്" എന്ന ക്രിയയിൽ നിന്നാണ് "മെരീബാ" എന്ന പേരിന്റെ ഉത്ഭവം. "മത്സരം" എന്ന അർത്ഥമാണ് സാഹചര്യത്തിൽ നിന്നും ഈ പേരിനുള്ളത്. ഇസ്രായേൽജനം കർത്താവിനും മോശയ്ക്കും എതിരേ കുറ്റം പറയുകയും മത്സരിക്കുകയും ചെയ്തതിനാൽ ഈ പേരുണ്ടായി എന്ന് ഇവിടെ വ്യാഖ്യാനിക്കുന്നു. മോശയും അഹറോനും കർത്താവിൽ ദൃഢമായി വിശ്വസിക്കാതെ അവിടുത്തോടു കലഹിച്ചതിനാൽ ഈ പേരുണ്ടായി എന്ന സൂചനയാണ് സംഖ്യ 20, 10-13ൽ നല്കിയിരിക്കുന്നത്. അവിശ്വാസത്തിന്റെയും അനുസരണമില്ലായ്മയുടെയും പ്രതീകമായി മാസാ-മെരീബാ അറിയപ്പെടുന്നു.

മരുഭൂമിയിൽ വച്ചു ദാഹജലം പുറപ്പെടുവിച്ച പാറ കർത്താവിന്റെ പ്രതീകമായി പില്ക്കാലത്തു വ്യാഖ്യാനിക്കപ്പെട്ടു. അത് ഒരു സ്ഥലത്തും ഉറച്ചു നില്ക്കാതെ ഇസ്രായേൽക്കാർ പോയിടത്തെല്ലാം അവരെ അനുഗമിച്ചിരുന്നുവെന്ന് യൂഹദറബ്ബിമാർ പഠിപ്പി്ചചു. ഈ പഠനമാണ് 1 കോറി 10, 4ൽ കാണുന്നത്. നിത്യജീവൻ നല്കുന്ന യേശുക്രിസ്തുവിന്റെ പ്രതീകമായി ഈ പാറയെ വി. പൗലോസ് ഈ വാക്യത്തിൽ വ്യാഖ്യാനിക്കുന്നു. കുരശിമരണവും ഉത്ഥാനവും വഴിയുള്ള മഹത്വീകരണത്തിലൂടെ യേശുനാഥൻ വിശ്വാസികളുടെ മേൽ വർഷിച്ച പരിശുദ്ധാത്മാവിന്റെ പ്രതീകമായിട്ടാണ് പാറയിൽ നിന്നൊഴുകിയ ജലം നാലാം സുവിശേഷത്തിൽ (യോഹ 4, 14; 7, 37-39) പ്രത്യക്ഷപ്പെടുന്നത്.

## 4. ശത്രുക്കളിൽ നിന്നു സംരക്ഷണം 17, 8-16 (E)

ഇതുവരെ കണ്ട മൂന്നു സംഭവങ്ങളിലും ജനത്തിന്റെ ആവശ്യങ്ങൾ അത്ഭുതകരമായി പരിഹരിക്കുന്ന ദൈവത്തിന്ഡറെ പ്രവർത്തനത്തിന്നായിരുന്നു പ്രാധാന്യം നല്കയിരുന്നത്. എന്നാൽ ഇവിടെ മോശയുടെ ധീരവും വിവേകപൂർണ്ണവുമായ നേതൃത്വത്തിനു പ്രാധാന്യം നൽകിയിരിക്കുന്നു. സാധാരണവും സ്വാഭാവികവുമായ സംഭവങ്ങളിൽ ദൈവത്തിന്റെ പരിപാലനകാണുന്ന ഏലോഹിസ്റ്റ് ഗ്രന്ഥകാരന്റെ രചനയാണിത്. തങ്ങളെ ആക്രമിക്കാൻ വന്ന അമലേക്യരെ മോശയുടെ നിർദ്ദേശമനുസ

രിച്ച് ജോഷ്വ യുദ്ധത്തിൽ പരാജയപ്പെടുത്തി. വിജയത്തിനുശേഷം മാത്രമേ ദൈവത്തെക്കുറിച്ചു പരാമർശിക്കുന്നുള്ളു.

ഏസാവിന്റെ സന്തതികളിൽപ്പെട്ടവരാണ് അമലേക്യർ (ഉൽപ. 36, 12). കാനാൻ ദേശത്തിനും ഈജിപ്തിനും മധ്യേയുള്ള മരുഭൂമിയിൽ പാർത്തിരുന്ന ഒരു ബെദുവിൻ വംശജരാണ് അവർ. മരുഭൂമിയിലൂടെ യാത്ര ചെയ്തു ക്ഷീണിച്ച ഇസ്രായേൽക്കാരെ അമലേക്യർ പിന്നിൽ നിന്ന് ആക്രമിക്കുകയും പിൻനിരയിലുണ്ടായിരുന്ന ബലഹീനരെ വധിക്കുകയും ചെയ്തു എന്ന് നിയ. 25, 17-18ൽ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടു ജനതകളും തമ്മിലുള്ള ശത്രുതയുടെ വിശദീകരണമാണിത്. ഈജിപ്തിൽ നിന്ന് അറേബിയായിലേക്കുള്ള കാരവൻ പാത അമലേക്യരുടെ നിയന്ത്രണത്തിലായിരുന്നു. തങ്ങളുടെ അധീനതയിലുള്ള പ്രദേശത്ത് അനധികൃതമായി കടന്നതിന്റെ പേരിലായിരിക്കാം അവർ ഇസ്രായേൽക്കാർക്കെതിരേ ആക്രമണത്തിനു വന്നത് എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. റഫിദിമിൽ പുതുതായി കണ്ടെത്തിയ യുദ്ധമാണിതെന്നു മറ്റു ചിലർ വ്യാഖ്യാനിക്കുന്നു. യാത്രാസംഘത്തെ കൊള്ളയടിക്കാൻ നടത്തിയ മിന്നലാക്രമണമായി ഇതിനെ വ്യാഖ്യാനിക്കുന്നവരും ഉണ്ട്.

മോശയുടെ പിൻഗാമിയും ഇസ്രായേലിന്റെ ആദ്യത്തെ സൈന്യാധിപനുമായ ജോഷ്വ ഇവിടെയാണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. ആളുകളെ തിരഞ്ഞെടുത്തു യുദ്ധത്തിനു പുറപ്പെടുക എന്ന മോശയുടെ കൽപനയും തുടർന്നുള്ള യുദ്ധത്തിന്റെ വിവരണവും ഇസ്രായേൽക്കാർ ഒരു ചെറിയ യാത്രാസംഘമായിരുന്നു എന്ന പ്രതീതിയാണ് നൽകുന്നത്. ആറു ലക്ഷം പടയാളികളെ കുറിച്ചുള്ള പരാമർശം (12, 37) അതിശയോക്തിയായിരുന്നു എന്ന് വീണ്ടും തെളിയുന്നു.

യുദ്ധസമയത്ത് മോശ എന്തിനുവേണ്ടിയാണ് മലമുകളിലേക്കു പോയത് എന്നു വിശുദ്ധഗ്രന്ഥകാരൻ പറയുന്നില്ല. "ദൈവത്തിന്റെ വടി" അത്ഭുതം പ്രവർത്തിക്കാനായി മോശ ഉപയോഗിച്ച വടി ആയിരിക്കണം. 11-ാം വാക്യത്തിൽ മോശ കൈ ഉയർത്തിപ്പിടിച്ചു എന്നാണ് ഹീബ്രുമൂലം. "കൈകൾ" എന്ന ബഹുവചനം 12-ാം വാക്യത്തിലേ ഉപയോഗിക്കുന്നുള്ളു. പുറപ്പാടുമായി ബന്ധപ്പെട്ട പല അത്ഭുതങ്ങളിലും എന്നപോലെ ഇവിടെയും മോശ വടി കൈയിൽ ഉയർത്തിപ്പിടിച്ചു എന്ന സൂചനയാണു ലഭിക്കുക. പ്രാർത്ഥിച്ചു എന്നു വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ മോശയുടെ ുയർത്തിപ്പിടിച്ച കൈകളും യുദ്ധത്തിലെ വിജയവും തമ്മിലുള്ള ബന്ധത്തിൽ നിന്ന് പില്ക്കാലത്ത് വ്യാ4ഖ്യാതാക്കൾ മോശ മലമുകളിൽ കയറി പ്രാർത്ഥിക്കുകയായിരുന്നു എന്ന നിഗമനത്തിൽ എത്തി.

മലമുകളിലെ പ്രാർത്ഥനയും താഴ്‌വരയിലെ പോരാട്ടവും ഒരുപോലെ വിജയത്തിനാവശ്യമാണ്. മലമുകളിൽ കൈവിരിച്ചു നിന്ന് ജനത്തിനു ശത്രുക്കളിൽ നിന്നു മോചനം നല്കിയ മോശയെ കുരിശിൽ കൈകൾ വിരിച്ച് മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപത്തിൽ നിന്നു മോചനം നല്കിയ യേശുവിന്റെ പ്രതീകമായി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചു.

ദൈവത്തിന്റെ പ്രത്യേക നിർദ്ദേശവും നിവേശനവും വഴി എഴുതപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ എന്നതിന്റെ സൂചന 14-ാം വാകൃത്തിലെ കൽപനയിൽ കാണാം. സംഭവത്തിന്റെ ഓർമ്മ പിൻതലമുറകൾക്കു കൈമാറാൻ വേണ്ടിയാണ് ഇത് എഴുതപ്പെട്ടത്. ലിഖിത വചനം കെട്ടുകഥകളല്ല, ചരിത്ര സംഭവങ്ങളിലൂടെ ലഭിച്ച ദൈവാനുഭവത്തിന്റെ വിവരണമാണെന്ന് ഈ വാക്യം എടുത്തു കാട്ടുന്നു. അമലേക്യരുമായുള്ള ശത്രുത സാമു 15-ാം അധ്യായത്തിൽ വീണ്ടും പരാമർശിക്കപ്പെടുന്നുണ്ട്.

ബലിപീഠത്തിനു മോശ നൽകിയ "യാഹ്‌വേ നിസ്സി" എന്ന പേരിന് "കർത്താവ് എന്റെ പതാക" എന്നാണ് അർത്ഥം. ഇത് ഒരു പോർവിളിയോ മുദ്രാവാക്യമോ പോലെയാണ്. കർത്താവാകുന്ന പതാകയുടെ കീഴിലാണ് ഇസ്രായേൽജനം യാത്ര ചെയ്യുന്നതും പടയോട്ടങ്ങൾ നടത്തുന്നതും. ബുദ്ധിയും വിവേകവും ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന മനുഷ്യപ്രയത്നത്തിനു പ്രാധാന്യം നൽകുമ്പോഴും കർത്താവിന്റെ കൃപയാലാണ് വിജയം ലഭിക്കുന്നത് എന്ന് ഈ മുദ്രാവാക്യം സൂചിപ്പിക്കുന്നു.

## 5. മോശയും ജെത്രോയും 18, 1-27 (E)

മോശയും ജെത്രോയും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഈ വിവരണം ഒരു കുടുംബകഥയുടെ ശൈലിയിലാണ് രചിച്ചിരിക്കുന്നത്. ദൈവം നേരിട്ട് ഇടപെടാതെ വ്യക്തികളെയും സംഭവങ്ങളെയും തികച്ചും സ്വാഭാവികമെന്നു തോന്നാവുന്ന വിധത്തിൽ ഉള്ളിൽ നിന്നു നയിക്കുന്നതായി വിവരിക്കുന്ന ഏലോഹിസ്റ്റ് ശൈലി ഈ അധ്യായത്തിൽ മുഴുവൻ ദൃശ്യമാണ്. 1-12 വാക്യങ്ങൾ മോശയും ജെത്രോയും തമ്മിൽ കണ്ടുമുട്ടി പരസ്പരം വിശേഷങ്ങൾ കൈമാറുന്നതും ബലിയർപ്പണത്തിലും ഭക്ഷണത്തിലും പങ്കുചേരുന്നതും വിവരിക്കുന്നു. 13-27 വാക്യങ്ങൾ ജെത്രോയുടെ നിർദ്ദേശപ്രകാരം ന്യായാധിപന്മാരെ നിശ്ചയിച്ചു കൊണ്ട് മോശ ഇസ്രായേലിൽ ഒരു പുതിയ ഭരണസംവിധാനം ഏർപ്പെടുത്തിയതായി ചിത്രീകരിക്കുന്നു.

**a. കണ്ടുമുട്ടൽ 18, 1-12** "ദൈവത്തിന്റെ മല" എന്ന് 5-ാം വാക്യത്തിൽ പറയുന്നത് സീനായ് മലയാണോ എന്ന കാര്യത്തിൽ തർക്കമുണ്ട്.

അങ്ങോട്ടുള്ള യാത്ര 19, 1-2ൽ വീണ്ടും വിവരിക്കുന്നതിനാൽ മറ്റേതോ മലയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത് എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ സീനായ് മലയിൽ വിജാതീയ പുരോഹിതനായ ജെത്രോ ബലിയർപ്പിക്കുകയും കർത്താവു നിയമങ്ങൾ നല്കുന്നതിനു മുമ്പ് അയാൾ ഇസ്രായേലിന്റെ ഭരണ സംവിധാനത്തെ സംബന്ധിച്ച ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നത് അപാകതയായികണ്ട അന്തിമ പ്രസാധകന്ഢ ഈ വിവരണം മുന്നോട്ട് നീക്കിയതാണെന്നു മറ്റുചിലർ കരുതുന്നു. "കർത്താവിന്റെ മല" സീനായ് മലതന്നെയാണെന്ന് ഇക്കൂട്ടർ അഭിപ്രായപ്പെടുന്നു. ഈജിപ്തിലെ അത്ഭുതങ്ങളെക്കുറിച്ചു കേട്ട ജെത്രോ സന്തോഷത്തോടെ കർത്താവിനെ സ്തുതിക്കുകയും അവിടുന്ന് സർവ്വശക്തനും അത്യുന്നതനും ആണെന്ന് ഏറ്റുപറയുകയും ചെയ്യുന്നു. അഹങ്കാരികളെ തകർക്കുന്നതും മർദ്ദിതരെ മോചിപ്പിക്കുന്നുതമാണ് കർത്താവിന്റെ സ്വഭാവസവിശേഷതകളായി എടുത്തു കാട്ടുന്നത്. ബലിയർപ്പണത്തിലും വിരുന്നിലും പങ്കുചേരുന്നത് മിദിയാൻകാരും ഇസ്രായേല്യരും തമ്മിൽ കൂട്ടായ്മ ഉറപ്പിക്കുന്നു.

**b. ഭരണസംവിധാനം 18, 13-27** ഈജിപ്തിൽ നിന്നു പുറപ്പെട്ട ഹെബ്രായരും ഇതരജനതകളും അടങ്ങുന്ന ആൾക്കൂട്ടം സാവധാനമാണ് ഒരു ജനസമൂഹമായി രൂപം പ്രാപിച്ചത്. തങ്ങൾക്ക് ആവശ്യമായ ഭരണസംവിധാനങ്ങൾ അവർ തന്നെ കരുപ്പിടിപ്പിച്ചു. ഇതിനായി ചുറ്റുപാടുമുള്ള ജനതകളുടെ മാതൃക അവർ അനുകരിക്കുകയും ചെയ്തു. സുദീർഘമായ ഒരു പ്രക്രിയയിലൂടെ രൂപം പ്രാപിച്ച ഭരണസംവിധാനമാണ് ഇവിടെ ജെത്രോയുടെ ഉപദേശമായി ചിത്രീകരിച്ചിരിക്കുന്നത്. ജെത്രോയെക്കുറിച്ചുള്ള പരാമർശം കൂടാതെ ഈ ഭരണസംവിധാനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് നിയ 1, 9-18ൽ വിവരിക്കുന്നുണ്ട്. കർത്താവിന്റെ കല്പന അനുസരിച്ചു രൂപം കൊണ്ട ന്യായാധിപസംവിധാനത്തെക്കുറിച്ച് സംഖ്യ 11, 16-30ൽ നല്കുന്ന വിവരണം ഇതേ സംഭവത്തിന്റെ തന്നെ മറ്റൊരു വ്യാഖ്യാനമായി കരുതപ്പെടുന്നു.

സമർത്ഥനായ ഏതു നേതാവിനും വന്നു ഭവിക്കാവുന്ന വിപത്താണ് മോശയുടെ പ്രവർത്തനശൈലിയിൽ ജെത്രോ കാണുന്നത്. എല്ലാ കാര്യങ്ങളും തനിച്ചു ചെയ്യാൻ ശ്രമിക്കുമ്പോൾ പ്രവർത്തിക്കുന്ന നേതാവും കാത്തു നില്ക്കുന്ന ജനവും ഒരുപോലെ ക്ഷീണിക്കും. ആർക്കും നീതി ലഭിക്കാതെ വരികയും ചെയ്യും. മൂന്നു വിധത്തിലുള്ള പ്രവൃത്തികൾ മോശ ചെയ്യുന്നതായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. 1. ദൈവഹിതം അറിയിക്കുന്നു. ആരാധനാലയങ്ങളിൽവെച്ച് പുരോഹിതന്മാരും

സിദ്ധന്മാരും നല്കിയിരുന്ന അരുളപ്പാടുകളെയാണ് ഇതു സൂചിപ്പിക്കുന്നത്. ഭാവി അറിയാനും ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ചു തീരുമാനം എടുക്കാനും വേണ്ടി വരുന്നവർക്കാണ് അരുളപ്പാടുകൾ വഴി നിർദ്ദേശങ്ങൾ നല്കുക. 2. തർക്കങ്ങൾക്കു തീർപ്പു കല്പിക്കുക – ഇതു ന്യായാധിപന്മാരുടെ ജോലിയാണ്. 3. ദൈവത്തിന്റെ ചട്ടങ്ങളും നിയമങ്ങലും പഠിപ്പിക്കുക. പുരോഹിതന്റെയും പ്രവാചകന്റെയും മുഖ്യമായ ജോലിയാണിത്. ജനത്തിന്മേലുള്ള ആത്മീയവും ഭൗതികവുമായ സകല അധികാരങ്ങളും ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചിരിക്കുന്നതിന്റെ ചിത്രം ഇവിടെ തെളിയുന്നു. അതിന്റെ ഭവിഷ്യത്തുകളെ കുറിച്ച് അനുസ്മരിപ്പിച്ചതിനു ശേഷം ജെത്രോ നല്കുന്ന ഉപദേശം അധികാര വികേന്ദ്രീകരണത്തിന്റെ ആവശ്യകത എടുത്തു കാട്ടുന്നു.

ആധ്യാത്മികനേതാവിന്റെ ദൗത്യമാണ് മോശയുടേത് എന്ന് ജെത്രോ അനുസ്മരിപ്പിക്കുന്നു. ജനത്തിനു വേണ്ടി ദൈവത്തിന്റെ മുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുക എന്നതാണ് അയാളുടെ പ്രധാന കർത്തവ്യം. നിയമദാതാവിന്റെയും നിയമോപദേഷ്ടാവിന്റെയും ദൗത്യങ്ങൾ മോശ നിർവ്വഹിച്ചിരുന്നതു തന്നെയാണ്. എന്നാൽ എല്ലാ കാര്യങ്ങളും നേരിട്ടു ചെയ്യാതെ അനുദിനഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുക എന്നതാണ് പുതിയ നിർദ്ദേശം. അധികാരികൾക്ക് അവശ്യം വേണ്ട മൂന്നു ഗുണങ്ങളാണ് ദൈവഭയം, സത്യസന്ധത, നിസ്വാർത്ഥത എന്നിവ. എക്കാലത്തും പ്രസക്തമായ നിർദ്ദേശമാണിത്. ജനത്തെ ഗണങ്ങളായി തിരിക്കാനുള്ള നിർദ്ദേശം സൈനികനേതൃത്വത്തെ അനുസ്മരിപ്പിക്കുന്നു.

വിജാതീയനായ ഒരു വ്യക്തി ഇസ്രായേലിലെ പ്രധാനപ്പെട്ട നേതാവിനെ ഉപദേശിക്കുകയും തന്റെ നിർദ്ദേശങ്ങൾ ദൈവഹിതമായി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നതിൽ വി. ഗ്രന്ഥകാരൻ യാതൊരു പാകതയും കണ്ടില്ല. ദൈവഹിതം ആരുവഴി വെളിപ്പെട്ടാലും അതു സ്വീകരിക്കാനുള്ള വിനയവും തുറന്ന മനോഭാവവും നേതാവിനുണ്ടായിരിക്കണം എന്ന് മോശയുടെ അനുസരണം രേഖപ്പെടുത്തിക്കൊണ്ട് വി. ഗ്രന്ഥകാരൻ പഠിപ്പിക്കുന്നു.

ഇസ്രായേലിൽ പില്ക്കാലത്ത് പ്രാബല്യത്തിൽ വന്ന ഭരണസംവിധാനത്തിന്റെ രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്. രാജഭരണകാലത്ത് സകല അധികാരവും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുയും അധികാരം സാവധാനം ദുഷിച്ചു വഷളാവുകയും ചെയ്ത സാഹചര്യത്തിലാണ് അധികാരവികേന്ദ്രീകരണത്തിന്റെ ആവശ്യകത കൂടുതൽ അനുഭവവേദ്യമായത്. വികേന്ദ്രീകരണം ദൈവഹിതമാണെന്ന് തറപ്പിച്ചു പറയാൻ

വേണ്ടി അതിനു മോശയുടെ തന്നെ പിന്തുണ ഈ വിവരണത്തിലൂടെ നൽകുന്നു.

വിചിന്തനം : ആദിമസഭയിൽ ഇപ്രകാരം ഒരു അധികാര വിഭജനം ആവശ്യമായി വന്ന സാഹചര്യം അപ്പ 6, 1-7ൽ വിവരിക്കുന്നുണ്ട്. വചനപ്രഘോഷണം എന്ന മുഖ്യദൗത്യത്തിനു മുടക്കം വരത്തക്കരീതിയിൽ ഭൗതികകാര്യങ്ങളിൽ ഇടപെടുന്നത് ഉചിതമല്ല എന്നു മനസ്സിലാക്കിയ അപ്പസ്തോലന്മാർ അതിനായി "ഡീക്കന്മാർ" എന്ന പുതിയ സംവിധാനത്തിനു രൂപം നൽകി. പങ്കുവയ്ക്കാതെ സ്വരുക്കൂട്ടി വയ്ക്കുന്ന സ്വത്തുപോലെ അധികാരവും അതിന്റെ ഉടമസ്ഥരെ ദുഷിപ്പിക്കും അധികാരിക്കും അധീനർക്കും ഒരു പോലെ അത് ക്ലേശത്തിനും നാശത്തിനും കാരണമാകും. എന്നാൽ ഭരണീയരുമായി അധികാരം പങ്കുവയ്ക്കുകയും ഓരോരുത്തരും അവരവരുടെ പരിധികൾ മാനിക്കുകയും ചെയ്യുന്നത് സുഗമമായ ഭരണവും എല്ലാവർക്കും സംതൃപ്തിയും പ്രദാനം ചെയ്യും. എല്ലാ കാര്യങ്ങളും തനിച്ചു ചെയ്യുന്നതിലല്ല, കീഴിലുള്ളവരുടെ കഴിവുകൾ മനസ്സിലാക്കി യഥോചിതം ഓരോരുത്തരെയും പങ്കെടുപ്പിച്ചുകൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുന്നതിലാണ് അധികാരിയുടെ കഴിവും സാമർത്ഥ്യവും തെളിയുന്നത്. കുടുംബരാഷ്ട്രീയ-സഭാതലങ്ങളിലെല്ലാം ജെത്രോയുടെ നിർദ്ദേശവും മോശയുടെ മാതൃകയും ഇന്നും പ്രസക്തമാണ്.

## ചോദ്യങ്ങൾ

1. മാറാ, മാസാ, മെരീബാ എന്നീ പേരുകളുടെ അർത്ഥമെന്ത്?

2. മരുഭൂമിയിലെ യാത്രയെക്കുറിച്ച് ബൈബിളിൽ രണ്ടു കാഴ്ചപ്പാടുകൾ ഉണ്ട്. ഏവ?

3. മരുഭൂമിയിലൂടെ ഉള്ള യാത്ര ഇസ്രായേൽ ജനത്തിന് പരിശീലനത്തിന്റെ കാലഘട്ടമായിരുന്നു. വിശദീകരിക്കുക.

4. മാറായിലെ സംഭവത്തിൽ നിന്നു ലഭിക്കുന്ന മുഖ്യസന്ദേശം എന്ത്?

5. മന്നാ എന്നാൽ എന്ത്? അത് എന്തിന്റെ പ്രതീകമാണ്?

6. ജനത്തിന്റെ വിശ്വസ്തത പരീക്ഷിക്കാനായി ദൈവം നല്കിയ രണ്ടു നിയമങ്ങൾ 16-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഏവ?

7. മാസായിലെ പാറയും ജലവും എന്തിന്റെ പ്രതീകമായിട്ടാണ് പുതിയ നിയമത്തിൽ വ്യാഖ്യാനിക്കുന്നത്?

8. അമലേക്യരുമായുള്ള യുദ്ധത്തിന്റെ വിവരണത്തിൽ നിന്നു ലഭിക്കുന്ന പ്രധാന സന്ദേശം എന്ത്? ഈ സംഭവത്തിൽ എപ്രകാരമാണ് മോശ

ക്രിസ്തുവിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുന്നത്?

9. അധികാരിക്ക് അവശ്യം വേണ്ട നാലു ഗുണങ്ങൾ ജെത്രോ എടുത്തു കാട്ടി. ഏവ?

**ചർച്ചയ്ക്ക്** : സഭയിലും രാഷ്ട്രത്തിലും ഇന്നു നിലവിലിരിക്കുന്ന അധീകാരസംവിധാനത്തെ ജെത്രോയുടെ ഉപദേശത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുക.

**പ്രാർത്ഥന** : 95-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 2. ഉടമ്പടിയും നിയമങ്ങളും 19, 1-24, 18

പഞ്ചഗ്രന്ഥത്തിന്റെ എന്നല്ല, പഴയ നിയമത്തിന്റെ തന്നെ കേന്ദ്രമാണ് സീനായ് ഉടമ്പടി. പുറപ്പാടു പുസ്തകത്തിലെ 22 അദ്ധ്യായങ്ങളും ലേവ്യ പുസ്തകത്തിലെ 27 അദ്ധ്യായങ്ങളും ഈ ഉടമ്പടിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വ പിതാക്കന്മാർക്കു ദൈവം നല്കിയ വാഗ്ദാനങ്ങളും അവരുമായി ചെയ്ത ഉടമ്പടികളും സീനായ് ഉടമ്പടിയിലേക്കു നയിക്കുന്നതായിരുന്നു. നിയമാവർത്തനഗ്രന്ഥം മുഴുവൻ തന്നെ സീനായ് ഉടമ്പടിയുടെ വിശദീകരണമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ജോഷ്വായുടെ നേതൃത്വത്തിൽ ഷെക്കെമിൽവെച്ച് പുതുക്കിയത് സീനായ് ഉടമ്പടി തന്നെയാണ്. ജനത്തെ മാനസാന്തരത്തിനു ക്ഷണിച്ച പ്രവാചകന്മാർ ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് കുറ്റാരോപണങ്ങളും ശിക്ഷയുടെ മുന്നറിയിപ്പുകളും അവതരിപ്പിച്ചത്. ജറെമിയാ, എസെക്കിയേൽ തുടങ്ങിയ പ്രവാചകന്മാർ പുതിയ ഉടമ്പടിയെക്കുറിച്ചു പ്രതിപാദിച്ചപ്പോഴും ലംഘിക്കപ്പെട്ട സീനായ് ഉടമ്പടി അവരുടെ പ്രസംഗത്തിന്റെയും വാഗ്ദാനങ്ങളുടെയും പശ്ചാത്തലമായി നിലകൊണ്ടു. ഉടമ്പടിയോടുള്ള അവിശ്വസ്തത ബാബിലോൺ പ്രവാസത്തിനു കാരണമായി വിശദീകരിക്കപ്പെട്ടു. പ്രവാസത്തിൽ നിന്നു മടങ്ങിവന്ന് സമൂലമായ മതനവീകരണത്തിനു നേതൃത്വം നൽകിയ എസ്രാ, നെഹെമിയാ തുടങ്ങിയ നിയമത്തിനു നേതൃത്വം നല്കിയ എസ്രാ, നെഹെമിയാ തുടങ്ങിയ നിയമപണ്ഡിതന്മാരും പുരോഹിതന്മാരും സീനായ് ഉടമ്പടിയുടെ നിബന്ധനകളാണ് നവീകരണത്തിന്റെ രൂപരേഖയായി അവതരിപ്പിച്ചത്.

നോഹയുമായി ചെയ്ത ഉടമ്പടി (ഉൽപ. 9, 8-10) സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ മുന്നിൽ കണ്ടു കൊണ്ടുള്ളതായിരുന്നു. അതുവഴി യാതൊരു നിബന്ധനയുമില്ലാതെ ദൈവം സൗജന്യമായി തന്റെ സംരക്ഷണം വാഗ്ദാനം ചെയ്തു. അബ്രാഹവുമായി ചെയ്ത ഉടമ്പടിയിൽ

(ഉൽപ 15, 1-21; 17, 1-14) ഒരു വ്യക്തി മാത്രമാണ് പങ്കാളിയായി നില്ക്കുന്നത്. ഛേദനാചാരം മാത്രമായിരുന്നു അതിന്റെ നിബന്ധന. സീനായ് ഉടമ്പടിയിലാകട്ടെ ഒരു ജനം മുഴുവൻ പങ്കു ചേരുന്നു. വ്യക്തമായ നിബന്ധനകളും അവതരിപ്പിക്കുന്നുണ്ട്. ഈ ഉടമ്പടികളെല്ലാം യേശുവിൽ പൂർത്തീയാകാനിരുന്ന പുതിയ ഉടമ്പടിയ്ക്കുള്ള ഒരുക്കങ്ങളായിരുന്നു.

ഈജിപ്തിൽ നിന്നു പുറപ്പെട്ട് മരുഭൂമിയിലൂടെ യാത്ര ചെയ്ത് സാനായ്മലയുടെ അടുത്തെത്തിയ വിമോചിതരായ അടിമകൾ മലയുടെ അടിവാരത്ത് കൂടാരമടിച്ചു. അവിടെ വച്ച് അതിശക്തവും ഭയാനകവുമായ പ്രതിഭാസങ്ങളിലൂടെ ദൈവം അവർക്കു പ്രത്യക്ഷപ്പെടുകയും തന്റെ പദ്ധതി വെളിപ്പെടുത്തുകയും ചെയ്തു. ഉടമ്പടിയിലൂടെ തന്റെ ജനമായി അവരെ സ്വീകരിക്കുക എന്നതായിരുന്നു അവരെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി. അതിനുവേണ്ടിയാണ് അവരെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ചു കൊണ്ടുവന്നത്. എന്നാൽ ആ പദ്ധതി സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാൻ അവർക്കു സ്വാതന്ത്ര്യമുണ്ട്. സ്വീകരിക്കാനുള്ള സന്നദ്ധത ജനം ഏറ്റു പറഞ്ഞു കഴിഞ്ഞപ്പോൾ രണ്ടു ഘട്ടങ്ങളിലായി ദൈവം തന്റെ നിബന്ധനകൾ അവതരിപ്പിച്ചു. ആ നിയമങ്ങളെ അടിസ്ഥാനമാക്കി ദൈവം അവരുമായി ഉടമ്പടി ചെയ്തു. ബലിപീഠത്തിന്മേലും ജനത്തിന്മേലും ബലിമൃഗത്തിന്റെ രക്തം തളിച്ചുകൊണ്ട് ഉടമ്പടി ഉറപ്പിക്കപ്പെട്ടു.

ഇവിടെ അവതരിപ്പിക്കുന്ന നിയമങ്ങളെല്ലാം സീനായ്മലയുടെ അടവാരത്തു വച്ചു പ്രഖ്യാപിക്കപ്പെട്ടതല്ല. പലതും കാനാൻദേശത്തു വാസമുറപ്പിച്ചതിനുശേഷം രൂപം പ്രാപിച്ചവയാണ്. പല നിയമങ്ങളും ചുറ്റുപാടുമുള്ള ജനതകളുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്നവയുമാണ്. ഏതു കാലത്തു രൂപപ്പെട്ടവയാണെങ്കിലും അവയെല്ലാം സീനായ് മലയിൽവച്ചു വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിന്റെ വ്യാഖ്യാനമായിട്ടാണ് ഇസ്രായേൽക്കാർ കരുതിയത്. അതിനാൽ അവരുടെ നിയമങ്ങൾ മുഴുവൻ മോശ വഴി ദൈവം നല്കിയ ഉടമ്പടിയുടെ നിയമങ്ങളായിരുന്നു. ഉടമ്പടിയെയും നിയമങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന ഈ ഭാഗത്തെ നാലായി തിരിക്കാം.

1. ഉടമ്പടിക്ക് ഒരുക്കം
2. പത്തു പ്രമാണങ്ങൾ
3. ഉടമ്പടിയുടെ പുസ്തകം
4. ഉടമ്പടി സ്ഥാപനം

## 1. ഉടമ്പടിക്ക് ഒരുക്കം 19, 1-25

ഉടമ്പടിയുടെ നിബന്ധനകൾ വിശദീകരിക്കുന്നതിനു മുമ്പ്, രണ്ടു

ഘട്ടമായി ദൈവജനത്തെ ഒരുക്കുന്നതിന്റെ വിവരണമാണ് ഈ അദ്ധ്യായത്തിൽ അവതരിപ്പിക്കുന്നത്. അവരുമായി ഉടമ്പടി ചെയ്യാനുള്ള തന്റെ താല്പര്യവും ഉടമ്പടിയുടെ ചില പ്രത്യേകതകളും ആദ്യമേ അവതരിപ്പിക്കുന്നു. ജനം സമ്മതം നല്കിക്കഴിയുമ്പോൾ തന്റെ മഹത്വവും വിശുദ്ധിയും അതിശക്തമായ പ്രതിഭാസങ്ങളിലൂടെ അവർക്കു വെളിപ്പെടുത്തുന്നു. ആരുമായാണ് തങ്ങൾ ഉടമ്പടിയിൽ ഏർപ്പെടാൻ പോകുന്നതെന്നു ജനത്തെ വ്യക്തമായി ബോധ്യപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. അതിശക്തമായ ദൈവാനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഉടമ്പടി ഉറപ്പിക്കപ്പെടുന്നത്.

പല പാരമ്പര്യങ്ങളിൽപ്പെട്ട വിവരണങ്ങൾ കൂട്ടി യോജിപ്പിച്ചിരിക്കുന്നതിനാൽ വിരസവും അർത്ഥശൂന്യവുമെന്നു തോന്നാവുന്ന അനേകം ആവർത്തനങ്ങൾ ഇവിടെ കാണാം. മോശ മലയിലേക്കു കയറുകയും മലയിൽ നിന്ന് ഇറങ്ങുകയും ചെയ്യുന്നതും ദൈവത്തിന്റെ വാക്കുകൾ ജനത്തോടും ജനത്തിന്റെ മറുപടി ദൈവത്തോടും പലതവണ ആവർത്തിക്കുന്നതും ഉദാഹരണങ്ങളാണ്. സംഭവങ്ങളുടെ ക്രമാനുഗതമായ ഒരു വിവരണമല്ല, വിശ്വാസത്താൽ പ്രചോദിതവും ദൈവശാസ്ത്രപരവുമായ വിചിന്തനവും വിശകലനവുമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**a. പശ്ചാത്തലം 19, 1-2 (P)** യാത്രയുടെ കാലത്തെയും യാത്രാമധ്യെ വിശ്രമിച്ച താവളങ്ങളെയും കുറിച്ചുള്ള കൃത്യമായ സൂചനകൾ പുരോഹിതഗ്രന്ഥകാരന്റേതാണ്. ഇസ്രായേൽ ജനം റഫിദിമിൽ എത്തിയതായി 17, 1ൽ പറഞ്ഞുവച്ചതിന്റെ തുടർച്ച ഇവിടെ കാണാം. സീനായ് ഉപദ്വീപിന്റെ തെക്കെഅറ്റത്തു സ്ഥിതി ചെയ്യുന്ന, ഏകദേശം 2300 മീറ്റർ ഉയരമുള്ള ജേബെൽ മൂസാ (മോശയുടെ മല)യാണ് ഇവിടെ പരാമർശിക്കുന്ന സീനായ് മല എന്ന് പൊതുവേ കരുതപ്പെടുന്നു,. മോശയ്ക്കു വിളി ലഭിച്ചത് ഈ മലയിൽ വച്ചായിരുന്നു. (പുറ 3, 1). വിമോചിതരായ ജനം മലയിൽ വച്ചു ദൈവത്തെ ആരാധിക്കും എന്ന അടയാളമാണ് വിളിയുടെ അവസരത്തിൽ ദൈവം മോശയ്ക്കു നല്കിയത് (പുറ 3, 12). സീനായ്മലയുടെ അടിവാരത്തിൽ ജനം പാളയമടിച്ചതോടെ ദൈവം നല്കിയ വാഗ്ദാനത്തിന്റെ ആദ്യഭാഗം പൂർത്തിയായി. ഇവിടെ വച്ചുണ്ടായ ദൈവാനുഭവം ഇസ്രായേലിന്റെ സമൂഹമനസ്സിൽ ആഴത്തിൽ പതിഞ്ഞിരുന്നു. ദേശം മുഴുവൻ വലിയൊരു പ്രതിസന്ധിയെ നേരിട്ടപ്പോൾ ദൈവികസാന്നിധ്യം തേടി ഏലിയാ പ്രവാചകൻ ഈ മലയിലേക്കാണ് പ്രയാണം ചെയ്തത് (1 രാജ 19, 8-13).

**b. ഉടമ്പടിയുടെ അവതരണം 19, 3-8** പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള നാലു പാരമ്പര്യങ്ങളിൽ നിന്നു വ്യത്യസ്തമായ ഒരു പ്രത്യേക സ്രോതസ്സിൽ നിന്നാണ് ഈ വിവരണം എടുത്തിട്ടുള്ളത് എന്നു കരുതപ്പെടുന്നു. ഉടമ്പടിയിൽ പങ്കുചേരാൻ ദൈവം ജനത്തെ ക്ഷണിക്കുകയും ജനം ക്ഷണം സ്വീകരിക്കുകയും ചെയ്യുന്നതാണ് ഈ വാക്യങ്ങളിലെ പ്രതിപാദ്യം. ഉടമ്പടിയുടെ പൊതുവായ സ്വഭാവം മാത്രമേ ഇവിടെ അവതരിപ്പിക്കുന്നുള്ളൂ. ദൈവത്തിനും ജനത്തിനും ഇടയ്ക്കുള്ള മധ്യവർത്തി എന്ന നിലയിൽ മോശയ്ക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു.

കർത്താവ് സീനായ് മലയിൽ വസിക്കുന്നു എന്ന പ്രതീതിയാണ് ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നത്. ഈജിപ്തിലും മരുഭൂമിയിലും അവിടുന്ന് സന്നിഹിതനാണെങ്കിലും അവിടുത്തെ സാന്നിധ്യം പ്രത്യേകമാംവിധം ജനത്തിന് അനുഭവവേദ്യമായ സ്ഥലമാണ് സീനായ് മല. ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കു എന്ന ആദ്യദൗത്യം പൂർത്തിയാക്കിയതിനു ശേഷം മലയിലേക്കു കയറി ചെല്ലുന്ന മോശയെ ദൈവം പുതിയൊരു ദൗത്യം ഏല്പിക്കുന്നു. ഇതുവരെ നടന്ന സംഭവങ്ങളുടെ അർത്ഥവും ലക്ഷ്യവും വിശദീകരിച്ചു കൊടുത്തുകൊണ്ട് ജനത്തെ രക്ഷാചരിത്രത്തിന്റെ അടുത്ത പടിയിലേക്കു കൈ പിടിച്ചു നടത്തുക എന്നതാണ് ഈ പുതിയ ദൗത്യം. മോശ മലയിലേക്കു കയറിച്ചെന്നു എന്നും കർത്താവു മലയിൽ നിന്നു മോശയെ വിളിച്ചു എന്നും ഉള്ള 3-ാം വാക്യത്തിലെ പ്രസ്താവനകൾ പരസ്പരം വിരുദ്ധങ്ങലായി കരുതേണ്ടതില്ല. കർത്താവിന്റെ മലയിലേക്കു കയറിച്ചെല്ലാനുള്ള സ്വാതന്ത്ര്യം മോശയ്ക്കു കർത്താവു നല്കിയിരിക്കുന്ന പ്രത്യേക സ്ഥാനത്തിന്റെ തെളിവാണ്. ദൈവത്തിന്റെ വക്താവായി ജനത്തിന്റെ അടുക്കലേക്ക് അയയ്ക്കപ്പെടുമ്പോൾ മോശയുടെ പ്രവാചക ദൌത്യം വ്യക്തമാകുന്നു. ദൈവത്തിന്റെ പ്രവൃത്തികളുടെ അർത്ഥം വ്യാഖ്യാനിക്കുകയും അവിടുത്തെ തിരുഹിതം ജനത്തെ അറിയിക്കുകയുമാണ് പ്രവാചകന്റെ കടമ. "യാക്കോബിന്റെ ഭവനത്തോടു പറയുക, ഇസ്രായേലിനെ അറിയിക്കുക" എന്ന സമാന്തരവാചകങ്ങൾക്ക് ഒരേ അർത്ഥമാണുള്ളത്.

ദൈവം മുന്നോട്ടു വയ്ക്കുന്ന ഉടമ്പടിയുടെ ഏകദേശരൂപമാണ് 4-6 വാക്യങ്ങളിൽ വിവരിക്കുന്നത്. ഇത് മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. കഴിഞ്ഞ സംഭവങ്ങളുടെ അനുസ്മരണം. 2. ഭാവിയെക്കുറിച്ചുള്ള വാഗ്ദാനം. 3. വാഗ്ദാനപൂർത്തീകരണത്തിനാവശ്യമായ നിബന്ധന.

1. **അനുസ്മരണം**. 4-ാം വാക്യത്തിൽ ഇസ്രായേൽക്കാർക്കുണ്ടായ വിമോചനാനുഭവത്തെ അനുസ്മരിപ്പിക്കുന്നു. മരുഭൂമിയിലൂടെയുള്ള യാത്രയി

ലേക്കു ശ്രദ്ധ തിരിക്കുന്ന മനോഹരമായൊരു പ്രതീകമാണ് കഴുകന്റെ ചിറകുകൾ. അത് വേഗതയെയും സുരക്ഷിതത്വത്തെയും സൂചിപ്പിക്കുന്നു. നിയ 32, 11ൽ വിവരിക്കുന്ന തള്ളക്കഴുകന്റെ ചിത്രം ഇതു കൂടുതൽ വിശദമാക്കുന്നുണ്ട്. ഉയർന്ന പാറയിടുക്കിലോ വലിയ മരത്തിന്റെ കൊമ്പിലോ ആണ് കഴുകൻ കൂടു കൂട്ടുക. തൂവൽ മുളച്ചെങ്കിലും ചിറകുകൾക്ക് ശക്തിയോ പറക്കാൻ ധൈര്യമോ ഇലിലാതെ കൂട്ടിൽ ഇരിക്കുന്ന കുഞ്ഞുങ്ങൾക്കു മുകളിൽ തന്റെ വലിയ ചിറകു വിരിച്ച് തള്ള പലവട്ടം പറന്നു കാണിക്കുന്നു. എന്നാൽ കൂട്ടിൽ നിന്നു പറന്നുയരാൻ കുഞ്ഞുങ്ങൾക്കു ശക്തിയില്ല. കൂടിന്റെ സുരക്ഷിതത്വം വിട്ടിറങ്ങാൻ ധൈര്യവുമില്ല. അതിനാൽ തള്ളതന്നെ കൂടു കൊത്തിപ്പൊളിക്കുന്നു. കൂടിന്റെ കമ്പുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന കുഞ്ഞിനെ ബലമായി താഴേക്കു തള്ളിയിടുന്നു. അഗാധമായ ഗർത്തതത്ിലേക്കു കല്ലുപോലെ വീഴുന്ന കുഞ്ഞിനെ താഴേക്കു കുതിച്ചെത്തിയ തള്ള തന്റെ ശക്തമായ വലിയ ചിറകുകളിൽ താങ്ങിയെടുത്ത് കൂട്ടിലേക്കു കൊണ്ടു പോകുന്നു. ഈ പരിശീലനപരിപാടി പലതവണ ആവർത്തിച്ചു കഴിയുമ്പോൾ തന്റെ കുഞ്ഞിച്ചിറകുകൾ വീശി പറക്കാൻ കുഞ്ഞു പഠിക്കുന്നു. അടിമത്തം നല്കിയിരുന്ന സുരക്ഷിതത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ വിശാലവിഹായസിലേക്കു പറന്നുയരാൻ ദൈവം ഇസ്രായേലിനെ പരിശീലിപ്പിച്ച കാലഘട്ടമായിരുന്നു മരുഭൂമിയിലൂടെയുള്ള യാത്ര എന്ന് ഈ പ്രതീകത്തിലൂടെ വ്യക്തമാക്കുന്നു. അത് ഇസ്രായേലിന്റെ ശൈശവമായിരുന്നു. അവിടെ വച്ചു നേരിട്ട പ്രലോഭനങ്ങളും പരീക്ഷണങ്ങളും വളർച്ചയിലേക്കു നയിക്കുന്നവയായിരുന്നു.

എന്റെയടുക്കലേക്കു കൊണ്ടു വന്നു. ഇതുവരെ നടന്ന സംഭവങ്ങളുടെ അർത്ഥവും ലക്ഷ്യവും കൂടുതൽ വിശദമാക്കുന്നതാണ് ഈ വാക്യശകലം. പുറപ്പാടും മരുഭൂമിയിലൂടെയുള്ള യാത്രയും ദൈവസന്നിധിയിലേക്കു നയിക്കുന്ന പ്രയാണമായിരുന്നു. ദൈവംതന്നെയാണ് അവരെ തന്റെയടുക്കലേക്കു കൊണ്ടു വന്നത്. കർത്താവു ചെയ്ത വലിയ കാര്യങ്ങളെ അനുസ്മരിച്ചതിനു ശേഷം ഭാവിയെ സംബന്ധിച്ച വാഗ്ദാനത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു.

2. **വ്ഗ്ദാനം** : ലോകജനതകൾക്കു മധ്യേ ഇസ്രായേലിനു നല്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക സ്ഥാനവും ദൗത്യവുമാണ് 5-6 വാക്യങ്ങളിൽ ദൈവത്തിന്റെ വാഗ്ദാനമായി അവതരിപ്പിക്കുന്നത്. മൂന്നു വിശേഷണങ്ങളിലൂടെ ഈ വാഗ്ദാനം വിശദമാക്കുന്നു. സ്വന്തം ജനം, പുരോഹിതരാജ്യം, വിശുദ്ധജനം.

**സ്വന്തം ജനം** : "എല്ലാ ജനതകളിലും നിന്ന് എനിക്കുള്ള പ്രത്യേക സമ്പാദ്യം ആയിരിക്കും നിങ്ങൾ" എന്നാണ് ഹീബ്രുമൂലം. ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനം എന്ന വിവർത്തനം ഒരു വിശദീകരണമാണ്. "സെഗുല്ലാ" എന്ന ഹീബ്രുവാക്കാണ് ഇവിടെ വിശദീകരണവിഷയമാകുന്നത്. ഇടയന്മാരുടെ ജീവിതപശ്ചാത്തലത്തിൽനിന്ന് ഈ വാക്കിന്റെ അർത്ഥം ഗ്രഹിക്കാനാവും. ഗോത്രത്തിന്റെ മുഴുവൻ ആടുകളെ മേയ്ക്കുന്ന ഇടയന്മാർ അവയിൽ നിന്ന് തങ്ങളുടെ സ്വന്തമായവയെ "സെഗുല്ലാ" എന്നു വിളിക്കും. ആട്ടിൻ കൂട്ടത്തിൽ നിന്ന് പ്രത്യേക ശ്രദ്ധയോടെ പോറ്റി വളർത്തുന്ന ആടുകളെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കാറുണ്ട്. "വലിയ വില കൊടുത്തു വാങ്ങിയത്" എന്ന അർത്ഥവും ഈ പദത്തിനുണ്ട്. ഈ ധ്വനികളാണ് "എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനം" എന്ന വിവർത്തനത്തിലൂടെ വിശദീകരിക്കുന്നത്.

ഇസ്രായേലിനെ പ്രത്യേകമായി തിരഞ്ഞെടുക്കുമ്പോഴും ദൈവം ഇതരജനതകളെ ഉപേക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. 'കാരണം ഭൂമി മുഴുവൻ എന്റേതാണ്" എന്ന പ്രസ്താവന ഈ തിരഞ്ഞെടുപ്പിന്റെ സ്വഭാവം വിശദമാക്കുന്നു. ലോകജനതകൾ എല്ലാം ദൈവത്തിന്റേതാണ്. അവരിൽ നിന്ന് ഒരു ജനതയെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നതിനു വ്യക്തമായ ലക്ഷ്യമുണ്ട്. ആ ലക്ഷ്യമാണ് അടുത്ത രണ്ടു വിശേഷണങ്ങളിലൂടെ വിശദമാക്കുന്നത്.

**പുരോഹിതരാജ്യം** : ഈ വിശേഷണത്തെ രണ്ടു വിധത്തിൽ വിശദീകരിക്കാം. 1. പുരോഹിതന്മാരാൽ ഭരിക്കപ്പെടുന്ന രാജ്യം. 2. പുരോഹിത ശുശ്രൂഷ ചെയ്യുന്ന രാജ്യം. രാജ്യം എന്നതുകൊണ്ട് ഏകീകൃതഭരണത്തിൽ കീഴിലുള്ള ജനത എന്നാണ് അർത്ഥമാക്കുന്നത്. ആദ്യത്തെ വിശദീകരണം സ്വീകരിക്കുന്നവർ ഇസ്രായേലിലെ പുരോഹിതനേതൃത്വത്തിന്നും അവർ അർപ്പിക്കുന്ന ദൈവികശുശ്രൂഷയ്ക്കും പ്രാധാന്യം നല്കുന്നു. അഭിഷിക്തമായ പുരോഹിത നേതാക്കന്മാരിലൂടെ, ബലിയർപ്പണം വഴി ദൈവത്തെ ആരാധിക്കുന്ന ഒരു ജനമായിരിക്കും ഇസ്രായേൽ എന്ന് ഇക്കൂട്ടർ കരുതുന്നു. പ്രവാസത്തിനു ശേഷം ഇസ്രായേൽ ഇപ്രകാരമൊരു ജനതയായി തീർന്നു. എന്നാൽ ചുരുക്കം ചില നേതാക്കന്മാർ മാത്രമല്ല ഇസ്രായേൽ ജനം മുഴുവനുമാണ് പുരോഹിത ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് എന്ന രണ്ടാമത്തെ വിശദീകരണത്തിന് സാഹചര്യത്തിൽ നിന്ന് കൂടുതൽ സാധുത ലഭിക്കുന്നു. ഈ അർത്ഥത്തിലാണ് 1 പത്രോ 2, 5ൽ പുരോഹിതജനം എന്നു ക്രിസ്തുസഭയെ വിശേഷിപ്പിക്കുന്നത്.

ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥനായിരിക്കു എന്ന താണ് പുരോഹിതന്റെ ദൗത്യം. ജനത്തിന്റെ ആരാധനയും പ്രാർത്ഥനയും ബലികളും ദൈവത്തിനു സമർപ്പിക്കുക, ദൈവഹിതം ജനത്തെ പഠിപ്പി ക്കുക എന്ന രണ്ടു മുഖ്യ കർത്തവ്യങ്ങളാണ് ഈ മാധ്യസ്ഥ്യത്തിലുള്ളത്. ലോകജനതകളുടെ മുഴുവൻ മധ്യസ്ഥരായി ഇസ്രായേൽ ജനം ഒന്നടങ്കം ദൈവസന്നിധിയിൽ നില്ക്കണം. അവരുടെ ആരാധനയും പ്രാർത്ഥനയും ബലികളും എല്ലാം എല്ലാ ജനതകൾക്കും വേണ്ടി ആയിരിക്കണം. ലോക ജനതകളെ മുഴുവൻ സ്വീകാര്യമായ ബലിവസ്തുവായി ദൈവത്തിനു സമർപ്പിക്കണം. ദൈവഹിതം അറിയാനും അതു സ്വജീവിതത്തിൽ അനു വർത്തിക്കാനും ലോകജനതകളെ അറിയിക്കാനുമുള്ള കടമ ഇസ്രായേൽ നജത്തിനു മുഴുവനുമുണ്ട്. ദൈവത്തെ അറിയുകയാണ് യഥാർത്ഥ ജ്ഞാ നം. ആ ജ്ഞാനം പകർന്നു കൊടുക്കലാണ് പുരോഹിതധർമ്മം എന്ന (ഹോസി 4, 6) പഠനം ഇവിടെ ശ്രദ്ധേയമത്രേ.

**വിശുദ്ധ ജനം** : ദൈവത്തിനായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടതി നെയാണ് "വിശുദ്ധം" എന്നു വിശേഷിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ സ്ഥലങ്ങളെയും വസ്തുക്കളെയും വിശുദ്ധം എന്നു വിളിക്കാറുണ്ട്. പുരോ ഹിതരാജ്യം എന്നതുപോലെ ഈ വിശേഷണവും ഒരു വിളിയും ദൗത്യവും സൂചിപ്പിക്കുന്നു. ദൈവം ഇസ്രായേൽ ജനത്തെ ഇതരജനതകളിൽ നിന്നു വേർത്രിച്ച് തന്റെ ശുശ്രൂഷയ്ക്കായി മാറ്റി വച്ചിരിക്കുന്നു. അവിടുത്തെ വിശുദ്ധിക്ക് തങ്ങളുടെ ജീവതത്തിലൂടെ അവർ സാക്ഷ്യം വഹിക്കണം. ദൈവം വിശുദ്ധനായതിനാൽ അവിടുത്തെ ശുശ്രൂഷയ്ക്കായി തിരഞ്ഞെ ടുക്കപ്പെട്ടവർ വിശുദ്ധരായിരിക്കണം എന്ന കല്പന ലേവ്യപുസ്തകത്തിലെ ഒരു പ്രധാന പ്രമേയമാണ് (ലേവ്യ 19, 2). വിശുദ്ധ ജനമായി തിരഞ്ഞെടു ക്കപ്പെട്ടവരാണ് തങ്ങൾ എന്ന ഇസ്രായേലിന്റെ ദൗത്യബോധം നിയമാ വർത്തന ഗ്രന്ഥത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. (നിയ 7, 6; 14, 2. 21; 26, 19)

3. **നിബന്ധന** : ഇതുവരെ അവർക്കുവേണ്ടി സൗജന്യമായി ചെയ്ത പ്രവൃത്തികളും ഇനിയും ചെയ്യാൻ പോകുന്ന മഹത്തായ കാര്യങ്ങളും ചുരുക്കമായി അവതരിപ്പിച്ചതിനു ശേഷം അവയുടെ സാക്ഷാൽക്കാരത്തിന് ഒരു നിബന്ധന വയ്ക്കുന്നു. "എന്റെ വാക്കു കേൾക്കുകയും ഉടമ്പടി പാലിക്കുകയും" എന്ന സമാന്തരവാക്യങ്ങളിൽ ഈ നിബന്ധന എന്താ ണെന്നു സൂചിപ്പിക്കുന്നു. "അനുസരിക്കുക" എന്നാണ് "വാക്കു കേൾക്കുക" എന്നതിന് അർത്ഥം. "ഉടമ്പടി പാലിക്കുക" എന്ന് ഈ വിധേ യത്വത്തെ വീണ്ടും വിശേഷിപ്പിക്കുന്നു. ഉടമ്പടിയുടെ നിബന്ധനകളായി

പിന്നീട് അറിയിക്കുന്ന കല്പനകളെ കർത്താവിന്റെ വാക്കുകൾ എന്നാണ് വിശേഷിപ്പിക്കുന്നത്. (പുറ 20, 1).

ഇസ്രായേൽജനവുമായി ദൈവം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന പ്രത്യേക ബന്ധത്തെയാണ് “ഉടമ്പടി” എന്നു വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ ഭാഗത്തു നിന്ന് സൗജന്മായ ദാനമാണ് “ഉടമ്പടിടി. ഇസ്രായേൽ ജനത്തിന്റെ എന്തെങ്കിലും പ്രത്യേകയോഗ്യതയെ പരിഗണിച്ചല്ല അവരെ തിരഞ്ഞെടുക്കുന്നതും അവരുമായി ഉടമ്പടി ചെയ്യാൻ ദൈവം തീരുമാനിച്ചതും. അവർക്കു നല്കാൻ പോകുന്ന പ്രത്യേകസ്ഥാനവും അവരെ ഏല്പിക്കാൻ പോകുന്ന ദൗത്യവും ഒരു വിധത്തിലും അവർക്ക് അർഹതപ്പെട്ടതല്ല. അതു ദൈവത്തിന്റെ കൃപയാണ്. എന്നാൽ സ്വതന്ത്രമനസ്സോടെ അവർ അതു സ്വീകരിക്കണം.

**ജനത്തിന്റെ മറുപടി** : കർത്താവിന്റെ വാക്കുകള് ജനത്തെയും ജനത്തിന്റെ മറുപടി കർത്താവലിനെയും മോശ അറിയിക്കുന്നതായി 7-8 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏതാണ്ട് ഇതേ വാക്കുകൾ തന്നെ ഉടമ്പടി സ്ഥാപനത്തിനു തൊട്ടു മുമ്പ് 24, 3ൽ വീണ്ടും ആവർത്തിക്കുന്നുണ്ട്. ശ്രേഷ്ഠന്മാരും ജനവും ഒന്നടങ്കം കർത്താവിനോടു പരിപൂർണ്ണ വിധേയത്വം പ്രകടിപ്പിക്കുന്നു. നിരുപാധികമായ അനുസരണമാണ് അവർ പ്രഖ്യാപിക്കുന്നത്.

**C. ദൈവദർശനം 19, 9-25 (JE)** സീനായ്മലയിൽവെച്ച് ഇസ്രായേൽ ജനത്തിനുണ്ടായ ദൈവാനുഭവം അടുത്തതായി വിവരിക്കുന്നു. ഉടനെ സംഭവിക്കാൻ പോകുന്ന പ്രത്യക്ഷീകരണത്തിന്റെ സ്വഭാവവും ലക്ഷ്യവും ചുരുക്കമായി പ്രതിപാദിക്കുന്ന 9-ാം വാക്യം മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു. 1. ദൈവം മലയിൽ ഇറങ്ങിവരും. സീനായ്മല ദൈവത്തിന്റെ ഭവനമല്ല, പ്രത്യക്ഷപ്പെടാനായി തിരഞ്ഞെടുത്ത സ്ഥലം മാത്രമാണ്. അനന്തവും അഗ്രാഹ്യവുമാംവിധം സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തനും ഉന്നതനുമാണ് ദൈവം. മേഘം അവിടുത്തെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. 2. ജനം ദൈവത്തിന്റെ സ്വരം കേൾക്കണം. 3. മോശയെ വിശ്വസിക്കണം. ദൈവം നേരിട്ടല്ല, മോശ വഴിയാണ് ജനത്തോടു സംസാരിക്കുന്നത്. ജനത്തിന്റെ മുമ്പിൽ തന്റെ പ്രവാചകനായി ദൈവംതന്നെ മോശയെ അംഗീകരിച്ചുറപ്പിക്കുന്നു. പ്രവാചകവചനത്തെ ദൈവവചനമായി സ്വീകരിച്ച് അനുസരിക്കേണ്ടതിന്റെ ആവശ്യകത ഈ വാഗ്യത്തിൽ ഊന്നിപ്പറയുന്നു.

10-15 വാക്യങ്ങൾ ദൈവദർശനത്തിനാവശ്യമായ ഒരുക്കത്തെ വിശദീകരിക്കുന്നു. മൂന്നു കാര്യങ്ങളാണ് പ്രത്യേകമായി എടുത്തു പറയുന്ന

ത്. 1. മലയെ സമീപിക്കരുത്. 2. വസ്ത്രങ്ങൾ അലക്കണം. 3. ലൈംഗികവൃത്തിയിൽനിന്ന് ഒഴിഞ്ഞു നില്ക്കണം. മലയെ സമീപിക്കരുത് എന്ന കല്പന ദൈവത്തിന്റെ വിശുദ്ധിക്ക് ഊന്നൽ നൽകുന്നു. കർത്താവ് ഇറങ്ങി വരുന്നതിനാൽ വിശുദ്ധ സ്ഥലമായിത്തീരുന്ന മലയെ സമീപിക്കുന്നവർ വധിക്കപ്പെടണം എന്ന കല്പന, ലാഘവബുദ്ധിയോടെ ആരും ദൈവസന്നിധിയിലേക്കു കടന്നു ചെല്ലരുത് എന്നു നിർദ്ദേശിക്കുന്നു (ഹിബ്രാ 12, 18-22). ദൈവം മലയിൽ ഇറങ്ങി വരുന്നത് മനുഷ്യനോടുള്ള അവിടുത്തെ സാമീപ്യത്തെ സൂചിപ്പിക്കുന്നു. എന്നാൽ സമീപസ്ഥനായിരിക്കുമ്പോഴും ദൈവം എല്ലാറ്റിനും അതീതനും സൃഷ്ടികളിൽനിന്നെല്ലാം വ്യത്യസ്തനും ആണെന്ന് ഈ കല്പന അനുസ്മരിപ്പിക്കുന്നു. ലൈംഗികവേഴ്ച അതിൽത്തന്നെ പാപമോ നിഷിദ്ധമോ ആയതിനാലല്ല, ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടാൻ പോകുന്നവർ ഏകാഗ്രചിത്തരായി, വലിയ ആദരവോടെ, ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം എന്ന് അനുസ്മരിപ്പിക്കാനാണ് അതിൽ നിന്ന് ഒഴിഞ്ഞു നില്ക്കാൻ ആവശ്യപ്പെടുന്നത് (1 സാമു 21, 4; 1 കോറി 7, 5).

മൂന്നാം ദിവസം എന്ന പ്രയോഗം ദൈവം മനുഷ്യന്റെ ചരിത്രത്തിലേക്ക് ഇറങ്ങി വന്ന് അതിനെ പുതിയ. ലക്ഷ്യത്തിലേക്കു നയിക്കുന്ന സമയത്തെയാണ് സൂചിപ്പിക്കുക. (ഹോസ് 6, 2; ലൂക്കാ 13, 32-33; മത്താ 16, 21). സീനായ്മലയിൽ സംഭവിക്കാൻ പോകുന്ന ദൈവത്തിന്റെ പ്രത്യക്ഷീകരണം ഇസ്രായേലിന്റെ ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നതായിരിക്കും. 13-ാം വാക്യത്തിൽ പ്രതിപാദിക്കുന്ന കാഹളധ്വനി ഉത്സവാഘോഷത്തിനും ബലിയർപ്പണത്തിനുമായി വിശുദ്ധ സമ്മേളനം വിളിച്ചു കൂട്ടുന്ന കൊമ്പുവിളിയെ അനുസ്മരിപ്പിക്കുന്നു.

16-19 വാക്യങ്ങൾ ദൈവത്തിന്റെ പ്രത്യക്ഷീകരണം വിവരിക്കുന്നു. അതിശക്തമായ രണ്ടു വ്യത്യസ്ത പ്രതിഭാസങ്ങൾ ഈ വിവരണത്തിൽ ദൃശ്യമത്രേ. ഇടിമുഴക്കവും മേഘവും മിന്നൽപിണരും ഒരു കൊടുങ്കാറ്റിന്റെ പ്രതീതി ജനിപ്പിക്കുന്നു. കൊടുങ്കാറ്റിന്റെ ശീൽക്കാരണാണ് കാഹളധ്വനിയായി ചിത്രീകരിക്കുന്നത്. അഗ്നിയും പുകയും ഭൂമികുലുക്കവുമാകട്ടെ, അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നതിന്റെ ചിത്രത്തെയാണ് അനുസ്മരപ്പിക്കുക. മനുഷ്യനിൽ ഭയവും പരിഭ്രാന്തിയും ജനിപ്പിക്കുന്ന ഈ പ്രതിഭാസങ്ങൾ ഉച്ചസ്ഥായിയിൽ എത്തുമ്പോൾ സംഭീതരായ ജനം മോശയുടെ പിന്നിൽ മലയടിവാരത്തു നിലയുറപ്പിക്കുന്നു. ദൈവാരാധനയ്ക്കായി സമ്മേളിച്ചിരിക്കുന്ന സമൂഹത്തിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. ദൈവത്തെ കാണാൻ ജനം കാത്തു നിന്നെങ്കിലും അവർ കാണുന്നത്

പുകയുന്ന അഗ്നിപർവ്വതം മാത്രമാണ്. ദൈവം അദൃശ്യനായിത്തന്നെ കഴിയുന്നു. ദൈവത്തെ കാണാനാവില്ല, അവിടുത്തെ ശബ്ദം കേൾക്കാൻ മാത്രമേ കഴിയൂ എന്ന് 19-ാം വാക്യത്തിലെ വിവരണം സൂചിപ്പിക്കുന്നു. പിന്നീട് സീനായ്സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇക്കാരായം എടുത്തു പറയുന്നുണ്ട്. (നിയ 4, 11-12).

20-25 വാക്യങ്ങൾ ദൈവസന്നിധിയിൽ നില്ക്കുന്നവർക്ക് ആവശ്യമായ വിശുദ്ധിയെക്കുറിച്ച് വീണ്ടും അനുസ്മരപ്പിക്കുന്നു. പുരോഹിതന്മാരെ കുറിച്ചുള്ള പരാമർശം സീനായ് സംഭവത്തിന്റെ കാലത്തിനു നിരക്കുന്നതല്ല. പുരോഹിതസംവിധാനം പിന്നീടാണ് ഉണ്ടായത്. അഹറോനെ മല കയറാൻ അനുവദിക്കരുത് മോശയോടൊപ്പം അയാൾക്കും പ്രാധാന്യമ നല്കാൻ വേണ്ടിയാണ്. എന്നാൽ മറ്റു വിവരണങ്ങളിലെല്ലാം മോശ മാത്രമാണ് മധ്യസ്ഥനായി വർത്തിക്കുന്നത്. അതിനാൽ അഹറോനെക്കുറിച്ചുള്ള ഈ പർമർശം പില്ക്കാലത്തു കൂട്ടിച്ചേർത്തതായി കരുതപ്പെടുന്നു.

**വിചിന്തനം** ; ഫറവോയുടെ ദാസ്യത്തിൽ നിന്നു മോചിപ്പിച്ച്, ഇസ്രായേലിനെ ദൈവം സ്വന്തം ജനവും പുരോഹിതരാജ്യവുമായി ഉയ◌◌തതി. ഭൗതികശക്തികളെ സേവിക്കുന്നവർ അവയുടെ അടമകളായിത്തീരുന്നു. ദൈവത്തെ ശുശ്റൂഷിക്കുന്നവരാകട്ടെ മഹത്വമണിയുന്നു. പാപത്തിന്റെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച് ദൈവമക്കളുടെ സാതന്ത്ര്യത്തിലേക്കു മനുഷ്യനെ ഉയർത്തിയ യേശുക്രിസ്തു സ്ഥാപിച്ച ഉടമ്പടിയുടെ നാന്ദിയും പ്രതീകവുമായിരുന്നു സീനായ് ഉടമ്പടി.

കഴുകന്റെ ചിറകുകളിലെന്ന പോലെ ഇസ്രായേൽ ജനത്തെ നയിച്ച ദൈവം എല്ലാ മനുഷ്യേരേയും ഇന്നും കാത്തു പാലിക്കുകയും തന്റെ സന്നിധിയിലേക്കു സംവഹിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവമക്കളായിത്തീരാനും അവിടുത്തെ തിരുസന്നിധിയിൽ നിരന്തരം വസിക്കാനും നമ്മുടെ സ്വതന്ത്രമായ തീരുമാനവും സഹകരണഴും ആവശ്യമാണ്. ഭാവിയെ മുഴുവൻ മുന്നിൽ കാണാതെ ദൈവകരങ്ങളാൽ സ്വയം സമർപ്പിക്കാൻ നാം സന്നദ്ധരാകണം. നമുക്കു നന്മയായതു മാത്രമേ ദൈവം നമ്മിൽ നി◌്ന് ആവശ്യപ്പെടകയുള്ളൂ എന്ന വിശ്വാസം ഇതിനാവശ്യമാണ്. ദൈവസന്നിധിയിലേക്കു കടന്നുവരുന്നവർക്ക് ആവശ്യമായ വിശുദ്ധിയെക്കുറിച്ചുള്ള വിവരണത്തിന് ഇന്നു വലിയ പ്രസക്തിയുണ്ട്. ബാഹ്യമായ ആചാരങ്ങളെക്കാൾ ആന്തരികമായ വിശുദ്ധിക്കും മനോഭാവത്തിനുമാണ് പ്രാധാന്യം നൽകേണ്ടത്. ഭയവും പരിഭ്രാന്തിയുമല്ല, നന്ദിയും സ്നേഹവും വിനയാന്വിതമായ ആദരവുമാണ് ദൈവികസാന്നിധ്യം നമ്മിൽ

ഉളവാക്കേണ്ടത് (റോമാ 8, 15; 1 യോഹ 4, 18).

## 2. പത്തു പ്രമാണങ്ങൾ പുറ 20, 1-17 (E)

ദൈവനിഷേധത്തിലേക്കും സഹോദരവധത്തിലേക്കും നയിച്ച മനുഷ്യന്റെ അഹങ്കാരവും സ്വാർത്ഥതമൂലം തകർന്ന് ബന്ധങ്ങളെ വീണ്ടും കൂട്ടിയോജിപ്പിച്ച് സഹോദരങ്ങളുടെ കൂട്ടായ്മയായ സമൂഹത്തിനു രൂപം കൊടുക്കാൻ ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതിയിലെ ഒരു നിർണ്ണായക മുഹൂർത്തമാണ് സീനായ് ഉടമ്പടി. നിയമങ്ങളുടെ രണ്ടു പട്ടികകൾ സീനായ് ഉടമ്പടിയുടെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേത് പത്തു കല്പനകൾ എന്ന പേരിൽ അറിയപ്പെടുന്നു. (ുപറ 34, 28; നിയ 4, 13; 10, 4). "പത്തു വാക്കുകൾ" എന്നാണ് ഹീബ്രു മൂലം. ദൈവം തന്റെ വിരൽ കൊണ്ട് രണ്ടു കല്പലകകളുടെ ഇരുവശത്തും എഴുതി മോശയ്ക്കു നല്കിയതാണ് ഈ പ്രമാണങ്ങൾ എന്നു പുറപ്പാടു പുസ്തകത്തിൽ പല തവണ രേഖപ്പെടുത്തിയിരിക്കുന്നത് (പുറ 31, 18; 32, 15; 34, 1) ഈ നിയമങ്ങളുടെ പ്രാധാന്യം എടുത്തു കാട്ടുന്നു. മനുഷ്യന് ദൈവത്തോടും സഹജീവികളോടും ഉണ്ടായിരിക്കേണ്ട ബന്ധങ്ങളെ സമഗ്രമായി നിർവചിക്കുന്ന പത്തു പ്രമാണങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ സുപ്രധാനങ്ങളാണ്. മാനവസമൂഹത്തിനു മുഴുവനും സ്വാതന്ത്ര്യവും സാഹോദര്യവും ഉറപ്പു വരുത്തുന്ന അടിസ്ഥാന നിയമങ്ങളാണിവ.

ഭയാനകമായ ഒരു ദൈവദർശനത്തിന്റെ പശ്ചാത്തലത്തിലാണ് പത്തു പ്രമാണങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും സീനായ് സംഭവവുമായി ഇതിനുള്ള ബന്ധം കൃത്രിമമാണെന്ന് അടുത്തു പരിശോധിച്ചാൽ കാണാനാവും. പുറ 19, 25ൽ മോശ മലയിൽ നിന്ന് ഇറങ്ങി വന്ന് ജനത്തോടു സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 20, 18ൽ മലയുടെ മുന്നിൽ ഭയന്നു നില്ക്കുന്ന ജനത്തിന്റെ ചിത്രം അവതരിപ്പിച്ചിരിക്കുന്നു ഇവയ്ക്കു മധ്യേ തിരുകി വച്ചുതപോലെയാണ് പത്തു പ്രമാണങ്ങളുടെ പട്ടിക പ്രത്യക്ഷപ്പെടുന്നത്. പ്രമാണങ്ങളുടെ പട്ടികയിൽ EP രചയിതാക്കളുടെ സ്വാധീനം കാണാം. പല പാരമ്പര്യങ്ങൾ കൂടി യോജിപ്പിച്ച അന്തിമപ്രസാധകനാണ് വിവരണങ്ങളെ ഈ ക്രമത്തിൽ അവതരിപ്പിച്ചത്.

പത്തു പ്രമാണങ്ങളുടെ രണ്ടു പട്ടികകൾ ബൈബിളിലുണ്ട് (പുറ 20, 1-17; നിയ 5, 6-21). രണ്ടും തമ്മിൽ കാതലായ ഐക്യമുണ്ടെങ്കിലും ചുരുക്കം ചില വ്യത്യാസങ്ങളും കാണാം. സാബത്താചരണത്തിനു നല്കുന്ന വിശദീകരണമാണ് ഒരു വ്യത്യാസം. അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത് എന്ന പ്രമാണത്തിൽ വിലക്കപ്പെട്ട കാര്യങ്ങളെ അവതരി

പ്പിക്കുന്ന ക്രമത്തിൽ രണ്ടാമത്തെ പ്രധാന വ്യത്യാസം ദൃശ്യമാകുന്നു. ഇന്നു ബൈബിളിൽ കാണുന്ന ക്രമത്തിൽ അവതരിപ്പിക്കുന്നതിനു മുമ്പേ സ്വതന്ത്രമായി നിലനിന്ന ഒരു പട്ടികയായിരുന്നു പത്തു പ്രമാണങ്ങൾ എന്ന് ഈ വിയത്യാസങ്ങളിൽ നിന്ന് അനുമാനിക്കാം. പ്രമാണങ്ങളിൽ ചിലത് ഒറ്റ വാക്യത്തിലുള്ള കല്പനയോ വിലക്കോ ആയി അവതരിപ്പിക്കുമ്പോൾ മറ്റു ചിലതിന് ദീർഘമായ വിശദീകരണങ്ങൾ നല്കിയിരിക്കുന്നു. ആരംഭത്തിൽ എല്ലാ പ്രമാണങ്ങളും നിരുപാധികമായ കല്പനകളായിരുന്നെന്നും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും പില്ക്കാലത്തു കൂട്ടിച്ചേർത്തതാണെന്നും പൊതുവേ കരുതപ്പെടുന്നു.

ഉടമ്പടിയുടെ നിബന്ധനകളായി അവതരിപ്പിക്കുന്ന നിയമങ്ങൾക്കും ബി. സി. രണ്ടാം സഹസ്രാബ്ദത്തിൽ മെസൊപ്പൊട്ടാമിയായിൽ നിലവിലിരുന്ന പല നിയമസംഹിതകളോടും സാമ്യമുണ്ട്. ഹമ്മുരബിയുടെ നിയമസംഹിത, എഷ്നുന്നായുടെ നിയമസംഹിത (Code of Eshnunna), ഹിത്യരുടെ നിയമസംഹിത (Hittite Code) എന്നിവ ഉദാഹരണങ്ങളാണ്. മനുഷ്യർ തമ്മിലുള്ള വ്യവഹാരങ്ങളാണ് ഇവയിലെല്ലാം പ്രതിപാദിക്കപ്പെടുന്നത്. നിയമദാതാവായ രാജാവിന്റെ കല്പനകളായിട്ടാണ് ഈ നിയമങ്ങളെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. പത്തു പ്രമാണങ്ങൾ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും പരാമർശിക്കുന്നു. ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയുടെ തീരുമാനമല്ല, വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ് പത്തു പ്രമാണങ്ങളുടെ ഉള്ളടക്കം.

നിയമങ്ങൾ അവതരിപ്പിക്കുന്ന രീതിയിലും മെസൊപ്പൊട്ടാമിയൻ നിയമസംഹിതകളും പത്തു പ്രമാണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. "ഇന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ ഇപ്രകാരം പ്രവർത്തിക്കണം" എന്ന അവതരണരീതിയാണ് ആദ്യത്തെ നിയമസംഹിതകളിൽ എല്ലാം ഉള്ളത്. ഇതിനെ വ്യവസ്ഥാബദ്ധമായ, അഥവാ സോപാധികമായ നിയമങ്ങൾ (Conditional law) എന്നു വിളിക്കുന്നു. ഇപ്രകാരമുള്ള അവതരണരീതിയാണ് ബൈബിളിലെ മിക്ക നിയമങ്ങൾക്കും ഉള്ളത്. എന്നാൽ പത്തു പ്രമാണങ്ങൾ യാതൊരു വ്യവസ്ഥയുമില്ലാത്ത കല്പനകളാണ്. ഏതു സാഹചര്യത്തിലും എക്കാലവും സാധുതയുള്ള നിയമങ്ങളാണിവ. ഇതിനെ നിരുപാധിക കല്പനകൾ (Apodictic laws) എന്നു വിളിക്കുന്നു.

പത്തു പ്രമാണങ്ങൾ എന്നു ബൈബിളിൽ പലതവണ ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും പ്രമാണങ്ങളെ പത്തായി വിഭജിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഇന്നു പ്രചാരത്തിലിരിക്കുന്ന

മൂന്നു വിഭജനരീതിയകൾ താഴെ കൊടുക്കുന്നു.

| പ്രമാണം | യഹൂദർ | പ്രോട്ടസ്റ്റന്റുസഭകൾ | കത്തോലിക്കർ |
|---|---|---|---|
| 1 | പുറ 20, 2 | 20, 2-3 | 20, 2-6 |
| 2 | 20, 3-6 | 20, 4-6 | 20, 7 |
| 3 | 20, 7 | 20, 7 | 20, 8-11 |
| 4 | 20, 8-11 | 20, 8-11 | 20, 12 |
| 5 | 20, 12 | 20, 12 | 20, 13 |
| 6 | 20, 13 | 20, 13 | 20, 14 |
| 7 | 20, 14 | 20, 14 | 20, 15 |
| 8 | 20, 15 | 20, 15 | 20, 16 |
| 9 | 20, 16 | 20, 16 | 20, 17a |
| 10 | 20, 17 | 20, 17 | 20, 17b |

റബ്ബിമാരുടെ പാരമ്പര്യം അനുസരിച്ചാണ് യഹൂദർ ഈ വിഭജന രീതി സ്വീകരിച്ചിരിക്കുന്നത്. യഹൂദചന്തകനായ ഫിലോയുലോയും ചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസും ഗ്രീക്ക് സഭാപിതാക്കന്മാരുടെ സ്വീകരിച്ച വിഭജനരീതി മിക്ക പ്രോട്ടസ്റ്റന്റു സഭകളും പിന്തുടരുന്നു. വി. അഗസ്റ്റിൻ തുടങ്ങി ലത്തീൻസഭ് പിതാക്കന്മാർ എടുത്ത നിലപാടാണ് കത്തോലിക്കാ സഭയും ലൂഥറൻസഭയും പ്രമാണങ്ങളുടെ വിഭജനക്രമത്തിൽ അംഗീകരിച്ചിരിക്കുന്നത്. ഇതനുസരിച്ച് യഹൂദരം പ്രോട്ടസ്റ്റന്റുകാരും ഒന്നും രണ്ടും പ്രമാണങ്ങളായി എണ്ണുന്നവയെ കത്തോലിക്കർ ഒന്നാം പ്രമാണമായി കരുതുന്നു. ആദ്യത്തെ കൂട്ടർ പത്താം പ്രമാണമായി കരുതുന്നവയെ രണ്ടാമത്തെ കൂട്ടർ 9, 10 പ്രമാണങ്ങളായി പരിഗണിക്കുന്നു. വിഭജനത്തിലുള്ള ഈ വ്യത്യാസത്തിന്റെ കാരണങ്ങൾ ഓരോ പ്രമാണവും ചർച്ച ചെയ്യുമ്പോൾ എടുത്തു കാട്ടുന്നതാണ്.

### ഒന്നാം പ്രമാണം 20, 2-6

"ദൈവം അരുളിച്ചെയ്ത വചനങ്ങളാണിവ" എന്ന ഒന്നാം വാക്യം പ്രമാണങ്ങളുടെ പട്ടികയ്ക്ക് ഒരു ശീർഷകമായി നില കൊള്ളുന്നു. ദൈവത്തിന്റെ വചനമായിരിക്കണം ദൈവജനത്തിന് മാർഗ്ഗദീപമായി നില്ക്കുന്നത് (സങ്കീ. 119, 105). തുടർന്ന് അവതരിപ്പിക്കുന്ന നിയമസംഹിതകളെല്ലാം ഈ അടിസ്ഥാന നിയമങ്ങളുടെ വിശദീകരണങ്ങളും വ്യാഖ്യാന

ങ്ങളും ഉള്‍പ്പിരിവുകളുമാണ്. അടിമത്തത്തില്‍ നിന്നാ താന്‍ മോചിപ്പിച്ച തന്റെ ജനം സ്വതന്ത്രരായി തുടരാന്‍ ആവശ്യമായ അടിസ്ഥാന ജീവിത നിയമങ്ങളാണ് ഇവിടെ ദൈവം നല്കുന്നത്. അടിമകളുടെ നിര്‍ബന്ധിത സേവനമല്ല, സ്വതന്ത്രരുടെ സ്നേഹപൂര്‍ണ്ണമായ ശുശ്രൂഷയാണ് അവിടുത്തേക്ക് ആവശ്യം.

നീ, നിന്നെ, നിന്റെ, നിനക്ക് എന്നിങ്ങനെയുള്ള ഏകവചനപ്രയോഗങ്ങള്‍ പ്രത്യേകശ്രദ്ധയര്‍ഹിക്കുന്നു. ഇസ്രായേല്‍ ജനത്തെ മുഴുവന്‍ ഒറ്റ വ്യക്തിയെന്ന നിലയിലാണ് ഈ പ്രമാണങ്ങള്‍ കാണുന്നത്. മാത്രമല്ല, ഓരോ വ്യക്തിയെയും ദൈവം നേരിട്ട് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. വ്യക്തിത്വമോ വ്യക്തിപരമായ ഉത്തരവാദിത്വമോ ഇല്ലാത്ത ഒരു ഭരണസംവിധാനമല്ല, ഓരോ മനുഷ്യനേയും പേരുചൊല്ലി വിളിച്ച്, ഞാന്‍ - നീ എന്ന ദൃഢമായ ബന്ധം സ്ഥാപിക്കുന്ന വ്യക്തിയാണ് ദൈവം.

യാഹ്വേയെ മാത്രമേ ദൈവമായി ആരാധിക്കാവൂ എന്ന കല്പനയുടെ വിശദീകരണമാണ് ബഹുദൈവാരാധനയും വിഗ്രഹാരാധനയും വിലക്കുന്നതിലൂടെ നല്കു്നത്. അന്യജനതകള്‍ അനേകം ദൈവങ്ങളെ ആരാധിച്ചിരുന്നു. ഓരോ ആവശ്യങ്ങള്‍ക്കായി അവര്‍ ഓരോ ദൈവങ്ങളെ സമീപിച്ചിരുന്നു. എന്നാല്‍ ഇസ്രായേലിനെ തിരഞ്ഞെടുത്ത ദൈവമായ യാഹ്വേ അസഹിഷ്ണുവായ ദൈവമാണ്. തന്നോടൊപ്പം മറ്റു ദൈവങ്ങളെ ആരാധിക്കാന്‍ അവിടുന്ന് അനുവദിക്കുകയില്ല. ദൈവം ഒരുവനേയുള്ളൂ. ദൈവങ്ങളായി പരിഗണിക്കപ്പെടുന്ന മറ്റെല്ലാം മിഥ്യയും മനുഷ്യസങ്കല്പവും മാത്രമാണ്. അവയെ ആരാധിക്കുന്നവര്‍ അവയ്ക്ക് അടിമകളായി തീരുന്നു. അതിനാല്‍ ഒന്നാം പ്രമാണവും മനുഷ്യന്റെ യഥാര്‍ത്ഥ സ്വാതന്ത്ര്യമാണ് ലക്ഷ്യം വയ്ക്കുന്നത്.

വിഗ്രഹനിര്‍മ്മാണത്തെയും ആരാധനയെയും വിലക്കുന്ന കല്പന രണ്ടാം പ്രമാണമായി യഹൂദരും പ്രോട്ടസ്റ്റന്റുസഭകളും കരുതുന്നു. കത്തോലിക്കരാകട്ടെ ഒന്നാം പ്രമാണത്തിന്റെ വിശദീകരണമായിട്ടാണ് ഇതിനെ കാണുന്നത്. യാഹ്വേ മാത്രമാണ് ദൈവം, മറ്റു ദൈവങ്ങളെ ആരാധിക്കരുത് എന്നകല്പനയുടെ രണ്ടു ഭാഗങ്ങള്‍ വിഗ്രഹം ഉണ്ടാക്കരുത്, ആരാധിക്കരുത് എന്ന വിലക്കില്‍ കൂടുതല്‍ വ്യക്തമാക്കുന്നു. ആരാധനയ്ക്കായി വിഗ്രഹം ഉണ്ടാക്കരുത് എന്നാണ് ചുരുക്കത്തില്‍ ഈ കല്പനയുടെ അര്‍ത്ഥം. അതിനാല്‍ ഇത് ഒന്നാം പ്രമാണത്തിന്റെ ഭാഗമാണ്.

ആരാധിക്കാനല്ലാതെ പ്രതിമകള്‍ ഉണ്ടാക്കുന്നത് ഈ പ്രമാണത്തിലൂടെ മുടക്കുന്നില്ല എന്നു കാണാം. കൃപാസനത്തിന്മേല്‍ കെരൂബുകളുടെ പ്രതിമകള്‍ സ്ഥാപിക്കാനും (പുറ 25, 18-21) മരുഭൂമിയില്‍ വച്ചു

പിച്ചള സർപ്പത്തെ ഉണ്ടാക്കാനും (സംഖ്യ 21, 8-9) മോശയ്ക്കു കർത്താവു തന്നെ നല്കിയ കല്പനകളിൽ നിന്നും ഇതു വ്യക്തമാണ്. പഴയ നിയമത്തിൽ അദൃശ്യനായി സ്ഥിതി ചെയ്യുകയും വചനത്തിലൂടെ മാത്രം സ്വയം വെളിപ്പെടുത്തുകയും ചെയ്ത ദൈവം കാലത്തിന്റെ പൂർണ്ണതയിൽ, യേശുക്രിസ്തുവിൽ മനുഷ്യനായി അവതരിച്ചു (കൊളോ 1, 15; ഫിലി 2. 7). ദൃശ്യനായി അവതരിച്ചവന്റെ പ്രതിമയോ ഛായാചിത്രമോ ഉണ്ടാക്കുന്നത് ഒന്നാം പ്രമാണത്തിന്റെ ലംഘനമാവുകയില്ല. പ്രതിമകളും ഛായാചിത്രങ്ങളും പ്രതീകങ്ങൾ മാത്രമാണെന്നകാര്യം വിസ്മരിച്ച്, അവയെ ആരാധിക്കാൻ തുടങ്ങിയാൽ തീർച്ചയായും അതു പ്രമാണ ലംഘനമാകും. ദൈവത്തിന്റെ സ്ഥാനത്ത് മറ്റെന്തിനെയെങ്കിലും പ്രതിഷ്ഠിച്ചാൽ അത് വിഗ്രഹാരാധനയാകും. ധനം, അധികാരം പ്രത്യശാസ്ത്രങ്ങൾ, സ്ഥാനമാനങ്ങൾ തുടങ്ങി അനേകം വിഗ്രഹങ്ങൾ ഇന്നു മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ധനമോഹത്തെ വിഗ്രഹാരാധനയായി ബൈബിൾ ചിത്രീകരിക്കുന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമത്രേ. (കൊളാ 3, 5 എഫേ. 5, 5; മത്താ. 6, 24).

മൂന്നും നാലും തലമുറകൾ വരെ ശിക്ഷിക്കും എന്ന താക്കീത് ദൈവത്തിന്റെ പ്രതികാര ബുദ്ധിയല്ല, രക്ഷിക്കാനുള്ള തീരുമാനമാണ് വ്യക്തമാക്കുന്നത്. ദൈവകൽപന ധിക്കരിക്കുന്നവർ എന്നാണ് "എന്നെ വെറുക്കുന്നവർ" എന്ന വിശേഷണം കൊണ്ട് അർത്ഥമാക്കുന്നത്. താൻ ചെയ്ത തിന്മകൾ വേഗം മറക്കാൻഡ മനുഷ്യൻ ശ്രമിച്ചെന്നു വരും. എന്നാൽ അതു പരിഹരിക്കുന്നതുവരെ അവനു സ്വസ്ഥതയുണ്ടാവുകയില്ല. മനുഷ്യസമൂഹത്തിൽ സത്യവും നീതിയും സാഹോദര്യവും നില നില്ക്കണം എന്ന ദൈവത്തിന്റെ രക്ഷാകരമായ തീരുമാനം നിഷേധാത്മകരൂപത്തിൽ ഇവിടെ പ്രകടമാകുന്നു. അനുതാപത്തിലേക്കും പാപപരിഹാരത്തിലേക്കും നയിക്കുന്നതാണ് ഈ ശിക്ഷ.

### രണ്ടാം പ്രമാണം 20, 7

"നിന്റെ ദൈവമായ കർത്താവിന്റെ നാമം" എന്ന പ്രയോഗം ഇസ്രായേലും ദൈവവും തമ്മലുള്ള വ്യക്തിബന്ധത്തെ സൂചിപ്പിക്കുന്നു. ഓരോ വ്യക്തിയും ദൈവത്തിനു നൽകേണ്ട ആദരവും ബഹുമാനവുമാണ് ഈ കല്പന ഉന്നം വയ്ക്കുന്നത്. "അങ്ങയുടെ നാമം പൂജിതമാകണമേ" എന്ന കർതൃപ്രാർത്ഥനയിൽ യേശുനാഥൻ ഈ പ്രമാണത്തിന്റെ അർത്ഥം വ്യക്തമാക്കിത്തന്നിട്ടുണ്ട്. ദൈവത്തോടുള്ള ആദരവിനു നിരക്കാത്ത സകല സംസാരവും ഈ പ്രമാണത്തിലൂടെ വിലക്കുന്നു. അഞ്ചുകാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. 1. ആണയിടൽ. പറയുന്ന കാര്യത്തിന്റെ സത്യം

സ്ഥാപിക്കാൻ വേണ്ടി ദൈവനാമത്തിൽ ആണയിടരുത്. കള്ളം സ്ഥാപിക്കാൻ കർത്താവിന്റെ നാമം ഉപയോഗിക്കരുത് എന്നാണ് മുഖ്യമായും ഇത് അർത്ഥമാക്കു്നത്. എന്നാൽ അതു മാത്രമല്ല, ആണയിടുകയേ അരുത് എന്ന് യേശു പഠിപ്പിച്ചു (മത്താ. 5, 33-37). സ്വാർത്ഥ താൽപര്യങ്ങൾ സ്ഥാപിച്ചെടുക്കാനായി ദൈവത്തിന്റെ നാമം പ്രയോഗിക്കരുത്. 2. ദൈവനാമത്തിന്റെ മാന്ത്രികമായ ഉപയോഗം. പ്രകൃത്യാതീത ശക്തികളുടെ പേര് അറിയാമെങ്കിൽ അവയെ തങ്ങൾക്ക് ആവശ്യമായ രീതിയിൽ സ്വാധീനിക്കാം എന്ന് ബഹുദൈവാരാധകരായ പൗരാണികർ വിശ്വസിച്ചിരുന്നു എന്റെ ഇഷ്ടം അനുസരിച്ച് ദൈവം പ്രവർത്തിക്കും എന്ന അന്ധവിശ്വാസമാണ് ഈ ചിന്താഗതിയിൽ നിഴലിക്കുന്നത്. നാമോച്ചാരണത്തിലൂടെ ദൈവികശക്തിയെ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപയോഗിക്കാൻ ശ്രമിക്കരുത്. ദൈവനാമം, ബൈബിൾ വാക്യങ്ങൾ, യേശുവിന്റെ നാമം മുതലായവ ഉച്ചരിച്ചാൽ അത്ഭുതങ്ങൾ നടക്കും എന്ന വിശ്വാസവും അതനുസരിച്ചുള്ള പ്രവൃത്തികലും നിഷിദ്ധമാണെന്ന് ഈ പ്രമാണത്തിലൂടെ പഠിപ്പിക്കുന്നു. 3. ദൈവമല്ലാത്തതിന് ദൈവനാമം നൽകരുത്. ഒന്നാം പ്രമാണത്തിന്റെ ഒരു വിശദീകരണം തന്നെയാണിത്. 4. ദൈവദൂഷണം പറയരുത്. ദൈവത്തെ ശപിക്കുന്നതും ദൈവഭക്തരെ അവരുടെ വിശ്വാസത്തിന്റെ പേരിൽ പരിഹസിക്കുന്നതും ദൈവദൂഷണമാണ്. സമ്പത്തും സമൃദ്ധിയുമുണ്ടാകുമ്പോൾ, ഇനി എനിക്കൊരാപത്തും വരാനില്ല എന്നു കരുതി ദൈവത്തെ വെല്ലുവിളിക്കുന്നതും ദൈവദൂഷണം തന്നെ. 5. ഇവയ്ക്കു പുറമേ ആവശ്യമായ ആദരവോ ചിന്തയോ കൂടാതെ അശ്രദ്ധമായും ലാഘവബുദ്ധിയോടെയും ദൈവനാമം ഉപയോഗിക്കുന്നതിനെയും ഈ പ്രമാണം വിലക്കുന്നു.

## മൂന്നാം പ്രമാണം 20, 8-11

ആഴ്ചയുടെ ഏഴാം ദിവസമാണ് സാബത്ത് എന്ന പേരിൽ അറിയപ്പെടുന്നത്. ''ശാബത്ത്'' എന്ന ഹീബ്രുവാക്കിന് വർജ്ജിക്കുക, അവസാനിപ്പിക്കുക, നിർത്തുക എന്നൊക്കെയാണ് അർത്ഥം. സാബത്താചരണത്തെ സംബന്ധിച്ച മൂന്നാം പ്രമാണം രണ്ടു കാര്യങ്ങൾ ആവശ്യപ്പെടുന്നു. 1. എല്ലാ അധ്വാനങ്ങളിലും നിന്നു വിരമിച്ച് വിശ്രമിക്കണം. 2. ദൈവാരാധനയ്ക്കായി ആ ദിവസം മാറ്റി വയ്ക്കണം. സൃഷ്ടി കർമ്മം പൂർത്തിയാക്കി ദൈവം വിശ്രമിച്ചതിന്റെ ഓർമ്മയ്ക്കായി (ഉൽപ. 2, 2-4) സാബത്താചരിക്കണം എന്ന കൽപന ഈ ദിവസത്തെ ദൈവത്തിന്റെ വിശ്രമത്തിൽ പങ്കുചേരുന്ന അവസരമായി വിശേഷിപ്പിക്കുന്നു. നിയമാവർത്തന പുസ്തകത്തിലെ പത്തു പ്രമാണങ്ങളുടെ പട്ടികയിൽ ഈജിപ്തിൽ

നിന്നുള്ള മോചനവുമായി ബന്ധിപ്പിച്ചുകൊണ്ട് (നിയ 5, 12-15) അദ്ധ്വാനിക്കുന്നവരുടെ മൗലികാവകാശമായി സാബത്താചരണത്തെ വ്യാഖ്യാനിക്കുന്നു. ജോലികളിൽ നിന്നെല്ലാം വിരമിച്ച് വിശ്രമിക്കുക എന്നതായിരുന്നു സാബത്താചരണത്തിന്റെ ഉദ്ദേശ്യം.

പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുന്നാൾ എന്നീ മൂന്നു പ്രധാന ഉത്സവങ്ങൾ എന്നതുപോലെ സാബത്താചരണവും കാനാൻകാരിൽ നിന്നു കടമെടുത്തതാണെന്നു കരുതപ്പെടുന്നു. ആഴ്ചയുടെ ഏഴാം ദിവസം ദുർദ്ദേവതയുടെ ദിവസമായി കാനാൻകാർ കരുതിയിരുന്നു. അന്നു ചെയ്യുന്ന യാതൊരു ജോലിയും വിജയിക്കുകയില്ല എന്നു മാത്രമല്ല, വിപരീത ഫലം ഉളവാക്കുകയും ചെയ്യും. അതിനാൽ അവർ എല്ലാ ജോലികളും നിർത്തിവയ്ക്കും. ജോലികളിൽ നിന്നു വിരമിക്കുന്നതിനാലാണ് ഏഴാം ദിവസത്തിന് ശാബത്ത് എന്ന പേരുണ്ടായത്. ആഴ്ചയുടെ ഏഴാം ദിവസത്തെ ശനിയാഴ്ച എന്നാണല്ലോ നാം വിളിക്കുക. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളെയും നഷ്ടങ്ങളെയും സൂചിപ്പിക്കാൻ ശനി,ശനിദശ മുതലായ പദങ്ങൾ ഉപയോഗിക്കുക ഇന്നും സാധാരണമാണല്ലോ. ശാബത്തിനെ കുറിച്ച് കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസം ശനിയെക്കുറിച്ച് നമ്മുടെ നാട്ടിലും പ്രാബല്യത്തിലിരിക്കുന്നു എന്ന് ഇതിൽ നിന്നും കാണാം.

പരാജയകാരണമാകുന്ന ദുർദ്ദേവതയുടെ ദിവസം എന്ന നിലയിൽ നിന്ന് കർത്താവിന്റെ വിശ്രമദിനമായി സാബത്ത് വ്യാഖ്യാനിക്കപ്പെട്ടു. ഭയത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയുമല്ല, ആഹ്ലാദത്തിന്റെയും ദൈവാരാധനയുടെയും ദിവസമായി പത്തു പ്രമാണങ്ങൾ സാബത്തിനെ അവതരിപ്പിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കാനും അവിടുത്തെ സ്തുതിക്കാനുമുള്ള അവസരമാണ് സാബ്ത്ത്. അത് നിത്യജീവിതത്തിന്റെ മുന്നാസ്വാദനവുമാണ് (ഹെബ്രാ, 4, 4-10). ബാബിലോൺ പ്രവാസത്തിനു ശേഷം യഹൂദർ സാബത്തിൽ ജോലി ചെയ്യാതിരിക്കുന്നതിന് വലിയ പ്രാധാന്യം നൽകി. സാബത്തിൽ വിലക്കപ്പെട്ട ജോലികളുടെ പട്ടികയുണ്ടാക്കുകയും നിർബന്ധപൂർവ്വം നടപ്പാക്കുകയും ചെയ്തു. പുതിയ നിയമകാലമായപ്പോഴേയ്ക്കും സാബത്താചരണം മനുഷ്യനു വിശ്രമം നൽകുന്ന ആഹ്ലാദപ്രദമായ ദിവസം എന്നതിനേക്കാൾ താങ്ങാനാവാത്ത ഒരു ചുമടായിത്തീർന്നു. ഇതിനെതിരേ യേശു ശക്തമായി പ്രതികരിച്ചത് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (മർക്കോ 2, 23 - 3, 6)

പഴയ നിയമത്തിലെ സാബത്തിന്റെ സ്ഥാനത്ത് യേശുനാഥൻ ഉയിർത്തെഴുന്നേറ്റ ആഴ്ചയുടെ ആദ്യദിവസം ക്രൈസ്തവർ വിശുദ്ധമായി

ആചരിക്കുന്നു. ജോലിയിൽ നിന്നു വിരമിക്കുക എന്നതിനേക്കാൾ കർത്താവിന്റെ രക്ഷാകരപ്രവൃത്തികൾ അനുസ്മരിച്ചുകൊണ്ട് ദൈവജനം ഒന്നടങ്കം ദേവാലയത്തിൽ സമ്മേളിച്ച് വിശുദ്ധ കുർബാനയിലൂടെ അവിടുത്തേക്ക് ആരാധനയർപ്പിക്കുന്നതിനും കാരുണ്യപ്രവൃത്തികളിൽ ഏർപ്പെടുന്നതിനും ക്രൈസ്തവർ പ്രാധാന്യം നൽകുന്നു.

വിചിന്തനം : അദ്ധ്വാനം മനുഷ്യന് ആവശ്യമാണെന്നും എന്നാൽ മനുഷ്യൻ അദ്ധ്വാനത്തിന് അടിമയാകരുതെന്നും ഈ പ്രമാണം കൽപിക്കുന്നു. വിശ്രമിക്കാനും ദൈവശുശ്രൂഷയ്ക്ായി സമയം മാറ്റി വയ്ക്കാനും എല്ലാമനുഷ്യർക്കും കടമയുണ്ട്. ആഴ്ചയിൽ ഒരു ദിവസം അതിനായി പ്രത്യേകം മാറ്റിവയ്ക്കുന്നതിലൂടെ മനുഷ്യന്റെ സ്വാതന്ത്ര്യവും മഹത്വവും ദൈവം തന്നെ ഉറപ്പുവരുത്തുന്നു. മാറിവന്നിരിക്കുന്ന ആധുനികമനുഷ്യന്റെ ജീവിത സാഹചര്യങ്ങളിലും സാബത്താചരണത്തിനു പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. കർത്താവിന്റെ ദിവസം (Dies Domenica) എന്നാണ് ക്രൈസ്തവർ ഞായറാഴ്ചയെ വിശേഷിപ്പിക്കുന്നത്.

**നാലാം പ്രമാണം 20, 12-13**

ദൈവത്തോടും (1-3) സഹജീവികളോടും (5-10) ഉള്ള ബന്ധത്തെ നിർവചിക്കുന്ന പ്രമാണങ്ങൾക്കു മധ്യേയാണ് മാതാപിതാക്കന്മാരോടുള്ള കടമയെ സംബന്ധിച്ച നാലാം പ്രമാണം അവതരിപ്പിച്ചിരിക്കുന്നത് പ്രതിഫലം വാഗ്ദാനം ചെയ്യുന്ന ഏക പ്രമാണമാണിത്. മാതാപിതാക്കന്മാരെ ബഹുമാനിക്കാത്തവൻ അവരിലൂടെ ലഭിച്ച ജീവന് അർഹനല്ല. (പുറ 21, 17; ലേവ്യ 20, 9; സുഭാ 20, 20; 30, 17; പ്രഭാ 3, 16).

"ബഹുമാനിക്കുക" എന്നു വിവർത്തനം ചെയ്യുന്ന 'കാബെദ്' എന്ന ഹീബ്രുവാക്കിന് "ഭാരമുള്ളതായിരിക്കുക" എന്നാണ് മൂലാർത്ഥം. അധികാരത്തെ അംഗീകരിക്കുക എന്ന് ഇതിന് അർത്ഥമുണ്ട്. ആദിമ ഇസ്രായേൽ സമൂഹത്തിൽ മാതാപിതാക്കന്മാർക്ക് മരണംവരെ കുടുംബത്തിൽ അധികാരം ഉണ്ടായിരുന്നു. കുട്ടികൾ മാത്രമല്ല, കുട്ടികളുള്ളവരും തങ്ങളുടെ മാതാപിതാക്കന്മാരുടെ അധികാരം അംഗീകരിക്കാനും അവർക്കാവശ്യമായതെല്ലാം സ്നേഹപൂർവ്വം നൽകാനും കടപ്പെട്ടിരിക്കുന്നു. മാതാപിതാക്കന്മാരെ, പ്രത്യേകിച്ചും വൃദ്ധരും രോഗികളുമായവരെ, ഭാരവും ശല്യവുമായി കരുതി അവഗണിക്കാനുള്ള പ്രവണത ഏറിവരുന്ന ആധുനിക സമൂഹത്തിൽ നാലാം പ്രമാണത്തിന് എന്നത്തേക്കാളേറെ പ്രസക്തിയുണ്ട്.

**5-10 പ്രമാണങ്ങൾ 20, 14-17**

ഇതുവരെ കണ്ട പ്രമാണങ്ങളിൽ നിന്ന് വ്യത്യസ്തമായി, അടുത്ത ആറു പ്രമാണങ്ങൾ യാതൊരു വിശദീകരണവും ന്യായീകരണവും നല്കാത്ത നിരുപാധികമായ കല്പനകളാണ്. ''അരുത്'' എന്ന നിഷേധ രൂപത്തിലുള്ള വിലക്കുകളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും സ്ഥലകാലങ്ങൾക്ക് അതീതമായി സകല മനുഷ്യർക്കും സംരക്ഷണവും സുരക്ഷിതത്വവും പ്രദാനം ചെയ്യുകയാണ് ഈ പ്രമാണങ്ങളുടെ ലക്ഷ്യം. മറ്റു നാലു കല്പനകളിലെന്നതുപോലെ ഇവിടെയും ''നീ'' എന്ന് അഭിസം ബോധന ചെയ്തുകൊണ്ട് കല്പനകൾ നല്കിയിരിക്കുന്നു. ഈ കല്പന കളെല്ലാം സ്വാഭാവികനിയമങ്ങൾ (Natural laws) ആയി പരിഗണിക്കപ്പെ ടുന്നു.

മനുഷ്യജീവനു സംരക്ഷണം നല്കുന്നതാണ് അഞ്ചാം പ്രമാണം. ''നീ കൊല്ലരുത്'' എന്ന കല്പനയുടെ മൂലത്തിന് ''നീ കൊലപാതകം ചെയ്യ രുത്'' എന്നാണ് അർത്ഥം. കുറ്റവാളികൾക്ക് നൽകുന്ന വധശിക്ഷയോ ന്യായമായ യുദ്ധത്തിൽ നടക്കുന്ന കൊലയോ ഈ പ്രമാണത്താൽ വില ക്കുന്നില്ല എന്ന് മറ്റു നിയമങ്ങളിൽ നിന്നു കാണാം. വ്യക്തിവിദ്വേഷം, പ്രതികാരബുദ്ധി, സ്വാർത്ഥലാഭം മുതലായവയുടെ പേരിലുള്ള കൊലപാ തകമാണ് ഇവിടെ വിലക്കുന്നത്. ഭ്രൂണഹത്യ, ''കാരുണ്യവധം'' എന്നിവ മാത്രമല്ല, കഴിയുന്ന സഹായം ചെയ്തു കൊടുക്കാത്തതിനാൽ അയൽക്കാ രൻ മരിക്കാൻ ഇടയാകുന്നതും ഈ പ്രമാണത്തിന്റെ പരിധിയിൽ പെടു ന്നു.

''നീ വ്യഭിചാരം ചെയ്യരുത്'' എന്ന ആറാം പ്രമാണം ദാമ്പത്യവിശ്വ സ്തതയും ലൈംഗികശുദ്ധിയും കാത്തു പാലിക്കാൻ ആവശ്യപ്പെടുന്നു. കുഞ്ഞുങ്ങൾക്കു ജന്മം നല്കുന്നതിലൂടെ സൃഷ്ടികർമ്മത്തിൽ പങ്കുചേ രാനും പരസ്പരം ഇണയും തുണയുമായി വർത്തിക്കാനും വേണ്ടിയാണ് ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത് (ഉൽപ 1, 28; 2, 18. 24). ഒരു പുരുഷനെയും ഒരു സ്ത്രീയെയും തമ്മിൽ മരണം വരെ അഭേദ്യമാം വിധം ബന്ധിപ്പിക്കുന്ന വിവാഹത്തിലൂടെ സംജാതമാകുന്ന കുടുംബത്തിന്റെ സുരക്ഷിതത്വത്തിലാണ് മനുഷ്യജീവൻ നാമ്പെടുക്കു ന്നതും വളർന്നു വികസിക്കുന്നതും. കുടുംബത്തിന്റെ ഭദ്രതയ്ക്കു തുരങ്കം വയ്ക്കുന്ന വ്യഭിചാരം മനുഷ്യജീവനെതിരെയുള്ള പാപമാണ്. അതു സ്രഷ്ടാവിന്റെ പദ്ധതിക്കു വിരുദ്ധവുമാണ്. അതിനാൽ ഭർത്താവിന്റെയോ ഭാര്യയുടെയോ അവകാശത്തിന്മേലുള്ള കടന്നാക്രമണം മാത്രമല്ല, വിവാ ഹത്തിന്റെ വിശുദ്ധിക്കു നിരക്കാത്ത സകല ലൈംഗികവേഴ്ചകളും ഈ

പ്രമാണത്താൽ വിലക്കുന്നു. ഇതിന്റെ വിവിധ വശങ്ങൾ പിന്നീട് അനേകം നിയമങ്ങളിലൂടെ വിശദീകരിക്കുന്നുണ്ട് (ലേവ്യ 18). ബാഹ്യമായ പ്രവൃത്തികൾ മാത്രമല്ല, അശുദ്ധമായ ആഗ്രഹങ്ങളും തീരുമാനങ്ങളുംപോലും പാപമാണെന്ന് യേശു പഠിപ്പിച്ചു. (മത്താ 5, 27-30)

"നീ മോഷ്ടിക്കരുത്" എന്ന ഏഴാം പ്രമാണം ജീവന്റെ സംരക്ഷണത്തിന് ആവശ്യമായ ഭൗതികവസ്തുക്കളുടെ സംലഭ്യത എല്ലാവർക്കും ഉറപ്പു വരുത്തുന്നു. അപരന്റെ ന്യായമായ അവകാശങ്ങളെ മാനിക്കാൻ എല്ലാവർക്കും കടമയുണ്ട്. മനുഷ്യസമൂഹത്തിന്റെ നിലനില്പിനും ഇത ത്യാവശ്യമാണ്. എന്നാൽ പരിധിയില്ലാത്ത സ്വത്തു സമ്പാദനത്തെ ഈ പ്രമാണം പ്രോത്സാഹിപ്പിക്കുന്നില്ല. ഭൂമിയും അതിലെ സകല വിഭവങ്ങളും കർത്താവിന്റേതാണ് (ലേവ്യ 25, 23). മനുഷ്യർ ഭൂമിയുടെ ഉടമകളല്ല, സൂക്ഷിപ്പുകാർ മാത്രമാണ്. മനുഷ്യോചിതമായ ജീവിതത്തിന് ആവശ്യമായവ ആർക്കും നിഷേധിക്കപ്പെടരുത് എന്നതാണ് ഈ പ്രമാണത്തിന്റെ ലക്ഷ്യം. അർഹമല്ലാത്തത്, അത് പണമോ ജോലിയോ സ്ഥലമോ എന്തുമാകട്ടെ, സ്വന്തമാക്കുന്നതും മോഷണമത്രേ. ഈ പ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്ന ഹീബ്രുപദത്തിന് "മനുഷ്യനെ മോഷിടിക്കരുത്" എന്നും അർത്ഥമുണ്ട്. അടിമയാക്കി വയ്ക്കുന്നതിനോ, വില്ക്കുന്നതിനോ, സമ്മർദ്ദം ചെലുത്തി കാര്യം നേടുന്നതിനോ വേണ്ടി മനുഷ്യനെ ഉപയോഗിക്കുന്നതും ഇവിടെ വിലക്കുന്നു.

നീതിന്യായ കോടതിയിലെ വിചാരണയുടെ പശ്ചാത്തലത്തിലാണ് എട്ടാം പ്രമാണം അവതരിപ്പിച്ചിരിക്കുന്നത്. കോടതയിൽ അസത്യം പറയുന്നതും സത്യം മറച്ചു വയ്ക്കുന്നതും ഈ പ്രമാണത്തിലൂടെ വിലക്കുന്നു. എല്ലാവർക്കും നീതി ലഭ്യമാക്കുക എന്നതാണ് ഈ പ്രമാണം ഉന്നം വയ്ക്കുന്നത്. കോടതിയിൽ നല്കുന്ന സാക്ഷ്യത്തിന് ജീവന്മരണ പ്രാധാന്യമുണ്ട്. അത് എപ്രകാരം ദുരുപയോഗിക്കപ്പെടാം എന്ന് നാബോത്തിന്റെ കഥ (1 രാജാ 21) വ്യക്തമാക്കുന്നു. രണ്ടുപേരുടെ സാക്ഷ്യത്തിന്മേലല്ലാതെ വധശിക്ഷ നടപ്പാക്കരുതെന്നു നിയമം (സംഖ്യ 35, 30; നിയ 19, 15) സാക്ഷ്യത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. വ്യാജസാക്ഷ്യം നല്കുന്നവന് കൊടുക്കേണ്ട ശിക്ഷയെക്കുറിച്ചും വ്യക്തമായ നിയമമുണ്ട് (നിയ 19, 18-19). കള്ളസാക്ഷ്യം സമൂഹത്തിലെ വലിയൊരു തിന്മയായി പ്രവാചകന്മാർ എടുത്തു കാട്ടുന്നു (ആമോ 5, 10-11; 6, 12). വ്യാപകമായ അർത്ഥത്തിൽ എട്ടാം പ്രമാണം എല്ലാ അപവാദങ്ങളെയും ദുഷ്പ്രചരണങ്ങളെയും വിലക്കുന്നു.

ഒമ്പതും പത്തും പ്രമാണങ്ങൾ ഒരുമിച്ചാണ് ഈ പട്ടികയിൽ കൊടു

ത്തിരിക്കുന്നത്. ഭാര്യ, മൃഗങ്ങൾ, വസ്തുക്കൾ, എല്ലാം ഒരേ ശീർഷക ത്തിൽ ചേർത്തിരിക്കുന്നു. എന്നാൽ നിയമാവർത്തന പുസ്തകത്തിലെ പത്തു പ്രമാണങ്ങളുടെ പട്ടികയിൽ ''അയല്ക്കാരന്റെ ഭാര്യെ മോഹിക്ക രുത്'' (നിയ 5, 20) എന്ന് പ്രത്യേകം എടുത്തു പറഞ്ഞുകൊണ്ട് ഇവയെ രണ്ടു പ്രമാണങ്ങലായി തിരിച്ചിരിക്കുന്നു. ഈ വിഭജനമാണ് കത്തോലി ക്കാസഭ സ്വീകരിച്ചിരിക്കുന്നത്. മോഹിക്കരുത് എന്ന കല്പന വെറും ഒരു ആഗ്രഹത്തെയല്ല, പ്രവൃത്തിയിലേക്കു നയിക്കുന്ന തീരുമാനത്തെ സൂചി പ്പിക്കുന്നു. ആറും ഏഴും പ്രമാണങ്ങളിൽ വിലക്കിയ പ്രവൃത്തികൾ അവ യുടെ ഉറവിടത്തിൽ തന്നെ ഇവിടെ വിലക്കുന്നു. കുടുംബത്തിന്റെ ഭദ്ര തയും ന്യായമായ സ്വകാര്യസ്വത്തിന്റെ സംരക്ഷണവും ഈ പ്രമാണങ്ങ ളിലൂടെ ഉറപ്പു വരുത്തുന്നു. അർഹമല്ലാത്തതു സ്വന്തമാക്കാനുള്ള ദുരാ ഗ്രഹത്തെ തുടക്കത്തിൽ തന്നെ തടയാൻ ഈ പ്രമാണങ്ങളിലൂടെ അനു ശാസിക്കുന്നു.

**വിചിന്തനം** : വിലക്കുകളുടെ ഒരു പട്ടിക മാത്രമായി പത്തു പ്രമാണങ്ങൾ പ്രത്യക്ഷപ്പെട്ടേക്കാം. എന്നാൽ മനുഷ്യസമൂഹത്തിന്റെ നിലനില്പ്പിനും വളർച്ചയ്ക്കും അവശ്യം ആവശ്യമായ അടിസ്ഥാനനിയമങ്ങളാണ് ഇവ. ഇതു വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ്. ഈ പ്രമാണങ്ങളെ അവഗ ണിക്കുന്നത് വ്യക്തികൾക്കും മനുഷ്യസമൂഹത്തിനു തന്നെയും ആത്മഹ ത്യാപരമായിരിക്കും എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

## 3. ഉടമ്പടിയുടെ പുസ്തകം 20, 18-23, 33 (E)

നാടോടികളായ ഇടയന്മാരുടെ ജീവിതം വിട്ട് കാനാനിൽ സ്ഥിരവാ സമാക്കുകയും കാർഷികവൃത്തിയിൽ ഏർപ്പെടുകയും ചെയ്തപ്പോൾ ഇസ്രായേൽക്കാർക്ക് പുതിയ ജീവിതസാഹചര്യത്തിനിണങ്ങുന്ന നിയമ ങ്ങൾ ആവശ്യമായി വന്നു. തദ്ദേശവാസികളുടെ ഇടയിൽ നിലവിലിരു ന്നതും തങ്ങളുടെ വിശ്വാസത്തിനനുയോജ്യവുമായ പല നിയമങ്ങളും അവശ്യം വേണ്ട ഭേദഗതികളോടെ രൂപപ്പെടുത്തിയ നിയമസംഹിത ഉടമ്പ ടിയുടെ പുസ്തകം എന്ന പേരിൽ അറിയപ്പെടുന്നു.

ഈ സംഹിതയിലെ പല നിയമങ്ങളും, പ്രത്യേകിച്ച് അടമകളെയും സ്ത്രീകളെയും സംബന്ധിച്ച നിയമങ്ങൾ ആധുനീക മനുഷ്യന്ഡറെ കാഴ്ചപ്പാടിൽ തികച്ചും അപര്യാപ്തവും വിവേചനാപരവും ആയി തോന്നി യേക്കാം. എന്നാൽ മൂവായിരത്തിൽ പരം വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച നിയമങ്ങളാണ് ഇവ എന്ന് ഓർമ്മിക്കണം. വസ്തുക്കളെക്കാൾ ഉപരി മനു ഷ്യന്റെ വ്യക്തിത്വത്തിന്നും സമ്പത്തിനെക്കാൾ ജീവനും പ്രാധാനം നല്കുന്ന ഈ നിയമങ്ങൾ മധ്യപൗരസ്ത്യദേശത്ത് അന്നു നിലവിലിരുന്ന

നിയമസംഹിതകളുമായി താരതമ്യം ചെയ്താൽ തികച്ചും വിപ്ലവകരങ്ങളായിരുന്നു എന്നു കാണാനാവും.

20, 18-21 വാക്യങ്ങൾ ഉടമ്പടി ഗ്രന്ഥത്തിന്റെ ആമുഖവും 23, 20-33 വാക്യങ്ങൾ ഉപസംഹാരവുമാണ്. ഇവയ്ക്കു മധ്യേ ദൈവമനുഷ്യബന്ധങ്ങളെ നിർവ്വചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വിവിധ നിയമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്തസാഹചര്യങ്ങളിൽ നിർമ്മിക്കപ്പെട്ട ഈ നിയമങ്ങൾ ഒരുമിച്ചു ചേർത്ത് ഉടമ്പടിയുടെ പുസ്തകമായി രൂപപ്പെടുത്തിയത് ഏലോഹിസ്റ്റ് ഗ്രന്ഥകാരനാണെന്നു കരുതപ്പെടുന്നു.

## a. ആമുഖം - മോശയുടെ മാധ്യസ്ഥ്യം 20, 18-21

19-ാം അധ്യായത്തിൽ വിവരിച്ച ദൈവദർശനത്തിന്റെ തുടർച്ചയും 20-ാം അധ്യായത്തിൽ അവതരിപ്പിച്ച പത്തു പ്രമാണങ്ങളുടെ ഉപസംഹാരവുമായി ഈ വാക്യങ്ങളെ കാണുന്നവരുണ്ട്. എന്നാൽ തുടർന്നു വിവരിക്കാൻ പോകുന്ന നിയമസംഹിതയുടെ ആമുഖമായും ഇതിനെ കാണാവുന്നതാണ്. സീനായ്മലയിലെ ദൈവാമുഭവത്തിന്റെ പശ്ചാത്തലത്തിൽ പത്തു പ്രമാണങ്ങൾ ദൈവം ജനത്തോടു നേരിട്ടു കല്പിക്കുകയും ബാക്കി നിയമങ്ങൾ മോശ വഴി അറിയിക്കുകയും ചെയ്തു എന്ന പ്രതീതിയാണ് ഈ വാക്യങ്ങൾ നല്കുന്നത്.

ഇതുനുമുമ്പു കണ്ട വിവരണങ്ങളിൽ ദൈവമാണ് മോശയെ തന്റെ വക്താവായി തിരഞ്ഞെടുക്കുന്നത്. എന്നാൽ ഇവിടെ ജനം തങ്ങളുടെ മധ്യസ്ഥനായി അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നു. ദൈവത്തിൽ നിന്നു വചനം സ്വീകരിച്ചു ജനത്തിനു കൈമാറുകയാണ് ഈ മദ്ധ്യസ്ഥന്റെ ദൗത്യം. ഭയാനകമായ ദൈവദർശനത്തിന് മോശ രണ്ടു വിശദീകരണം നല്കുന്നു. 1. പരീക്ഷണം : ദൈവത്തോടുള്ള വിശ്വസ്തത തെളിയിക്കാൻ ജനത്തിനു നല്കപ്പെട്ട അവസരമാണ് പരീക്ഷണം. 2. ഭയം : ആരുമായിട്ടാണ് തങ്ങൾ ഉടമ്പടി ചെയ്യാൻ പോകുന്നത് എന്നും ഈ ഉടമ്പടിയുടെ നിയമങ്ങളനുസരിക്കാനുള്ള ബാധ്യത എത്ര വലുതാണെന്നും ജനത്തിൽ സംജാതമായ ഭയത്തെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നു. ജനം അകലെ മാറി നില്ക്കുമ്പോൾ മേഘത്തെ സമീപിക്കുന്ന മോശ മധ്യസ്ഥനാണ്. ജനത്തിന്റെ ഭയവും മോശയുടെ മാധ്യസ്ഥ്യവും ബൈബിളിൽ വീണ്ടും പലതവണ പരാമർശവിഷയമാകുന്നുണ്ട് (നിയ 4, 11-14; 5, 45; അപ്പ 7, 38; ഹെബ്രാ 12, 18-21).

## b. ആരാധനയെ സംബന്ധിച്ച നിയമങ്ങൾ 20, 22-26

ദൈവവുമായുള്ള ബന്ധത്തെ സംബന്ധിച്ച നിയമങ്ങളാണ് ആദ്യമേ

അവതരിപ്പിക്കുന്നത്. 23, 10-19 വാക്യങ്ങളിൽ ആരാധനയെ സംബന്ധിച്ച മറ്റു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. "ആകാശത്തിൽ നിന്നു സംസാരിച്ചു" എന്ന പ്രസ്താവന ദൈവം അദൃശ്യനും സൃഷ്ടികൾക്കെല്ലാം അതാതനും എല്ലാറ്റിന്റെയും മേൽ ആധിപത്യവും അധികാരവും ഉള്ളവനും ആണെന്നു പഠിപ്പിക്കുന്നു. "വെള്ളികൊണ്ടും സ്വർണ്ണംകൊണ്ടും ദൈവങ്ങളെ ഉണ്ടാക്കരുത്" എന്ന കല്പന ഒന്നാം പ്രമാണത്തിൽ നിന്നുരുത്തിരിയുന്ന ഒരു പ്രായോഗികനിർദ്ദേശമാണ്. 32-ാം അദ്ധ്യായത്തിൽ വിവരിക്കാൻ പോകുന്ന സ്വർണ്ണവിഗ്രഹത്തിന്റെ നിർമ്മാണവും ആരാധനയും ഈ കല്പനയുടെ വെളിച്ചത്തിൽ മനസ്സിലാക്കണം.

ബലിപീഠത്തെക്കുറിച്ചുള്ള നിയമങ്ങൾ ഒരിടത്തും സ്ഥിരവാസമാക്കാത്തവരുടെ ബലിയർപ്പണത്തെയാണ് സൂചിപ്പിക്കുന്നത്. മണ്ണുകൊണ്ടോ, ചെത്തിമിനുക്കാത്ത കല്ലുകൊണഅടോ ഉണ്ടാക്കുന്ന ബലിപീഠങ്ങൾ വേഗം തകർത്തു കളയാനാവും. ദൈവാരധന ഏതെങ്കിലും ഒരു സ്ഥലത്തോടു പ്രത്യേക വിധത്തിൽ ബന്ധപ്പെടാത്ത സാഹചര്യത്തിലാണ് ഈ നിയമം ഉണ്ടായത്. ദേവാലയനിർമ്മാണത്തോടെ ഈ നിബന്ധനകൾക്കു മാറ്റം സംഭവിച്ചു. പണിയായുധം സ്പർസിച്ചാൽ ബലിപീഠമം അശുദ്ധമാകും. എന്നു പറയുന്നത് പലിബീഠത്തെ ഒരു സ്ഥിര സ്ഥാപനമായി നിർമ്മിക്കാതിരിക്കാൻ വേണ്ടിയാണ്. ആരാധനയ്ക്കും ബലിയർപ്പണത്തിനുമാണ്, അതർപ്പിക്കുന്ന സ്ഥലത്തിനല്ല പ്രാധാന്യം കൊടുക്കേണ്ടത് എന്നു പഠിപ്പിക്കാൻ വേണ്ടിയാവും ഈ നിർദ്ദേശം.

രണ്ടുതരം ബലിയർപ്പണത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നുണ്ട്. മൃഗത്തെ മുഴുവനായി ബലിപീഠത്തിൽവെച്ചു ദഹിപ്പിക്കുന്നതാണ് ദഹനബലി. ഇത് അർപ്പകന്റെ സമ്പൂർണ്ണസമർപ്പണത്തെ സൂചിപ്പിക്കുന്നു. സമാധാനബലിയാകട്ടെ ബലിമൃഗത്തിന്റെ ഒരു ഭാഗം മാത്രമേ ദഹിപ്പിക്കുന്നുള്ളൂ. ബാക്കി ബലിയർപ്പകർ ഭക്ഷിക്കുന്നു. ദൈവവും ബലിയർപ്പിക്കുന്നവരും ഒരുമിച്ച് വിരുന്നിൽ പങ്കു ചേരുന്നതിന്റെ പ്രതീകാത്മകമായ ആവിഷ്ക്കരണമാണിത്. ഇതുവഴി ദൈവവും മനുഷ്യരും തമ്മിലും, മനുഷ്യർ തമ്മിൽ തമ്മിലും അനുരഞ്ജനവും സമാധാനവും സംസ്ഥാപിതമാകുന്നു.

ദൈവസന്നിധിയിൽ പ്രവേശിക്കുന്നവർ പാലിക്കേണ്ട ശാലീനത 26-ാം വാക്യത്തിൽ പരാമർശവിഷയമാകുന്നു. ബലിയർപ്പിക്കുന്ന പുരോഹിതന്മാർ കാല്ച്ചട്ട അണിയണം എന്ന നിയമം വഴി (പുറ 28, 42) ഈ പ്രശ്നത്തിന് മറ്റൊരു പരിഹാരം നല്കുന്നുണ്ട്. ബലിയർപ്പണവുമായി ബന്ധപ്പെട്ട് കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന ലൈംഗികമ്ലേഛത

കൾ ദൈവത്തിന് എത്രമാത്രം അരോചകമാണെന്നും ഈ കല്പന സൂചിപ്പിക്കുന്നു.

## c. അടിമകളെ സംബന്ധിച്ച നിയമങ്ങൾ 21, 1-11

തുടർന്നു വരുന്ന നിയമങ്ങളെല്ലാം ദൈവം മോശ വഴി നല്കിയവയാണെന്ന് 1-10 വാക്യങ്ങൾ അനുസ്മരിപ്പിക്കുന്നു. മനുഷ്യസ്വാതന്ത്ര്യത്തെ സംബന്ധിച്ച നിയമങ്ങളാണ് മാനുഷികവ്യവസ്ഥയുടെ ഭാഗമായി അംഗീകരിക്ക്പപെട്ടിരുന്ന ഒരു കാലഘട്ടത്തിൽ അതിനെ കഴിവതും മനുഷ്യോചിതമാക്കാൻ സഹായിക്കുന്ന നിയമങ്ങളാണ് ഇവിടെ നല്കുന്നത്. "ഹെബ്രായർ" എന്ന വിശേഷണം ഇവിടെ ഇസ്രായേൽക്കാരെ ഉദ്ദേശിക്കുന്നെങ്കിലും സ്വന്തമായി രാജ്യമോ പാർപ്പിടമോ ഇല്ലാതെ നാടോടികളും രണ്ടാം കിട പൗരന്മാരുമായി പരിഗണിക്കപ്പെട്ടിരുന്ന ഹബീറുകളെയാണ് ഈ പദം ആരംഭത്തിൽ സൂചിപ്പിച്ചിരുന്നത്. പൂർവ്വ പിതാക്കന്മാരുടെ കാലം മുതലേ നിലവിലിരുന്ന ഒരു നിയമമാണിത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഉടമ്പടിയുടെ പുസ്തകത്തിൽ ഇസ്രായേൽക്കാർ തമ്മിലുള്ള ബന്ധത്തെ ക്രമീകരിക്കുന്ന ഒരു നിയമമായി അത് അവതരിപ്പിച്ചിരിക്കുന്നു. നിയ 15, 12-18ൽ അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിനെ സംബന്ധിച്ച നിയമങ്ങൾ വീണ്ടും രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരാൾ അടിമയായിത്തീരുന്ന പല സാഹചര്യങ്ങൾ ബൈബിൾ വിഭാവനം ചെയ്യുന്നുണ്ട്. മാതാപിതാക്കന്മാരാൽ വില്ക്കപ്പെടുക (പുറ 21, 7); മോഷ്ടിച്ച തുക പിഴയടക്കം തിരിച്ചടക്കാൻ കഴിയാതെ വരുക (പുറ 22, 4); കടം വീട്ടാൻ കഴിയാതെ വരുമ്പോൾ വില്ക്കപ്പെടുക (2 രാജാ 4, 1; നെഹെ 5, 5; മത്താ 18, 25); യുദ്ധത്തിൽ പരാജിതരാവുക (നിയ 21, 10; 2 സാമു 8, 14); ഏതെങ്കിലും കാരണവശാൽ സ്വയം വില്ക്കുക (ലേവ്യ 25, 39). അടമകൾക്കു ജനിക്കുന്ന മക്കളും അടിമകളായിരിക്കും.

ഇസ്രായേൽക്കാരുടെ ഇടയിൽ ഒരാളുടെ അടിമത്തം ആറു വർഷത്തിൽ കൂടുതൽ ദീർഘിക്കരുത് എന്ന് ഈ നിയമം അനുശാസിക്കുന്നു. ആറു വർഷത്തെ അധ്വാനംകൊണ്ട് തന്റെ വില പലയിരട്ടി അയാൾ തിരിച്ചടച്ചു കഴിഞ്ഞു. യജമാനൻ നല്കിയ ഭാര്യയെ ഉപേക്ഷിക്കാൻ മനസ്സാകാത്തവർ സ്വാതന്ത്ര്യം ഉപേക്ഷിച്ച് എന്നേക്കും അടിമയായി തുടരണം. അതിന്റെ അടയാളമാണ് "ദൈവസമക്ഷംക്ഷം, അതായത് ആരാധനാലയത്തിൽ വച്ച്, കാതു തുളയ്ക്കുന്നത്. 7-11 വാക്യങ്ങൾ സ്ത്രീകളായ അടിമകളെ സംബന്ധിച്ച പ്രത്യേക നിയമം വിവരിക്കുന്നു. അവിവാഹിതരായി വില്ക്കപ്പെടുന്ന സ്ത്രീകൾ എന്നേക്കും ഉടമയുടെ സ്വത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടും. ഏഴാം വർഷം അവരെ സ്വതന്ത്രരാക്കേണ്ടതില്ല.

എന്നാൽ അവർക്കു സ്വാതന്ത്ര്യം ലഭ്യമാകുന്ന ചില സാഹചര്യങ്ങൾ ഇവിടെ വിവരിക്കുന്നുണ്ട്.

സ്ത്രീപുരുഷന്മാരെ തുല്യ ഉവകാശങ്ങളുള്ള പങ്കാളികളായി കാണുന്ന സ്രഷ്ടാവിന്റെ പദ്ധതിക്ക് (ഉൽപ. 1, 27; 2, 24) നിരക്കാത്ത ഈ നിയമം മാനവചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രചാരത്തിലിരുന്നു. എന്നാൽ മനുഷ്യനെ വ്സതുവും കച്ചവടച്ചരക്കുമായി തരം താഴ്ത്തുന്ന ഈ കാഴ്ചപ്പാടിനെ പ്രവാചകന്മാർ വഴി ദൈവം തന്നെ നിശിതമായി വിമർശിക്കുകയും തള്ളിപ്പറയുകയും ചെയ്തു.

## d. മരണശിക്ഷർഹിക്കുന്ന കുറ്റങ്ങൾ 21, 12–17

5, 4, 7 പ്രമാണങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ നിയമങ്ങൾ. കൊല്ലരുത് എന്ന പ്രമാണം ലംഘിക്കുന്നവനു വധശിക്ഷ വിധിക്കുമ്പോൾ അന്യരുടെ ജീവനെ മാനിക്കാത്തവനു ജീവിക്കാൻ അവകാശമില്ലെന്നു പഠിപ്പിക്കുന്നു. എന്നാൽ മനഃപൂർവ്വമല്ലാതെ ഒരാളുടെ മരണത്തിനു കാരണമാകുന്നവന് സംരക്ഷണം നല്കണം. ഈ നിയമം അഭയനഗരങ്ങളെക്കുറിച്ചുള്ള നിയമത്തിൽ പിന്നീട് കൂടുതൽ വിശദമാക്കുന്നുണ്ട്. (സംഖ്യാ 35, 9–34; നിയ 19, 1–13; ജോഷ്വാ 20, 19). പക്ഷേ, കരുതിക്കൂട്ടി വഞ്ചനയിലൂടെ കൊലപാതകം ചെയ്യുന്നവന് ദേവാലയവും ബലിപീഠവും പോലും സംരക്ഷണം നല്കുകയില്ല (1 രാജാ 2, 28–35). നാലാം പ്രമാണം ലംഘിക്കുന്നവനും വധശിക്ഷ വിധിക്കുന്നതിലൂടെ മാതാപിതാക്കളോടുള്ള ആദരവിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. (നിയ 21, 18–22). മനുഷ്യനെ മോഷ്ടിക്കുന്നത് ഏഴാം പ്രമാണത്തിന്റെ ലംഘനമാണ്. അടിമകളാക്കാൻ വേണ്ടി മനുഷ്യനെ മോഷ്ടിക്കുകയും ബലമായി പിടിച്ചുകൊണ്ടുപോവുകയും പുരാതനകാലത്തു മാത്രമല്ല, ആധുനിക ലോകത്തിലും വിരളമല്ല. നല്ല ജോലിയും ഉയർന്ന ശമ്പളവും വാഗ്ദാനം ചെയ്തു മനുഷ്യരെ വശീകരിച്ചു മറുനാട്ടിൽ കൊണ്ടുപോയി വേശ്യാലയങ്ങളിലും നിർബന്ധിത ജോലിസ്ഥലങ്ങളിലും വില്കകുക ഇന്ന് ഒരു അന്താരാഷ്ട്ര വ്യവസായം തന്നെ ആയിത്തീർന്നിട്ടുണ്ടല്ലോ. മനുഷ്യജീവനെതിരേ നടത്തുന്ന കയ്യേറ്റത്തിന് ഏറ്റം കഠിനമായ ശിക്ഷ നിശ്ചയിച്ചിരിക്കുന്നത് എല്ലാവർക്കും സംരക്ഷണം ഉറപ്പുവരുത്തുവാൻ വേണ്ടിയാണ്.

## e. ദേഹോപദ്രവത്തെസംബന്ധിച്ച നിയമങ്ങൾ 21, 12–32

ശിക്ഷാഭീതി കൂടാതെ ആരും ആരെയും ദ്രോഹിക്കരുത്; ദ്രോഹിക്കുന്നവൻ തക്കതായ പരിഹാരം നല്കണം എന്ന് ഈ നിയമങ്ങൾ അനുശാസിക്കുന്നു. ആശുപത്രികളും ഇൻഷൂറൻസ് കമ്പനികളും ഇല്ലാതി

രുന്ന ഒരു സാഹചര്യത്തിൽ പരുക്കേല്പിച്ചവൻ തന്നെ പുരക്കേറ്റവനെ, സുഖമാകുന്നതുവരെ ശുശ്രൂഷിക്കുകയും അയാൾക്കു നഷ്ടമായ സമയത്തിനു പരിഹാരം നല്കുകയും ചെയ്യാൻ അനുശാസിക്കുന്ന നിയമം ആധുനിക നിയമങ്ങളേക്കാൾ നീതിയുക്തമാണ്. മുഷ്ടിയോ, കല്ലോ കൊണ്ട് ഇടിക്കുന്നത് പെട്ടെന്നുള്ള വികാരാവേശത്തിന്റെ ഫലമാണ്, കരുതിക്കൂട്ടിയുള്ള, പ്രവൃത്തിയല്ല എന്നു സൂചിപ്പിക്കുന്നു.

അടിമ ഉടമസ്ഥന്റെ സ്വന്തമാണെന്നു പറയുന്നുണ്ടെങ്കിലും അവർ വെറും വ്സതുക്കളല്ല, മനുഷ്യവ്യക്തികളാണ് എന്ന് അനുസ്മരിപ്പിക്കുന്നതാണ് അവരെ സംബന്ധിച്ച് 20, 26-27 വാക്യങ്ങളിൽ നല്കുന്ന നിയമങ്ങൾ. ഉടമയ്ക്ക് ഇഷ്ടംപോലെ അടിമയോടു പ്രവർത്തിക്കാൻ അവകാശമില്ല. അടിമയുടെ വ്യക്തിത്വത്തെ മാനിക്കാത്ത ഉടമയ്ക്ക് അയാളുടെ മേലുള്ള അവകാശം നഷ്ടപ്പെടും എന്ന് ഈ നിയമങ്ങൾ സൂചിപ്പിക്കുന്നു. എന്നാലും അടിമയുടെ ശോചനീയാവസ്ഥ വെളിപ്പെടുത്തുന്നതാണ് 21.32 വാക്യങ്ങൾ.

24.25 വാക്യങ്ങളിലെ നിയമങ്ങൾ പ്രതികാരത്തെ പ്രോത്സാഹിപ്പിക്കുനനതായി തോന്നാം. യേശുക്രിസ്തു ഈ നിയമങ്ങളെ എടുത്തു പറഞ്ഞു തിരുത്തുകയും ചെയ്തിട്ടുണ്ട് (മത്താ 5, 38), എന്നാൽ പ്രതികാരത്തെ പ്രോത്സാഹിപ്പിക്കുകയല്ല, അതിരു കടന്നു പോകാതെ നിയന്ത്രിക്കുകയാണ് ഈ നിയമങ്ങളുടെ ലക്ഷ്യം (ലേവ്യ 24, 17-20; നിയ 19, 21). ഒരു കണ്ണ് അടിച്ചു പൊട്ടിക്കുന്നവന്റെ ഒരു കണ്ണേ പൊട്ടിക്കാവൂ, ഒരു പല്ല് അടിച്ചു പറിക്കുന്നവന്റെ ഒരു പല്ലേ പറിക്കാവൂ എന്നതാണ് നിയന്ത്രണം. ഹമ്മുരബിയുടെ നിയമസംഹിതയിലും ഇതുപോലുള്ള നിയമങ്ങൾ കാണാം. എന്നാൽ സമൂഹത്തിലെ ഉന്നതന്മാർക്ക് അംഗഭംഗം വരുത്തുന്നവർക്കു മാത്രമേ അതേ ശിക്ഷ കൽപിച്ചിട്ടുള്ളൂ. സാധാരണക്കാരെയും അടിമകളെയും അംഗഭംഗപ്പെടുത്തിയാൽ പണം കൊടുത്തു കണക്കു തീർക്കാം (നിയമങ്ങൾ 195-201 (ANET, P. 175).

28-32 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന കുത്തുന്ന കാളയെ സംബന്ധിച്ച നിയമങ്ങൾ എല്ലാ വളർത്തു മൃഗങ്ങൾക്കും ബാധകമാണ്. ഏറ്റം അപകടകാരി എന്ന നിലയിൽ കാളയെ ഉദാഹരണമായി എടുത്തു കാട്ടിയിരിക്കുന്നു. ഉൽപ. 9, 5ൽ ഈ നിയമത്തിന്റെ ആദിരൂപം കാണാം. ഉപദ്രവകാരികളായ വളർത്തുമൃഗങ്ങളെ ശ്രദ്ധാപൂർവ്വം നിയന്ത്രിക്കാത്തതിനാൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കഠിനമായ പരിഹാരമാണ് ഉടമസ്ഥന്റെ മേൽ ചുമത്തുന്നത്. സ്വതന്ത്രനെയും അടിമകളെയും സംബന്ധിച്ച രണ്ടു തരം നിയമങ്ങൾ ഇവിടെയും അവതരിപ്പിച്ചിരിക്കുന്നു. 30 ഷെക്കൽ ഏറ്റം

സമർത്ഥനായ അടിമയുടെ വിലയായി പരിഗണിക്കപ്പെട്ടിരുന്നു. അടിമയുടെ ഗുണനിലവാരം നോക്കാതെ എല്ലാവർക്കും ഒരേ വില നിശ്ചയിച്ചിരിക്കുന്നത് തർക്കങ്ങൾ ഒഴിവാക്കാൻ സഹായിക്കും.

## f. നഷ്ടപരിഹാരം 21, 33–22, 15

ഉടമസ്ഥന്റെ അശ്രദ്ധ കാരമം മറ്റുള്ളവർക്ക് ഉണ്ടാകാവുന്ന നഷ്ടങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുന്ന നിയമങ്ങളാണ് 21, 33–36 വാക്യങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്. “കിണർ” എന്നത് മഴവെള്ളം ശേഖരിക്കാനോ ധാന്യം സൂക്ഷിക്കാനോ വേണ്ടി കുഴിച്ച കുഴികളും ആകാം. കിണറുകളും ഇങ്ങനെയുള്ള കുഴികളും കല്ലുകൊണ്ട് മൂടി വയ്ക്കുക പതിവായിരുന്നു (ഉൽപ. 29, 10). കർഷകന്റെ ജീവസന്ധാരണത്തിനാവശ്യമായ വളർത്തുമൃഗങ്ങളായിരുന്നു കാളയും കഴുതയും. അവയുടെ നഷ്ടം പരിഹരിക്കപ്പെടുക അവരുടെ നിലനില്പ്പിനു തന്നെ അത്യാവശ്യമായിരുന്നു.

22, 1–4 വാക്യങ്ങൾ മോഷണത്തെ സംബന്ധിച്ച നിയമങ്ങൾ അവതരിപ്പിക്കുന്നു. മെസൊപ്പൊട്ടാമിയായിൽ നിലവിലിരുന്നവയെ അപേക്ഷിച്ച് പ്രായേണ ലഘുവായ ശിക്ഷയാണ് മോഷ്ടാവിനു വിധിച്ചിരിക്കുന്നത്. മോഷണത്തിന്റെ പേരിൽ കൊല്ലുകയോ അംഗഭംഗം വരുത്തുകയോ ചെയ്യാൻ അനുവദിക്കുന്നില്ല. മോഷ്ടിച്ചതിന്റെ നാലോ അഞ്ചോ ഇരട്ടി തിരിച്ചുകൊടുക്കണം, അതിനു കഴിവില്ലെങ്കിൽ മോഷ്ടാവിനെ വിറ്റ് തുക ഈടാക്കണം എന്നു കല്പിക്കുമ്പോഴും മനുഷ്യജീവനെ വസ്തുക്കൾക്ക് ഉപരിയായി എടുത്തു കാട്ടുന്നു. രാത്രിയിൽ മോഷ്ടാവ് വധിക്കപ്പെട്ടാൽ കുറ്റകരമാകാത്തത് മോഷ്ടാവിനെയോ അവന്റെ ഉദ്ദേശലക്ഷ്യങ്ങളെയോ കുറിച്ച് ഇരുട്ടിൽ അറിയാൻ കഴിയാതച്തതുകൊണ്ടാണ്. എന്നാൽ പകൽ മോഷ്ടിക്കുന്നവനെ കൊല്ലുന്നവൻ കൊലപാതകിയാവും.

ഗ്രാമീണർ കർഷകരുടെ ഇടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും അവ പരിഹരിക്കാൻ ആവശ്യമായ നിയമങ്ങളുമാണ് 22, 5–15 വാക്യങ്ങളിൽ വിവരിക്കുന്നത്. അറിഞ്ഞോ അറിയാതെയോ അയല്ക്കാരനു നഷ്ടം വരുത്തുന്നവൻ അതു പരിഹരിക്കണം എന്നതാണ് ഈ നിയങ്ങളുടെയെല്ലാം രത്നചുരുക്കം. ഉത്തരവാദിത്വത്തെക്കുറിച്ചു തർക്കമുണ്ടാകുമ്പോൾ ദൈവസാന്നിദ്ധ്യത്തിൽ പ്രശ്നപരിഹാരം തേടണം എന്ന് 9–11 വാക്യങ്ങൾ അനുശാസിക്കുന്നു. ദേവാലയത്തിൽ വച്ചു നടത്തുന്ന സത്യപ്രതിജ്ഞയാണ് ഒരു പരിഹാരമാർഗ്ഗം. പുരോഹിതന്റെ വിധിയാണ് മറ്റൊന്ന്.

## g സാമൂഹ്യനിയമങ്ങൾ 22, 16–23, 9

സാമൂഹ്യനീതി ഉറപ്പു വരുത്താൻ ആവശ്യമായ ചില നിയമങ്ങളാണ് അടുത്തതായി അവതരിപ്പിക്കുന്നത്. ലൈംഗികതയുടെ പവിത്രതയും കന്യകകളുടെ മാനവും സംരക്ഷിക്കാൻ സഹായിക്കുന്ന ചില നിയമങ്ങൾ 16-17 വാക്യങ്ങളിൽ വിവരിക്കുന്നു. ഇതിനു സമാനമായ നിയമങ്ങൾ നിയ 22, 23-29ൽ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേ നിയമങ്ങളോ തുല്യ അവകാശങ്ങളോ ഈ സംഹിതയിൽ നല്കപ്പെടുന്നില്ല. സ്ത്രീ വിവാഹിതയോ അല്ലയോ എന്നതിനെ ആശ്രയിച്ചാണ് അവളുടെ ലൈംഗികലേഴ്ത വ്യഭിചാരമോ അല്ലയോ എന്നു നിശ്ചയിക്കുന്നത്. പുരുഷന്റെ അവസ്ഥ പരിഗണിക്കപ്പെടിന്നതേയില്ല. വിവാഹനിശചയം കഴിഞ്ഞ സ്ത്രിയേ വിവാഹിതയായി തന്നെ പരിഗണിക്കുന്നു. വധിവിന്റെ വീട്ടുകാർക്ക് വരൻ നല്കുന്ന പണമാണ് വിവാഹത്തുക.

മരണശിക്ഷയർഹിക്കുന്ന മൂന്നൂ കുറ്റങ്ങൾ 18 -20 വാക്യങ്ങൾ വളരെ ചുരുക്കമായി അവതരിപ്പിച്ചിരിക്കുന്നു. ഭാവി പറയുന്നവരെയാണ് മന്ത്രവാദി എന്ന് ഇവിടെ വിളിക്കുന്നത് (1സാമു 28, 7-9). ദൈവത്തിന്റെ കൈകളിലിരിക്കുന്ന ഭാവിയിലേക്ക് എത്തിനോക്കാൻ മനുഷ്യന് അവകാശമില്ല. പ്രമാണങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതം അനുസരിച്ചു ജീവിക്കുകയാണ് അവൻ ചെയ്യേണ്ടത് (നിയ 18, 9-15). ഭാവി അറിയാനുള്ള ആഗ്രഹം വിശ്വാസരാഹിത്യത്തിന്റെ അടയാളമായിരിക്കാം.

22, 21-27; 23, 9 വാക്യങ്ങളിൽ സമൂഹത്തിലെ ഏറ്റം പാവപ്പെട്ടവർക്ക് സംരക്ഷണം ഉറപ്പു വരുത്തുന്ന നിയമങ്ങൾ അവതരിപ്പിക്കുന്നു. പരദേശി, വിധവ, അനാഥൻ എന്നിവർ ഏറ്റം പാവപ്പെട്ടവരുടെ പ്രതീകങ്ങളാണ്. പീഡിതരോടുള്ള കർത്താവിന്റെ കരുണയും പ്രത്യേക സ്നേഹവും ഈ നിയമങ്ങൾക്കു പശ്ചാത്തലമായി നില്ക്കുന്നു. ഈജിപ്തിലെ അനുഭവം അനുസ്മരിച്ചുകൊണ്ട് പാവപ്പെട്ടവർക്കു നീതി നല്കണം. അതു ചെയ്യാത്തവർ കഠിനമായി ശിക്ഷിക്കപ്പെടും എന്ന് 23-24 വാക്യങ്ങളിൽ താക്കീതു ചെയ്യുന്നു. പലിശ വാങ്ങരുത് എന്ന കല്പന കച്ചവടത്തിനി വേണ്ടിയോ കൂടുതൽ സ്വത്തു സമ്പാദിക്കുന്നതിനു വേണ്ടിയോ വാങ്ങുന്ന കടത്തെയല്ല, അത്യാവശ്യത്തിന്റെ പേരിൽ ദരിദ്രർ വാങ്ങുന്ന വായ്പയെയാണ് ഉദ്ദേശിക്കുന്നത്. ദരിദ്രന്റെ ജീവസന്ധാരണമാണ് ധനികന്റെ സ്വത്തുസമ്പാദനത്തെക്കാൾ പ്രധാനം എന്ന് ഈ നിയമം അനുശാസിക്കുന്നു. പലിശ പാടില്ലെന്നല്ല, മുതൽ പോലും തിരിച്ചു കിട്ടുമെന്നു പ്രതീക്ഷിക്കാതെ വായ്പ കൊടുക്കാൻ യേശു പഠിപ്പിച്ചു (ലൂക്ക 6, 35). പണയത്തെ സംബന്ധിച്ച നിയമം പാവപ്പെട്ടവനു നല്കേണ്ട സംരക്ഷണ

ത്തിന്റെ ഉദാഹരണമാണ്. ഇതിന്റെ നിഷേധത്തിനെതിരേ പ്രവാചകന്മാർ ശക്തമായി പ്രതികരിച്ചു (ആമോ 2, 8). ആദ്യജാതന്മാരെ സംബന്ധിച്ച നിയമം പുറപ്പാടു സംഭവത്തേയും ഇസ്രായേൽ ജനത്തിന് മേൽ കർത്താവിനുള്ള അവകാശത്തേയും അനുസ്മരിപ്പിക്കുന്നു (പുറ 13, 11-16).

നീതിന്യായകോടതിയെ സംബന്ധിക്കുന്ന നിയമങ്ങളാണ് 23, 1-3. 6-8 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. എട്ടാം പ്രമാണത്തിന്റെ വ്യാഖ്യാനമായി ഇതിനെ കാണാം. യാതൊരു കാരണവശാലും സത്യം വളച്ചൊടിക്കരുതെന്നും കോടതിയിൽ പക്ഷപാതപരമായി പെരുമാറരുതെന്നും ഈ നിയമങ്ങൾ അനുശാസിക്കുന്നു. ദരിദ്രനും ധനികനും ഒരുപോലെ നീതി ലഭിക്കണം. വിധിയാളനു ലഭിക്കുന്ന കൈക്കൂലി നീതിന്യായത്തിന്റെ മാനദണ്ഡമാകരുത്. ഈ നിയമങ്ങൾക്ക് ഇന്നു പ്രസക്തി വർദ്ധിച്ചിട്ടേയുള്ളൂ. 4.5 വാക്യങ്ങളിലെ "ശത്രു" കോടതിയിൽ എതിരാളിയായി നില്ക്കുന്ന ആളായിരിക്കാം. ശത്രുവിന്റെ മൃഗങ്ങളോടു കരുണ കാണിക്കാൻ ആവശ്യപ്പെടുന്ന നിയമം "ശത്രുക്കളെ സ്നേഹിക്കുവിൻ" എന്ന പുതിയ നിയമത്തിന്റെ മുന്നോടിയാണ്.

## h. മതപരമായ നിയമങ്ങൾ 23, 10-19

സാബത്തു വർഷത്തെ സംബന്ധിച്ച നിയമമാണ് 10-11 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. ഏഴാം വർഷം നിലം തരിശായിടുന്നത് ആരംഭത്തിൽ മണ്ണിന്റെ നന്മയ്ക്കു വേണ്ടിയുള്ള ഒരു കാർഷിക നയമായിരുന്നു. ഭൂമിയുടെ വിശ്രമം എന്നാണു സാബത്തുവർഷത്തെ ലേവ്യ പുസ്തകം വിശേഷിപ്പിക്കുന്നത് (ലേവ്യ 25, 1-7). ഇവിടെയാകട്ടെ ദരിദ്രർക്കു ഭക്ഷണം ശേഖരിക്കാൻ ഒരു അവസരം എന്ന നിലയിൽ ഇതിനെ കാണുന്നു. നിയമാവർത്തന പുസ്തകത്തിൽ ഒരു പടികൂടി കടന്ന് കടങ്ങൾ ഇളവു ചെയ്തു കൊടുക്കേണ്ട വർഷമായി സാബത്തു വർഷത്തെ അവതരിപ്പിക്കുന്നു (നിയ 15, 1-11). സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള ഒരു സംവിധാനമാണ് സാബത്തും സാബത്തു വർഷവും. 12-ാം വാക്യത്തിൽ മൂന്നാം പ്രമാണത്തെ വേല ചെയ്യുന്നവർക്ക് വിശ്രമം ഉറപ്പു വരുത്തുന്ന പ്രമാണമായി അവതരിപ്പിക്കുന്നു. അന്യദൈവങ്ങളെ ആരാധിക്കരുതെന്നു മാത്രമല്ല, അവരുടെ പേരുപോലും ഉച്ചരിക്കരുതെന്ന് 13-ാം വാക്യത്തിൽ കർശനമായി വിലക്കുന്നു.

ഇസ്രായേലിലെ ഏറ്റം പ്രധാനപ്പെട്ട മൂന്നു തിരുനാളുകളെക്കുറിച്ച് 14-17 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. "കർത്താവിന്റെ സന്നിധിയിൽ ഹാജരാകണം" എന്ന 17-ാം വാക്യത്തിലെ കല്പന ഇവ തീർത്ഥാടകതിരുനാളുകളായിരുന്നു എന്നു സൂചിപ്പിക്കുന്നു. പെസഹാ, പന്തക്കുസ്താ,

കൂടാരത്തിരുനാൾ എന്നിവയാണ് ഈ മൂന്നു തിരുനാളുകൾ. എന്നാൽ ഇവിടെ തിരുനാളുകളുടെ കാർഷിക പശ്ചാത്തലത്തെ സൂചിപ്പിക്കുന്ന പേരുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ആബീബുമാസത്തിൽ ആഘോഷിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ (പെസഹാ) ബാർളിക്കൊയ്ത്ത് ആരംഭിക്കുമ്പോഴും, പുത്തരിപ്പെരുനാൾ (പന്തക്കുസ്താ) ഗോതമ്പു കൊയ്ത്ത് ആരംഭിക്കുമ്പോഴും (പുറ 34, 22) ആണ് ആഘോഷിക്കുന്നത്. പന്തക്കുസ്തായെ ആഴ്ചകളുടെ തിരുനാൾ എന്നും പറയാറുണ്ട്. ഇവയെക്കുറിച്ച് പുറ 12-13 അധ്യായങ്ങളിൽ നാം കണ്ടുകഴിഞ്ഞു. പഴവർഗ്ഗങ്ങളെല്ലാം ശേഖരിച്ചു കഴിയുമ്പോഴാണ് സംഭരണത്തിരുനാൾ ആഘോഷിക്കുക. കർത്താവിന്റെ സന്നിധിയിൽ വെറുംകൈയ്യോടെ വരരുത് എന്ന കല്പന വിളവിൽ ഒരു ഭാഗം നന്ദിസൂചകമായി കർത്താവിനു ബലിയർപ്പിക്കണം എന്ന് അനുശാസിക്കുന്നു.

18-19 വാക്യങ്ങളിൽ ബലിയർപ്പണത്തെ സംബന്ധിച്ച ചില നിയമങ്ങൾ നില്കിയിരിക്കുന്നു. പുളിപ്പ് തിന്മയുടെ പ്രതീകമായി കരുതുന്നതിനാലാവാം പുളിപ്പില്ലാത്ത അപ്പമേ ബലിയർപ്പിക്കാവൂ എന്ന് അനുശാസിക്കുന്നത്. മൃഗത്തിന്റെ ഏറ്റം വിശിഷ്ടഭാഗമായിട്ടാണ് കൊഴുപ്പ് പരിഗണിക്കപ്പെട്ടിരുന്നത്. വൈകുന്നേരം ബലിയർപ്പിച്ച മൃഗത്തിന്റെ കൊഴുപ്പ് പിറ്റെ ദിവസം പ്രഭാദമാകുമ്പോഴേക്കും കേടായിപ്പോകുമെന്നതിനാൽ സൂക്ഷിച്ചുവയ്ക്കരുത് എന്നു കല്പിക്കുന്നു. ആട്ടിൻകുട്ടിയെ തള്ളയുടെ പാലിൽ വേവിക്കുന്നത് കാനാൻകാരുടെ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട ഒരു മാന്ത്രീകാചാരമായിരുന്നതിനാൽ വിലക്കുന്നു.

## i. വാഗ്ദാനങ്ങളും താക്കീതുകളും 23, 20-33

നിയമങ്ങൾ വിശദമായി അവതരിപ്പിച്ചതിനു ശേഷം, ഉടമ്പടി സ്ഥാപനം വിവരിക്കുന്നതിനു മുമ്പേ രേഖപ്പെടുത്തിയിരിക്കുന്ന വാഗ്ദാനങ്ങളും താക്കീതുകളും ഉടമ്പടിയുടെ പുസ്തകത്തിന്റെ ഉപസംഹാരമായി കരുതാം. നിയമസംഹിതയുടെ സമാപനമായി ലേവ്യ 26; നിയ 28 അധ്യായങ്ങളിൽ ഇപ്രകാരമുള്ള വാഗ്ദാനങ്ങളും താക്കീതുകളും രേഖപ്പെടുത്തിയിട്ടുണ്ട്. ഹിത്യരുടെ ഇടയിൽ നിലവിലിരുന്ന ഉടമ്പടികളിൽ അനുഗ്രഹങ്ങളും ശാപങ്ങളും ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കുന്നതിനു പ്രേരകമായി കൂട്ടിച്ചേർക്കുക പതിവായിരുന്നു.

ഇവിടെ നല്കുന്ന വാഗ്ദാനങ്ങളും താക്കീതുകളും എല്ലാംതന്നെ വാഗ്ദത്തഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു. 20-23 വാക്യങ്ങൾ ഇസ്രായേൽ ജനത്തെ വാഗ്ദത്തഭൂമിയിലേക്കു നയിക്കുന്ന കർത്താവിന്റെ ദൂതനെക്കുറിച്ചു വിവരിക്കുന്നു. കർത്താവു തന്നെ ്വരെ നയിക്കും എന്ന

തിന്റെ വ്യംഗ്യമായ ഒരു സൂചനയാണ് "ദൂതൻ" എന്ന പ്രതീകത്തിലൂടെ നല്കുന്നത് (ഉൽപ. 16, 7; പുറ 12, 23). വഴിയൊരുക്കുന്ന ദൂതനെക്കുറിച്ച് വീണ്ടും പല തവണ (പുറ 32, 2; ഏശ 63, 9; മലാ 3, 1) പരാമർശമുണ്ട്. "ഞാൻ ഒരുക്കിയിരിക്കുന്ന സ്ഥലം" എന്ന് 20-ാം വാക്യത്തിൽ സൂചിപ്പിക്കുന്നത് വാഗ്ദത്തഭൂമിയായ കാനാൻദേശത്തെയാണ്. ശത്രുക്കളെ സംബന്ധിച്ച പരാമർശം അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തെ (ഉൽപ 12, 3) അനുസ്മരിപ്പിക്കുന്നു.

കാനാൻദേശത്തെ ജനങ്ങളോടും അവരുടെ ആരാധനാരീതികളോടും സ്വീകരിക്കേണ്ടതായി കല്പിക്കുന്ന നിലപാട് മതസഹിഷ്ണതയെയും സാർവ്വലൗകികസാഹോദര്യത്തെയും കുറിച്ചുള്ള ആധുനിക കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ അസ്വീകാര്യമാണ്. എന്നാൽ അന്നത്തെ കാഴ്ചപ്പാടും തദ്ദേശവാസികളുടെ വിഗ്രഹാരാധന ഇസ്രായേലിന്റെ വിശ്വാസത്തിനെതിരെ ഉയർത്തിയ ഭീഷണിയും കണക്കിലെടുത്താലേ ഈ കല്പനയുടെ പ്രസക്തി മനസ്സിലാക്കാൻ കഴിയൂ. "അവരുടെ ദേവന്മാർ" എന്ന് 24-ാം വാക്യത്തിൽ പറയുന്നത് വിഗ്രഹങ്ങളെക്കുറിച്ചാണ്. സ്തംഭങ്ങൾ ശിവലിംഗം പോലുള്ള പ്രതിഷ്ഠകളായിരുന്നു. ഫലപുഷ്ടിയുടെ ദേവനായ ബാലിന്റെ പ്രതീകങ്ങളായി ഈ സ്തംഭങ്ങൾ കരുതപ്പെട്ടു. കാനാൻകാർ ആരാധിച്ചിരുന്ന ബാൽദേവനല്ല, സത്യദൈവമായ യാഹ്വേയാണ് ആഹാരവും ആരോഗ്യവും സന്താനപുഷ്ടിയും നല്കുന്നതെന്ന് 25-26 വാക്യങ്ങൾ പഠിപ്പിക്കുന്നു.

27-28 വാക്യങ്ങൾ ഇസ്രായേൽക്കാർക്ക് ദേശം കൈവശമാക്കാൻ അനുകൂലസാഹചര്യം കർത്താവു തന്നെ ഒരുക്കും എന്ന് വാഗ്ദാനം ചെയ്യുന്നു. അവർക്കു മുമ്പേ അയയ്ക്കുന്ന "കടന്നലുകൾ" ഈജിപ്തു സൈന്യത്തെക്കുറിച്ചുള്ള സൂചനയാണെന്നു കരുതുന്നവരുണ്ട്. അഭ്യന്തരകലാപങ്ങളും വിദേശികളുടെ ആക്രമണങ്ങളും വഴി കാനാൻ ദുർബലമായിരുന്ന ഒരു സാഹചര്യത്തിലാണ് ഇസ്രായേൽക്കാർ കടന്നു ചെന്നത്. അതിനാൽ കടന്നലുകൾ ഏതെങ്കിലും ഒരു പ്രത്യേകരാജ്യത്തിന്റെ സൈന്യത്തെ എന്നതിനെക്കാൾ യുദ്ധം വഴിയുണ്ടാകുന്ന ദൗർബല്യത്തെ സൂചിപ്പിക്കുന്നതായി കരുതാം. ഈജിപ്തുസൈന്യത്തെ തേനീക്കളെന്നു വിശേഷിപ്പിക്കുന്നത് (ഏശ 7, 18) ഇവിടെ ശ്രദ്ധേയമത്രേ.

കാനാൻ ദേശം മുഴുവൻ സാവധാനമേ ഇസ്രായേൽക്കാർക്കു കൈവശമാക്കാൻ സാധിച്ചുള്ളൂ എന്ന് ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്നു കാണാം. 31-ാം വാക്യത്തിൽ പറയുന്ന അതിരുകൾവരെ ദാവീദിന്റെയും സോളമന്റെയും കാലത്തു മാത്രമാണ് രാജ്യം വികസിച്ച

ത്. "ചെങ്കടൽ" എന്നത് അക്കബാ ഉൾക്കടലും ഫിലിസ്ത്യാ കടൽ മധ്യധരണ്യാഴിയുമാണ്. വാഗ്ദത്തഭൂമി മുഴുവൻ കൈയടക്കാൻ എന്തു കൊണ്ട് ഇത്ര കാലം വേണ്ടി വന്നു എന്ന് 29-30 വാക്യങ്ങലിൽ വിശദീകരിക്കുന്നു. തദ്ദേശവാസികളുമായി ഉടമ്പടി ചെയ്യുന്നത് ഇസ്രായേൽക്കാരെ വിഗ്രഹാരാധനയിലേക്കു നയിക്കും. അത് യാഹ്വേയുമായുള്ള ഉടമ്പടിയുടെ ലംഘനമായിരിക്കും.

## 4. ഉടമ്പടി ഉറപ്പിക്കൽ 24, 1-18

നിബന്ധനകൾ എല്ലാം വ്യക്തമായി അവതരിപ്പിച്ചതിനു ശേഷം ഉടമ്പടി ഉറപ്പിക്കുന്നത് 24, 1-11 വാക്യങ്ങളിൽ വിവരിക്കുന്നു. മോശ മാത്രം നാല്പതു രാപകൽ മലമുകളിൽ, കർതൃസന്നിധിയിൽ ചിലവഴിക്കുന്നതിനെ വിവരിക്കുന്ന 12-18 വാക്യങ്ങൾ ഉടമ്പടിസ്ഥാപനത്തിന്റെ ഉപസംഹാരവും സമാഗമകൂടാരത്തെയും ഉപകരണങ്ങളെയും സംബന്ധിച്ച വിവരണങ്ങളുടെ ആമുഖവുമാണ്.

ഉടമ്പടി സ്ഥാപനത്തിന്റെ വിവരണത്തിൽ രണ്ടു പാരമ്പര്യങ്ങളുടെ സ്വാധീനം വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. 1-2; 9-11 വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയും 3-8 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയുമായി കരുതപ്പെടുന്നു. J രചനയനുസരിച്ച് മോശയും ശ്രേഷ്ഠന്മാരും ഇസ്രായേൽജനത്തിന്റെ പ്രതിനിധികളെന്ന നിലയിൽ മലമുകളിൽ കർത്താവിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ഒരു ബലിവിരുന്നിലൂടെ ഉടമ്പടി ഉറപ്പിക്കുകയും ചെയ്യുന്നു. E പാരമ്പര്യമനുസരിച്ചാകട്ടെ, മലയുടെ താഴ്വാരത്തിൽ വച്ച് ഒരു ബലിയർപ്പണത്തിലൂടെ ഉടമ്പടിയുറപ്പിക്കുന്നു.

മോശയോടൊപ്പം 73 പേർ മലമുകളിലേക്കു ക്ഷണിക്കപ്പെട്ടെങ്കിലും മോശ മാത്രമേ കർത്താവിനെ സമീപിക്കാവൂ എന്നു പറയുന്നതിലൂടെ മധ്യസ്ഥനെന്ന നിലയിലുള്ള മോശയുടെ പ്രത്യേകസ്ഥാനം എടുത്തു കാട്ടുന്നു. നാദാബും അബീഹുവും അഹറോന്റെ പുത്രന്മാരായിരുന്നു. അവരുടെ അകാലമരണത്തെക്കുറിച്ച് ലേവ്യ 10, 1-3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 4-ാം വാക്യത്തിൽ മോശ തന്നെ കർത്താവിന്റെ വാക്കുകൾ എഴുതിവച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഉടമ്പടിയുടെ പുസ്തകം എന്ന് 7-ാം വാക്യത്തിൽ പറയുന്നത് ഇതിനെ ഉദ്ദേശിച്ചായിരിക്കും. എങ്കിൽ പത്തു പ്രമാണങ്ങളും മറ്റു നിയമങ്ങളും കർത്താവു പറഞ്ഞതനുസരിച്ച് മോശ എഴുതിയതാണെന്നു കാണാം. ഇതാണ് നിയമങ്ങളുടെ എഴുത്തിനെ സംബന്ധിച്ച ഏറ്റം പുരാതനമായ കാഴ്ചപ്പാട്. കർത്താവ് എഴുതിക്കൊടുത്തു എന്ന് 31, 18; 32, 16ലെ പ്രസ്താവനകൾ നിയമങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയാൻ വേണ്ടി പില്ക്കാലത്തു രൂപം കൊണ്ടവയാവാം.

പുരോഹിതന്മാർ മാത്രമേ ബലിയർപ്പിക്കാവൂ എന്ന നിയമം ഉണ്ടാകുന്നതിനു മുമ്പിലത്തെ അവസ്ഥയിലാണ് യുവാക്കന്മാർ ബലിയർപ്പിക്കു്നത്. കാളക്കൂറ്റന്മാരെ കൈകാര്യം ചെയ്യാൻ ബലവും ചുറുചുറുക്കുമുള്ള ചെറുപ്പക്കാർ വേണമെന്നത് യുവാക്കൾ ബലിയർപ്പിക്കുന്നതിനു കാരണമായിരിക്കാം. രണ്ടുതരം ബലികളെക്കുറിച്ച് 20, 24ൽ നാം കണ്ടു കഴിഞ്ഞു. ബലിപീഠം കർത്താവിന്റെ പ്രതീകവും പ്രതിനിധിയുമായിട്ടാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്. ബലിമൃഗത്തിന്റെ രക്തം ബലിപീഠത്തിന്മേലും ജനത്തിന്മേലും തളിക്കുന്നതു വഴി ഇരുവരും തമ്മിൽ രക്തബന്ധം സംജാതമാകുന്നു. മോശ വഴി കർത്താവ് അറിയിച്ച നിയമങ്ങളെ ആരാധമാക്കിയാണ് ഉടമ്പടി ചെയ്യുന്നത്. രക്തം തളിച്ച് ഉറപ്പിക്കുന്നതിലൂടെ ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കുക ജനത്തെ സംബന്ധിച്ച ജീവൽ പ്രധാനമാണെന്ന് ഊന്നിപ്പറയുന്നു. അബ്രാഹവു ായി മറ്റൊരു പ്രതീകത്തിലൂടെയാണ് ഉടമ്പടി ഉറപ്പിച്ചത്. (ഉൽപ. 15, 17). പക്ഷേ, രണ്ടിന്റെയും അർത്ഥം ഒന്നുതന്നെയാണെന്ന് ജെറ 34, 18ൽ നിന്നു കാണാം. മോശയും ശ്രേഷ്ഠന്മാരും ദൈവത്തെ കണ്ടു എന്ന് രണ്ടുതവണ ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും അവിടുത്തെ പാദപീഠത്തിനു താഴെയുള്ള നീലാകാശവിതാനം മാത്രമേ ഇവിടെ വിവരണവിഷയമാകുന്നുള്ളൂ. ഇതിനു സമാനമായ മറ്റൊരു വിവരണം എസെ 1, 26ൽ കാണാം. 19-ാം അദ്ധ്യായത്തിൽ വിവരിച്ച ഭയാനക പ്രതിഭാസങ്ങൾക്കു ശേഷം ശാന്തസുന്ദരമായ നീലാകാശത്തിൽ അവർക്കു കർത്താവിന്റെ സാന്നിദ്ധ്യം അനുഭവിക്കാനും അവിടുത്തെ സന്നിധിയിൽ നിർഭയരും സുരക്ഷിതരും ആയിരുന്ന് ഭക്ഷിക്കാനും കഴിഞ്ഞു. ഭക്ഷണത്തെക്കുറിച്ചുള്ള പരാമർശം സമാധാനബലിയുടെ സമാപനവും ഉടമ്പടി ഉറപ്പിക്കലിന്റെ മറ്റൊരടയാളവുമായി കരുതാം.

ഉടമ്പടിയുടെ വിവരണത്തെ തുടർന്നു വരുന്ന കൂടാരത്തിന്റെ വിവരണവുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് 12-18 വാക്യങ്ങൾ. "നിയമങ്ങളും കല്പനകളും" എന്ന് 12-ാം വാക്യത്തിൽ വ്യവഛേദിച്ചു പറയുന്നത് പത്തുപ്രമാണങ്ങളെയും മറ്റു നിയമങ്ങളെയും വെവ്വേറെ സൂചിപ്പിക്കുന്നു. ശ്രേഷ്ഠന്മാരും ജനവും താഴ്വരയിലും മോശയും ജോഷ്വായും മലമുകളിലുമായി ചിത്രീകരിക്കുന്നതിലൂടെ 32-ാം അധ്യായത്തിൽ വിവരിക്കാൻ പോകുനന ഉടമ്പടി ലംഘനത്തിന് പശ്ചാത്തലം ഒരുക്കുന്നു. "എന്തെങ്കിലും പ്രശ്നമുണ്ടായാൽ" എന്ന് 14-ാം വാക്യത്തിൽ ഇതിനെക്കുറിച്ചു സൂചന നല്കുന്നുണ്ട്. മലയെ മൂടുന്ന മേഘം ദൈവികസാന്നിദ്ധ്യത്തിന്റെ അടയാളമാണ്. ദൈവസന്നിധിയിൽ പ്രവേശിക്കാൻ ആവശ്യമായ ഒരുക്കത്തെയാണ് മോശയുടെ ആറു ദിവസത്തെ കാത്തിരിപ്പും

ഏഴാം ദിവസം ലഭിക്കുന്ന വിളിയും സൂചിപ്പിക്കുന്നത്. മലമുകളിൽ ചില വഴിച്ച സമയത്ത് മോശയ്ക്കു ദൈവം പറഞ്ഞു കൊടുത്തതാണ് കൂടാരത്തെയും സാമഗ്രികളെയും സംബന്ധിച്ച നിയമങ്ങൾ എന്ന പ്രതീതി ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നു.

**വിചിന്തനം** : സംഭ്രമജനകമായ പ്രതിഭാസങ്ങളുടെ മധ്യേയാണ് സീനായ് ഉടമ്പടി ഉറപ്പിക്കപ്പെട്ടത്; പുതിയ ഉടമ്പടിയാകട്ടെ ഹൃദ്യമായ ഒരു അത്താഴ വിരുന്നിന്റെ പശ്ചാത്തലത്തിലും. ഭയത്തിനും സംഭ്രാന്തിക്കുമല്ല, സ്നേഹത്തിനും കൂട്ടായ്മയ്ക്കുമാണ് പുതിയ ഉടമ്പടി പ്രാധാന്യം നല്കുന്നത്. സീനായ് ഉടമ്പടിയിലെ അനേകം പ്രമാണങ്ങളുടെ സ്ഥാനത്ത് യേശു ഒരു പുതിയ പ്രമാണം നല്കി. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13, 34-35).

സീനായ് ഉടമ്പടിയിലെ രക്തവും വിരുന്നു യേശുവിൽ പൂർത്തിയാകാനിരുന്നതിന്റെ മുന്നോടിയും പ്രതീകവുമായിരുന്നു. കാളക്കിടാങ്ങളുടെയല്ല, തന്റെ സ്വന്തം രക്തത്താലാണ് യേശു പുതിയ ഉടമ്പടി ഉറപ്പിച്ചത് (ലൂക്ക 22, 20; കോറി 11, 25; ഹെബ്രാ 9, 19-25; 10, 11-19). തന്റെ ശരീരരക്തങ്ങൾ ഉടമ്പടി ഉറപ്പിക്കുന്ന ബലിവിരുന്നായി അവിടുന്നു നല്കി. പഴയ ഉടമ്പടിയിൽ പങ്കു ചേർന്നവർ ഒരു ജനമായെങ്കിൽ (1 കോറി 10, 17; എഫേ 2, 16; 4, 4). സീനായ് ഉടമ്പടി ഇസ്രായേലിനെ ദൈവജനവും പുരോഹിതരാജ്യവുമാക്കിയപ്പോൾ പുതിയ ഉടമ്പടി ലോകജനതകൾക്കു മുഴുവൻ ദൈവമക്കളാകാനുള്ള അവസരവും അവകാശവും നല്കുന്നു.

## 5. ഉടമ്പടിയുടെ ഘടന

വ്യക്തികൾ തമ്മിലും രാജ്യങ്ങൾ തമ്മിലും ഉടമ്പടികൾ ഉണ്ടാക്കുക പുരാതനകാലത്തും പതിവായിരുന്നു. ഇപ്രകാരമുള്ള ഉടമ്പടികൾ രേഖപ്പെടുത്തിയ അനേകം പുരാതന ലിഖിതങ്ങൾ മധ്യപൗരസ്ത്യദേശത്തു നിന്ന് കണ്ടു കിട്ടിയിട്ടുണ്ട്. അവയിൽ ഹിത്യരാജാക്കന്മാർ തങ്ങളുടെ സാമന്തരാജാക്കന്മാരുമായി നടത്തിയിരുന്ന ഉടമ്പടികൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഈ ഉടമ്പടിക്ക് നിശ്ചിതമായ ഒരു ഘടനയുണ്ടായിരുന്നു. പ്രധാനമായും ആറു ഘടകങ്ങളാണ് ഈ ഉടമ്പടിക്കുള്ളത്.

1. തലവാചകം - ഉടമ്പടി ഉറപ്പിക്കുന്ന ചക്രവർത്തിയുടെ പേരുവിവരം ആദ്യമേ നല്കുന്നു.

2. ചരിത്രബന്ധിയായ ഉപക്രമം - ചക്രവർത്തി സാമന്തർക്കു വേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ വിവരിക്കുന്നു.

3. നിയമങ്ങൾ - സാമന്തർ അനുസരിക്കേണ്ട നിയമങ്ങൾ വിശദമായി അവ

തരിപ്പിക്കുന്നു. ചക്രവർത്തിയോടു കൂറും വിശ്വസ്തതയും പുലർത്താനും മറ്റാരുമായി ഉടമ്പടികളോ സന്ധികളോ ഉണ്ടാക്കാതിരിക്കാനും പ്രത്യേകം നിർദ്ദേശങ്ങൾ ഉണ്ടായിരിക്കും.

4. പകർപ്പു സൂക്ഷിക്കൽ - ഉടമ്പടിയുടെ പകർപ്പുണ്ടാക്കി ദൈവാലയത്തിൽ സൂക്ഷിക്കുകയും നിശ്ചിത അവസരങ്ങളിൽ അതു പരസ്യമായി വായിക്കുകയും ചെയ്യണം. സാമന്തരെ തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിക്കാൻ വേണ്ടിയാണിത്.

5. സാക്ഷികൾ - ഉടമ്പടിയിൽ പങ്കുകാരായവരുടെ ദൈവങ്ങളെയും പ്രകൃതി ശക്തികളെയും സാക്ഷി നിർത്തിയാണ് ഉടമ്പടി ഉറപ്പിക്കുക.

6. അനുഗ്രഹവും ശാപവും : ഉടമ്പടിയോടു വിശ്വസ്തത പാലിച്ചാൽ സമ്മാനങ്ങളും ലംഘിച്ചാൽ കഠിനമായ ശിക്ഷയും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് സമാന്തരെ വിശ്വസ്തതക്കു പ്രേരിപ്പിക്കുന്നു. (ANET pp. 203-207).

ഈ ഘടനയിലെ മിക്ക ഘടകങ്ങളും സീനായ് ഉടമ്പടിയിലും കാണാം.

1. തലവാചകം - "അടിമത്തത്തിന്റെ.... ഞാനാണ് നിന്റെ ദാവമായ കർത്താവ്" (പുറ 20, 2).

2. ഉപക്രമം - പുറ 19, 4 - ഈജിപ്തിൽ വച്ചു ചെയ്തത്.

3. നിയമം - പത്തു പ്രമാണങ്ങൾ - ഉടമ്പടിയുടെ പുസ്തകം.

4. പകർപ്പ് - നിയമങ്ങൾ കല്പലകകളിൽ പുറ 31, 18 മോശ എഴുതി ജനങ്ങളെ വായിച്ചു കേൾപ്പിച്ചു. പുറ 24, 4 സാഭ്യപേടകത്തിൽ സൂക്ഷിച്ചു : പുറ 25, 16.

5. സാക്ഷികൾ - ഇസ്രായേലിന്റെ വിശ്വാസവുമായി നിരക്കാത്തതിനാൽ ഈ ഘടകം സീനായ് ഉടമ്പടിയിലില്ല.

6. അനുഗ്രഹവും ശാപവും പുറ 20, 5-7; 23, 20-33.

ഉടമ്പടിയുടെ സാഹിത്യരൂപവും ഘടനയും മനസ്സിലാക്കാൻ ഹിത്യരുടെ ഉടമ്പടി സഹായിക്കും. എന്നാൽ ഉടമ്പടിയുടെ ഉള്ളടക്കവും ഉദ്ദേശ്യലക്ഷ്യങ്ങളും തികച്ചും വ്യത്യസ്തമാണ്. അത് ഇസ്രായേലിന്റെ വിശ്വാസാനുഭവത്തിൽ നിന്നേ മനസ്സിലാക്കാൻ കഴിയൂ.

## ചോദ്യങ്ങൾ

1. സീനായ് ഉടമ്പടി വിളിയും ദൗത്യവും ഉൾക്കൊള്ളുന്നു. വിശദമാക്കുക.

2. കഴുകന്റെ ചിറകുകൾ എന്തിനെ സൂചിപ്പിക്കുന്നു?

3. ഉടമ്പടി സ്വീകരിക്കാൻ എപ്രകാരമാണ് ദൈവം ജനത്തെ ഒരുക്കിയത്?

4. കത്തോലിക്കാസഭ പത്തു പ്രമാണങ്ങളിൽ ഒന്നു വെട്ടിക്കുറച്ചു എന്ന ആരോപണം ശരിയോ? വിശദമാക്കുക.

5. ദൈവനാമം വൃഥാ പ്രയോഗിക്കുക എന്നാൽ എന്ത്?

6. പത്തു പ്രമാണങ്ങൾ മാത്രമാണോ പഴയ ഉടമ്പടിയുടെ നിയമങ്ങൾ?

7. ഉടമ്പടിയുടെ പുസ്തകം എന്നാൽ എന്ത്? എങ്ങിനെയാണ് ഈ പേരുണ്ടായത്? എന്താണ് അതിന്റെ ഉള്ളടക്കം?

8. സീനായ് ഉടമ്പടിയുടെ നിയമങ്ങളോട് യേശു സ്വീകരിച്ച നിലപാട് വിശദീകരിക്കുക.

9. പഴയ ഉടമ്പടിയിൽ സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന നിയമങ്ങൾ ഏവ? അവയ്ക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്?

10. പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിൽ താരതമ്യം ചെയ്യുക.

**ചർച്ചയ്ക്ക്** : സീനായ് ഉടമ്പടിയുടെ നിയമങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രസക്തിയുണ്ട്? ഏതെങ്കിലും ഒരു നിയമം തിരഞ്ഞെടുത്ത് ചർച്ച ചെയ്യുക.

**പ്രാർത്ഥന** : പുതിയ ഉടമ്പടിയിലൂടെ പാപമോചനവും ദൈവപുത്രസ്ഥാനവും നല്കിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഒരു പ്രാർത്ഥന രചിക്കുക.

## 3. വിശ്വാസ ത്യാഗവും ഉടമ്പടി നവീകരണവും
## പുറപ്പാട് 32, 1-34, 35

സീനായ്മലയുടെ അടിവാരത്തു വച്ച് ഉടമ്പടി ഉറപ്പിച്ചതിനുശേഷം കർത്താവിന്റെ വിളികേട്ട് വീണ്ടും മലിയിലേക്കു കയറിയ മോശ നാൽപതു ദിവസം അവിടെ ചിലഴിച്ചു എന്ന് 24, 18 പറഞ്ഞുവച്ചു. തുടർന്നു വരുന്ന 25-31 അധ്യായങ്ങളിൽ ദൈവാരാധനയെയും അതിന് ആവശ്യമായ സാമഗ്രികളെയും കുറിച്ച് കർത്താവ് മലമുകളിൽ വച്ചു മോശയ്ക്കു നൽകിയ നിർദ്ദേശങ്ങളാണ് വിവരിക്കുന്നത്. ഈ നിർദ്ദേശങ്ങളെല്ലാം നടപ്പാക്കിയതായി 35-40 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയ്ക്കു മധ്യേ സ്വർണ്ണം കൊണ്ടുള്ള കാളക്കുട്ടിയുടെ സംഭവം വിവരിക്കുന്നു. പഠന

സൗകര്യാർത്ഥം ആരാധനാ സംബന്ധിയായ കാര്യങ്ങൾ ഒരുമിച്ചു ചർച്ച ചെയ്യുന്നതാണ്.

പ്രതിമയുണ്ടാക്കി ആരാധിക്കുക വഴി ഇസ്രായേൽ ജനം ചെയ്ത വലിയ പാപവും അതിനോടുള്ള ദൈവത്തിന്റെയും മോശയുടെയും പ്രത കരണവുമാണ് 32-ാം അധ്യായത്തിൽ വിവരിക്കുന്നത്. അവിശ്വസ്തരായിത്തീർന്ന ജനത്തിനു മധ്യേയുള്ള ദൈവസാന്നിധ്യം 33-ാം അധ്യായത്തിൽ ചർച്ചാ വിഷയമാകുന്നു. തകർന്ന ഉടമ്പടിയുടെ കല്പനകൾ വീണ്ടും ആവർത്തിച്ചുകൊണ്ട് ഉടമ്പടി നവീകരിക്കുന്നതിന്റെ വിവരണമാണ് 34-ാം അധ്യായത്തിലുള്ളത്. ഈ അധ്യായങ്ങൾ മുഖ്യമായും യാഹ്വിസ്റ്റ് രചനയായി കരുതപ്പെടുന്നു.

## 1. വിശ്വാസത്യാഗം 32, 1-35

യാഹ്വേയുമായി ഉടമ്പടിയിൽ ഒപ്പുവെച്ചെങ്കിലും അവിടുത്തെ സ്വഭാവത്തെയോ ഉടമ്പിടുയെ നിബന്ധനകൾ ആവശ്യപ്പെടുന്ന ഉത്തരവാദിത്വത്തെയോകുറിച്ച് ഇനിയും വ്യക്തമായ അറിവും ബോധ്യവും സിദ്ധിക്കാത്ത ഒരു ജനത്തിന്റെ ചിത്രമാണ് വി. ഗ്രന്ഥകാരൻ ഈ അധ്യായത്തിൽ വരച്ചു കാട്ടുന്നത്.സ ഇതുവരെ അവരെ നയിച്ച മോശയുടെ അഭാവത്തിൽ ജനം തങ്ങൾക്കു പരിചിതമായ പഴയ വിശ്വാസത്തിലേക്കും ജീവിതരീതിയിലേക്കും മടങ്ങുന്നു. യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണവും വിശ്വാസത്തിലുള്ള പിരശീലനവും എത്ര ദീർഘവും ക്ലേശകരവുമാണെന്ന് ഈ സംഭവം എടുത്തു കാട്ടുന്നു. പരിപൂർണ്ണരും വിശുദ്ധരുമായ മനുഷ്യരിലൂടെയല്ല, വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടെവരെങ്കിലും, പാപികളും ബലഹീനരുമായ മനുഷ്യരിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുകയും രക്ഷാചരിത്രത്തെ മുന്നോട്ടു നയിക്കുകയും ചെയ്യുന്നത് എന്നതിന് ഈ സംഭവം സാക്ഷ്യം വഹിക്കുന്നു.

**a. കാളക്കുട്ടി** 32, 1-6: മോശ മടങ്ങിവരാൻ വൈകുന്നതിനെക്കുറിച്ചുള്ള പരാമർശം 24, 18ൽ പറഞ്ഞുവച്ചതുമായി ഈ സംഭവത്തെ ബന്ധിപ്പിക്കുന്നു. 24, 14ൽ ഈ സംഭവത്തെക്കുറിച്ച് ഒരു സൂചന നല്കിയിരുന്നു. ധിക്കാരികളും അക്രമാസക്തരുമായ ഒരു ജനക്കൂട്ടത്തിന്റെ ചിത്രമാണ് 1.6 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. "അഹറോനു ചുറ്റും കൂടി" എന്നതിന് "അഹറോനെതിരെ ഒത്തുകൂടി" എന്നോ "അഹറോനെ വളഞ്ഞു" എന്നോ ആണ് അർത്ഥം. ഒരു കലാപത്തിന്റെ സൂചനയാണ് ഈ പദത്തിൽ നിന്നും ലഭിക്കുന്നത്. "മോശ എന്ന മനുഷ്യൻ"എന്ന പ്രയോഗത്തിൽ അവജ്ഞയുണ്ട്. മോശയാണ് തങ്ങളെ ഈജിപ്തിൽ നിന്നു കൊണ്ടുവന്നത് എന്നു പറയുമ്പോൾ വിമോചകനായ കർത്താവിനെ അവ

ർ വിസ്മരിക്കുകയോ പരിത്യജിക്കുകയോ ചെയ്തു എന്ന പ്രതീതിയാണ് ലഭിക്കുന്നത്. ''ദൈവങ്ങളെ ഉണ്ടാക്കിത്തരുക'' എന്ന അവരുടെ അഭ്യർത്ഥന ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ്. യാഹ്‌വേയെയും അവിടുത്തെ ദാസനും പ്രവാചകനുമായ മോശയെയും തിരസ്ക്കരിച്ച് സ്വന്തമായി ദൈവങ്ങളെ ഉണ്ടാക്കാൻ തീരുമാനിച്ച ജനം ഉടമ്പടി ലംഘനത്തിനും പരസ്യമായ വിശ്വാസത്യാഗത്തിനും തയ്യാറായിക്കഴിഞ്ഞു.

ഭീരുവും അവസരവാദിയുമായിട്ടാണ് ഈ വിവരണത്തിൽ അഹറോൻ പ്രത്യക്ഷപ്പെടുന്നത്. തന്നിൽ നിക്ഷിപ്തമായിരുന്ന നേതൃത്വത്തിന്റെ ഉത്തരവാദിത്വം മറന്ന്, ജനത്തിന്റെ താല്പര്യത്തിനൊത്ത് പ്രവർത്തിക്കാൻ അയാൾ തയ്യാറായി. മോശ ചോദ്യം ചെയ്തപ്പോൾ ജനത്തെ പഴിപറഞ്ഞും മുടന്തൻ ന്യായങ്ങൾ ഉന്നയിച്ചും സ്വയം നീതീകരിക്കാൻ ശ്രമിക്കുന്നതായി 22-24 വാക്യങ്ങളിൽ കാണാം. അനേകം നൂറ്റാണ്ടുകൾക്കു ശേഷം ഈ വിവരണം അന്തിമമായി പ്രസാധനം ചെയ്യുന്ന പുരോഹിതന്മാർ തങ്ങളുടെ വംശത്തലവനും ആദ്യപുരോഹിതനുമായ അഹറോന്റെ വീഴ്ചകളും ബലഹീനതകളും മറച്ചുവച്ചില്ല എന്നതും ശ്രദ്ധേയമത്രേ. വീരപുരുഷന്മാരിലൂടെ മാത്രമല്ല, സാധാരണക്കാരും ഭീരുക്കളും ആയവരിലൂടെ ദൈവം തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കു്ന്നു എന്നതിനു തെളിവാണിത്.

"കാളക്കുട്ടി" എന്ന വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന് കാളക്കൂറ്റൻ എന്നും അർത്ഥമുണ്ട്. മൂന്നു വയസ്സായ കാളയാണ് ഇവിടെ വിവക്ഷ. മദ്ധ്യപൗരസ്ത്യ ദേശത്തെ പുരാതനമതങ്ങളിലെല്ലാം തന്നെ ഫലപുഷ്ടിയുടെ ദൈവമായി കാളയെ ആരാധിച്ചിരുന്നു. ഈജിപ്തിൽ ആപിസ് (Apis) എന്ന പേരിലാണ് ഈ ദേവൻ അറിയപ്പെട്ടിരുന്നത്. ആപിസിന്റെ ബഹുമാനാർത്ഥം ഒരു കാളയെ നാട്ടിൽ കയറൂരിവിടുക പതിവായിരുന്നു. എവിടെയും സ്വതന്ത്രമായി വിഹരിക്കാൻ അവകാശമുണ്ടായിരുന്ന ആ കാളയെ ആപിസ് ദേവന്റെ അവതാരമായി ജനം കരുതി ആരാധിച്ചു പോന്നു. കാള ചാകുമ്പോൾ അതിനെ സുഗന്ധലേപനങ്ങൾ പൂശി പ്രത്യേകം തയ്യാറാക്കിയ ശവകുടീരത്തിൽ സംസ്ക്കരിക്കും. പകരം മറ്റൊരു കാളയെ കയറൂരി വിടും. "അമ്പലക്കാള"യ്ക്ക് ഈ വിശ്വാസത്തോടുള്ള സാമ്യം ശ്രദ്ധേയമത്രേ. കാനാൻകാർ ബാൽദേവനെ ചിലപ്പോൾ കാളയുടെ രൂപത്തിൽ ചിത്രീകരിക്കാറുണ്ടായിരുന്നു. മറ്റു ചില മതങ്ങളിൽ ദൈവത്തിന്റെ വാഹനമായി കാളയെ കരുതിയിരുന്നു. ഇതിൽ ഏത് ആശയമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്.

വിഗ്രഹനിർമ്മാണത്തിനുശേഷം അതിനു മുന്നിൽ ബലിയർപ്പിക്കു

കയും യാഹ്‌വേയുടെ ബഹുമാനാർത്ഥം ഉത്സവം പ്രഖ്യാപിക്കുകയും ചെയ്യുന്നതിലൂടെ അഹറോൻ കാളക്കുട്ടിയെ കർത്താവിന്റെ പാദപീഠമായിട്ടാണ് സങ്കല്പിച്ചത് എന്നു കരുതാം. എന്നാൽ "ഇതാ ഈജിപ്തിൽ നിന്നും നിങ്ങളെ കൊണ്ടുവന്ന ദൈവങ്ങൾ" എന്ന് അട്ടഹസിച്ച ജനം കാളക്കുട്ടിയെ യാഹ്‌വേയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കുകയായിരുന്നു. ഒന്നാം പ്രമാണത്തിന്റെ വികലമായ ഒരു അനുകരണമാണഅ ഈ പ്രഖ്യാപനം. എന്തുകൊണ്ട് ഈ കാളക്കുട്ടിയെ "ദൈവങ്ങൾ" എന്ന് ബഹുവചനത്തിൽ വിളിക്കുന്നു എന്ന് ന്യായമായും ചോദിക്കാം. വിഗ്രഹാരാധന ബഹുദൈവാരാധനയിലേക്ക് നയിക്കുന്നു എന്നു സൂചിപ്പിക്കുയാവാം ഇതിന്റെ ലക്ഷ്യം. സീനായ്മലയിലെ കാളക്കുട്ടിക്കെതിരെയുള്ള വിമർശനം ജെറോബോവാമിന്റെ വിഗ്രഹങ്ങൾക്കും ബാധകമാകത്തക്കവിധത്തിൽ പില്ക്കാലത്തു ക്രമീകരിച്ചതും ആയിരിക്കാം. (1 രാജാ 12, 28-30).

കർത്താവിന് അർപ്പിക്കേണ്ട ബലികളാണ് ജനം കാളക്കുട്ടിക്ക് അർപ്പിക്കുന്ന ദഹനബലിയും സമാധാനബലിയും (പുറ 20, 24). സമാധാന ബലിയുടെ ഭാഗമായിരുന്നു ഭക്ഷിച്ചാലും പഠനം ചെയ്യലും. എന്നാൽ ഇവിടെ വി. ഗ്രന്ഥകാരൻ ജനത്തിന്റെ പ്രവൃത്തികളെ മുഴുവൻ പുച്ഛത്തോടെയാണ് അവതരിപ്പിക്കുന്നത്. തീനും കുടിയും കഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു എന്ന പ്രസ്താവന കാനാൻകാരുടെ ബലിയർപ്പണങ്ങളെയും അവയോടു ബന്ധപ്പെട്ട അവിഹിതലൈംഗിക വേഴ്ചകളെയും സൂചിപ്പിക്കുന്നു. ജനത്തിന്റെ അഴിഞ്ഞാട്ടത്തെ കുറിച്ച് 25-ാം വാക്യത്തിലെ പരാമർശവും ഈ സൂചന തന്നെയാണ് നല്കുന്നത്.

കാളക്കുട്ടിയെ കർത്താവ് എന്നു വിളിക്കുകയും മ്ലേഛമായ വിനോദങ്ങളിലൂടെ ആരാധന അർപ്പിക്കുകയും ചെയ്യുന്നവർ, തങ്ങൾക്ക് ഇഷ്ടപ്പെട്ട വിധത്തിൽ ദൈവങ്ങളെ ഉണ്ടാക്കി അവയുടെ അടിമകളായിത്തീരുന്നവരാണ്. കർത്താവിനെ ആരാധിക്കുന്നവർ അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ച് സഹോദരങ്ങളോട് നീതിപൂർവ്വം പെരുമാറാൻ നിർബന്ധിതരാകുന്നു. വിഗ്രഹാരാധകരാകട്ടെ മതത്തെ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾക്കുള്ള ഉപകരണമാക്കി മാറ്റുന്നു.

**b. മോശയുടെ മാധ്യസ്ഥം 32, 7-14** താഴ്‌വരയിലെ സംഭവത്തെക്കുറിച്ച് മലമുകളിൽവച്ച് കർത്താവും മോശയും തമ്മിൽ നടന്ന സംഭാഷണം അടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ജനത്തിന്റെ വിശ്വാസത്യാഗത്തെക്കുറിച്ച് കർത്താവിൽ നിന്നാണ് മോശ അറിയുന്നത്. മലമുകളിൽ ഉടമ്പടിയുടെ പ്രമാണങ്ങൾ രേഖപ്പെടുത്തുന്ന അതേ സമയത്ത് താഴ്‌വരയിൽ ജനം ആ പ്രമാണം ലംഘിക്കുകയാരുന്നുവെന്ന് ഈ വിവരണം സൂചിപ്പി

ക്കുന്നു.

"നീ ഈജിപ്തിൽനിന്നും കൊണ്ടുവന്ന നിന്റെ ജനം" എന്നു കർത്താവു നല്കുന്ന വിശേഷണം പുറ 19, 4-6ൽ കണ്ടതിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. തന്നെ ഉപേക്ഷിച്ച ജനത്തെ കർത്താവ് ഉപേക്ഷിക്കുന്നുവെന്നും അവർ തങ്ങളെക്കുറിച്ചു പറഞ്ഞ വിധത്തിൽ തന്നെ, മോശ പുറത്തുകൊണ്ടുവന്ന ഒരു ജനക്കൂട്ടം മാത്രമായി അവരെ പരിഗണിക്കുന്നുവെന്നും ഉള്ള പ്രതീതിയാണ് അതിൽ നിന്നും ലഭിക്കുക. അവരെ നശിപ്പിച്ച് പകരം മോശയിൽ നിന്നും വിശ്വസ്തമായൊരു ജനതയെ പുറപ്പെടുവിക്കും എന്ന് കർത്താവു നല്കുന്ന വാഗ്ദാനം മോശയ്ക്കു നല്കുന്ന അംഗീകാരവും പ്രോത്സാഹനവുമായി തോന്നാം. എന്നാൽ ഇതുവലിയ ഒരു പരീക്ഷണമായിരുന്നു. "എന്നെ തടയരുത്" എന്ന കർത്താവിന്റഎ വാക്കുകള് ഇതൊന്നും അന്തിമതീരുമാനമല്ല, സാദ്ധ്യതകൾ മാത്രമാണെന്നു സൂചിപ്പിക്കുന്നു.

താൻ നയിച്ച ജനം അവരുടെ പാപത്തിൽ നശിക്കാൻ മോശ സമ്മതിക്കുന്നില്ല, അവർക്കുപകരം സ്വന്തം സന്തതികളിൽനിന്ന് ഒരു ജനതയെ രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നുമില്ല. മറിച്ച് കർത്താവിന്റെ മുന്നിൽ അവവിശ്വസ്തരായ ജനങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയാണ് മോശ ചെയ്യുന്നത്. ജനത്തിന്റെ പാപത്തെ മറച്ചു വെയ്ക്കുകയോ ലാഘവപ്പെടുത്തുകയോ ചെയ്യാതെ അവർക്കു വേണ്ടി മാപ്പ് അപേക്ഷിക്കുന്നു. കർത്താവ് ജനത്തോടു ക്ഷമിക്കാൻ മൂന്നു കാരണങ്ങൾ മോശ എടുത്തു കാട്ടുന്നു. 1. കർത്താവു തന്നെയാണ് അവരെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചുകൊണ്ടുവന്നത്. "അങ്ങ് മോചിപ്പിച്ച അങ്ങയുടെ ജനം" എന്ന പ്രയോഗം കർത്താവു നല്കിയ വിശേഷണത്തിനുള്ള മറുപടിയാണ്. 2. തന്റെ ജനത്തെ നശിപ്പിച്ചാൽ അന്യജനതകളുടെ മുമ്പിൽ കർത്താവുതന്നെ ആയിരിക്കും പരിഹസിക്കപ്പെടുക. 3. പൂർവ്വപിതാക്കന്മാർക്കു നല്കിയ വാഗ്ദാനം കർത്താവിനു ലംഘിക്കാനാവില്ല.

കർത്താവു ശാന്തനായി, തീരുനമാനത്തിൽ നിന്നും പിന്മാറി എന്ന പ്രയോഗങ്ങൾ ദൈവത്തിൽ മാനുഷികവികാരങ്ങൾ ആരോപിക്കുന്നതിന്റെ ഫലമാണ്. മോശയുടെ പ്രാർത്ഥന കർത്താവിന്റെ തീരുമാനത്തിന് മാറ്റം വരുത്തുകയല്ല, അവിടുത്തെ പദ്ധതിയുടെ ഭാഗം തന്നെയാണിത്. തന്നെ തള്ളിപ്പറയുന്ന ജനത്തെ സ്വന്തം സഹോദരങ്ങളായി കണ്ട്, അവർക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കാൻ മോശയ്ക്ക് ദൈവം നല്കിയ അവസരമായിരുന്നു ഈ പരീക്ഷണം. അതിൽ മോശ വിജയിച്ചു; കർത്താവിന്റെ പദ്ധതിയോടു സഹകരിച്ചു.

### c. മത്സരികൾക്കു ശിക്ഷ 32, 15–29

ജനത്തിന്റെ വിശ്വാസത്യാഗത്തിനെതിരെയുള്ള മോശയുടെ പ്രതികരണമാണ് ഈ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉടമ്പടിയുടെ പ്രമാണങ്ങൾ എഴുതിയ കല്പലകകൾ കർത്താവിന്റെ കൈവേലയായിരുന്നുവെന്ന് എടുത്തു പറയുന്നതിലൂടെ അതു തകർക്കുന്നതിന്റെ പ്രാധാന്യത്തിന് ഊന്നൽ നല്കുന്നു. ജനം ഉടമ്പടി ലംഘിച്ചിരിക്കുന്നു എന്നതിന്റെ വ്യക്തമായ പ്രഖ്യാപനമാണ് മോശ കല്പലകകൾ തകർക്കുന്നത്. അത് ഒരു പ്രതീകാത്മക പ്രവൃത്തിയായിരുന്നു. "കാളക്കുട്ടിയെ തീയിലിട്ടു ചുട്ടു" എന്ന പ്രസ്താവന, മരം കൊണ്ടുണ്ടാക്കി സ്വർണ്ണപ്പാളികകളിൽ പൊതിഞ്ഞതായിരുന്നു വിഗ്രഹം എന്നു സൂചിപ്പിക്കുന്നതായി ചില വ്യാഖ്യാതാക്കൾ കരുതുന്നു. മനുഷ്യനിർമ്മിതമായ വിഗ്രഹത്തിന് യാതൊരു ശക്തിയും ഇല്ലെന്നും അതു ദൈവമല്ലെന്നും ഈ പ്രവൃത്തിയിൽ നിന്നും തെളിയുന്നു. വിഗ്രഹങ്ങളെക്കുറിച്ച് ഉടമ്പടിയുടെ പുസ്തകത്തിൽ ആവശ്യപ്പെട്ടതു തന്നെയാണ് (പുറ 23, 24) മോശ ഇവിടെ ചെയ്യുന്നത്.

വിഗ്രഹം പൊടിച്ച് വെള്ളത്തിൽ കലക്കി ജനത്തെ കുടിപ്പിച്ചത് ശിക്ഷയായി കരുതപ്പെടുന്നു. ഭാര്യയുടെ വിശ്വസ്തത പരീക്ഷിക്കാനും അവിശ്വസ്തതയെ ശിക്ഷിക്കാനും വേണ്ടി സംഖ്യ 5, 11–31ൽ നല്കിയിരിക്കുന്ന നിയമവുമായി ഈ പ്രവൃത്തിക്കു സാമ്യം ഉണ്ട്. വിഗ്രഹം ഇടിച്ചുപൊടിച്ച് അരുവിയിൽ നിന്ന് എല്ലാവരും കുടിക്കുന്നതിനാൽ ഇത് ഒരു പരീക്ഷണവും അവിശ്വസ്തർക്ക് ശിക്ഷയും ആയി കരുതാം.

22–24 വാക്യങ്ങളിൽ അഹറോൻ നല്കുന്ന മറുപടി സ്വന്തം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാനുള്ള ശ്രമമാണ്. ജനത്തെ നയിക്കാൻ നിയുക്തനായവൻ നിരുപാധികം അവരുടെ താല്പര്യങ്ങൾക്കു വഴങ്ങി, വിഗ്രഹം ഉണ്ടാക്കുക മാത്രമല്ല, വിഗ്രഹാരാധനയിൽ പ്രധാന കാർമ്മികത്വം സ്വമനസ്സാ ഏറ്റെടുക്കുകയും ചെയ്തു. വിഗ്രഹനിർമ്മാണത്തിനു നല്കുന്ന വിശദീകരണം ബാലിശമായ ഒരു ഒഴിഞ്ഞുമാറലാണ്.

"കർത്താവിന്റെ പക്ഷത്തുള്ളവർ എന്റെ അടുത്തു വരട്ടെ" എന്ന മോശയുടെ ആഹ്വാനം വിഗ്രഹത്തെ ഉപേക്ഷിച്ച് കർത്താവിനോടു വിശ്വസ്തത ഏറ്റുപറയാനുള്ള അവസരം നല്കുന്നു. ലേവീ ഗോത്രത്തിന് ഇസ്രായേലിൽ ലഭിച്ച പ്രത്യേക സ്ഥാനത്തെ വിശദീകരിക്കുന്നതാണ് തുടർന്നു വിവരിക്കുന്ന സംഭവം. കുടുംബാംഗങ്ങളെയും സ്നേഹിതരെയുംകാൾ കൂടുതലായി കർത്താവിനെ വില മതിച്ചതിനാൽ അവിടുത്തെ ശുശ്രൂഷക്കായി അവർ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടു.

വിഗ്രഹാരാധനയ്ക്കെതിരെ ലേവ്യർ നടത്തിയ ശിക്ഷാനടപടിയുടെ വിവരണത്തിൽ, ഇസ്രായേലിൽ നടമാടിയ വിഗ്രഹാരാധനയോട്, പ്രത്യേകിച്ചും ജെറോബൊവാം ഒന്നാമൻ നിർമ്മിച്ച കാളക്കുട്ടികളോടും അവയ്ക്കു നല്കിയ ആരാധനയോടുമുള്ള പുരോഹിതരുടെ ശക്തമായ എതിർപ്പ് പ്രതിഫലിക്കുന്നുണ്ട്.

**d. വീണ്ടും മാധ്യസ്ഥ്യം, 32, 30-35** ജനത്തോടു കോപിക്കുകയും അവരെ ശിക്ഷിക്കുകയും ചെയ്ത മോശ അവർക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും വേണ്ടിവന്നാൽ അവർക്കുവേണ്ടി മരിക്കാൻ തന്നെയും തയ്യാറാകുന്നതിന്റെ ചിത്രമാണ് വി. ഗ്രന്ഥകാരൻ അടുത്തതായി വരച്ചു കാട്ടുന്നത്. "പാപത്തിനു പരിഹാരം ചെയ്യുക" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന് "പാപം മറയ്ക്കുക" എന്നാണ് വാച്യാർത്ഥം. കർത്താവിൽ നിന്ന് മാപ്പ് ലഭിക്കും എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജനത്തിന്റെ പാപം അതിന്റെ മുഴുവൻ രൂക്ഷതയോടെ മോശ ദൈവത്തോട് ഏറ്റു പറയുന്നു. യാതൊരു നീതീകരണവുമില്ല. കർത്താവിന്റെ കരുണയിൽ മാത്രമാണ് ആശ്രയിക്കുന്നത്. കർത്താവിന്റെ പുസ്തകത്തിൽ നിന്നു പേരു മായ്ക്കുന്നത് മരണത്തിനു തുല്യമാണ്. എന്നാൽ ജീവന്റെ പുസ്തകത്തെക്കുറിച്ച് പുതിയനിയമത്തിലുള്ള പരാമർശങ്ങൾ (ഫിലി 4, 3; വെളി 3, 5) നിത്യജീവനെ സൂചിപ്പിക്കുന്നു. തന്റെ ജനത്തിനുവേണ്ടി എല്ലാം നഷ്ടപ്പെടുത്താൻ മോശ സന്നദ്ധനായി. യഹൂദരായ തന്റെ സഹോദരങ്ങൾക്കുവേണ്ടി വി. പൗലോസ് ഇപ്രകാരം ഒരു നിലപാട് സ്വീകരിക്കുന്നതു കാണാം. (റോമാ. 9, 3).

പാപികളായ സഹോദരങ്ങളോട് താദാത്മ്യപ്പെടാനും അവരുടെ പാപത്തിനുള്ള ശിക്ഷ ഏറ്റെടുക്കാനും തയ്യാറാകുമ്പോൾ മോശയുടെ വ്യക്തിത്വത്തിന്റെ മറ്റൊരു മാനം പ്രകടമാകുന്നു. ജനത്തെ ഗാഢമായി സ്നേഹിക്കുകയും അവരെ ശാസിക്കുകയും ശിക്ഷിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും മാത്രമല്ല, അവർക്കുവേണ്ടി സഹിക്കുകയും തന്റെ സഹനത്തിലൂടെ അവരുടെ പാപത്തിന് പരിഹാരം തേടുകയും ചെയ്ത നേതാവാണ് മോശ.

ആദ്യത്തെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ കർത്താവ് മനസ്സു മാറ്റിയതായി രേഖപ്പെടുത്തിയെങ്കിലും ഇവിടെ കർത്താവ് ശിക്ഷ പൂർണ്ണമായി പിൻവലിക്കുന്നില്ല. എന്നാൽ ജനത്തെ മുഴുവൻ നശിപ്പിക്കുകയില്ലെന്നും താൻ വാഗ്ദാനം ചെയ്ത പ്രദേശത്തേയ്ക്ക് അവരെ നയിക്കുമെന്നും കർത്താവ് മോശയ്ക്ക് ഉറപ്പു നല്കുന്നു. ജനത്തിനു മുമ്പേ പോകുന്ന ദൂതനെക്കുറിച്ചുള്ള പരാമർശം അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യാൻ പോകുന്ന

വിഷയത്തിനു വഴിയൊരുക്കുന്നു. ഈജിപ്തിൽ നിന്നു പുറപ്പെട്ട ഒരു തലമുറ മുഴുവൻ മരുഭൂമിയിൽ മരിച്ചുവീണതിനു ശേഷമാണ് ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിൽ പ്രേവിശിച്ചത് (നിയ 1, 35). കർത്താവിനോടു കാണിച്ച നിരന്തരമായ അവിശ്വസ്തതയ്ക്കുള്ള ശിക്ഷയായിരുന്നു അത്. ഈ ശിക്ഷയിലേക്കായിരിക്കാം 34-ാം വാക്യം വിരൽ ചൂണ്ടുന്നത്. 35-ാം വാക്യത്തിൽ പ്രതിപാദിക്കുന്ന മഹാമാരി എന്തെന്നു വ്യക്തമല്ല.

വിചിന്തനം : സ്വർണ്ണം കൊണ്ടുള്ള കാളക്കുട്ടി ദൈവത്തിന്റെ സ്ഥാനത്തു മനുഷ്യൻ പ്രതിഷ്ഠിക്കുന്ന എന്റെയും പ്രതീകമാണ്. ഇസ്രായേൽ ജനത്തിനു മാത്രമല്ല, ആധുനികമനുഷ്യനും, ക്രിസ്തു വിശ്വാസികൾക്കു പോലും ഇത് ഒരു നിരന്തരമായ പ്രലോഭനമാണ്. അനുസരണം ആവശ്യപ്പെടുന്ന കർത്താവിനേക്കാൾ ഉദ്ദിഷ്ടകാര്യങ്ങൾ നേടിത്തരുന്ന "വിശുദ്ധന്മാർ" പലപ്പോഴും കൂടുതൽ സ്വീകാര്യരായിത്തോന്നാം. അവരുടെ ബഹുമാനാർത്ഥം ആഘോഷിക്കുന്ന പെരുന്നാളുകൾ ചുരുക്കമായെങ്കിലും അഴിഞ്ഞാട്ടത്തിനു വഴിയൊരുക്കാറുണ്ട്.

അപകടകാരികളായ പുതിയ വിഗ്രഹങ്ങൾ ഇന്നു സമൂഹമധ്യത്തിലും ജനഹൃദയങ്ങളിലും പ്രതിഷ്ഠ നേടിയിട്ടുണ്ട്. അതിൽ ഏറ്റം പ്രധാനപ്പെട്ടതാണ് യേശു "മാമോൻ" എന്നു വിളിക്കുകയും ദൈവത്തിന്റെ പ്രതിയോഗി എന്നു വിശേഷിപ്പിക്കുകയും ചെയ്ത ധനം. മാമോൻ മനുഷ്യന്റെമേൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞതിന്റെ ദുരന്തഫലങ്ങൾ, യുദ്ധങ്ങളും ആഭ്യന്തരകലാപങ്ങളും അന്താരാഷ്ട്രതലത്തിലുള്ള ചൂഷണങ്ങളും പട്ടിണിമരണങ്ങളും മറ്റുമായി ഇന്നു പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പക്ഷത്തു നില്ക്കുന്നവർ ഇപ്രകാരമുള്ള വിഗ്രഹങ്ങളെ തിരിച്ചറിയാനും തിരസ്ക്കരിക്കാനും സന്നദ്ധരാകണം. എങ്കിൽ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യവും, സാഹോദര്യവും സാധ്യമാകൂ.

## 2. ജനമധ്യേ കർത്താവിന്റെ സാന്നിദ്ധ്യം 33, 1-23

ഉടമ്പടി ലംഘിച്ച ജനത്തിന് ദൈവത്തിന്റെ സാന്നിദ്ധ്യം ഇനിയും അനുഭവിക്കാൻ സാധിക്കുമോ? തിന്മയിലേക്കു ചായ്വും അവിശ്വസ്തരായിരിക്കാൻ പ്രവണതയുമുള്ള ജനത്തിന്റെ മധ്യേ ദൈവം വസിക്കുമോ? പാപികളായ ജനത്തിന്റെ നടുവിലുള്ള ദൈവികസാന്നിദ്ധ്യമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. കഴിഞ്ഞ അധ്യായത്തിലെന്നതുപോലെ ഇവിടെയും മോശയുടെ മാധ്യസ്ഥ്യത്തിന് വലിയ പ്രാധാന്യം നല്കിയിരിക്കുന്നു.

**a. സീനായ്വിടാൻ കല്പന 33, 1-6** ഇസ്രായേലിനെ "മോശ കൂട്ടിക്കൊണ്ടു

വന്ന ജനം" എന്നാണ് ഇവിടെയും വിശേഷിപ്പിക്കുന്നത്. ഉടമ്പടി ലംഘനത്തിന്റെ ഫലത്തെപ്പറ്റി അനുസ്മരിപ്പിക്കാൻ സഹായിക്കുന്നതാണ് ഈ വിശേഷയണം 32-34ൽ നല്കിയ കല്പനയും വാഗ്ദാനവും ഇവിടെ കൂടുതൽ വിശദമായി ആവർത്തിക്കുന്നു. ഇവിടെ കർത്താവ് അയയ്ക്കുന്ന ദൂതൻ കർത്താവിൽ നിന്നും വ്യത്യസ്തനാണെന്ന് "ഞാൻ നിങ്ങളുടെ കൂടെ വരുന്നില്ല" എന്ന പ്രസ്താവന വ്യക്തമാക്കുന്നു. കർത്താവ് നേരിട്ട് ജനത്തെ നയിക്കാതെ തന്റെ ദൂതനെ അയക്കുന്നത് അവരുടെതന്നെ നന്മയ്ക്കു വേണ്ടിയാണെന്ന് തുടർന്നു വിശദീകരിക്കുന്നു. "ദുഃശ്ശാഠ്യക്കാർ" എന്ന് 5-ാം വാക്യത്തിൽ വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "പിടലി കടുത്തവർ" എന്നാണ് വാച്യാർത്ഥം. നുകത്തിനു വഴങ്ങാത്ത കാളയുടെ പ്രതീകമാണ് ഈ വാക്കിലുള്ളത്. അനുസരണക്കേട് സ്വഭാവത്തിന്റെ സവിശേഷതയാക്കിയ ജനത്തിന്റെ കൂടെ കർത്താവ് യാത്ര ചെയ്താൽ അവിടുത്തെ കോപം അവരെ നശിപ്പിച്ചു കളയും എന്നതിനാലാണത്രെ ദുതനെ മാത്രം അയയ്ക്കാൻ കർത്താവ് ഒരുങ്ങുന്നത്. ഇതും അന്തിമതീരുമാനമല്ല. മോശയുടെ മാധ്യസ്ഥ്യം സ്വീകരിച്ച കർത്താവ് മറ്റൊരു തീരുമാനം എടുക്കുന്നത് പതിനാലാം വാക്യത്തിൽ വിവരിക്കുന്നുണ്ട്.

കർത്താവ് കൂടെ വരുന്നില്ല എന്നത് തങ്ങളെ പരിത്യജിച്ചതിന്റെ അടയാളമായി മനസ്സിലാക്കിയ ജനം വിലാപസൂചകമായി ആഭരണങ്ങൾ അഴിച്ചു മാറ്റി. ആഭരണങ്ങളെക്കുറിച്ച് മൂന്നു തവണ ആവർത്തിച്ചു പറയുന്നത് ആഭരണങ്ങളുപയോഗിച്ച് കാളക്കുട്ടിയെ നിർമ്മിക്കുക വഴി അവർ ചെയ്ത പാപത്തിന്റെ കാഠിന്യം എടുത്തുകാട്ടാൻ സഹായിക്കുന്നു. ആഭരണങ്ങൾ അണിയുന്നത് സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും അടയാളമാണ്; അഴിച്ചു മാറ്റുന്നത് വിലാപത്തിന്റെയും. ജനത്തിന്റെ പാപം ഇനിയും ക്ഷമിക്കപ്പെട്ടിട്ടില്ല; കർത്താവിന്റെ കോപം ശമിച്ചിട്ടുമില്ല എന്ന് ആഭരണങ്ങളെക്കുറിച്ചുള്ള ഈ പരാമർശങ്ങൾ സൂചിപ്പിക്കുന്നു. "നിങ്ങളോട് എന്തു ചെയ്യണമെന്ന് ഞാൻ നിശ്ചയിക്കും" എന്ന പ്രസ്താവന തീരുമാനം തൽക്കാലത്തേക്കു മാറ്റിവെച്ചിരിക്കുന്നു എന്ന പ്രതീതിയാണ് നല്കുന്നത്. മാനസാന്തരത്തിനും മാദ്ധ്യസ്ഥ്യത്തിനും ഇത് അവസരം നല്കുന്നു.

**b. സമാഗമകൂടാരം 33, 7-11** ജനത്തിനു മധ്യേയുള്ള ദൈവിക സാന്നിദ്ധ്യവും മോശയ്ക്കു ദൈവത്തോടുള്ള പ്രത്യേക ബന്ധവുമാണ് ഇവിടെയും പ്രതിപാദിക്കുന്നത്. എന്നാൽ ഇതിനു മുമ്പും പിമ്പും പറയുന്ന കാര്യങ്ങളുമായി അടുത്ത ബന്ധമില്ലാത്ത വിധത്തിൽ കൂടാരത്തെക്കുറി

ച്ചുള്ള ഈ വിവരണം അവതരിപ്പിക്കുന്നു. പാളയത്തിനു വെളിയിൽ സ്ഥാപിച്ച കൂടാരം പാളയത്തിനു നടുവിൽ സ്ഥാപിക്കാൻ ആവശ്യപ്പെട്ട സാക്ഷ്യകൂടാരത്തിൽ നിന്ന് (പുറ 26) വ്യത്യസ്തമാണ്. പ്രാർത്ഥനയിൽ ദൈവവുമായി കണ്ടുമുട്ടാൻവേണ്ടി പ്രത്യേകം മാറ്റിവെയ്ക്കപ്പെട്ട സ്ഥലം എന്ന നിലയിൽ ഇതിനെ സമാഗമകൂടാരം ഏറ്റു വിളിക്കുന്നു.

വിശുദ്ധനായ ദൈവത്തിന്റെ സാമീപ്യം പാപിയായ മനുഷ്യന് അപകടകരമാണെന്ന് 5-ാം വാക്യത്തിൽ പ്രകടമായ വിശ്വാസം പാളയത്തിനു വെളിയിൽ സമാഗമകൂടാരം സ്ഥാപിക്കുന്നതിന് പ്രേരകമായിട്ടുണ്ടാവും. പല പുരാതനമതങ്ങളിലും, വാസസ്ഥലങ്ങളിൽ നിന്ന് അല്പം അകലെയാണ് ദേവാലയങ്ങൾ നിർമ്മിച്ചിരുന്നത്. ദൈവസാന്നിദ്ധ്യത്തിനുള്ള ആഗ്രഹവും അതേ സമയം ദൈവത്തോടുള്ള ഭയവും ഇതിൽ പ്രകടമാകുന്നു. ദൈവം ഒരേ സമയം സമീപസ്ഥനും വിദൂരസ്ഥനുമാണെന്ന് ഏറ്റു പറയുകയും ചെയ്യുന്നു.

അനുദിനജീവിതത്തിന്റെ വ്യഗ്രതകളിൽനിന്ന് അകന്ന് കർത്താവിന്റെ സന്നിധിയിൽ അല്പസമയം പ്രാർത്ഥനയിൽ ചിലവഴിക്കുന്നതിന് പാളയത്തിനു വെളിയിലുള്ള കൂടാരത്തിന്റെ സ്ഥാനം സഹായിക്കുന്നു. പ്രാർത്ഥിക്കാൻ വേണ്ടി തനിച്ചു മലമുകളിലേക്കും വിജയസ്ഥലത്തേക്കും പോയിരുന്ന യേശുവിന്റെ മാതൃകയും ഇതേ സന്ദേശമാണ് നല്കുന്നത്.

കൂടാരവാതില്ക്കൽ ഇറങ്ങിവരുന്ന മേഘം ദൈവികസാന്നിദ്ധ്യത്തിന്റെ അടയാളമാണ്. ദൈവഹിതം അറിയാൻ കൂടാരത്തിലേക്കു വരുന്ന ജനം മോശയെ ദൈവികവെളിപാടിന്റെ മദ്ധ്യസ്ഥനായി കരുതി. ദൈവം മുഖാഭിമുഖം സംസാരിച്ചിരുന്നു എന്ന പ്രസ്താവന മോശയുടെ അനന്യമായ സ്ഥാനം എടുത്തു കാട്ടുന്നു (സംഖ്യ 12, 6-8). സ്ഥിരമായൊരു ആരാധനക്രമമോ ലേവീപൗരോഹിത്യമോ ആരംഭിക്കുന്നതിനു മുമ്പുണ്ടായിരുന്ന അവസ്ഥയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. കൂടാരത്തിൽ ബലിയർപ്പണമില്ല; ആരാധനയിൽ സംബന്ധിക്കാനായി ജനം കൂടാരത്തിൽ സമ്മേളിക്കുന്നതുമില്ല. ഓരോരുത്തരും തന്താങ്ങളുടെ കൂടാരവാതില്ക്കൽ, സമാഗമകൂടാരത്തിലേക്കു തിരിഞ്ഞ് നമസ്ക്കരിക്കുന്നതേയുള്ളൂ. അതിപുരാതനമായ ഈ ആരാധനാരീതിക്ക് പില്ക്കാലത്തു മാറ്റം വന്നു.

**c. മോശയുടെ പ്രാർത്ഥന 33, 12-23** സാനായ് മലയിൽ നിന്നു പുറപ്പെടാൻ ദൈവം നല്കിയ കല്പനെയ തുടർന്ന് മോശ നടത്തിയ പ്രാർത്ഥനകളാണ് ഈ വാക്യങ്ങളില്ഡ വിവരിക്കുന്നത്. സമാഗമകൂടാരത്തിന്റെ വിവരണം കൊണ്ടു മുറിഞ്ഞുപോയ സംഭാഷണം തുടരുന്ന പ്രതീതി ഈ വിവരണത്തിനുണ്ട്. ജനമദ്ധ്യത്തിലുള്ള കർത്താവിന്റെ സാന്നിദ്ധ്യമാണ്

12-17 വാക്യങ്ങളിലെ പ്രാർത്ഥനയുടെ മുഖ്യ വിഷയം. 18-23 വാക്യങ്ങളിലാകട്ടെ ദൈവമഹത്വം ദർശിക്കുന്നതിനു വേണ്ടിയുള്ള മോശയുടെ ആഗ്രഹം പ്രകടമാകുന്നു. ദൈവമനുഷ്യബന്ധത്തിന്റെ അഗാധതലങ്ങൾ വെളിപ്പെടുത്തുന്നതാണ് ഈ പ്രാർത്ഥനകൾ. ഭയവും പരിഭ്രാന്തിയുമല്ല, സ്നേഹവും സ്വാതന്ത്ര്യവുമാണ് മോശയുടെ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്.

"നിന്നെ എനിക്കു നന്നായി അറിയാം. നീ എന്റെ പ്രീതി നേടിയിരിക്കുന്നു" എന്നു മോശയെക്കുറിച്ച് കർത്താവു നല്കുന്ന സാക്ഷ്യം 12-ാം വാക്യത്തിൽ മോശയുടെയും 17-ാം വാക്യത്തിൽ കർത്താവിന്റെയും വാക്കുകളായി ഉദ്ധരിച്ചുകൊണ്ട് പ്രാർത്ഥനയുടെ ആദ്യഭാഗം ഒരു ചട്ടക്കൂട്ടിലാക്കുന്നു. തന്നോടു കർത്താവിനുള്ള പ്രത്യേക സ്നേഹത്തെ കണക്കിലെടുത്തുകൊണ്ടാണ് മോശ തന്റെ പ്രാർത്ഥന അവതരിപ്പിക്കുന്നത്.

"ആരെയാണ് എന്റെ കൂടെ അയക്കുക എന്ന് അറിയിച്ചിട്ടില്ല" എന്ന പ്രസ്താവന രണ്ടാം വാക്യത്തിൽ കണ്ടതിന്റെ നിഷേധമല്ല. ദൂതൻ മുമ്പേ പോയാലും തനിക്ക് തുണയും സഹായവുമായി ആരുണ്ട് എന്ന ചിന്ത നേതാവിന്റെ ഏകാന്തത വെളിപ്പെടുത്തുന്നു. കർത്താവു തന്നെ വഴികാട്ടണം എന്ന യാചന വാഗ്ദത്തഭൂമിയിലേക്കുള്ള വഴി മാത്രമല്ല, കർത്താവിനെ അറിയാനും അവിടുത്തെ ഹിതം അനുസരിച്ചു ജീവിക്കാനുമുള്ള താൽപര്യത്തെയും പ്രകടമാക്കുന്നു. കർത്താവിന്റെ പ്രമാണങ്ങൾ അറിഞ്ഞ്, അതനുസരിച്ച് ജീവിച്ചാലേ കർത്താവിനെ അറിയാനും പ്രീതിപ്പെടുത്താനും കഴിയൂ. ദൈവജ്ഞാനത്തിലും ദൈവപ്രീതിയിലും വളരാനുള്ള ആഗ്രഹമാണ് മോശ ഇവിടെ പ്രകടമാക്കുന്നത്. കർത്താവ തന്നെ മോശയുടെ കൂടെ യാത്ര ചെയ്ത്. ആശ്വാസവും ശക്തിയും പകരും എന്ന വാഗ്ദാനം 3, 5 വാക്യങ്ങളിൽ പറഞ്ഞതിനു വിപരീതമാണ്. ഇത് മധ്യസ്ഥപ്രാർത്ഥനയുടെ ഫലം വ്യക്തമാക്കുന്നു.

കർത്താവിന്റെ വാക്കുകൾ മോശയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മോശ ജനം മുഴുവനും വേണ്ടി പ്രാർത്ഥിക്കുന്നു എന്നത് ശ്രദ്ധേയമത്രെ. യഥാർത്ഥമായ നേതൃത്വത്തിന്റെ പ്രത്യേകതകൾ ഇവിടെ പ്രകടമാകുന്നു. സ്വന്തം താൽപര്യം സംരക്ഷിക്കാനല്ല, ജനത്തിന്റെ മുഴുവൻ നന്മ ഉറപ്പുവരുത്താനാണ് നേതാവ് ശ്രമിക്കേണ്ടത്. ഇസ്രായേൽ ദൈവത്തിന്റെ ജനമാണ് എന്ന 13-16 വാക്യങ്ങൾ ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. ജനത്തിനു വേണ്ടിയുള്ള പ്രാർത്ഥന കർത്താവ് സ്വീകരിച്ചു കഴിഞ്ഞപ്പോഴാണ് കൂടുതൽ ധൈര്യത്തോടെ മോശ അടുത്ത യാചന അവതരിപ്പിക്കുന്നത്.

അങ്ങയുടെ മഹത്വം എനിക്കു കാണിച്ചു തരണം എന്ന 17-ാം വാക്യത്തിലെ പ്രാർത്ഥന ദൈവദർശനത്തിനായുള്ള മനുഷ്യാത്മാവിന്റെ അഗാധമായ ആഗ്രഹത്തെ പ്രകടമാക്കുന്നു. "മഹത്വം" "നാമം" എന്നിവ കർത്താവിന്റെ തന്നെ പര്യാമായിട്ടാണ് ഇവിടെ ഉപയോഗിക്കുന്നത്. കർത്താവിന്റെ പ്രസാദത്തേയും കരുണയേയും കുറിച്ചുള്ള പരാമർശം വി. പൗലോസ് ഉദ്ധരിക്കുന്നുണ്ട് (റോമ. 9, 15). നിരുപാധികവും സൗജന്യവുമായ ദാനമാണ് അവിടുത്തെ കാരുണ്യം. ആർക്കും അതിന്മേൽ അവകാശവാദം ഉന്നയിക്കാൻ സാധിക്കുകയില്ല. മർത്യനായ മനുഷ്യന് ദൈവത്തെ അവിടുന്ന് ആയിരിക്കുന്ന വിധത്തിൽ കാണാനോ അറിയാനോ കഴിയുകയില്ല.

കർത്താവിന്റെ അടുത്ത്, പാറമേൽ നില്ക്കാൻ മോശയോട് ആവശ്യപ്പെടുമ്പോൾ ദൈവിക സാന്നിദ്ധ്യം അനുഭവിക്കാൻ ഏകാന്തതയും ഏകാഗ്രതയും ആവശ്യമാണെന്ന് എടുത്തു കാട്ടുന്നു. പാറയിലും പാറയിടുക്കിലും നിർത്തുന്നത് കർത്താവു നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു (സങ്കീ. 27, 5; 40, 2). കർത്താവ് കൈകൊണ്ട് മോശയെ മറയ്ക്കുന്നതും സംരക്ഷണത്തിന്റെ അടയാളമാണ്. അതോടൊപ്പം മാനുഷികമായ സകല ശക്തികൾക്കും അതീതമാണ് ദൈവദർശനം എന്നും സൂചിപ്പിക്കുന്നു. ബുദ്ധിയും യുക്തിയും ചിന്തയും ഓർമ്മയും എല്ലാം അപ്രത്യക്ഷമായി, "നിർവ്വികകല്പ സമാധി" എന്നു വിശേഷിപ്പിക്കുന്ന ഏകാഗ്രതയുടെ നിമിഷമാണത്.

"പിൻഭാഗം കാണാം" എന്നു പറയുമ്പോൾ ദൈവത്തിന്റെ ശാരീരിക രൂപത്തെയല്ല, അവിടുന്നു കടന്നു പോയ വഴികളെ, അഥവാ അവിടുന്നു ചെയ്ത പ്രവൃത്തികളെയാണ് സൂചിപ്പിക്കുന്നത്. പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നവനാണ് ദൈവം. ആധ്യാത്മാചാര്യന്മാരായ മിസ്റ്റിക്കുകൾ വിവരിക്കാൻ ശ്രമിക്കുന്ന അവാച്യവും അനിർവ്വചനീയവുമായ ദൈവാനുഭവത്തിന്റെ അതുല്യമായൊരു വിവരണമാണ് ഈ വാക്യങ്ങളിലുള്ളത്. ഹോറെബിൽവച്ച് ഏലിയായ്ക്കുണ്ടായ ദൈവാനുഭവത്തിന് (1 രാജാ 19, 9-13) ഇതിനോടു സാമ്യമുണ്ട്.

**വിചിന്തനം** : ദൈവസന്നിധിയിൽ, നിരന്തരം അവിടുത്തെ തിരുമുഖം ദർശിച്ച് നിർവൃതിയടകാൻ വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരുന്നത്. എന്നാൽ ഈ ലോകത്തിൽ ശരീരത്തിന്റെയും പാപത്തിന്റെയും പരിമിതിക്കുളിൽ നിന്നുകൊണ്ട് ഈ ദർശനം സാധ്യമല്ലച അതിനാൽ ദൈവദർശനത്തിനുവേണ്ടിയുള്ള അദമ്യമായ അന്തർദാഹം അനുഭവപ്പെട്ടുകൊണ്ടേയിരിക്കും. നിത്യജീവതത്തിൽ പ്രവേശിക്കുമ്പോഴേ ഈ ദാഹം

ശമിക്കൂ (മത്താ. 5, 8; 1 കൊറി 13, 12; 1 യോഹ 3, 2).

### 3. ഉടമ്പടി നവീകരണം 34, 1-35

മലയടിവാരത്തുവച്ച് മോശ പ്രമാണത്തിന്റെ കല്പലകകൾ തകർത്തു കളഞ്ഞ് ഇസ്രായേൽ ജനം വിഗാരഹാരാധനയിലൂടെ കർത്താവുമായുള്ള ഉടമ്പടി ലംഘിച്ചതിന്റെ അടയാളമായിരുന്നു എന്ന് 32-ാം അധ്യായത്തിൽ നാം കണ്ടു. ഉടമ്പടി ലംഘിച്ചവരോടു കർത്താവു ക്ഷമിക്കുകയും അവരുമായി തന്റെ ഉടമ്പടി നവീകരിക്കുകയും ചെയ്തതിന്റെ വിവരണമാണ് ഈ അദ്ധ്യായത്തിൽ നല്കിയിരിക്കുന്നത്. 1-9 വാക്യങ്ങൾ ഉടമ്പടി നവീകരണത്തിനുള്ള ഒരുക്കവും 10-28 വാക്യങ്ങൾ ഉടമ്പടിയുടെ പ്രമാണങ്ങളും വിവരിക്കുന്നു. 29-35 വാക്യങ്ങൾ ദൈവിക ദർശനത്തിൽ നിന്നു മോശയ്ക്കുണ്ടായ രൂപാന്തരീകരണമാണ് ചിത്രീകരിക്കുന്നത്. ഈ അധ്യായം മുവുവൻതന്നെ യാഹ്വിസ്റ്റ് രചനയായി കരുതപ്പെടുന്നു.

**a. ഒരുക്കം 34, 1-9** ഉടമ്പടി നവീകരണത്തിനുള്ള ഒരുക്കം രണ്ടു ഘട്ടമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. 1-4 വാക്യങ്ങൾ കർത്താവിന്റെ കല്പനയനുസരിച്ച് ചെത്തിയെടുത്ത കല്പലകകളുമായി മോശ മലയിലേക്കു കയറിപ്പോയതു വിവരിക്കുന്നു. 5-9 വാക്യങ്ങൾ മലമുകളിൽ മോശയ്ക്കുണ്ടായ ദൈവദർസനം ചിത്രീകരിക്കുന്നു. കർത്താവു തന്നെ പ്രമാണങ്ങൾ എഴുതി കൊടുക്കും എന്ന 1-3 വാക്യത്തിലെ വാഗ്ദാനം, മോശയാണ് പ്രമാണങ്ങൾ എഴുതിയത് എന്ന 27-28 വാക്യങ്ങളിലെ പ്രസ്താവനയുമായി പ്രത്യക്ഷത്തിൽ പൊരുത്തപ്പെടുന്നില്ല. പ്രമാണങ്ങളുടെ രചനയിൽ ദൈവത്തിന്റെയും മനുഷ്യന്റെയും (മോശയുടെ) പങ്ക് പ്രകടമാക്കുന്നതാണ് ഈ പ്രസ്താവനകൾ. പ്രമാണങ്ങളെക്കുറിച്ച് മാത്രമല്ല, ബൈബിളിന്റെ തന്നെ രചനയെ സംബന്ധിച്ച ഒരു അടിസ്ഥാന സത്യം ഇതിലൂടെ വെളിപ്പെടുന്നു. പ്രമാണങ്ങളുടെയും ബൈബിൾ മുഴുവന്റെയും കർത്താവ് ദൈവം തന്നെയാണ്. കാരണം അവിടുത്തെ വചനങ്ങളാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്, എന്നാൽ മനുഷ്യരാണ് അവ എഴുതിയത് എന്ന കാര്യം വിസ്മരിച്ചു കൂടാ. ദൈവാത്മാവിനാൽ പ്രചോദിതരായ മനുഷ്യർ എഴുതിയ ദൈവത്തിന്റെ വചനമാണ് ബൈബിൾ.

5-9 വാക്യങ്ങളിൽ വിവരിക്കുന്ന ദൈവദർശനം 33, 18-23 വാക്യങ്ങളിലെ മോശയുടെ ആഗ്രഹത്തിന്റെയും ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും പൂർത്തീകരണമാണ്. യാഹ്വേ എന്ന പേര് വെളിപ്പെടുത്തുന്ന രണ്ടാമത്തെ സാഹചര്യമാണിത്. അടിമത്തത്തിൽ നിന്നു മോചനം നല്കുന്നവനായി ദൈവം ആദ്യമേ മോശയ്ക്കു സ്വയം വെളിപ്പെടുത്തി (3, 14). ിവിടെയാകട്ടെ പാപങ്ങൾ ക്ഷമിക്കുന്ന കാരുണ്യവാനും കൃപാലുവുമായ

രക്ഷകനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിലെ ദൈവിക വെളിപാടിന്റെ ഉച്ചകോടിയാണിത്. ഇവിടെ വെളിപ്പെടുത്തുന്ന ദൈവിക സ്വഭാവം വീണ്ടും അനേകം തവണ പരാമർശവിഷയമാകുന്നുണ്ട് (സംഖ്യ 14, 18; നെഹെ 9, 17; സങ്കീ : 86, 15; 108, 8; ജോയേൽ 2, 13; യോനാ 4, 2). പാപങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാൻ ദൈവം മനുഷ്യനായി അവതരിപ്പിച്ചപ്പോഴാണ് ഈ വെളിപാടി അതിന്റെ പൂർണ്ണതയിലെത്തിയത്.

പാപങ്ങൾ ക്ഷമിക്കുമ്പോഴും കുറ്റിവാളികൾക്കു നേരെ കണ്ണടയ്ക്കുന്നില്ല എന്നത് നീതിയും കരുണയും ദൈവത്തിൽ ഒരുമിച്ചിരിക്കുന്നു എന്നു പഠിപ്പിക്കുന്നു. കർത്താവു ക്ഷമിക്കും എന്ന് പരുതി, ശിക്ഷാ ഭീതി കൂടാതെ ആരും പാപത്തിൽ തുടരാൻ ഇടയാകരുത്. തിന്മയുടെ സ്വാധീനം മനുഷ്യസമൂഹത്തിൽ തലമുറകളോളം നിലനില്ക്കും എന്നും ശിക്ഷയെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നു. ദൈവതിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് തന്റെ പ്രിൽ കർത്താവിനുള്ള പ്രീതിയെ അടിസ്ഥാനമാക്കി പാപമോചനത്തിനു വേണ്ടി മോശ നടത്തുന്ന ഈ മധ്യസ്ഥ പ്രാർത്ഥന ആത്യന്തികമായി യേശുക്രിസ്തുവിലാണ് ഫലമണിഞ്ഞത്.

**b. ഉടമ്പടിയുടെ പ്രമാണങ്ങൾ** 34, 10-28 20-23 അധ്യായങ്ങളിൽ അവതരിപ്പിച്ച പത്തു പ്രമാണങ്ങളും ഉടമ്പടിയുടെ പുസ്തകവും സാമൂഹ്യനീതി നില നിർത്തുന്നതിന് ആവശ്യമായ നിയമങ്ങൾക്ക് ഊന്നൽ നൽകി. ഇവിടെ അവതരിപ്പിക്കുന്ന നിയമങ്ങളെല്ലാം തന്നെ ദൈവാരാധനയെ സംബന്ധിക്കുന്നവയാണ്. അതിനാൽ ഈ നിയമങ്ങളെ ആരാധനാസംബന്ധിയായ പത്തു പ്രമാണങ്ങൾ (Cultic decalogue) എന്നു ചിലർ വിളിക്കാറുണ്ട്. എന്നാൽ ഇവയെ പത്തു പ്രമാണങ്ങളായി തിരിക്കാനുള്ള ശ്രമം വിജയിച്ചിട്ടില്ല. 2-ാം വാക്യത്തിൽ പരാമർശിക്കുന്ന പത്തു പ്രമാണങ്ങൾ 20-ാം അധ്യായം അവതരിപ്പിച്ചവ തന്നെയാണ് എന്ന് അനുമാനിക്കാം.

ഇവിടെ വിവരിക്കുന്ന സംഹിതയിലെ നിയമങ്ങളെല്ലാം തന്നെ 20-23 അധ്യായങ്ങളിൽ അവതരിപ്പിച്ചവയാണ്. ഉടമ്പടി ലംഘനത്തിന്റെ പശ്ചാത്തലത്തിൽ കർത്താവിനോടുള്ള വിശ്വസ്തതയ്ക്കും കർത്താവനു മാത്രം അർഹിക്കുന്ന ആരാധനയ്ക്കും പ്രാധാന്യം നല്കുന്ന നിയമങ്ങൾ മാത്രം തിരഞ്ഞെടുത്ത് ഒരിക്കൽ കൂടി ആവർത്തിക്കുന്നതായി കരുതാം.

10-11 വാക്യങ്ങൾ ഉടമ്പടിയുടെ ആമുഖമാണ്. കർത്താവു പ്രവർത്തിക്കാൻ പോകുന്ന അത്ഭുതങ്ങൾ കാനാൻദേശം കയ്യടക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യ ഉടമ്പടിക്ക് ആമുഖമായി അവതരിപ്പിച്ച കർത്താവിന്റെ പ്രവർത്തനങ്ങൾ ഈജിപ്തിൽ നിന്നുള്ള മോചനത്തെ സംബന്ധിക്കുന്നവയായിരുന്നു. ഇവിടെ ഉടമ്പടിയുടെ നവീകര

ണത്തിൽ ഭാവിയിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

കാനാൻ നിവാസികളെ ഇസ്രായേൽക്കാർക്കു മുമ്പിൽ നിന്നു തുരത്തും എന്ന വാഗ്ദാനം 23-28ൽ നല്കിയതാണ്. 12 മുതലുള്ള വാക്യങ്ങളിൽ ഇസ്രായേൽ ജനം അനുവർത്തിക്കേണ്ട നിയമങ്ങൾ വിവരിക്കുന്നു. ഇവയെല്ലാം നാം കണ്ടു കഴിഞ്ഞതാകയാൽ ഓരോ നിയമവും വീണ്ടും വിശദീകരിക്കുന്നതിനു പകരം അവ ആദ്യം പ്രത്യക്ഷപ്പെട്ട ഭാഗത്തേക്കു സൂചന നല്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ.

| | | |
|---|---|---|
| 34, 12.15 | ഉടമ്പടിയാകരുത് | പുറ 23, 32 |
| 34, 13 | പ്രതഷ്ഠകളും സ്തംഭങ്ങളും | 23, 24 |
| 34, 14 | അന്യദൈവങ്ങൾ അരുത് | 20, 3 |
| | അസഹിഷ്ണുവായ ദൈവം | 20, 5 |
| 34, 17 | പ്രതിമകൾ അരുത് | 20, 4.23 |
| 34, 18 | പുളിപ്പില്ലാത്ത അപ്പം | 23, 15 |
| 34, 20 | കഴുതയുടെ കടിഞ്ഞൂൽ | 13, 13 |
| 34, 21 | സാബത്താചരണം | 20, 10 |
| 34, 22 | ആഴ്ചകളുടെ തിരുനാൾ, സംഭരണത്തിരുനാൾ | 23, 16 |
| 34, 23 | മൂന്നു തീർത്ഥാടനത്തിരുനാൾ | 23, 14 |
| 34, 24 | തദ്ദേശവാസികളെ തുരത്തും | 23, 28 |
| 34, 25 | പുളിപ്പില്ലാത്ത അപ്പവും രക്തവും | 23, 18 |
| 34, 26 | ഏറ്റം മികച്ചത് കർത്താവിന് | 23, 19 |
| 34, 26 | തള്ളയുടെ പാലിൽ കുഞ്ഞിനെ വേവിക്കരുത് | 23, 19 |

തദ്ദേശവാസികളുമായി ഉടമ്പടി ചെയ്യരുത് എന്ന കല്പനയുടെ വിശദീകരണം 15-16 വാക്യങ്ങളിൽ നല്കിയിട്ടുണ്ട്. സാബത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാൻ വേണ്ടി ഉഴവുകാലത്തോ കൊയ്ത്തു കാലത്തോ ആയാലും വിശ്രമിക്കണം എന്ന് 21-ാം വാക്യത്തിൽ നല്കുന്ന ഉറപ്പിന് കർഷകരെ സംബന്ധിച്ച് വലിയ പ്രാധാന്യമുണ്ട്. വ്യവസ്ഥകൾ രേഖപ്പെടുത്താൻ മോശയോട് ആവശ്യപ്പെടുന്നത് ഉടമ്പടിയുടെ അവശ്യ ഘടകമായിരുന്നു. 24, 4ൽ കണ്ടതിനു സമാനമാണ് ഈ കല്പന. 10-26 വാക്യങ്ങളിൽ അവതരിപ്പിച്ച് വ്യവസ്ഥകളാണ് എഴുതിവയ്ക്കാൻ മോശയോട് ആവശ്യപ്പെടുന്നത്. 28-ാം വാക്യത്തിൽ പരാമർശവിഷയമാകുന്ന പത്തു

പ്രമാണങ്ങൾ ഇതിൽ നിന്നു വ്യത്യസ്തമത്രെ. തകർത്തു കളഞ്ഞ കല്പ ലകകിൽ വീണ്ടും എഴുതിക്കൊണ്ട്, ലംഘിക്കപ്പെട്ട ഉടമ്പടിയുടെ നവീക രണമാണഅ ഇവിടെ നടക്കുന്നത് എന്നു സൂചിപ്പിക്കുന്നു. ആദ്യ തവണ എന്നതുപോലെ രണ്ടാം തവണയും മോശ നാല്പതു ദിവസം മലമുക ളിൽ ചിലവഴിക്കുന്നതും ഇത് സൂചന നല്കുന്നു.

**c. ജ്വലിക്കുന്ന മുഖം** 34, 29-35 കർത്താവിനോടു കൂടെ ദീർഘസമയം ചിലവഴിച്ചതുകൊണ്ട് മോശയിൽ വന്ന രൂപാന്തരീകരണമാണ് മുഖ്യമായും ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥനെന്ന നിലയിലുള്ള മോശയുടെ സ്ഥാനത്തിന് ഇവിടെയും ഊന്നൽ നല്കിയിരിക്കുന്നു. കർത്താവിന്റെ മഹത്വം ദർശിച്ച മോശയുടെ മുഖത്ത് ആ മഹത്വം പ്രതിഫലിച്ചതിനാലാണ് ജനം അദ്ദേഹത്തെ സമീപി ക്കാൻ ഭയപ്പെട്ടത്. യേശുവിന്റെ രൂപാന്തരീകരണത്തെയും അതു ദർശിച്ച ശിഷ്യന്മാരുടെ ഭയത്തെയും കുറിച്ചുള്ള വിവരണത്തിന് (മത്താ. 17, 1-8) ഇതുമായി അടുത്ത ബന്ധമുണ്ട്. "പ്രശോഭിച്ചു" എന്നു വിവർത്തനം ചെയ്യുന്ന "ഖെരെൻ" എന്ന ഹീബ്രു വാക്കിന് "കിരണങ്ങൾ പ്രസരിച്ചു" എന്നാണ് വാച്യാർത്ഥം. ഈ വാക്കിന് "കൊമ്പ്" എന്നും അർത്ഥമുണ്ട്. ഈ അർത്ഥത്തിലാണ് വി. ജെറോം ലത്തീനിലേക്ക് ഈ വാക്കു വിവർത്തനം ചെയ്തത്. ഇതിന്റെ പശ്ചാത്തലത്തിൽ സുപ്രസിദ്ധ ശില്പി യായ മൈക്കിൾ ആഞ്ചെലോ നിർമ്മിച്ച മോശയുടെ നെറ്റിയിൽ രണ്ടു കൊമ്പുകൾ രൂപപ്പെടുത്തിയിരിക്കുന്നു.

എന്തിനാണ് മോശ മൂടുപടം കൊണ്ട് മുഖം മറയ്ക്കുന്നത് എന്ന് ഇവിടെ വ്യക്തമല്ല. കർത്താവിനോടു സംസാരിക്കുമ്പോഴും കർത്താവിന്റെ വചനങ്ങൾ ജനത്തെ അറിയിക്കുമ്പോഴും മൂടുപടം അണിഞ്ഞിരുന്നില്ല. തന്റെ മുഖത്തു നിന്നു പ്രകാശം മങ്ങി മറയുന്നത് ജനം കാണാതിരിക്കാൻ വേണ്ടിയാണ് മോശ മൂടുപടം അണിഞ്ഞിരുന്നത് എന്ന് വി. പൗലോസ് വ്യാഖ്യാനിച്ചു. (2 കോറി 3, 13). മോശയുടെ മുഖത്തെ മൂടുപടം ജന ത്തിന്റെ അജ്ഞതയുടെയും ഹൃദയകാഠിന്യത്തിന്റെയും അടയാളമായി അപ്പസ്തോലൻ കണ്ടു. ക്രിസ്തുവിലൂടെ മൂടുപടം നീക്കപ്പെട്ടതിനാൽ ഇനി മൂടുപടങ്ങളുടെ ആവശ്യമില്ല് എന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തി യിൽ മാത്രമല്ല, സകല വിശ്വാസികളിലും ദൈവത്തിന്റെ മഹത്വം പ്രതിഫ ലിക്കുന്നുണ്ടെന്നും അപ്പസ്തോലൻ പഠിപ്പിച്ചു. (2 കോറി 3, 14-18).

34-35 വാക്യങ്ങൾ മോശ സമാഗമകൂടാരത്തിൽ പ്രാർത്ഥിക്കാൻ പോയിരുന്നതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. മലയിൽ നിന്ന് ഇറങ്ങി യതിനു ശേഷവും മോശ കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥനാനിര

തനായി സമയം ചിലവഴിക്കുകയും അവിടുത്തെ തിരുഹിതം ജനത്തെ അറിയിക്കുകയും ചെയ്തിരുന്നു. മുഖാവരണം കൂടാതെ കർതൃസന്നിധിയിൽ നില്ക്കുന്നതിലൂടെ ദൈവത്തോടുള്ള അദ്ദേഹത്തിന്റ്എ ഗാഢമായ സ്നേഹബന്ധവും ഹൃദയഐക്യവും പ്രകടമാകുന്നു.

**വിചിന്തനം** : ലംഘിക്കപ്പെട്ട ഉടമ്പടിയുടെ നവീകരണം യേശുവിൽ പൂർത്തിയാകാനിരുന്ന പുതിയ ഉടമ്പടിയിലേക്കു വിരൽ ചൂണ്ടുന്നു. സീനായ് മലയിൽ വച്ച് പുതിയ കല്പലകകളിൽ എഴുതിയത് പഴയ നിയമങ്ങൾ തന്നെ ആയിരുന്നു. എന്നാൽ പുതിയ ഉടമ്പടി അലംഘനീയവും ശാശ്വതവും, അതിന്റെ നിയമങ്ങൾ ഹൃദയത്തിൽ എഴുതിയതുമാണ്.

ഈ വിവരണത്തിലുടനീളം തെളിഞ്ഞു നില്ക്കുന്ന മോശയുടെ ചിത്രത്തിൽ യേശുക്രിസ്തുവിന്റെ മുൻപ്രതിഫലനം കാണാം. അവിശ്വസ്തരായിത്തീർന്ന തന്റെ ജനത്തിനു വേണ്ടി മോശ മധ്യസ്ഥ്യം വഹിക്കുകയും ജീവൻ തന്നെ നഷ്ടപ്പെടുത്താൻ തയ്യാറാവുകയും ചെയ്തു. യേശുക്രിസ്തുവാകട്ടെ, മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി സ്വന്തം ജീവൻ സമർപ്പിച്ചു. മോശ ദൈവപ്രീതി നേടിയെങ്കിൽ യേശുക്രിസ്തു ദൈവത്തിന്റെ പ്രിയപുത്രനാണ്. ദൈവിക സാന്നിദ്ധ്യം മോശയുടെ മുഖത്തെ താല്ക്കാലികമായി പ്രശോഭിപ്പിച്ചു. യേശുവാകട്ടെ, ലോകത്തിന്റെ പ്രകാണമാണ്. ദൈവത്തിൽ നിന്നു ലഭിച്ച വചനം മോശ ജനങ്ങളെ അറിയിച്ചു. എന്നാൽ മനുഷ്യനായി അവതരിച്ച വചനമാണ് യേശു. മോശയുടെ മാദ്ധ്യസ്ഥ്യം ദൈവം സ്വീകരിച്ച് ജനത്തോടു ക്ഷമിച്ചു. ദൈവവും മനുഷ്യനും തമ്മിലുള്ള പൂർണ്ണമായ അനുരഞ്ജനം സാധ്യമായത് യേശുവിലൂടെയാണ്.

കാളക്കിടാങ്ങളുടെ രക്തത്തിൽ ഉറപ്പിച്ച പഴയ ഉടമ്പടി ലംഘിച്ചവരെ ദൈവം കഠിനമായി ശിക്ഷിച്ചു, എങ്കിലും അവരുമായി തന്റെ ഉടമ്പടി നവീകരിച്ചു. എന്നാൽ പുതിയ ഉടമ്പടി ലംഘിക്കുന്നവർക്കു വേണ്ടി വീണ്ടും ഒരുടമ്പടിയുണ്ടാവുകയില്ല (ഹെബ്രാ 10,26-29). ആദ്യഉടമ്പടി ലംഘിച്ചവർക്ക് ശാരീരികമായ ശിക്ഷ ലഭിച്ചെങ്കിൽ പുതിയ ഉടമ്പടി ലംഘിച്ചു ജീവിക്കുന്നവർക്ക് ലഭിക്കുന്നതു നിത്യശിക്ഷയായിരിക്കും.

മലയിൽ നിന്നിറങ്ങി വന്നതിനു ശേഷവും മോശ സമാഗമകൂടാരത്തില് ദൈവികസാന്നിദ്ധ്യം തേടിയിരുന്നു. ഒരിക്കലുണ്ടായ ശക്തമായ ദൈവാനുഭവത്തിൽ ജീവിതകാലം മുഴുവൻ തുടരണമെങ്കിൽ ഏകാഗ്രചിത്തരായി ദൈവതിരുമുമ്പിൽ സമയം കണ്ടെത്താൻ കഴിയണം. ഏകാന്തവും വ്യക്തപരവുമായ പ്രാർത്ഥനയുടെ ആവശ്യമാണ് മോശയുടെ പ്രാർത്ഥന എടുത്തു കാട്ടുന്നത്. പ്രാർത്ഥനയിലൂടെ കർത്താവുമായി

ഹൃദയഐക്യത്തിലെത്തുന്നവർ മറ്റുള്ളഴരുടെ മുമ്പിൽ അവിടുത്തെ സാന്നിധ്യത്തിന്റെ അടയാളങ്ങളായി മാറുന്നു. മുഖം ബാഹ്യമായി പ്രശോഭിച്ചില്ലെങ്കിലും അവർ ദൈവ്തിന്റെ ശാന്തിയും സമാധാനവും ആനന്ദവും സ്നേഹവും പ്രസരിപ്പിക്കുന്ന വ്യക്തികളായിത്തീരും.

## ചോദ്യങ്ങൾ

1. ഇസ്രായേൽക്കാർ കാളക്കുട്ടിയുടെ വിഗ്രഹം നിർമ്മിക്കാൻ കാരണമെന്ത്?

2. ഈ സംഭവത്തെ മോശ എപ്രകാരമാണ് വ്യാഖ്യാനിച്ചത്? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?

3. ഉടമ്പടി നവീകരണത്തിൽ മോശയുടെ പങ്ക് വിശദീകരിക്കുക.

4. ഒരു യഥാർത്ഥ നേതാവിന്റെ എന്തെല്ലാം ഗുണങ്ങളാണ് മോശയിൽ പ്രകടമാകുന്നത്?

5. സീനായ് മലയിലെ മോശയുടെയും സുവിശേഷങ്ങളിലെ യേശുവിന്റെയും ചിത്രങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.

6. മോശയുടെ മദ്ധ്യസ്ഥപ്രാർത്ഥനകളെ അബ്രാഹത്തിന്റെ മധ്യസ്ഥ പ്രാർത്ഥനയുമായി താരതമ്യം ചെയ്യുക.

7. മോശയുടെ മധ്യസ്ഥ്യം എന്തു പാഠമാണ് നല്കുന്നത്?

8. മോശ കർത്താവിന്റെ പിൻഭാഗം കണ്ടു എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

9. സമാഗമകൂടാരത്തിന്റെ അർത്ഥവും പ്രസക്തിയും വ്യക്തമാക്കുക.

**ചർച്ചയ്ക്ക്** : 1. പാറയിടുക്കിൽ കർത്താവിനെ കാത്തു നില്ക്കുന്ന മോശയുടെ ചിത്രം എന്തു പാഠമാണ് നല്കുന്നത്?

2. സ്വർണ്ണം കൊണ്ടുള്ള കാളക്കുട്ടിയ്ക്ക് ഇന്ന് വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ എന്തു പ്രസക്തിയുണ്ട്? ഉടമ്പടി ലംഘിക്കുന്ന വിഗ്രഹാരാധന ഇന്ന് എപ്രകാരമാണ് പ്രകടമാകുന്നത്?

**പ്രാർത്ഥന** : പുറപ്പാട് 34, 5–9ന്റെ വെളിച്ചത്തിൽ സ്വന്തമായി ഒരു പ്രാർത്ഥന രചിക്കുക.

## 4. സാക്ഷ്യകൂടാരവും സാമഗ്രികളും : നിർദ്ദേശവും നിർവ്വഹണവും 25–31; 35–40

ദൈവത്തെ ആരാധിക്കാനും ലോകജനതകൾക്കു മധ്യേ അവി

ടുത്തെ സാക്ഷികളായിരിക്കാനും വേണ്ടി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു ജനമായിരുന്നു ഇസ്രായേൽ. അനുദിന ജീവിതത്തിൽ ബന്ധുക്കളോടും സഹജീവികളോടും പുലർത്തേണ്ട ബന്ധത്തെ നിർവചിക്കുന്ന നിയമങ്ങൾ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ വിശദമാക്കപ്പെട്ടു. ആരാധനയെ സംബന്ധിച്ച നിയമങ്ങളാണ് അടുത്തതായി വിശദീകരിക്കുന്നത്. 40 അധ്യായങ്ങളുള്ള പുറപ്പാടു പുസ്തകത്തിലെ 13 അധ്യായങ്ങൾ ഇതിനായി മാറ്റി വച്ചിരിക്കുന്നതിൽ നിന്ന് വി. ഗ്രന്ഥകാരൻ ഈ ഭാഗത്തു നല്കുന്ന പ്രാധാന്യം വ്യക്തമാകുന്നു.

സീനായ് മലയുടെ താഴ്‌വാരത്തിൽ വച്ച് ദൈവാരാധനയ്ക്കു വേണ്ടി നിർമ്മിച്ച കൂടാരം, ആരാധനയ്ക്കാവശ്യമായ സാമഗ്രികൾ, പുരോഹിതാഭിഷേകം, പുരോഹിതന്മാർക്കാവശ്യമായ തിരുവസ്ത്രങ്ങൾ തുടങ്ങിയവയുടെ വിവരണമാണ് ഈ അദ്ധ്യായത്തിലുള്ളത്. 25-31 അദ്ധ്യായങ്ങളിൽ ഇവയെ സംബന്ധിച്ച് ദൈവം മോശയ്ക്കു നിർദ്ദേശങ്ങൾ നല്കുന്നതായും 35-40 അധ്യായങ്ങളിൽ മോശ അവയെല്ലാം നിർവഹിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിവരണങ്ങൾ മുഴുവൻ പുരോഹിതരചനയാണ്. ദൈവം കല്പിക്കുകയും അവിടുത്തെ കല്പന അക്ഷരംപ്രതി അനുവർത്തിക്കപ്പെടുകയും ചെയ്തതായി വിവരിക്കുന്നത് പുരോഹിതഗ്രന്ഥകർത്താവിന്റെ ശൈലിയുടെ പ്രത്യേകതയാണെന്ന് പല തവണ നാം കണ്ടു കഴിഞ്ഞു. (പുറ 7, 6; 12, 28; 14, 4; 16, 34). വിശദാംശങ്ങളെക്കുറിച്ചുള്ള സുദീർഘമായ വിവരണങ്ങളും അവയുടെതന്നെ ആവർത്തനങ്ങളും ഇന്നത്തെ വായനക്കാർക്കു വിരസമായി തോന്നാം. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ ഇവയിൽ പലതും അപ്രസക്തമായിത്തീർന്നിട്ടുണ്ട്. എന്നാൽ ജനത്തിന്റെ മധ്യേയുള്ള ദൈവസാന്നിധ്യത്തിനും അവിടുത്തേക്ക് അർപ്പിക്കേണ്ട ആരാധനയ്ക്കും ഉള്ള വലിയ പ്രാധാന്യം ഈ വിവരണത്തിലൂടെ വ്യക്തമാകുന്നു.

ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽ ജനത്തെ മുന്നിൽ കണ്ടുകൊണ്ടാണ് വി. ഗ്രന്ഥകാരൻ ഈ വിവരണങ്ങൾ നല്കുന്നത്. സോളമൻ നിർമ്മിച്ച ദേവാലയവും അതിലെ ഉപകരണങ്ങളും അവിടെ അർപ്പിച്ചിരുന്ന ശുശ്രൂഷകളും കണ്ടിട്ടുള്ളവരാണ് ഈ വിവരണങ്ങൾ രചിച്ചത്. അതിനാൽ മരുഭൂമിയിലെ കൂടാരത്തെയും ആരാധനാവിധികളെയും സംബന്ധിച്ച വിശദാംശങ്ങളിൽ ജറുസലെം ദേവാലയത്തെക്കുറിച്ചുള്ള അനുസ്മരണത്തിന്റെ സ്വാധീനം കാണാം. ചുമന്നു കൊണ്ടു പോകാൻ പറ്റുന്ന ഒരു ചെറിയ ദേവാലയം എന്നതുപോലെയാണ് ഇവിടെ കൂടാരം വിഭാവനം ചെയ്യുന്നത്. തകർക്കപ്പെട്ട ദേവാലയത്തെയും എന്ന

ന്നേക്കുമായി നഷ്ടപ്പെട്ടു എന്നു കരുതിയ ദൈവിക സാന്നിധ്യത്തെയും കുറിച്ചു വിലപിക്കുന്ന പ്രവാസികൾക്ക് കൂടാരത്തിൽ വസിക്കുന്ന ദൈവ ത്തെക്കുറിച്ചുള്ള വാഗ്ദാനം പ്രത്യാശ നല്കാൻ പര്യാപ്തമാണ്. പ്രപ ഞ്ചസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിലെന്ന പോലെ, ദൈവത്തിന്റെ കൂടാരത്തെക്കുറിച്ചുള്ള വിവരണത്തിലും ഇപ്രകാരം അജപാലനാപരമായ ഒരു ധർമ്മവും പുരോഹിതഗ്രന്ഥകാരൻ നിർവ്വഹിക്കുന്നുണ്ട്. ഈ രണ്ടു വിവരണങ്ങളും തമ്മിലുള്ള സാമ്യങ്ങൾ വിശദീകരണത്തിൽ എടുത്തു കാട്ടുന്നതാണ്. ബൈബിളിലെ വിവരണങ്ങൾ അതിൽ തന്നെ വ്യക്തമായ തിനാൽ, അവശ്യം ശ്രദ്ധിക്കേണ്ട ചുരുക്കം കാര്യങ്ങൾ മാത്രമേ തുടർന്നുള്ള വ്യാഖ്യാനത്തിൽ നല്കുന്നുള്ളൂ. നിർദ്ദേശങ്ങളും അവയുടെ അനുവർത്തനവും ഒരുമിച്ചു കാണുന്നത് കാര്യം ഗ്രഹിക്കാനും ആവർത്തനം ഒഴിവാക്കാനും സഹായിക്കും.

### 1. കൂടാരനിർമ്മാണത്തിനു കാണിക്ക 25, 1-9; 35, 4-36, 7

ജനത്തിന്റെ മധ്യേ കർത്താവിനു വസിക്കാൻ വേണ്ടിയാണ് കൂടാരം നിർമ്മിക്കുന്നത് എന്ന് 8-ാം വാക്യത്തിൽ പ്രത്യേകം എടുത്തു പറയുന്ന തിൽ നിന്ന് കൂടാരത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നു. എന്നാൽ ദൈവ സാന്നിധ്യം കൂടാരത്തിൽ മാത്രം ഒതുങ്ങി നില്ക്കും െന്ന് ഈ വാക്യം അർത്ഥമാക്കുന്നില്ല. തിരുസാന്നിധ്യത്തെക്കുറിച്ച് ജനത്തെ അനുസ്മരി പ്പിക്കുകയും ആ സാന്നിധ്യം അവർക്ക് അനുഭവവേദ്യമാക്കുകയും ആണ് കൂടാരത്തിന്റെ ലക്ഷ്യം.

മരുഭൂമിയിൽ, കൂടാരങ്ങളിൽ വസിച്ച ജനത്തിന്റെ മധ്യേ ദൈവവും കൂടാരത്തിൽ വസിച്ചു. ജനത്തോടുള്ള അടുപ്പവും സ്നേഹവും അവ രുടെ മധ്യേ വാസമുറപ്പിക്കാനും അവരുടെ ജീവിതസാഹചര്യങ്ങളിൽ പങ്കു ചേരാനും ദൈവത്തെ പ്രേരിപ്പിക്കുന്നു. കർത്താവു കാണിച്ചു കൊടുത്ത മാതൃകയനുസരിച്ചു കൂടാരം പണിയണം എന്ന നിർദ്ദേശം ഈ കൂടാരത്തെ സ്വർഗ്ഗീയ ഭവനത്തിന്റെ ഭൂമിയിലെ പ്രതീകമായി അവതരിപ്പിക്കുന്നു. അദൃ ശ്യനായ ദൈവത്തെ പ്രതീകങ്ങളിലൂടെ മാത്രമേ കാണാനും ആരാധി ക്കാനും കഴിയൂ എന്ന വിശ്വാസം ഇവിടെ പ്രകടമാകുന്നു.

കൂടാരനിർമ്മാണത്തിന് ആവശ്യമായവയെല്ലാം ജനം സ്വതന്ത്രമന സ്സോടെ നല്കണം എന്നു നിർദ്ദേശിച്ചിരുന്നു. കാണിക്കകൾ അർപ്പിക്കാൻ ജനത്തിന് ആന്തരിക പ്രചോദനം ലഭിച്ചെന്നും അവർ ുദാരമായി ദാനം ചെയ്തെന്നും 35, 20-21 വാക്യങ്ങളിലും, എല്ലാവരും ഉദാരമായി സംഭാ വന ചെയ്തപ്പോൾ ആവശ്യത്തിലധികം ലഭിച്ചതിനാൽ സംഭാവന സ്വീക രിക്കൽ നിർത്തിവച്ചെന്ന് 36, 6-7ലും രേഖപ്പെടുത്തിയിരിക്കുന്നു. ദൈവ

ത്തിന്റെ കൂടാരം നിർമ്മിക്കാൻ വേണ്ടി പൂർണ്ണഹൃദയത്തോടെ സംഭാവന നല്കുന്ന ജനത്തിന്റെ ആദർശപരമായ ചിത്രം അനുവാചകരുടെ ഔദാര്യത്തെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമാണ്. പ്രവാസത്തിൽനിന്നു മടങ്ങിവന്നവർ ദേവാലയം നിർമ്മിക്കാൻ ശ്രമിച്ചപ്പോഴുണ്ടായ ബുദ്ധിമുട്ടുകളും സംഭാവന ചെയ്യാൻ ജനം കാട്ടിയ വൈമുഖ്യവും അതിനെതിരെ പ്രവാചകന്മാർ നടത്തിയ വിമർശനവും (ഹഗ്ഗായി 1, 1-11) ഈ ഔദാര്യവുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിവരണത്തിന്റെ ലക്ഷ്യം ഗ്രഹിക്കാനാവും. പിതാക്കന്മാരുടെ ഔദാര്യത്തെക്കുറിച്ചുള്ള പരാമർശങ്ങൾ പുതിയ ദേവാലയത്തിന്റെ നിർമ്മാണത്തിന് ഉദാരമായി സംഭാവന ചെയ്യാൻ പ്രവാസത്തിൽ നിന്നു മടങ്ങിവന്നവർക്കു പ്രേരകമാകണം. ദൈവശുശ്രൂഷയ്ക്കായി നല്കുന്നത്, പണമോ സമയമോ കഴിവുകളോ എന്തുമാകട്ടെ, നഷ്ടമായി പരിഗണിക്കരുതെന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

## 2. സാക്ഷ്യപേടകം 25, 10-22; 37, 1-9

കൂടാരനിർമ്മാണത്തെക്കുറിച്ച് ഏറ്റം പ്രധാനപ്പെട്ട ആദ്യം എന്ന ക്രമത്തിലാണ് നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നത്. കൂടാരത്തിന്റെയും ഉപകരണങ്ങളുടെയും അളവുകൾ നല്കിയത് അവയെല്ലാം ദൈവം ആവശ്യപ്പെട്ട വിധത്തിൽ തന്നെ നിർമ്മിച്ചു എന്ന് പഠിപ്പിക്കാൻ സഹായിക്കുന്നു. ഏകദേശം ഒന്നര അടിയാണ് ഒരു മുഴം. കരുവേല മരം എന്നു വിവർത്തനം ചെയ്യുന്നത് സാധാരണ മരുഭൂമിയിൽ വളരുന്നതും ഇന്നു കേരളത്തിൽപ്രസിദ്ധമായിത്തീർന്നിരിക്കുന്നതുമായ "അക്കേഷ്യ്" വർഗ്ഗത്തിൽപ്പെട്ട ഒരു മരമാണ്. മുഴുവൻ സ്വർണ്ണത്തിൽ പൊതിയുന്നതിന് ഈ പേടകത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. പേടകത്തിന് രണ്ടു പ്രധാന ലക്ഷ്യങ്ങളുണ്ട്. 1. ഉടമ്പടിയുടെ പ്രമാണങ്ങൾ സൂക്ഷിക്കുക. 2. കൃപാസനം പ്രതിഷ്ഠിക്കുക. പത്തു പ്രമാണങ്ങൾ എഴുതിയ കല്പലകകൾ പേടകത്തിൽ നിക്ഷേപിക്കാനായി 25, 16ൽ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഉടമ്പടിയുടെ പ്രമാണങ്ങളെ പുരോഹിതഗ്രന്ഥകാരൻ "സാക്ഷ്യം" എന്നു വിളിക്കുന്നുണ്ട്. അതിനാൽ പേടകത്തിന് "സാക്ഷ്യപേടകം" എന്നും കൂടാരത്തിന് "സാക്ഷ്യകൂടാരം" എന്നും പേരുണ്ടായി (പുറ 26, 33-34; 27, 21; 30, 6). അദൃശ്യനായ ദൈവം തന്റെ കല്പനകളിലൂടെ ജനമധ്യത്തിൽ സന്നിഹിതനായിരിക്കുന്നു എന്ന് പേടകം അനുസ്മരിപ്പിക്കുന്നു. ദൃശ്യമായ വിഗ്രഹത്തെ ആരാധിച്ചുകൊണ്ടല്ല, കല്പന അനുസരിച്ചുകൊണ്ടാണ് ജനം ദൈവത്തെ ബഹുമാനിക്കേണ്ടത്.

പേടകത്തിനു മുകളിൽ പ്രതിഷ്ഠിക്കുന്ന കൃപാസനത്തെക്കുറിച്ചുള്ള വിവരണത്തിൽ രണ്ടു കെരൂബുകളെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുന്നു

ള്ളൂ. ചിറകു വിരിച്ചു നില്ക്കുന്ന കെരൂബുകളുടെ രൂപം, അനുവാചകർക്കു പരിചിതമായതിനാലാവാം, വി. ഗ്രന്ഥകാരൻ ഇവിടെ വിവരിക്കുന്നില്ല. പറുദീസായുടെ കാവല്ക്കാരായും (ഉൽപ 3, 24 – "ബൈബിൾ തീർത്ഥാടനം" 1, p –58) കർത്താവിന്റെ രഥവാഹകരായും (സങ്കീ. 18, 10) കെരൂബുകൾ ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കർത്താവ് കെരൂബുകളുടെ മേൽ സിംഹാസനസ്ഥനായിരിക്കുന്നു എന്ന് സങ്കീ. 80, 1; 99, 1; ഏശ 37, 16ൽ കാണാം. കർത്താവിന്റെ പാദപീഠം താങ്ങുന്ന നാലു ജീവികളായി എസെക്കിയേൽ 1, 4–28; 10, 3–22 കെരൂബുകളെ വിശേഷിപ്പിക്കുന്നു. മെസൊപ്പൊട്ടാമിയായിലെ രാജകൊട്ടാരങ്ങളുടെയും ക്ഷേത്രങ്ങളുടെയും ദ്വാരപാലകരായി കെരൂബൂകളെ ചിത്രീകരിച്ചിരുന്നു. രാജാക്കന്മാരുടെ സിംഹാസനത്തിനു കാവൽക്കാരായും സിംഹാസന വാഹകരായും ഇവയെ കരുതിയിരുന്നതിന് തെളിവുകൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യന്റെ മുഖവും സിംഹത്തിന്റഎ ഉടലും കാളയുടെ കാലും കഴുകന്റെ ചിറകുമാണ് വയുടെ പ്രതിമകൾക്കുള്ളത്.

തന്റെ സിംഹാസന വാഹകരായി കെരൂബുകളെ നിർമ്മിക്കാൻ കർത്താവ് മലമുകളിൽവച്ചു മോശയോട് ആവശ്യപ്പെടുമ്പോൾ താഴെ ജനം കാളക്കുട്ടിയെ കർത്താവായി ആരാധിക്കുന്നു. കെരൂബുകളെ നിർമ്മിക്കാനുള്ള നിർദ്ദേശവും അതു നിർമ്മിച്ചതിന്റെ വിവരണവും രേഖപ്പെടുത്തുന്നതിനു മധ്യേയാണ് സ്വർണ്ണംകൊണ്ടുള്ള കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചതിന്റെ വിവരണം നല്കിയിരിക്കുന്നത്. കെരൂബുകളുടെ ചിത്രത്തിൽ കാളയുടെ രൂപവും ഉണ്ടായിരുന്നു. കാളക്കുട്ടി കർത്താവല്ല, അത് ആരാധനയർഹിക്കുന്നുമില്ല, കർത്താവിന്റെ പാദപീഠമോ സിംഹാസനമോ വഹിക്കുന്ന പ്രതീകം മാത്രമാണെന്ന് ഈ കൽപന സൂചിപ്പിക്കുന്നു.

"കൃപാസനം" എന്ന വിശേഷണം കരുണാമയനും കൃപാലുവുമായ കർത്താവിന്റെ സാന്നിധ്യം ഉടമ്പടിയുടെ പേടകത്തിനു മുകളിൽ ജനത്തിന് അനുഭവവേദ്യമാകും എന്ന് സൂചിപ്പിക്കുന്നു. തന്റെ കൃപ ജനത്തിനു പ്രദാനം ചെയ്യുന്നതിനുവേണ്ടിയാണ് അവിടുന്ന് അവരുടെ മധ്യേ വസിക്കുന്നത്. കൃപാസനത്തിനു മുകളിൽ നിന്ന് തന്റെ കൽപനകൾ മോശയെ അറിയിക്കുന്നു എന്ന് 25, 22ൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പേടകം അതിവിശുദ്ധ സ്ഥലത്തു പ്രതിഷ്ഠിച്ച് വിരികൊണ്ടു മറയ്ക്കുന്നതും പ്രധാന പുരോഹിതൻ മാത്രം ആണ്ടിൽ ഒരിക്കൽ അവിടെ പ്രവേശിക്കുന്നതും ദൈവം അദൃശ്യനാണെന്ന ആശയത്തെ കൂടുതൽ ശക്തമായി അവതരിപ്പിക്കുന്നു.

**വിചിന്തനം** : സാക്ഷ്യപേടകവും കൃപാസനവും ദൈവസാന്നിധ്യത്തിന്റെ

അടയാളമായിരുന്നു. യേശുക്രിസ്തുവിൽ ഈ അടയാളങ്ങൾ യാഥാർത്ഥ്യ മായി. കൃപാസനത്തിനു മുകളില്ല യേശുവിന്റെ മനുഷ്യശരീരത്തിലാണ് ദൈവം പ്രത്യക്ഷനായത്. സാക്ഷ്യപേടകം സൂചിപ്പിച്ചതിന്റെ സാക്ഷാൽക്കാ രമാണ് വി. കുർബ്ബാന സൂക്ഷിക്കുന്ന "സക്രാരിരി. പ. കന്യകാമറിയത്തെ ഉടമ്പടിയുടെ പേടകം (വാഗ്ദാനത്തിന്റെ പേടകം) എന്ന് മരിയഭക്തർ വിശേ ഷിപ്പിക്കാറുണ്ട്. പുതിയ ഉടമ്പടിയുടെ കർത്താവും വാഗ്ദാനങ്ങളുടെ പൂർത്തീകരണവുമായ യേശുവിനെ ഉദരത്തിൽ വഹിച്ചതിനാലാണ് ഈ പേരു നൽകുന്നത്.

### 3. മേശയും പാത്രങ്ങളും 25, 23-30; 37, 10-16

തിരുസാന്നിധ്യത്തിന്റെ അപ്പത്തിന്റെ മേശ എന്നാണ് ഇത് അറിയ പ്പെടുന്നത്. ആറുവീതം രണ്ടു നിരകളായി പന്ത്രണ്ട് അപ്പം എപ്പോഴും മേശയിൽ വച്ചിരിക്കണം. സാബത്തു ദിവസം രാവിലെ പഴയ അപ്പം മാറ്റി പകരം പുതിയ അപ്പം വയ്ക്കണം. മാറ്റിയെടുക്കുന്ന അപ്പം വിശുദ്ധസ്ഥ ലത്തു വച്ച് പുരോഹിതന്മാർ ഭക്ഷിക്കണം. പാനീയ ബലിക്കും ധൂപാർപ്പ ണത്തിനും ആവശ്യമായ പാത്രങ്ങളും ഈ മേശയിൽതന്നെ സജ്ജീകരി ച്ചതായി പുറ 37, 16ൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്പത്തിന്റെ കൂടെ കുന്തുരുക്കവും മേശപ്പുറത്തു വച്ചിരിക്കണം എന്ന് ലേവ്യ 24, 7ൽ നിർദ്ദേ ശിക്കുന്നു.

വിചിന്തനം : ദൈവ സന്നിധിയിൽ അപ്പം വച്ചിരിക്കുന്നത് ആഹാരം ദൈവം നൽകുന്ന ദാനമാണെന്ന് സൂചിപ്പിക്കുന്നു. ദാവീദും അനുചരന്മാരും നോബിൽ വച്ചു ഭക്ഷിച്ചത് (1 സാമു 21, 1-9) ഈ അപ്പമായിരുന്നു. ദൈവ ത്തിനു നൽകുന്ന കാഴ്ചകൾ പാവപ്പെട്ടവന്റെ വിശപ്പടക്കാൻ സഹായി ക്കണം. ദൈവാലയത്തിൽ അർപ്പിക്കുന്ന നേർക്കാഴ്ചകൾക്ക് ഈ ലക്ഷ്യ മുണ്ട്. അപ്പത്തിന്റെ രൂപത്തിൽ യേശുനാഥൻ സ്വയം ആഹാരമായി നമുക്കു നൽകുന്ന വി. കുർബാനയിൽ തിരുസാന്നിധ്യഅപ്പത്തിന്റെ പ്രതീകം യാഥാർത്ഥ്യമായിത്തീർന്നു.

### 4. വിളക്കുകാൽ 25, 31-40; 27, 20-21; 37, 17-24

ഏകദേശം 35 കിലോ സ്വർണ്ണംകൊണ്ട് പണിത, ഏഴുശാഖകളുള്ള വിളക്കുകാൽ ഏഴു വിളക്കുകളെ താങ്ങി നിർത്തുന്നു. അന്ധകാരം നിറ ഞ്ഞിടത്ത് പ്രകാശം പരത്തുന്ന വിളക്ക് ദൈവിക സാന്നിധ്യം അനുസ്മ രിപ്പിക്കുന്നു. കൃപാസനത്തിനു മുകളിൽ ചിറകുവിരിച്ചു നിൽക്കുന്ന കെരൂ ബുകളും പ്രകാശം ചൊരിയുന്ന വിളക്കുകളും ഒരുമിച്ചു കണ്ടുകൊണ്ടാ വണം "അങ്ങയുടെ ചിറകിന്റെ നിഴലിൽ എന്നെ മറച്ചുകൊള്ളണമേ" (സ

ങ്കീ. 17, 8) എന്നു സങ്കീർത്തകൻ പ്രാർത്ഥിക്കുന്നത്.

ബദാംപൂക്കൾ കൊണ്ട് വിളക്കുകാൽ അലങ്കരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. "ജാഗ്രതാവൃക്ഷം" എന്നാണ് ബദാം മരത്തിന്റെ ഹിബ്രു വാക്കിന് വാച്യാർത്ഥം കർത്താവ് തന്റെ ജനത്തെ സംരക്ഷിക്കാൻ ജാഗ്രതയോടെ വർത്തിക്കുന്നു എന്ന് ബദാം പൂക്കൾ അനുസ്മരിപ്പിക്കുന്നു (ജറെ 1, 11-12).

ഏഴു ശാഖകളുള്ള വിളക്കുകാലിനെ ഇസ്രായേൽ ജനത്തിന്റെ പ്രതീകമായും വ്യാഖ്യാനിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശം ആയി വർത്തിക്കാനുള്ള ദൗത്യത്തെ (ഏശ 42, 7) ഇതു സൂചിപ്പിക്കുന്നു. ഇന്ന് ഇസ്രായേൽ രാഷ്ട്രീയത്തിന്റെ പ്രതീകമായി "മനോറാ" എന്നറിയപ്പെടുന്ന ഈ വിളക്കുകാലാണ് ഉപയോഗിക്കുന്നത്. വെളിപാട് പുസ്തകത്തിലെ ഏഴു ധുപപീഠങ്ങളെയും (വെളി 1, 13.20) ഏഴു തീപ്പന്തങ്ങളെയും (വെളി. 4, 5) കുറിച്ചുള്ള പരാമർശങ്ങൾ ഈ വിളക്കുകാലിനെ അനുസ്മരിപ്പിക്കുന്നതാണ്. ദീപപീഠങ്ങൾ സഭയുടേയും തീപ്പന്തങ്ങളെയും (വെളി 4, 5) കുറിച്ചുള്ള പരാമർശങ്ങൾ ഈ വിളക്കുകാലിനെ അനുസ്മരിപ്പിക്കുന്നതാണ്. ദീപപാഠങ്ങൾ സഭയുടേയും തീപ്പന്തങ്ങൾ പരിശുദ്ധാത്മാവിന്റെയും പ്രതീകങ്ങളായിട്ടാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്.

വിചിന്തനം : അതിവിശുദ്ധ സ്ഥലത്തിനു മുമ്പിലെ വിളക്കിന്റെ സ്ഥാനമാണ് സക്രാരിയുടെ മുമ്പിലെ കെടാവിളക്കിനുള്ളത്. വിദ്യുച്ഛക്തിയുടെ ആഗമനത്തോടെ എണ്ണയുടെ സ്ഥാനത്തു കറന്റായി. ഒലിവെണ്ണ സൂചിപ്പിച്ചിരുന്ന സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകം നഷ്ടപ്പെടുക മാത്രമല്ല, കെടാവിളക്കു പലപ്പോഴും പ്രകാശിക്കാതെയുമായി!

## 5. കൂടാരവും അങ്കണവും 26, 1-37; 27, 9-19; 36, 1-38; 38, 9-20

എളുപ്പം അഴിച്ചുമാറ്റാനും ചുമന്നു കൊണ്ടു പോകാനും പറ്റുന്ന വിധത്തിലാണ് കാടൂരം സംവിധാനം ചെയ്തിരിക്കുന്നത്. സാക്ഷ്യകൂടാരത്തിന്റെ ഘടനയ്ക്ക് മരുഭൂമിയിൽ വസിക്കുന്ന നാടോടികളായ ബെദുവിൻ വംശജരുടെ കൂടാരത്തോടു സാമ്യമുണ്ട്. മൂന്നു ഭാഗങ്ങളായി കൂടാരം സംവിധാനം ചെയ്യുന്നു. ഏറ്റം ഉള്ളിലെ ഭാഗം സ്ത്രീകൾക്കും, അതനടുത്തഭാഗം പുരുഷനമാർക്കും ഏറ്റം പുറമേയുള്ളതു വളർത്തു മൃഗങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നു. ഏതാണ്ട് ഇതേ ഘടനതന്നെ സാക്ഷ്യകൂടാരത്തിലും കാണാം. കൂടാരത്തിന്റെ ലക്ഷ്യവും വലുപ്പവും വ്യത്യസ്തമാണെന്നു മാത്രം.

ഏറ്റം മനോഹരമായത് ഉള്ളിൽ എന്ന ക്രമത്തിൽ, നാലടുക്കുവിരി

കൾ കൊണ്ട് വശങ്ങളും മുകളും മറച്ചാണ് കൂടാരം നിർമ്മിക്കുന്നത്. മഴയും വെയിലും ചെറുത്തു നിൽക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഏറ്റം പുറമേയുള്ള വിരി കടൽ ജീവിയായ ഡോൾഫിൻ തോൽകൊണ്ടു നിർമ്മിച്ചതാഎന്ന് കരുതപ്പെടുന്നു.

ഏകദേശം 45 അടി നീളവും 15 അടി വീതിയും 15 അടി ഉയരവുമുള്ള കൂടാരം രണ്ടുഭാഗമായി തിരിച്ചിരിക്കുന്നു. 15 സമചതുരമായ ആദ്യ ഭാഗം ഉള്ളിൽ വിരിയിച്ചു വേർതിരിക്കുന്നു. ഇതിനെ അതിവിശുദ്ധസ്ഥലം അഥവാ ശ്രീകോവിൽ എന്നു വിളിക്കുന്നു. പൂർണ്ണമായും ഇരുട്ടു നിറഞ്ഞ ഈ മുറിയിൽ സാഭ്യപേടകം മാത്രമാണ് സൂക്ഷിക്കുന്നത്. ഇവിടെ പ്രധാന പുരോഹിതനു മാത്രമേ, അതും ആണ്ടിൽ ഒരിക്കൽ മാത്രം, പ്രവേശിക്കാന് അനുവാദമുണ്ടായിരുന്നുള്ളൂ (ലേവ്യ 9,7). ബാക്കിയുള്ള ഭാഗം വിശുദ്ധ സ്ഥലം എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന്റെ ഒരു ഭാഗത്ത് തിരുസാന്നിധ്യത്തിന്റെ അപ്പത്തിന്റെയ മേശയും മറുഭാഗത്ത് വിളക്കുകാലും നടുവിൽ ധൂപപീഠവും സ്ഥാപിച്ചിരിക്കുന്നു. പുരോഹിതന്മാർക്കു മാത്രം പ്രവേശിക്കാവുന്ന സ്ഥലമാണിത്.

സാക്ഷ്യകൂടാരത്തിനു ചുറ്റും ദൈവാരാധനയ്ക്കായി മാറ്റിവയ്ക്കുന്ന സ്ഥലമാണ് കൂടാരാങ്കണം. 150’ നീളവും 75’ വീതിയുമുള്ള അങ്കണം 71/2’ ഉയരമുള്ള തൂണുകളിൽ കൊളുത്തിയ വിരികൾ കൊണ്ടു മറയ്ക്കുന്നു. കിഴക്കു ഭാഗത്തു 30’ വീതിയിലുള്ള വാതിലുണ്ട്. വാതിൽ യവനിക കൊണ്ടു മറച്ചിരിക്കും. പുറത്തു നിൽക്കുന്നവർക്ക് അകത്തു നടക്കുന്നതു കാണാൻ കഴിയുകയില്ല. സീനായ്മലയ്ക്കു ചുറ്റും ജനം അതിക്രമിച്ചു കടക്കാതിരിക്കാൻ അതിർത്തി കല്പിക്കണം (പുറ 19, 12) എന്ന നിർദ്ദേശത്തോടു സമാനമാണ് കൂടാരാങ്കണത്തെ സംബന്ധിച്ച നിബന്ധനകൾ.

**വിചിന്തനം** : കനത്ത തിരശ്ശീലകൾകൊണ്ടു മറച്ച, അന്ധകാരാവൃതമായ, അതിവിശുദ്ധ സ്ഥലത്താണ് പഴയ നിയമത്തിൽ ദൈവികസാന്നിദ്ധ്യം കേന്ദ്രീകരിച്ചിരുന്നത്. മനുഷ്യന് അഗ്രാഹ്യനും അപ്രാപ്യനുമാണ് ദൈവം എന്ന് ഈ കൂടാരസംവിധാനം അനുസ്മരിപ്പിച്ചു. എന്നാൽ അതിവിശുദ്ധസ്ഥലത്തെ മനുഷ്യദൃഷ്ടിയിൽ നിന്നു മറച്ചിരുന്ന തിരശ്ശീല യേശുവിന്റെ മരണസമയത്ത് രണ്ടായി കീറി (മത്താ 27, 51). അദൃശ്യനായ ദൈവം യേശുവിൽ ദൃശ്യനായി എന്നും പാപം മൂലം അടഞ്ഞുപോയ ദൈവസന്നിധിയിലേക്കുള്ള വഴി കുരിശു മരണത്തിലൂടെ തുറക്കപ്പെട്ടു എന്നും സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം. അതോടെ ദൈവത്തെ മറയ്ക്കുന്ന തിരശ്ശീലകൾ അപ്രസക്തമായിത്തീർന്നു. തന്റെ ശരീരമാണ് യഥാർത്ഥ

ദൈവാലയം എന്ന് യേശു പഠിപ്പിച്ചു (യോ 2, 21) മാത്രമല്ല, പുതിയ പ്രമാണമനുസരിക്കുന്ന ഓരോ വ്യക്തിയിലും ദൈവം വസിക്കുന്നുവെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തു. (യോഹ 14.20.23; 1 കോറി 6, 19).

## 6. ബലിപീഠം 27, 1–8; 38, 1–7

വിശുദ്ധ സ്ഥലത്തിനു മുമ്പിൽ കൂടാരാങ്കണത്തിനു നടുവിലായിട്ടാണ് ബലിപീഠം സ്ഥാപിക്കുന്നത്. അക്കേഷ്യാമരത്തിന്റെ പലകകൾ ഓടു കൊണ്ടു പൊതിഞ്ഞ് ബലിപീഠം പണിയാൻ ആവശ്യപ്പെട്ടിരിക്കുന്നു. പൊള്ളയായ ഉൾഭാഗം മണ്ണുകൊണ്ടോ ഉരുളൻ കല്ലുകൊണ്ടോ നിറച്ചിരുന്നു എന്നു കരുതപ്പെടുന്നു. അങ്ങനെയെങ്കിൽ പുറ 20, 24–25ലും ഇവിടെയും നൽകുന്ന നിർദ്ദേശങ്ങൾ തമ്മിൽ പൊരുത്തക്കേടുണ്ടാവില്ല.

ബലിപീഠത്തിന്റെ നാലു മൂലകളിലും ഉയർന്നു നില്ക്കുന്ന ഭാഗത്തെ "കൊമ്പുകൾ" എന്നു വിളിക്കുന്നു. ശക്തിയുടെ പ്രതീകമാണ് കൊമ്പ് (സങ്കീ. 75, 10). തന്നിൽ ആശ്രയിക്കുന്നവരെ രക്ഷിക്കാൻ ശക്തിയുള്ളവനാണ് കർത്താവ് എന്ന് ഇതു സൂചിപ്പിക്കുന്നു. ബലിപീഠത്തിന്റെ കൊമ്പിൽ പിടിച്ചു നില്ക്കുന്നവനു സംരക്ഷണം നല്കണമെന്ന് നിയമമുണ്ടായിരുന്നു. ഇതിന് അപവാദമായ ചില സാഹചര്യങ്ങൾ ബൈബിളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (പുറ. 21, 14; 1 രാജാ 2, 28–32). ഈ ബലിപീഠത്തിലാണ് എല്ലാവിധ ദഹനബലികളും പാനീയബലികളും അർപ്പിച്ചിരുന്നത്. മൃഗത്തെ ബലിപീഠത്തിൽ വച്ചുദഹിപ്പിക്കും. രക്തം കൊമ്പുകളിൽ പുരട്ടും, ബലിപീഠത്തിനു ചുറ്റും തളിക്കും.

**വിചിന്തനം** : എല്ലാവർക്കും പ്രവേശനം അനുവദിച്ചിരുന്ന കൂടാരാങ്കണത്തിലാണ് ബലിപീഠം സ്ഥാപിച്ചതും ബലിയർപ്പണം നടന്നതും. ബലിയർപ്പിക്കുന്ന പുരോഹിതൻ മാത്രമല്ല, ആർക്കുവേണ്ടി അർപ്പിക്കുന്നുവോ അവരും ബലിയർപ്പണം കാണുകയും ബലിയിൽ സജീവമായി പങ്കു ചേരുകയും ചെയ്തിരുന്നു. പഴയ നിയമത്തിലെ അനേകം ബലികലുടെ സ്ഥാനത്ത് യേശു സ്വന്തം ശരീരം കുരിശിൽ ബലിയർപ്പിക്കുകയും സ്വശിഷ്യന്മാർക്കു ഭക്ഷണമായി നല്കുകയും ചെയ്തു. അതോടെ പഴയ നിയമത്തിലെ ബലികളെല്ലാം കാലഹരണപ്പെട്ടു. ബലിപീഠം കുരിശിന്റെയും അത്താഴമേശയുടെയും പ്രതീകമായി മാറി. ഇന്ന് ബലിപീഠത്തിന്റെ കൊമ്പുകളല്ല, യേശുവിന്റെ കുരിശാണ് ദൈവത്തിന്റെ ശക്തിയുടെയും അവിടുന്ന് നൽകുന്ന സംരക്ഷണത്തിന്റെയും പ്രതീകം.

## 7. പുരോഹിതവസ്ത്രങ്ങൾ 28, 1–43; 39, 1–31

പുരോഹിതന്മാർക്കായുള്ള വസ്ത്രങ്ങൾ ഉണ്ടാക്കാൻ നിർദ്ദേശിക്കു

മ്പോൾ രണ്ടുതരം പുരോഹിതന്മാരെക്കുറിച്ചു സൂചനയുണ്ട്. അഹറോനും മക്കൾക്കും ഒരേ സ്ഥാനമല്ല നൽകുുന്നതെന്ന് അവരുടെ വസ്ത്രങ്ങളിൽ നിന്നു വ്യക്തമാകും. അഹറോൻ പ്രധാന പുരോഹിതനും മക്കൾ സഹ പുരോഹിതന്മാരുമാണ്. അഹറോനു മാത്രമേ പരോഹിതന്റേതായ എല്ലാ വസ്ത്രങ്ങളും നല്കുന്നുള്ളൂ. അഹറോന്റെ പുത്രന്മാരിൽ നാദാബും അബിഹൂവും ആകസ്മിക മരണം പ്രാപിച്ചതിനാൽ (ലേവ്യ 10, 1-2) എലെയാസ റാണ് അഹറോന്റെ പിൻഗാമിയായി അഭിഷിക്തനായത് (സംഖ്യ 20, 22-29). സോളമന്റെ കാലം മുതൽ ജറുസലെമിൽ പ്രധാന പുരോഹിതന്മാരായി രുന്ന സാദോക്കിന്റെ പിൻതലമുറക്കാർ എലെയാസറിനെ തങ്ങളുടെ പൂർവ്വി കനായി പരിഗണിച്ചു (1 ദിന 6, 3-8). യേശുവിന്റെ കാലത്ത് സാദോക്കുവം ശജർ മാത്രമായിരുന്നു പ്രധാന പുരോഹിതന്മാർ. ഇവർ സദ്ദുക്കായർ എന്ന് അറിയപ്പെടുന്നു.

പുരോഹിതവസ്ത്രങ്ങളിൽ ഏഴെണ്ണം പ്രത്യേകം എടുത്തു പറയു ന്നു. ഏറ്റം പുറമേ അണിയുന്നത് ആദ്യം എന്ന ക്രമത്തിലാണ് വസ്ത്രങ്ങ ളുടെ വിവരണം അവതരിപ്പിക്കുന്നത്.

**a. എഫോദ് 28, 6-14.** പല പുരാതനമതങ്ങളിലും അരക്കച്ച മാത്രം ഉടു ത്താണ് പുരോഹിതന്മാർ ബലിയർപ്പിച്ചിരുന്നത്. ഈ ആചാരത്തിന്റെ സ്വാധീനം എഫോദിനെക്കുറിച്ചുള്ള വിവരണത്തിൽ കാണാം. ഇവിടെ മേലങ്കിക്കു മുകളിൽ അരക്കച്ച (Apron) പോലെ ചുറ്റുന്ന ഒരു വസ്ത്ര മായി ഇതിനെ വിഭാവനം ചെയ്തിരിക്കുന്നു. അരയിൽ കെട്ടിമുറുക്കാ നുള്ള പട്ടയും രണ്ടു തോൾ വാറും ഇതിലുണ്ടായിരുന്നു. തോൾവാറിൽ പിടിപ്പിച്ച രണ്ടു സ്വർണ്ണത്തകിടുകളിൽ പതിച്ച രത്നങ്ങളിൽ ഇസ്രായേൽ ഗോത്രങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു

**b. ഉരാസ്ത്രണം 28, 15-30** നാലു മൂയലിലും സ്വർണ്ണച്ചങ്ങല പിടിപ്പിച്ച സമചതുരത്തിലുള്ള ഒരു സഞ്ചിയാണിത്. മാറിൽ അണിയുന്നതിനാൽ "മാർപ്പതക്കം" എനനും "ഉരാസ്ത്രണം" എന്നും ഇതിനെ വിളിക്കുന്നു. മുകളിലത്തെ സ്വർണ്ണച്ചങ്ങലകൾ എഫോദിന്റെ തോൾവാറുകളിലെ സ്വർണ്ണ ത്തകിടുകളിലും താഴത്തെ ചങ്ങലകൾ എഫോദിന്റെ അരപ്പട്ടയോടും ചേർത്തും ബന്ധിപ്പിക്കുന്നു. ഏറ്റം പുറമെയുള്ള വസ്ത്രമാണിത്. ഇതിൽ പതിച്ചിരുന്ന പന്ത്രണ്ടു രത്നങ്ങളിൽ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്ര ങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിരുന്നു. ഈ സഞ്ചിയിൽ സൂക്ഷിച്ചി രുന്ന "അതെ", "അല്ല" എന്നെഴുതിയിരുന്ന രണ്ടു പവിഴക്കല്ലുകളാണ് ഉറിം, തുമ്മിം എന്ന പേരിൽ അറിയപ്പെടുന്നത്. ദൈവഹിതം അറിയാൻ തന്നെ സമീപിക്കുന്നവർക്ക് സഞ്ചിയിൽ നിന്നും പുറത്തെടുക്കുന്ന കല്ലിൽ

എഴുതിയിരുന്നതെന്തോ അതനുസരിച്ച് "അതെ" എന്നോ "അല്ല" എന്നോ പുരോഹിതൻ മറുപടി നല്കിയിരുന്നു.

**c. നിലയങ്കി 28, 31-38** നീല നിറത്തിലുള്ള നീണ്ട കുപ്പായമാണ് നിലയങ്കി. ഇതിന്റെ വിളുമ്പിനു ചുറ്റും തുന്നിപ്പിടിപ്പിക്കുന്ന സ്വർണ്ണമണികൾ കിലുങ്ങുന്നതിലൂടെ പുരോഹിതൻ വിശുദ്ധ സ്ഥലത്തു നീങ്ങുന്നു എന്നു പുറത്തു നില്ക്കുന്നവർക്ക് അറിയാൻ കഴിയും. ദൈവസന്നിധിയിലേക്കാണ് താൻ പ്രവേശിക്കുന്നതെന്ന് മണികിലുക്കം പുരോഹിതനെയും അനുസ്മരിപ്പിക്കും. ഇതിലുപരി, കർത്താവിന്റെ അനുവാദം ചോദിച്ചുകൊണ്ടാണ് പുരോഹിതൻ തിരുസന്നിധിയിൽ പ്രവേശിക്കുന്നതും വിടവാങ്ങുന്നതും എന്ന് മണികിലുക്കം സൂചിപ്പിക്കുന്നു. തന്റെയും ഇസ്രായേൽ ജനത്തിന്റെയും പ്രത്യേക സ്ഥാനത്തെ അനുസ്മരിപ്പിക്കുന്നതാണ് തലപ്പാവിന്റെ മുൻവശത്ത് ബന്ധിക്കുന്ന "കർത്താവിനു വിശുദ്ധൻ" എന്നെവുതിയ സ്വർണ്ണത്തകിട്. ഇതിനെ വിശുദ്ധകിരീടം എന്നു വിളിക്കുന്നു. രാജാക്കന്മാരുടെ കിരീടത്തിൽ അണിഞ്ഞിരുന്ന മുദ്രയുമായി ഇതിനു സാമ്യമുണ്ട്.

**d. അങ്കി 28, 39.** നിലയങ്കിയുടെ അടിയിൽ ധരിക്കുന്ന നീണ്ട കുപ്പായമാണ് "അങ്കി". അത് അരപ്പട്ടകൊണ്ടു ബന്ധിക്കുന്നു. ഇതര പുരോഹിതന്മാരുടെ വേഷങ്ങൾ പ്രായേണ ലളിതമാണ്. എല്ലാവരും കല്ച്ചട്ട ധരിക്കണം എന്ന നിയമം പുറ 20, 26ൽ ഉന്നയിച്ച പ്രശ്നത്തിനു പരിഹാരമാണ്.

**വിചിന്തനം** : പുരോഹിതന്മാരുടെ വേഷങ്ങളിൽ രാജകീയവേഷത്തിന്റെ സ്വാധീനം കാണാം. മഹത്വപൂർണ്ണനും രാജാധിരാജനുമായ ദൈവത്തോടുള്ള ആദരവും ഭക്തിയുമാണ് മനോഹരവും വിലപിടിപ്പുള്ളതും ആയ ഈ വേഷങ്ങളിൽ പ്രകടമാകുന്നത്. പുതിയ നിയമത്തിൽ ഇതിനു മാറ്റം വന്നു. സ്വന്തം രക്തത്തിൽ കുതിർന്ന രക്താംബരമാണ് യേശുവിന്റെ രാജകീയമേലങ്കി. കുരിശിൽ ബലിയർപ്പിച്ചത് പഴയ നിയമപുരോഹിതന്റെ വേഷത്തിലായിരുന്നില്ലല്ലോ. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരായ ക്രൈസ്തവർക്ക് ബാഹ്യമോടിയുള്ള വസ്ത്രങ്ങളല്ല, ആന്തരിക ശുദ്ധിയും വിനയത്തിന്റെ അങ്കിയും (1 പത്രോ 5, 5) ആണ് ആവശ്യം. എങ്കിലും കാലക്രമത്തിൽ അഹറോന്റെ വേഷത്തിൽ നിന്ന് എഫോദും ഉരസ്ത്രാണവും ഒവികെ മറ്റെല്ലാം തന്നെ കത്തോലിക്കാസഭയിലെ ശുശ്രൂഷാപൗരോഹിത്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എണ്ണത്തിലും അഴകിലും കൂടുതൽ വസ്ത്രങ്ങൾ അണിയാൻ പാശ്ചാത്യരെക്കാൾ കൂടുതൽ പൗലസത്യർ ശ്രദ്ധിക്കുന്നു. കർത്താവിനോടുള്ള ഭക്തിയും ആദ

രവും പ്രകടിപ്പിക്കുന്നതു സംബന്ധിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളാണ് ഇതിനു പി്നിലുള്ളത്.

## 8. പുരോഹിതാഭിഷേകം 29, 1-46

പുരോഹിതാഭിഷേകത്തെ സംബന്ധിച്ച് ഇവിടെ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയതായി ലേവ്യർ 8-ാം അദ്ധ്യായത്തിലേ വിവരിക്കുന്നുള്ളൂ. ആരാധനയ്ക്കാവശ്യമായ വസ്തുക്കളുടെ നിർമ്മാണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾക്കു മധ്യേ ആചാരങ്ങളെക്കുറിച്ചുള്ള കല്പനകൾ ഇടയിൽ തിരുകിയതുപോലെ കാണപ്പെടുന്നു. ഈ ആചാരവിധികൾക്ക് ലേവ്യ പുസ്തകവുമായുള്ള ബന്ധം പ്രകടമാണ്. രണ്ടും പുരോഹിതരചനയത്രേ.

ഏഴു ദിവസം നീണ്ടുനില്ക്കുന്ന സുദീർഘമായ ചടങ്ങുകൾ പുരോഹിതാഭിഷേകത്തിനായി നിർദ്ദേശിച്ചിരിക്കുന്നു. ആദ്യദിവസമാണ് മുഖ്യകർമ്മങ്ങൾ നടക്കുക. തുടർന്നുവരുന്ന ദിവസങ്ങളിൽ ബലിയർപ്പണം മാത്രമേ നിർദ്ദേശിച്ചിട്ടുള്ളൂ. പുരോഹിതാഭിഷേകവുമായി ബന്ധപ്പെട്ട ബലിയർപ്പണത്തിന്നാവശ്യമായ മൃഗങ്ങളുടെയും വസ്തുക്കളുടെയും പട്ടിക (29, 1-3) അവതരിപ്പിച്ചതിനുശേഷം അഭിഷേകക്രമം വിവരിക്കുന്നു.

**a. ക്ഷാളനം 29, 4.** പുരോഹിതശുശ്രൂഷക്കായി തിരഞ്ഞെടുക്കുന്നവരെ സാക്ഷ്യകൂടാരത്തിന്റെ വാതില്ക്കൽ, വിരിക്കു പുറത്തു നിറുത്തി വെള്ളം കൊണ്ടു കഴുകുകയാണ് ആദ്യമേ ചെയ്യുന്നത്. പാപക്കറകൾ കഴുകി ശുദ്ധീകരിക്കുന്നതിന്റെ പ്രതീകമായ ഈ കഴുകൽ ദൈവശുശ്രൂഷയ്ക്ണയുന്നവർക്ക് ആവശ്യമായ വിശുദ്ധിയെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു. യേശുവിന്റെ കാലത്ത് ഖുമ്റാൻ സന്യാസികളുടെ ഇടയിൽ ഇപ്രകാരമുള്ള ക്ഷാളനം പ്രചാരത്തിലിരുന്നു.

**b. തൈലാഭിഷേകം 29, 7.** തലയിൽ തൈലം പൂശിയാണ് പുരോഹിതാഭിഷേകം നടത്തേണ്ടത് എന്ന് 7-ാം വാക്യത്തിൽ നിർദ്ദേശിക്കുന്നു. അഭിഷേക തൈലം നിർമ്മിക്കേണ്ട വിധം 30, 22-25ൽ വിവരിക്കുന്നുണ്ട്. ഇസ്രായേലിൽ പില്ക്കാലത്ത് രാജാക്കന്മാരും ഇപ്രകാരം അഭിഷേകം ചെയ്യപ്പെട്ടിരുന്നു (1 സാമു 10, 1; 16, 12). കർത്താവിന്റെ അഭിഷിക്തൻ എന്ന് ഇസ്രായേലിലെ രാജാവ് അറിയപ്പെട്ടിരുന്നു (സങ്കീ. 2, 2). പ്രവാചകന്മാരെ അഭിഷേകം ചെയ്യുന്നതായും ബൈബിളിൽ പരാമർശമുണ്ട് (1 രാജാ 19, 16). എന്നാൽ ഇത് പ്രതീകാത്മകമായ അർത്ഥത്തിലാണ് ഉദ്ദേശിക്കുന്നത് (ഏശ 61, 1). അഭിഷേകം ഒരു പ്രത്യേക ദൗത്യം ഏല്പിക്കുന്നതിനെ സൂചിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ ആഗമനത്തോടെ അഭിഷേകത്തിന് പുതിയ അർത്ഥം കൈവന്നു. ക്രിസ്തു എന്ന പേരിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. പിതാവായ ദൈവം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് യേശുവിനെ അഭിഷേകം ചെയ്തു എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു (ലൂക്കാ3, 22; അപ്പ 4, 27; 10, 38). പഴയ നിയത്തിൽ അഭിഷേകവുമായി ബന്ധപ്പെട്ട പൗരോഹിത്യവും രാജത്വവും പ്രവാചകത്വവും യേശുവിൽ സമ്മേളിച്ചിരിക്കുന്നു.

വിചിന്തനം : മാമ്മോദീസായിൽ ഓരോ ക്രൈസ്തവനും അഭിഷേകം ചെയ്യപ്പെടുന്നു. ബാഹ്യമായ അടയാളം എന്ന നിലയിൽ തൈലം പൂശൽ മാമ്മോദീസ എന്ന കൂദാശയുടെ ഭാഗമാണ്. മനുഷ്യനെ ദൈവമക്കലാക്കുന്ന പരിശുദ്ധിയുടെ ദാനമാണ് യഥാർത്ഥ അഭിഷേകം. അതുവഴി ക്രുസ്തുവിന്റെ ത്രിവിധ ദൗത്യങ്ങലിൽ ക്രിസ്ത്യാനി പങ്കു ചേരുന്നു. അഭിഷേകം വഴി ദൈവത്തിനു വേണ്ടി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടവനാണ് ക്രിസ്തുവിന്റെ അനുയായി.

**c. അവരോധിക്കൽ 29, 9.** "കൈകൾ നിറയ്ക്കുക" എന്നാണ് "അവരോധിക്കണം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം. കൈകലിൽ കാഴ്ചയുമായി ദൈവസന്നിധിയിൽ പ്രവേശിക്കാൻ അധികാരപ്പെടുത്തുന്ന ചടങ്ങാണിത്. ജനം നല്കുന്ന കാഴ്ചകൾ മാത്രമല്ല, ജനത്തെത്തന്നെ ദൈവത്തിനു കാഴ്ചയായി സമർപ്പിക്കാൻ പുരോഹിതൻ നിയുക്തമായിരിക്കുന്നു എന്ന് ഈ പദപ്രയോഗം സൂചിപ്പിക്കുന്നു.

**d. ബലിയർപ്പണം 29, 10–30.** പുരോഹിതാഭിഷേകത്തിന്റെ ഭാഗമായി പാപപരിഹാരബലി, ദഹനബലി, നീരാജ്ജനം എന്നിങ്ങനെ മൂന്നു തരം ബലികൾ നിർദ്ദേശിച്ചിരിക്കുന്നു. മൃഗത്തിന്റെ തലയിൽ കൈകൾ വയ്ക്കുന്നത് മൃഗം ബലിയർപ്പകന്റെ സ്ഥാനത്തു നില്ക്കുന്നു എന്നു സൂചിപ്പിക്കുന്നു. രക്തം ബലിപീഠത്തിന്റെ കൊമ്പിൽ പുരട്ടുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുന്നത് ജീവൻ ദൈവത്തിനു സമർപ്പിക്കുന്നതിന്റെ അടയാളമാണ്. മൃഗത്തെ പൂർണ്ണമായി ദഹിപ്പിക്കുന്ന ദഹനബലി സമ്പൂർണ്ണസമർപ്പണത്തെ സൂചിപ്പിക്കുന്നു. സമർപ്പണത്തിന്റെ സൂചനയായി ബലിപീഠത്തിനു മുമ്പിൽ ബലിവസ്തു ഉയർത്തിക്കാണിച്ചതിനു ശേഷം അതു ദൈവത്തിന്റെ ദാനമായി തിരിച്ചെടുക്കുന്നതാണ് നീരാജ്ജനം. ബലിവസ്തു ഭക്ഷിക്കുന്നതിലൂടെ ബലിയർപ്പകനും ദൈവവും വിരുന്നിൽ പങ്കു ചേർന്ന് കൂട്ടായ്മ ഉറപ്പിക്കുന്നു.

**e. രക്താഭിഷേകം 29, 20–21.** പുരോഹിതന്മാരെയും അവരുടെ വസ്ത്രങ്ങളെയും ശുദ്ധീകരിക്കുന്ന ഒരു ചടങ്ങാണ് ഈ വാക്യങ്ങളിൽ വിവരി

ക്കുന്നത്. കൈകാലുകളുടെ പെരുവിരലുകൾ പ്രവർത്തന ക്ഷമത സൂചിപ്പിക്കുന്നു (1 ന്യായാ 1, 6). വലതുഭാഗം ശക്തിയുടെ അടയാളമാണ്. അതു രക്തത്താൽ അഭിഷേചിക്കുന്നതിലൂടെ പുരോഹിതന്റെ സകല പ്രവർത്തനങ്ങളും ദൈവശുശ്രൂഷയ്ക്കായി നീക്കി വയ്ക്കുന്നു. കാതിന്റെ അഭിഷേകം ദൈവവചനം ശ്രവിക്കാനുള്ള കടമയെ സൂചിപ്പിക്കുന്നു. അടിമയുടെ കാതു തുളയ്ക്കുന്നതുമായി (പുറ 21, 6) ഈ രക്താഭിഷേകത്തിന് സാമ്യമുണ്ട്. പുരോഹിതൻ ദൈവത്തിന്റെ ദാസനും വചനത്തിന്റെ ശുശ്രൂഷകനുമാണെന്ന് ഈ ചടങ്ങ് അനുസ്മരിപ്പിക്കുന്നു.

**f. അനുദിനബലികൾ 29, 38-46.** ദിവസംതോറും പ്രഭാതത്തിലും സായാഹ്നത്തിലും അർപ്പിക്കേണ്ട ബലികളെക്കുറിച്ചു പുരോഹിതാഭിഷേകത്തിന്റെ അവസാനം നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. പില്ക്കാലത്ത് ഇസ്രായേൽ ജനത്തിന്റെ ആരാധനയിലെ ഏറ്റം പ്രധാനപ്പെട്ട ഘടകവും പുരോഹിതന്റെ മുഖ്യകടമയുമായി അനുദിന ബലിയർപ്പണം പരിഗണിക്കപ്പെട്ടു. ഇതു മുടക്കുന്നത് വലിയ അപരാധമായി കരുതിയിരുന്നു. ജറുസലെം ദേവാലയത്തിന്റെ നാശത്തിനുശേഷം ഇസ്രായേലിൽ ബലിയർപ്പണമില്ല. എന്നാൽ യേശുവന്റെ പുതിയ ബലി അനേകലക്ഷം ബലിപീഠങ്ങളിൽ ലോകം മുവുവൻ അനുദിനം പുനരാവിഷ്ക്കരിക്കപ്പെടുന്നു. ഇതിനെക്കുറിച്ച് ദൈവം മുൻകൂട്ടി അറിയിച്ചിരുന്നു (മലാക്കി 1, 11).

കർത്താവു ജനത്തിന്റെ മധ്യേ വസിക്കും എന്ന് ഉറപ്പിച്ചു പറഞ്ഞു കൊണ്ടാണ് പൗരോഹിത്യത്തെയും ബലിയർപ്പണത്തെയും സംബന്ധിച്ച നിർദ്ദേശങ്ങൾ സമാപിക്കുന്നത്. "ഞാൻ അവരുടെ ദൈവമായിരിക്കും" എന്ന വാഗ്ദാനം സീനായ് ഉടമ്പടിയിലേക്കു ശ്രദ്ധ തിരിക്കുന്നു. തങ്ങളുടെ മധ്യേ വസിക്കുന്ന കർത്താവിനെ ആരാധിക്കുന്നതിലൂടെ ജനം അവിടുത്തെ അറിയും എന്ന പ്രസ്താവന ആരാധനയും വിമോചനവും തമ്മിലുള്ള അഭേദ്യമായ ബന്ധം എടുത്തു കാട്ടുന്നു. ദൈവാരാധനയിലാണ് വിമോചനപ്രക്രിയ അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലെത്തുന്നത്.

### 9 ധൂപപീഠം 30, 1-10; 37, 25-28

പ്രഭാതത്തിലും സായാഹ്നത്തിലും സുഗന്ധ ദ്രവ്യങ്ങൾ അർപ്പിക്കാനുള്ള, സ്വർണ്ണം പൊതിഞ്ഞ, ബലിപീഠം വിശുദ്ധ സ്ഥലത്താണു സ്ഥാപിക്കുന്നത്. അതിവിശുദ്ധ സ്ഥലത്താണ് അതു സ്ഥാപിച്ചിരിക്കുന്നത് എന്ന് ഹെബ്രാ 9, 4ൽ പറഞ്ഞിരിക്കുന്നത് വസ്തുതകളോട് യോജിക്കുന്നതല്ല. പ്രധാനപുരോഹിതൻ ആണ്ടിൽ ഒരിക്കൽ മാത്രമേ അവിടെ പ്രവേശിച്ചിരുന്നുള്ളൂ. ധൂപാർപ്പണമാകട്ടെ അനുദിനം നടത്തിയിരുന്നു. ദൈവത്തിങ്കലേക്കുയരുന്ന ജനത്തിന്റെ പ്രാർത്ഥനയുടെ പ്രതീകമാണ് സുഗന്ധദ്ര

വ്യവവും ധൂപവും (വെളി 5, 8; 8, 4)

## 10. ജനസംഖ്യയും നികുതിയും 30, 11-16

ഭയത്തോടെയാണ് ഇസ്രായേൽ ജനം കാനേഷുമാരിയെ വീക്ഷിച്ചിരുന്നത്. അതു കർത്താവിന്റെ ശിക്ഷ വിളിച്ചു വരുത്തും എന്ന് അവർ വിശ്വസിച്ചിരുന്നു (1 ദിന 21). ഈ വിശ്വാസമാണ് ഇവിടെ നല്കുനന നിർദ്ദേശത്തിൽ പ്രതിഫലിക്കുന്നത്. യോദ്ധാക്കളെ കണ്ടെത്താൻ വേണ്ടിയായിരുന്നു മുഖ്യമായും ജനസംഖ്യാ കണക്കെടുത്തിരുന്നത്. യുദ്ധം ചെയ്യാൻ ശേഷിയുല്ളവരെ മാത്രമേ എണ്ണിയിരുന്നുള്ളൂ (സംഖ്യ 1; 26). യുദ്ധത്തിൽ കൊലയും മരണവും സാധാരണമാണല്ലോ. അതിനാൽ ഇപ്രകാരമുള്ള കണക്കെടുക്കലിനെ ജനം ഭയപ്പെടുക സ്വാഭാവികമത്രേ. യുദ്ധത്തിലുണ്ടാകുന്ന പരാജയത്തെ ആയിരിക്കും 12-ാം വാക്യത്തിലെ മഹാമാരി സൂചിപ്പിക്കുന്നത്.

മോചനദ്രവ്യം എന്നു വിവർത്തനം ചെയ്യുന്ന “കോഫെർ” എന്ന ഹീബ്രുവാക്ക് കുറ്റകരമല്ലാത്തവിധത്തിൽ മനു,്യനെ വധിക്കുന്നവൻ നല്കേണ്ട നഷ്ടപരിഹാരത്തെ സൂചിപ്പിക്കുന്നു (പുറ. 21, 30; സംഖ്യ 35, 31-32). യുദ്ധത്തിൽ സംഭവിച്ചേക്കാവുന്ന കൊലയ്ക്ക് മുൻകൂട്ടി പരിഹാരം അനുഷ്ഠിക്കുകയായിരുന്നു ആരംഭത്തിൽ ഈ കല്പനയുടെ ഉദ്ദേശ്യം എന്ന് ഇതിൽ നിന്ന് അനുമാനിക്കാം. പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും ദേവാലയസംരക്ഷണത്തിനുവേണ്ടി നല്കേണ്ട നികുതിയായി പില്ക്കാലത്ത് ഇതു പരിഗണിക്കപ്പെട്ടു. യേശുവിന്റെ കാലത്തും ഈ നികുതി നിലവിലിരുന്നു (മത്താ. 17, 24).

## 11. ക്ഷാളനപാത്രം 30, 17-21

ദൈവഭവനത്തിൽ പ്രവേശിക്കുകയും ബലിയർപ്പിക്കുയും ചെയ്യുന്നവർക്ക് ആവശ്യമായ വിശുദ്ധിയെ അനുസ്മരിപ്പിക്കുന്നതാണ് ക്ഷാളനപാത്രം. അഭിഷേകാവസരത്തിൽ മാത്രമല്ല, ഓരോ ദിവസവും പുരോഹിതന്മാർ ബലിയർപ്പണത്തിനു മുമ്പ് കൈകാലുകൾ കഴുകണം എന്ന് ഇവിടെ നിർദ്ദേശിക്കുന്നു. കത്തോലിക്കാസഭയിൽ ബലിയ്ര◌◌പ്പണത്തിനു മധ്യേ കൈ കഴുകുന്നതിൽ ഈ നിയമത്തിന്റെ സ്വാധീനം കാണാം. ദേവാലയത്തിൽ വയ്ക്കാറുണ്ടായിരുന്ന ഹന്നാൻവെള്ളപാത്രത്തിനും, മോസ്ക്കുകളോടും അമ്പലങ്ങളോടും അനുബന്ധിച്ചുള്ള കുളങ്ങൾക്കും ഇതേ ലക്ഷ്യമാണുള്ളത്.

**വിചിന്തനം** : ബാഹ്യമായ വിശുദ്ധിയേക്കാൾ ആന്തരികവിശുദ്ധിയാണ് പ്രധാനം എന്ന് യേശുനാഥൻ പഠിപ്പിച്ചു (മർക്കോ 7, 1-13). ആന്തരികത

നഷ്ടപ്പെട്ട അനുഷ്ഠാനങ്ങളുടെ അർത്ഥശൂന്യതയെക്കുറിച്ച് അവിടുന്ന് ശക്തമായ താക്കീതും നല്കിയിട്ടുണ്ട് (മത്താ 23). ഈ നിർദ്ദേശങ്ങളെയും താക്കീതുകളെയും അനുസ്മരിച്ചുകൊണ്ടാണ് വി. കുർബ്ബാനയുടെ അവസരത്തിൽ അനുതാപത്തിനും അനുരജ്ഞനത്തിനും ആഹ്വാനം നല്കുന്നത്.

## 12. അഭിഷേക തൈലവും സുഗന്ധദ്രവ്യവും 30, 22-38

പുരോഹിതന്മാരെയും കൂടാരത്തെയും അതിലെ ഉപകരണങ്ങളെയും അഭിഷേചിക്കാൻ ആവശ്യമായ തൈലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 22-33 വാക്യങ്ങളിലും ധൂപാർപ്പണത്തിനു വേണ്ടി സുഗന്ധദ്രവ്യത്തെ സംബന്ധിച്ച നിയമങ്ങൾ 34-38 വാക്യങ്ങളിലും നല്കിയിരിക്കുന്നു. ഇവിടെ പേരെടുത്തു പറയുന്നവയെല്ലാം തന്നെ വിലപിടിപ്പുള്ള സുഗന്ധദ്രവ്യങ്ങളാണ്. പലതും അറേബ്യായിൽ നിന്നും ഇന്ത്യയിൽ നിന്നും വരുത്തുന്നവയായിരുന്നു.

ദൈവാരാധനയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ അതേ അളവിൽ സാധാരണ ഉപയോഗത്തിനായി എടുക്കരുത് എന്ന് മരണശിക്ഷയിൻ കീഴിൽ അനുശാസിക്കുന്നത് ദൈവത്തോടുള്ള ഭക്തിയുടെയും ആദരവിന്റെയും പ്രാധാന്യം എടുത്തു കാട്ടുന്നു. ഭക്ഷണത്തിനു രുചി പകരാൻ എന്നതുപോലെ ധൂപം ദൈവത്തിനു പ്രീതികരമാകാനും സുഗന്ധദ്രവ്യങ്ങൾ കേടു വരാതെ സൂക്ഷിക്കാനും അവയോടു ചേർക്കുന്ന ഉപ്പ് സഹായിക്കുന്നു. "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്" (മത്താ 5, 13) എന്ന യേശു വചനത്തിൽ ഉപ്പിന്റെ പ്രതീകാത്മകത പ്രകടമാക്കുന്നു.

## 13. ശില്പികൾ 31, 1-11; 35, 30-36, 1

കൂടാര നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു കാര്യവും യാദൃശ്ചികമല്ല, എല്ലാം ദൈവികപദ്ധതിയനുസരിച്ചു തന്നെ നീങ്ങുന്നു എന്നു സൂചിപ്പിക്കുന്നതാണ് ശില്പികളുടെ തിരഞ്ഞെടുപ്പ്. 'തിരഞ്ഞെടുത്തിരിക്കുന്നു' എന്നു വിവർത്തനം ചെയ്യുന്നത് "ഞാൻ പേരുചൊല്ലി വളിച്ചിരിക്കുന്നു" എന്നർത്ഥമുള്ള ഹിബ്രാരുവാക്കുകളാണ്. ദൈവത്തിന്റെ പദ്ധതിയിൽ ഓരോ മനുഷ്യവ്യക്തിക്കും തനതായ ഒരു ദൗത്യമുണ്ട്. അതു നിർവ്വഹിക്കാൻ ആവശ്യമായ സകല കഴിവുകളും ദൈവം തന്നെ പ്രദാനം ചെയ്യുന്നു. "ദൈവിക ചൈതന്യം അവനിൽ നിറച്ചിരിക്കുന്നു." എന്ന പ്രസ്താവന കൂടാരവും ഉപകരണങ്ങളും നിർമ്മിക്കാൻ ആവശ്യമായ സകല കഴിവുകളും നല്കിയിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. ബുദ്ധിശക്തിയും ശില്പകലാവിരുതും എല്ലാം ദൈവത്തിന്റെ പ്രത്യേക ദാനമാണ്. എന്നാൽ

ഈ വിശേഷണത്തിന് പുരോഹിതഗ്രന്ഥകർത്താവിന്റെ കാഴ്ചപ്പാടിൽ ഇതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്.

"ദൈവികചൈതന്യം" എന്നു വിവർത്തനം ചെയ്യുന്നത് "റുവാഹ് ഏലോഹിം" എന്ന ഹീബ്രു പദങ്ങളാണ്. സൃഷ്ടിയുടെ ഒന്നാം വിവരണത്തിന്റെ ആരംഭത്തിലും (ഉൽപ 1, 2 – ബൈബിൾ തീർത്ഥാടനം 1, p 22) ഇതേപദം തന്നെയ ഉപയോഗിച്ചിരിക്കുന്നു. രൂപരഹിതവും ശൂന്യവുമായ അവസ്ഥയിൽ നിന്നു മനോഹരമായ പ്രപഞ്ചത്തെ രൂപപ്പെടുത്തിയ ദൈവത്തിന്റെ ആത്മാവ് ഇപ്പോൾ ബസാലേൽ എന്ന ശില്പിയിൽ പ്രവർത്തിച്ച് ദൈവാരാധനയ്ക്കുള്ള കൂടാരവും ഉപകരണങ്ങളും നിർമ്മിക്കുന്നു. അങ്ങനെ പ്രപഞ്ചസൃഷ്ടിയും കൂടാരനിർമ്മാണവും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു. മനുഷ്യരുടെ മധ്യേ വസിക്കുക എന്നത് സൃഷ്ടികർമ്മത്തിന്റെ ആരംഭം മുതലേ ദൈവം ലഭ്യം വച്ചിരുന്നതാണെന്ന് ഇതിലൂടെ പുരോഹിത ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ദൈവപുത്രനു ഭൂമിയിൽ വസിക്കാനുള്ള ആലയമായ മനുഷ്യശരീരത്തിനു രൂപം കൊടുത്തതും ദൈവത്തിന്റെ ആത്മാവുതന്നെയാണ് (ലൂക്കാ 1, 35; യോഹ 1, 14; 2, 21). മനുഷ്യശരീരങ്ങളെ ദൈവാലയമാക്കി മാറ്റുന്ന (1 കോറി 6, 19) ദൈവത്തിന്റെ ആത്മാവ് പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാവുകയും ദൈവം മനുഷ്യരുടെ മധ്യേ എന്നേക്കുമായി കൂടാരമടിക്കുകയും (വെളി. 21, 1–3) ചെയ്യുന്നതുവരെ ഈ ഭൂമിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

### 14. സാബത്താചരണം 31, 12–17; 35, 1–3

കൂടാരനിർമ്മാണത്തിനു നല്കുന്ന നിർദ്ദേശങ്ങളും അവയുടെ നിർവ്വഹണവും തമ്മിൽ സാബത്താചരണത്തെ കുറിച്ചുള്ള രണ്ടു പരാമർശങ്ങൾ വഴി ബന്ധിച്ചിരിക്കുന്നു. സാബത്തു വിശ്രമത്തെ സംബന്ധിച്ച നിയമങ്ങൾ ഇതിനകം പലതവണ ആവർത്തിച്ചു കഴിഞ്ഞു. (പുറ 16, 22–30; 20, 8–11; 23, 12). ദൈവവുമായുള്ള ഉടമ്പടിയുടെ അടയാളമായി ഇവിടെ സാബത്താചരണത്തെ അവതരിപ്പിക്കുന്നു. സാബത്തു ലംഘിക്കുന്നവനു വധശിക്ഷ നല്കണമെന്നു മൂന്നു തവണ ആവർത്തി്ചചു പറഞ്ഞുകൊണ്ട് മാറ്റമില്ലാത്ത കല്പനയാണിതെന്നു സൂചിപ്പിക്കുന്നു. കൂടാരം എന്നതുപോലെതന്നെ, സാബത്താചരണവും ജനമധ്യേയുള്ള ദൈവികസാന്നിധ്യത്തിന്റെ അടയാളമായിരിക്കണം. ദൈവാലയവും കൂടാരവും നഷ്ടപ്പെട്ടപ്പോഴും ഇസ്രായേൽ ജനം സാബത്താചരണത്തിലൂടെ ദൈവിക സാന്നിധ്യം ഏറ്റുപറയുകയും ഉടമ്പടി പാലിക്കുകയും ചെയ്യണം എന്നു പുരോഹിത ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു. സ്രഷ്ടാവും വിമോചകനുമായ ദൈവം തങ്ങളെ പ്രത്യേകമായി തിരഞ്ഞെടുത്തിരി

ക്കുന്നു എന്ന് ഇതിലൂടെ അവർ ഏറ്റു പറയണം.

### 15. കൂടാരപ്രതിഷ്ഠ 39, 32-40, 33

കർത്താവു നല്കിയ നിർദ്ദേശങ്ങൾ അനുസരിച്ച് കൂടാരം നിർമ്മിച്ചു പ്രതിഷ്ഠിച്ചതിന്റെ ഈ വിവരണം മൂന്നു ഭാഗമ്യി തിരിച്ചിരിക്കുന്നു. പണികളെല്ലാം പൂർത്തിയാക്കിയതിന്റെ വിവരണമാണ് 39, 32-43 വാക്യങ്ങളിൽ നല്കിയിരിക്കുന്നത്. 40, 1-15ൽ കൂടാരപ്രതിഷ്ഠയെ സംബന്ധിച്ച നിർദ്ദേശങ്ങൾ കർത്താവു മോശയ്ക്കു നല്കിയതായും 40, 16-32 വാക്യങ്ങളിൽ മോശ ആ നിർദ്ദേശങ്ങൾ അനുവർത്തിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു.

“കർത്താവു കല്പിച്ചതനുസരിച്ച് അവർ പ്രവർത്തിച്ചു” എന്ന് ഒരു പല്ലവിപോലെ ഈ ഭാഗത്തു പതിനൊന്നു തവണ ആവർത്തിച്ചിട്ടുണ്ട്. മോശയും ജനങ്ങളും കർത്താവിനെ അനുസരിച്ചു എന്ന് എടുത്തു കാട്ടുന്നതിനു പുറമേ ഈ പല്ലവി സൃഷ്ടികർമ്മത്തിന്റെ വിവരണത്തെ (ഉൽപ 1) അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ജനം പണിതീർത്തവയെ മോശ പരിശോധിക്കുകയും, സംതൃപ്തനായി അനുഗ്രഹിക്കുകയും ചെയ്യുന്നതിന്റെ വിവരണം, ദൈവം തന്റെ സൃഷ്ടികളിൽ സംപ്രീതനായി അവയെ അനുഗ്രഹിക്കുന്നതിനോട് (ഉൽപ 1, 31-2, 3) സദൃശ്യമാണ്. സൃഷ്ടികർമ്മവും കൂടാരനിർമ്മാണവും തമ്മിലുള്ള ബന്ധം ഇവിടെയും വ്യക്തമാകുന്നു.

പുരോഹിതാഭിഷേകത്തെക്കുറിച്ച് 40, 15ൽ നല്കുന്ന നിർദ്ദേശങ്ങളിൽ നിത്യ പൗരോഹിത്യത്തെ കുറിച്ചു പരാമർശിക്കുന്നുണ്ട്. പിതാവിൽ നിന്നു മക്കളിലേക്കു തലമുറകളായി കൈമാറപ്പെടുന്നതാണ് പഴയ നിയമത്തിലെ പൗരോഹിത്യം. എന്നാൽ പുരോഹിത ഗോത്രത്തിൽ പെടാത്ത യേശുക്രിസ്തുവിലാണ് നിത്യ പൗരോഹിത്യത്തെ കുറിച്ചുള്ള ഈ വാഗ്ദാനം പൂർത്തിയായത് (ഹെബ്രാ 7, 11-28).

### 16. കർത്താവിന്റെ സാന്നിദ്ധ്യം 40, 34-38 (സംഖ്യ 9, 15-23)

മോശ ചെയ്തു തീർത്ത ജോലികൾ കർത്താവ് അംഗീകരിക്കുകയും കൂടാരത്തെ തന്റെ വാസസ്ഥലമായി സ്വീകരിക്കുകയും ചെയ്തു എന്നതിന്റെ അടയാളമെന്നോണം കൂടാരത്തെ മേഘം ആവരണം ചെയ്തു. സീനായ് മലയെ ആവരണം ചെയ്തു നിന്ന മേഘം (പുറ 24, 15-16) ഇപ്പോൾ കൂടാരത്തിൽ നിറഞ്ഞു നിന്നു. ഇനിയങ്ങോട്ടുള്ള പ്രയാണത്തിൽ ദൈവിക സാന്നിധ്യം തേടി ജനം സീനായ് മലയിലേക്കു പോകേണ്ടതില്ല. അവിടുന്ന് അവരോടു കൂടെ യാത്ര ചെയ്യും. കർത്താവു തന്നെ ആയിരിക്കും

അവരെ മരുഭൂമിയിലൂടെ നയിച്ച് വാഗ്ദത്തഭൂമിയിൽ എത്തിക്കുന്നത്. മരുഭൂമിയിലെ കൂടാരത്തിൽ നിറഞ്ഞു നിന്ന മേഘം പിന്നീട് സോളമൻ നിരമ്മിച്ച ദേവാലയത്തിൽ നിറയുന്നതായി 1 രാജാ 8, 10–11ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവന്റെ സാന്നിധ്യം സൂചിപ്പിക്കുന്ന മേഘത്തിന്റെ പ്രതീകാത്മകമായ ആവിഷ്കരണമാണ് ദേവാലയം നിറയുന്ന ധൂപം (ഏശ 6, 4).

ദേവാലയത്തിന്റെ നാശത്തെ കുറിച്ചു വിലപിക്കുന്ന പ്രവാസികൾക്ക് ആശ്വാസവും പ്രത്യാശയും പകരുന്നതാണ് ദൈവിക സാന്നിധ്യത്തെക്കുറിച്ചുള്ള വിവരണം. വിദേശത്ത് അടമകളായി കഴിയുന്ന പ്രവാസികളെ കർത്താവു വീണ്ടും വാഗ്ദത്ത ഭൂമിയിലേക്കു നയിക്കുമെന്നും കർത്താവ് അവരുടെ മധ്യേ വസിക്കുമെന്നും പുരോഹിത ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു.

വിചിന്തനം : ധൂപത്തിലും മേഘത്തിലും ജ്വലിക്കുന്ന അഗ്നിയിലും പ്രത്യക്ഷപ്പെട്ട ദൈവം ഇന്ന് തന്റെ പുത്രനിലൂടെയും ആത്മാവിലൂടെയും നമ്മുടെ മധ്യത്തിലും നമ്മുടെ ഉള്ളിലും വസിക്കുന്നു. ആത്മാവിനും ശരീരത്തിനും ആഹാരമായി അപ്പത്തിന്റെ രൂപത്തിലും, വഴികാട്ടിയായി വചനത്തിലൂടെയും അവിടുന്ന് നമുക്ക് സമീപസ്ഥനാണ്. വിശക്കുകയും വേദനിക്കുകയും ചെയ്യുന്ന സഹോദരങ്ങളിലൂടെ അവിടുന്ന് നമ്മെ സന്ദർശിക്കുന്നു.

## ചോദ്യങ്ങൾ

1. കൂടാരത്തെയും ഉപകരണങ്ങളെയും സംബന്ധിച്ച നിർദ്ദേശങ്ങളും അവയുടെ നിർവ്വഹണവും വെവ്വേറെ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?

2. കൂടാരനിർമ്മാണവും സൃഷ്ടികർമ്മവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

3. അഹറോന്റെ പൗരോഹിത്യവും യേശുവിന്ഡറെ പൗരോഹിത്യവും തമ്മിൽ താരതമ്യം ചെയ്യുക.

4. സാക്ഷ്യപേടകത്തിന്റെ അർത്ഥവും പ്രസക്തിയും വിശദീകരിക്കുക.

5. സാക്ഷ്യകൂടാരത്തിലെയും കാത്തോലിക്കാ ദേവാലയത്തിലെയും ഉപകരണങ്ങളെയും കർമ്മങ്ങളെയും താരതമ്യം ചെയ്യുക.

6. സാക്ഷ്യകൂടാരത്തിന്റെ വിവരണത്തിലൂടെ എന്ത് അജപാലനധർമ്മമാണ് പുരോഹിത ഗ്രന്ഥകാരൻ നിർവ്വഹിക്കുന്നത്?

**ചർച്ചയ്ക്ക്** : ഈ വിവരണങ്ങളിൽ നിന്ന് എന്തു സന്ദേശമാണ് നിങ്ങൾക്കു

ലഭിക്കുന്നത്? ഈ വിവരണങ്ങൾക്കും നിർദ്ദേശങ്ങൾക്കും നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രസക്തിയുണ്ട്?

**പ്രാർത്ഥന** : 84-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.